


ഖുത്ബ്ബ:
ഇമാമുസ്സമാന്റെ ആവശ്യകത

# സത്യദൂതൻ

2013 ഏപ്രിൽ | ലക്കം 4
വില ₹ 20



## ആദമിന്റെ ഏദൻ തോട്ടം

## യേശു ദാവീദിന്റെ പുത്രനോ?




# പുതിയ പോപ്പിന് ഖലീഫത്തുൽ മസീഹിന്റെ സന്ദേശം

ഫ്രാൻസിസ് ഒന്നാമനെ പുതിയ പോപ്പായി തിരഞ്ഞെടുത്തതിൽ റോമൻ കത്തോലിക്കാ സഭയേയും ലോകത്തിലുടനീളമുള്ള അതിലെ അംഗങ്ങളെയും അഹ്മദിയ്യ മുസ്ലിം ജമാഅത്ത് പരാമാദ്ധ്യക്ഷൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) അഭിനന്ദിച്ചു കൊണ്ട് ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി.

ആദ്യമായി പോപ്പ് ഫ്രാൻസിസിനെയും ലോകത്തുള്ള എല്ലാ കത്തോലിക്ക സഹോദരന്മാരെയും ഞാൻ അഭിനന്ദിക്കുകയാണ്. പുതിയ പോപ്പിന്റെ നിയമനം ക്രിസ്ത്യാനികൾക്ക് മാത്രമല്ല മുഴുലോക ജനതക്കും അനുഗൃഹീതമായി തീരട്ടെ. ക്രിസ്തു മതത്തിന്റെ യഥാർഥ അദ്ധ്യാപനങ്ങളിലേക്ക് പുതിയ പോപ്പ് ക്രിസ്തു സഭയെ നയിക്കുമാറാകട്ടെ.

വരാനിരിക്കുന്ന കാലഘട്ടത്തിൽ പോപ്പ് തന്റെ സ്വാധീനം കൊണ്ട് ലോകത്ത് ശാന്തിയും സൗഹൃദവും വികസിപ്പിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയും അതിനായി പ്രാർഥിക്കുകയും ചെയ്യുന്നു. നമ്മുടെ പൊതു അദ്ധ്യാപനങ്ങളിൽ പ്രത്യേകിച്ച് ദൈവത്തിന്റെ ഏകത്വത്തിന് നാം ഐക്യപ്പെടേണ്ടത് വലിയ ഒരു ആവശ്യമായി തീർന്നിരിക്കുന്നു.

വിഭാഗീയതകൾ വർധിപ്പിക്കുന്നതിനേക്കാൾ കൂടുതലായി ഐക്യവും അനുതാപവുമാണ് ലോകത്തിന്റെ അടിയന്തിര ആവശ്യം. 2011 ൽ പോപ്പ് ബനഡിക്റ്റ് പതിനാറാമന് ഞാൻ എഴുതി അയച്ച കത്തിലും ഇക്കാര്യം എഴുതിയിരുന്നു. ലോകത്തുള്ള എല്ലാ ജനതയേയും സമാധാനത്തിലേക്കും പരസ്പര ധാരണയിലേക്കും കൊണ്ടുവരാൻ തന്റെ സ്വാധീനത്തെ ഉപയോഗിക്കണമെന്നും ലോകത്തെ നാശത്തിൽ നിന്ന് തടയാൻ ശ്രമിക്കണമെന്നും ഞാൻ പോപ്പ് ബനഡിക്റ്റിനോട് അഭ്യർഥിച്ചിരുന്നു അതേ സന്ദേശം തന്നെയാണ് പുതിയ പോപ്പിനും ഞാൻ അയക്കുന്നത്. മതങ്ങൾ തമ്മിൽ സൗഹൃദം സ്ഥാപിക്കുന്നതിനും ശാന്തിക്ക് വേണ്ടി കഠിനമായി യത്നിക്കാനും ഞങ്ങൾ അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് എപ്പോഴും മുന്നണിയിൽ തന്നെയുണ്ടായിരിക്കും. സമാധാനവും സഹിഷ്ണുതയും ആഗ്രഹിക്കുന്ന എല്ലാ ജനവിഭാഗങ്ങളുമായും സംഘടനകളുമായും ഞങ്ങൾ എപ്പോഴും സഹകരിക്കുന്നതായിരിക്കും അത് തുടരുക തന്നെ ചെയ്യും.



ഒരിക്കൽ കൂടി ഞാൻ പോപ്പ് ഫ്രാൻസിസി നെയും കത്തോലിക്കാ സഭയേയും അഭിനന്ദിക്കുകയും ഈ നിയോഗം ലോകത്തിനാകമാനം സമാധനത്തിന്റെ ഉറവിടമായി തീരട്ടെ എന്ന് പ്രാർഥിക്കുകയും ചെയ്യുന്നു.




The Sathyadoothan Monthly


لاالہ الااللہ محمد رسول اللہ

# സത്യദൂതൻ

2013 ഏപ്രിൽ
ഹി.ശ.1392 – ശഹാദത്ത്
1434 – ജ. അവ്വൽ – ജ.ആഖർ
പുസ്തകം 85 ലക്കം 4
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
ഖുത്ബ
**ഇമാമുസ്സമാന്റെ ആവശ്യകത**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)



**13**
**ആദമിന്റെ ഏദൻ തോട്ടം**
മുഹമ്മദ് നജീബ് ഖാൻ, വാഴക്കാല

മനുഷ്യ സമൂഹത്തിന്റെ ആദിമ തലമുറയെ പ്രതിനിധീകരിക്കുന്ന ആദം നബി (അ)യുടെയും പ്രബോധിത ജനതയുടെയും ജിവിതകഥ മാനവ സമൂഹത്തിന്റെ അടിസ്ഥാനാവശ്യങ്ങളെ പൂർത്തീകരിച്ച ആത്മീയ സുരഭിലമായ ഒരു ക്ഷേമസമൂഹത്തിന്റെ ലളിതമാതൃകയുടെ വിവരണമാണ്. ആദം താമസിച്ച സ്വർഗം സസ്യശ്യാമളമായ ഭൂമിയിൽ തന്നെയുള്ള ഒരു തോട്ടമാണ്. അല്ലാതെ പരലോക സ്വർഗമല്ല.

**16**
**യേശു ദാവീദിന്റെ പുത്രനോ?**
ഇഖ്ബാൽ അഹ്മദ്
യേശുവിന് ദാവീദ് രാജാവുമായി വംശബന്ധമുറപ്പിക്കാൻ പരസ്പര വൈരുദ്ധ്യങ്ങളും കൃത്രിമങ്ങളും നിറഞ്ഞ വംശാവലിപ്പട്ടികയാണ് ബൈബിൾ നൽകുന്നത്. ജോസഫിൽ അവസാനിക്കുന്ന ആ വംശാവലി യേശുവുമായി കണ്ണി ചേർക്കപ്പെടുന്നതെങ്ങനെ? ഖുർആന്റെ വിവരണ പ്രകാരം യേശു ഇമ്രാന്റെ വംശത്തിൽ പെട്ടയാളാണ്. ബൈബിൾ ഖുർ ആൻ തർക്കത്തെ പറ്റി ഒരു പഠനം.

**21**
**ആത്മീയ വിപ്ലവം ഹൃദയ പരിവർത്തനത്തിലൂടെ**
മഹ്മൂദ് കൽക്കുളം

**23**
**ഉമ്മുൽമുഅ്മിനീൻ ഹദ്റത്ത് ഉമ്മുഹബീബഃ (റദിയല്ലാഹുഅൻഹാ)**
മൗലവി മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ

**29**
**വാഗ്ദത്ത മസീഹിന്റെ പ്രതിരോധവും പ്രത്യാക്രമണവും**
അബ്ദുൽ റഹ്മാൻ, കൊടിയത്തൂർ
റോമാ സാമ്രാജ്യത്തിൽ നിന്ന് കോൺസ്റ്റാണ്ടിനോപ്പിളിനെഅതിസാഹസികമായി മോചിപ്പിച്ച് തുർക്കികൾ തങ്ങളുടെ സാമ്രാജ്യം സ്ഥാപിച്ച ചരിത്രം

**34**
**റസൂൽ തിരുമേനി(സ)യുടെ ആഹാര മര്യാദ**
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)
ആഹരിക്കുമ്പോഴുള്ള മര്യാദയും ശീലങ്ങളും മനുഷ്യന്റെ സംസ്ക്കാരവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. ഇസ്ലാം ഇതിന് വളരെ പ്രാധാന്യം കൽപ്പിക്കുന്നു. റസൂൽ തിരുമേനി(സ)യുടെ മാതൃക സർവ മനുഷ്യർക്കും മാതൃകയാണ്.

**36**
**ആധുനിക തുർക്കിയുടെ ചരിത്രം**
ഏ.ക്യു. മഹ്ദി

**37**
**കാശ്മീർ യാത്ര**
അയമു മാസ്റ്റർ, മുറിയക്കണ്ണി

**39**
**ദത്തെടുക്കലിന്റെ പ്രശ്നങ്ങൾ**
മുസാഫിർ

**43**
**വാർത്തകൾ**



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി – 682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ:** 9497343704

എഡിറ്റർ
**ഏ. എം. മുഹമ്മദ് സലീം**
**ഫോൺ:** 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250



Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്



വഴിപിഴച്ചവരല്ലാതെ തന്റെ നാഥന്റെ കാരുണ്യത്തെ സംബന്ധിച്ച് ആരാണ് നിരാശപ്പെടുക (15: 57)



## നബിവചനം

ഹദ്റത്ത് അബൂദർദാഅ് (റ)ൽ നിന്ന് നിവേദനം. ഖുർആനിൽ വന്ന അവർക്ക് ഇഹ ലോകത്തും പരലോകത്തും സന്തോഷ വാർത്തകളുണ്ട് എന്നതിനെ സംബന്ധിച്ച് ഒരാൾ നബി (സ) തിരുമേനിയോട് ചോദിച്ചു. അവിടുന്ന് പറഞ്ഞു: ഒരു മുസൽമാൻ സ്വയം കാണുകയോ അല്ലെങ്കിൽ അവന് വേണ്ടി കാണിക്കപ്പെടുകയോ ചെയ്യുന്ന സത്യപൂർണമായ സ്വപ്നങ്ങളാണ് ഈ ലോകത്തിലെ സന്തോഷ വാർത്ത. പരലോകത്തിലേത് സ്വർഗവും.

## വാഗ്ദത്ത മസീഹിന്റെ വചനം

### ദൈവം വളർത്തുന്നവൃക്ഷം

നിങ്ങൾ ദൃഢമായും അറിഞ്ഞു കൊള്ളുവിൻ ഇത് ദൈവത്തിന്റെ കയ്യാൽ നടപ്പെട്ട ചെടിയാവുന്നു. ദൈവം ഒരിക്കലും ഇതിനെ വ്യർഥമാക്കികളയില്ല. ഇതിനെ അതിന്റെ വിജയ പൂർണിമയിലെത്തിക്കുന്നത്വരെ അവൻ തൃപ്തിപ്പെടുകയില്ല. അവൻ ഇതിന്മേൽ വെള്ളം ചൊരിയുകയും ഇതിനെ വളർത്തുകയും ഇതിന്റെ ചുറ്റും രക്ഷാവേലി കെട്ടുകയും ചെയ്യും. അങ്ങനെ അവൻ തന്റെ അനുയായികളെ അദ്ഭുതകരമായ പുരോഗതിയും അഭിവൃദ്ധിയും നൽകി അനുഗ്രഹിക്കും. എനിക്കെതിരിൽ നിങ്ങൾ ചെയ്യാനിനി എന്തെങ്കിലും ബാക്കിയുണ്ടോ? മനുഷ്യകൃതമാണെങ്കിൽ ഇത് എന്നേ മുറിച്ച് നീക്കപ്പെടുമായിരുന്നു. അതിന്റെ അടയാളങ്ങൾ പോലും അവശേഷിക്കാതിരിക്കുമാറ് അത് നശിച്ചൊടുങ്ങി കഴിഞ്ഞുപോകുമായിരുന്നു. (അഞ്ചാമെ ആഥം)




എഡിറ്റോറിയൽ

# ആകാശീയമായ ജലവർഷം പോലെ

ആകാശത്തു നിന്നുമുള്ള ജല വർഷം ഭൂമിയിലുണ്ടാക്കുന്ന ജീവിതോത്സവങ്ങളെപറ്റി വിശുദ്ധ ഖുർആൻ പല സ്ഥലങ്ങളിലും പ്രതിപാദിക്കുന്നു. ഭൂമിയിലെ ജലാശയങ്ങൾ നവീകരിക്ക പ്പെടുന്നതും ഭുവനതലം ഹരിതാഭമാവുന്നതും ജീവരാശികൾ സജീവമാകുന്നതും ധാന്യ വയലുകളും ഫലവൃക്ഷങ്ങളും സഫലങ്ങളാവുന്നതുമെല്ലാം ആകാശത്ത് നിന്നുള്ള ജലം ഭൂമിയിൽ പതിക്കുമ്പോഴുണ്ടാവുന്ന ജീവസ്ഫുരണങ്ങളാണ്. ഇത് സംബന്ധിച്ച് വിശുദ്ധ ഖുർആൻ പറയുന്നു: ***'അല്ലാഹു ആകാശത്ത്നിന്ന് വെള്ളമിറക്കുന്നു. തൽഫലമായി ഭൂമി പച്ച പിടിക്കുന്നു. അല്ലാഹു കാരുണ്യവാനും സൂക്ഷ്മജ്ഞനുമാകുന്നു'(2:64)*** അല്ലാഹു ഇവി ടെ ചൂണ്ടിക്കാട്ടിയത് കേവലം ഒരു ഭൗതിക പ്രതിഭാസം മാത്രമല്ല. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) ന്റെ ഒരു വിശദീകരണം നോക്കൂ. *'ദൈവകാരുണ്യങ്ങളിലൊന്ന് ആകാശത്ത് നിന്നും അവരോഹിതമാവുന്ന ജലവർഷമാണ്. അതാണ് ഭൗതിക വളർച്ചയുടെ മുഖ്യ സ്രോതസ്സായി വർത്തിക്കുന്നത്. മഴയിലൂടെ ഇറങ്ങുന്ന ഭൂതലത്തിലെ ദൈവകാരുണ്യത്തിന്റെ വർഷമായി അത് വിശേഷിപ്പിക്കപ്പെടുന്നു. കുറേകാലത്തേക്ക് മഴ നിലച്ചു പോയിരുന്നെങ്കിൽ കിണറുകളിലെ ജലം വറ്റിവരണ്ടുപോകുമെന്നുള്ളത് നമ്മുടെ ഭൗതിക ജ്ഞാനത്തിൽ നിന്നും നമുക്ക് ലഭിക്കുന്ന അറിവാണ്. ആകാശത്ത് നിന്നുമുള്ള ഈ ജലവർഷം എന്ന സ്വർഗീയമായ കാരുണ്യം ഭൂമിയെ ഉത്തേജിതമാക്കുന്നു. അസ്തിത്വത്തിലില്ലാതിരുന്നതിനെ അത് അസ്തിത്വത്തിലേക്ക് കൊണ്ട് വരുന്നു. ആ രീതിയിലാണ് ആകാശത്തെ പറ്റി പറയുന്നത്. മഴ ഏതൊരു പോഷകനിൽ നിന്നാണോ വർഷിപ്പിക്കുന്നത് ആ പോഷകനെയാണ് വേദങ്ങൾ ഇന്ദ്രൻ എന്ന് വിളിക്കുന്നത്. അത്യുന്നതനായ അല്ലാഹു വിശുദ്ധ ഖുർആനിൽ വെളിപാടുകൾ പ്രേഷണം ചെയ്യുന്നതിന് തെളിവായി പറയുന്നു.* ***'ആവർത്തിച്ചാവർത്തിച്ച് മഴവർഷിപ്പിക്കുന്ന മേഘങ്ങളെകൊണ്ടും നാം സത്യം ചെയ്യുന്നു.'(86:12)*** *ഈ പറഞ്ഞതിന്റെ അർഥം ആകാശത്ത് നിന്നും നിങ്ങൾക്ക് ലഭിക്കുന്ന ഭൗതിക ജലം പോലെ നിങ്ങളുടെ ആത്മീയ സ്ഥിതിക്കും ആകാശത്ത് നിന്നും ലഭ്യമാകേണ്ട ഒരു തരത്തിലുള്ള ജലം ആവശ്യമുണ്ട് എന്നാണ്. ആത്മീയ ജലം (വെളിപാട് ) ലഭ്യമായില്ലെങ്കിൽ നിങ്ങളുടെ ധിഷണ വറ്റി വരണ്ടു പോവുന്നതാണ്. വാസ്തവത്തിൽ യുക്തി ബോധത്തിന് അതിന്റെ പുതുമയും പ്രകാശവും വെളിപാടിൽ നിന്നാണ് ലഭിക്കുന്നത്. ചുരുക്കത്തിൽ ജലവർഷം എന്ന ആകാശത്തിന്റെ സേവനം അത്യുന്നതനായ ദൈവത്തിന്റെ ഒരു പ്രാഥമിക ഗുണത്തിന്റെ പ്രതിഫലനമാണ്.' അവൻ(അല്ലാഹു)പറഞ്ഞത് പോലെ* ***'എല്ലാ ജീവനും ജലത്തിൽ നിന്നാണ് ആരംഭിക്കുന്നത്.'(21:31)*** *(Commentary on the Holy Quran: Compiled from the Writings and Pronouncements of the Promised Messiah and Mahdi Volume1)*

നമുക്ക് നിത്യ പരിചയമുള്ളതും ആവർത്തിച്ചുകൊണ്ടിരിക്കുന്നതുമായ ഒരു പ്രകൃതി പ്രതിഭാസത്തെ ഉദാഹരിച്ച് കൊണ്ട് വിശുദ്ധ ഖുർആൻ നമ്മെ ഓർമിപ്പിക്കുന്നത് ദൈവിക വെളിപാടുകളെ കൊണ്ട് മാത്രമാണ് ജീർണതയറ്റ സമൂഹങ്ങളെ അല്ലാഹു പുനരുജ്ജീവിപ്പിക്കുന്നത് എന്നാണ്. പക്ഷേ ഭൗമികമായ ചിന്തകളിലും താൽപര്യങ്ങളിലും ആമഗ്നരായ മതസമൂഹം തങ്ങളുടെ ഭൗമിക ഗന്ധമുള്ള ആശയങ്ങൾ കൊണ്ടും ശുഷ്ക്കമായ മതവിജ്ഞാനം കൊണ്ടും സമൂഹത്തെ പുരുജ്ജീവിപ്പിക്കും എന്നാണ് പറയുന്നത്. ഇത് ദൈവ കാരുണ്യത്തിന്റെ നിഷേധവും അസത്യവുമാണ്. ദൈവത്തിൽ നിന്ന് ആത്മീയ ജ്ഞാനങ്ങൾ വരുന്ന കവാടം എന്നെന്നേക്കുമായി അടഞ്ഞുപോയി എന്നും ഇവർ വാദിക്കുന്നു. എന്നാൽ അല്ലാഹു പറയുന്നു: ***'ഞങ്ങളുടെ നാഥൻ അല്ലാഹുവാണെന്ന് പറയുകയും എന്നിട്ട് സ്ഥിരചിത്തനായി നില കൊള്ളുകയും ചെയ്തവരാരോ അവരുടെ അടുക്കൽ മലക്കുകൾ ഇറങ്ങും'(41:30)*** ഇത്തരത്തിൽ സമൂഹത്തിന്റെ പുനരുദ്ധാരണത്തിനായി വെളിപാടുകൾ കൊണ്ടനുഗൃഹീതരായ പ്രവാചകന്മാരുടെ അവതരണം ഉണ്ടാകുമെന്ന് ആദം സന്തതികളെ അഭിസംബോധന ചെയ്തു കൊണ്ട് അല്ലാഹു പറയുന്നു: ***'ആദം സന്തതികളേ എന്റെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് വിവരിച്ചു തരുന്ന നിങ്ങളിൽ നിന്നുള്ള ദൂതന്മാർ നിങ്ങളുടെ അടുക്കൽ വരുന്നതായാൽ ആർ സൂക്ഷ്മത കൈകൊള്ളുകയും സ്വയം നന്നാക്കി തീർക്കുകയും ചെയ്യുന്നു വോ, അവർക്ക് യാതൊന്നും ഭയപ്പെടാനില്ല അവർ വ്യസനിക്കുകയുമില്ല.'*** (7:36) അത്തരത്തിൽ അല്ലാഹുവിന്റെ വാഗ്ദാനവും മുഹമ്മദ് നബി(സ)യുടെ പ്രവചനവുമനുസരിച്ച് ഇക്കാലത്ത് അവതീർണനായ വഗ്ദത്ത മസീഹിൽ വിശ്വസിക്കാനുള്ള സൗഭാഗ്യം മുസ്‌ലിം സമൂഹത്തിനുണ്ടാവട്ടെ



ഹദ്റത്ത് അഹ്മദ് (അ)

# ദൈവത്തെ എങ്ങനെ പ്രാപിക്കാം

ക്രിസ്ത്യാനികളുടെ തത്ത്വമനുസരിച്ച് ലോകത്തെ സ്നേഹിച്ചുകൊണ്ട് അതിന് മോക്ഷം നൽകിയനുഗ്രഹിക്കുന്നതിനായി ദൈവം ചെയ്തിരിക്കുന്ന സംവിധാനം ഇപ്രകാരമാകുന്നു. അതായത് അനുസരണ ഇല്ലാത്തവരുടെയും, സത്യനിഷേധികളുടെയും ദുർവൃത്തരുടേയും പാപങ്ങൾ ദൈവം തന്റെ പ്രിയ പുത്രനായ യേശുവിൽ ചുമത്തുകയും ലോകത്തെ പാപത്തിൽ നിന്ന് മോചിപ്പിക്കുന്നതിനായി അവനെ ശാപത്തിന്റെ മരത്തടിയിൽ തൂക്കുകയും ചെയ്തു. ഈ സിദ്ധാന്തം ഏത് രീതിയിൽ നോക്കിയാലും അധാർമികവും ലജ്ജാകരവുമാണ്.നീതിയുടെ തുലാസിൽ നാം ഇതിനെ വിചിന്തനം നടത്തിയാൽ ഇത് കേവലം അക്രമ രീതിയിലുള്ള സംഗതി യാണെന്ന് മനസ്സിലാവുന്നതാണ്. അതായത് സൈദിന്റെ പാപം ബക്കറിൽ ചുമത്തുന്നതും ഒരു കുറ്റവാളിയെ വിട്ടു കൊണ്ട് കുറ്റവാളിയുടെ ശിക്ഷ നിരപരാധിക്ക് നൽകുന്നതും മനുഷ്യ മനസ്സാക്ഷി ഒരിക്കലും അംഗീകരിക്കാത്തതുമായ കാര്യമാകുന്നു. ഇനി ആത്മീയ തത്ത്വശാസ്ത്ര മനുസരിച്ച് പാപത്തിന്റെ പൊരുളിനെ വിചിന്തനം ചെയ്താലും അതിലും ഈ തത്ത്വം നിഷ്ഫലമാണെന്ന് സ്ഥപിതമാവുന്നതാണ്. കാരണം യഥാർഥത്തിൽ പാപം ഒരു വിഷമാ കുന്നു. മനുഷ്യൻ ദൈവത്തിന്റെ അനുസരണത്തിൽ നിന്നും ദൈവത്തിന്റെ തീവ്രമായ സ്നേഹത്തിൽ നിന്നും സ്നേഹ പൂർണമായ ദൈവിക സ്മരണയിൽ നിന്നും അകന്ന് പോകുമ്പോഴാണ് അതുണ്ടായിത്തീരുന്നത്. ഒരു വൃക്ഷം എപ്രകാരം മണ്ണിൽ നിന്ന് ഇളകി പോകുകയും ജലം വലിച്ചെടുക്കുന്നതിന് അതിന് കഴിയാതെ വരികയും, അങ്ങനെ ദിനം തോറും ഉണങ്ങിയുണങ്ങി അതിന്റെ പച്ചളിപ്പ് നഷ്ടപ്പെടുകയും ചെയ്യുന്നുവോ അപ്രകാരം മനുഷ്യ ഹൃദയം ദൈവിക സ്നേഹത്തിൽ നിന്ന് പിഴുതെറിയപ്പെടുകയും, അങ്ങനെ ഒരു വരൾച്ച അവനെ കീഴടക്കുകയും ചെയ്യുന്നു. ഈ വരൾച്ചക്കുള്ള പ്രതിവിധി ദൈവിക പ്രകൃതി നിയമത്തിൽ മൂന്ന് രീതിയിലാണ് വിവരിച്ചിട്ടുള്ളത്. ഒന്ന് മുഹബ്ബത്ത് (സ്നേഹം), രണ്ടാമത്തേത് ഇസ്തിഗ്ഫാർ (മറച്ച് വെക്കാനുള്ള ആഗ്രഹം). അതായത് വൃക്ഷത്തിന്റെ വേരുകൾ ഏത് വരെ മണ്ണിൽ മറഞ്ഞ് കൊണ്ട് ഉറച്ച് നിൽക്കുന്നുവോ അത്രയും കാലം അതിന്റെ ഹരിതത്വം നിലനിൽക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാവുന്നതാണ്. മൂന്നാമത്തെ പ്രതിവിധി തൗബയാകുന്നു. അതായത് ജീവദായകമായ ജലം വലിച്ചെടുക്കുന്നതിനായി വിനയ ഭാവത്തോടു കൂടി അല്ലാഹുവിലേക്ക് തിരിയുകയും സ്വയം അവനിക്കേ് അടുക്കുകയും പാപത്തിന്റെ മറവിൽ നിന്ന് സൽക്കർമത്തോടു കൂടി പുറത്ത് വരികയും ചെയ്യുക. തൗബ അതായത് പ്രായശ്ചിത്തം നാവ് കൊണ്ട് മാത്രമല്ല മറിച്ച് സൽക്കർമങ്ങളോട് കൂടിയാണ് പൂർണമായ തൗബ നില കൊള്ളുന്നത്. എല്ലാ നന്മകളും തൗബയുടെ പൂർത്തീകരണത്തിനുള്ളതാണ് കാരണം ഇതെല്ലാം കൊണ്ട് ഉദ്ദേശിക്കുന്നത് അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുക എന്നുള്ളതാകുന്നു. പ്രാർഥനയും തൗബയും മുഖേന അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാവുന്നതാണ്. അതു കൊണ്ട് തന്നെയാണ് മനുഷ്യന്റെ ജീവനെ സൃഷ്ടിച്ച ദൈവം അതിന് **റൂഹ്** എന്ന് പേര് വെച്ചിരിക്കുന്നത്. എന്തുകൊണ്ടെന്നാൽ മനുഷ്യന്റെ യഥാർഥ ശാന്തി (റാഹത്ത്) നിലകൊള്ളുന്നത് ദൈവത്തെ അംഗീകരിക്കുന്നതിലും, അവന്റെ സ്നേഹത്തിലും അവനെ പൂർണമായും അനുസരിക്കുന്നതിലുമാകുന്നു. ഇങ്ങനെ അല്ലാഹുവുമായി ഒരു ബന്ധം സ്ഥാപിക്കുന്നത് കൊണ്ട് അതിനെ **നഫ്സ്** (ആത്മാവ്) എന്ന് പറയുന്നു.

ദൈവത്തെ സ്നേഹിക്കുക എന്നത് തോട്ടത്തിലെ വൃക്ഷം മണ്ണിൽ അടിയുറച്ച് നിൽക്കുന്നത് പോലെയാണ്, ഇത് തന്നെയാണ് മനുഷ്യന്റെ സ്വർഗം. ഏത്പോലെ വൃക്ഷം മണ്ണിനെ ഊറ്റിയെടുക്കുകയും തടിയിലേക്ക് വലിച്ചെത്തിക്കുകയും ചെയ്യുന്നുവോ അതു പോലെയാണ് മനുഷ്യ ഹൃദയത്തിന്റെ അവസ്ഥയും ഉള്ളത്.*(എസ്സൻസ് ഓഫ് ഇസ്ലാം പേ 277-278)*



# ഇമാമുസ്സമാന്റെ ആവശ്യകത

**(22 – 03 – 2013 ന് ഖലീഫത്തുൽ മസീഹ് ബൈത്തുൽ ഫുതൂഹിൽ (ലണ്ടൻ) നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം)**

**ഹ**ദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ ഒരു കവിതാ ശകലത്തിൽ പറയുന്നു.

“ഇത് മസീഹിന്റെ കാലമായിരുന്നു. മറ്റാരുടെയും കാലമായിരുന്നില്ല. ഞാൻ വന്നില്ലായിരുന്നെങ്കിൽ മറ്റാരെങ്കിലും വരുമായിരുന്നു.”

ആ മഹാത്മാവ് തന്റെ വിജ്ഞാപനത്തിൽ പറയുന്നു.‘‘ചില അല്പജ്ഞാനികൾ മനസ്സിലാക്കിയിരിക്കുന്നത് ഇൽഹാം ലഭിക്കുന്നു എന്ന് ഞാൻ വ്യാജേന വാദിച്ചിരിക്കുകയാണെന്നാണ്. ഇത് തെറ്റാണ്. യഥാർഥത്തിൽ ആകാശഭൂമികൾ സൃഷ്ടിച്ച, ഈ പ്രപഞ്ചത്തെ സൃഷ്ടിച്ച സർവ ശക്തനായ ദൈവത്തിന്റെ പ്രവൃത്തിയാണിത്. അല്ലാഹുവിലുള്ള വിശ്വാസം ജനങ്ങളിൽ കുറഞ്ഞു വരുന്ന കാലത്ത് എന്നെപോലുള്ള ഒരു മനുഷ്യൻ സൃഷ്ടിക്കപ്പെടുന്നു. അല്ലാഹു ആ വ്യക്തിയോട് സംസാരിക്കുന്നു. അദ്ദേഹം മുഖേന തന്റെ അദ്ഭുത പ്രവൃത്തികൾ കാണിക്കുകയും ചെയ്യുന്നു. അങ്ങനെ ദൈവം ഉണ്ടെന്ന് ജനങ്ങൾ മനസ്സിലാക്കാൻ തുടങ്ങുന്നു.

മാർച്ച് 23 ന് അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് മസീഹ് മൗഊദ് ദിനമായി ആചരിച്ചു വരുന്നു. ഇതു സംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സ്വന്തം വാക്കുകളിൽ ആ മഹാത്മാവിന്റെ സത്യത്തിനുള്ള സാക്ഷ്യങ്ങൾ,അദ്ദേഹത്തിന് ലഭിച്ച അല്ലാഹുവിന്റെ സഹായങ്ങൾ, ഇമാമുസ്സമാന്റെ ആവശ്യകത, മുസ്ലീംകളെ അദ്ദേഹത്തിൽ വിശ്വസിക്കാനും അദ്ദേഹത്തിന്റെ സ്ഥാനം മനസ്സിലാക്കുന്നതിനുമുള്ള ക്ഷണം എന്നിവയെല്ലാം വിവരിക്കുന്നതാണ്.

പറയുന്നു: “വാഗ്ദത്ത മസീഹിന്റെ അടയാളങ്ങളായി പറയപ്പെട്ട ഭൂമിയിൽ നിന്നും ആകാശത്തു നിന്നും പ്രത്യക്ഷപ്പെടേണ്ട ദുരന്തങ്ങൾ എല്ലാം എന്റെ കാലത്ത് പ്രത്യക്ഷമാകുകയുണ്ടായി. റമദാനിൽ സൂര്യചന്ദ്ര ഗ്രഹണങ്ങൾ ഉണ്ടായിട്ട് കാലമേറെയായി. വാൽനക്ഷത്രം വെളിപ്പെട്ടിട്ടും കുറേ ആയി. ഭൂകമ്പങ്ങൾ വന്നു. മഹാമാരി വന്നു (പ്ലേഗ് പോലുള്ള രോഗങ്ങൾ). ക്രിസ്തു മതം അതിശക്തമായ നിലയിൽ ലോകത്ത് വ്യാപിക്കുകയുണ്ടായി. മുമ്പേ രേഖപ്പെടുത്തപ്പെട്ടതു പോലെ അതി ശക്തമായ നിലയിൽ ഞാൻ നിഷേധിക്കപ്പെടുകയും ചെയ്തു. (ഇതും പ്രവചനമായിരുന്നു. മുൻ ഭക്തർ ഇതെഴുതിവെച്ചിട്ടുണ്ട്. വാഗ്ദത്ത മസീഹ് വരുമ്പോൾ അദ്ദേഹം നിഷേധിക്കപ്പെടുന്നതാണ്. അദ്ദേഹത്തെ കള്ളനാണെന്ന് പറയും, കാഫിറാണെന്ന് പറയും) ഇങ്ങനെയുള്ള എല്ലാ അടയാളങ്ങളും പുലരുകയുണ്ടായി. അതോടൊപ്പം ഹൃദയങ്ങളെ സത്യത്തിലേക്ക് നയിക്കുന്ന വിജ്ഞാനങ്ങളും ആത്മജ്ഞാനങ്ങളും വെളിപ്പെടുകയും ചെയ്തിരിക്കുന്നു.”

ആ മഹാത്മാവ് തന്റെ സത്യസാക്ഷ്യത്തിനായാണ് ഇത് പറഞ്ഞത്. ഇതെല്ലാം പ്രത്യക്ഷമായിട്ടും നിങ്ങൾ ഇതിനെ കുറിച്ച് ചിന്തിക്കുന്നില്ലേ?

ഇതേപോലെ മറ്റൊരു സ്ഥലത്ത് ആ മഹാത്മാവ് പറയുന്നു: “പ്രകൃതിയെയും പ്രപഞ്ചത്തെയും പിൻ പറ്റാൻ ആഗ്രഹിക്കുന്നവർക്ക് അല്ലാഹു വളരെ ഉത്തമമായ ഒരവസരമാണ് ഇവിടെ സൃഷ്ടിച്ചി രിക്കുന്നത്. അവർക്ക് എന്റെ വാദം അംഗീകരിക്കൽ എളുപ്പമാണ്. കാരണം ഞങ്ങളുടെ മറ്റുള്ള

എതിരാളികൾ അകപ്പെട്ടതു പോലുള്ള വിഷമസന്ധിയിൽ ഇവർ അകപ്പെട്ടിട്ടില്ല. കാരണം ഈസാ (അ) മരിച്ചു പോയിട്ടുണ്ടെന്ന് ഇവർക്ക് വ്യക്തമായി അറിയാവുന്നതാണ്". ഈസാ നബി (അ) മരിച്ചു പോയെന്ന് വിശ്വസിക്കുന്നവർ വാഗ്ദത്ത മസീഹിന്റെ വാദത്തെ കുറിച്ച് കൂലങ്കശമായി ചിന്തിക്കേണ്ടതാണ്.

പറയുന്നു: "വാഗ്ദത്ത മസീഹിനെ കുറിച്ച് ഹദീസുകളിൽ പറയപ്പെട്ട പ്രവചനം മുതവാത്തിറായിട്ടുള്ളതാണ്. അത് നിഷേധിക്കുക എന്നത് ബുദ്ധിമാനായ ആർക്കും യോജിച്ചതല്ല. അതുകൊണ്ട് വരാനിരിക്കുന്ന മസീഹ് ഇതേ ഉമ്മത്തിൽ നിന്നു തന്നെയായിരിക്കും എന്ന് അവർക്ക് തീർച്ചയായും അംഗീകരിക്കേണ്ടതായി വരുന്നു. എന്നാൽ വാഗ്ദത്ത മസീഹാണെന്ന വാദം ഞങ്ങൾക്കെങ്ങനെ അംഗീകരിക്കാൻ സാധിക്കും എന്ന അവരുടെ ചോദ്യം പ്രസക്തമാണ്" (വാഗ്ദത്ത മസീഹ് ഇതേ ഉമ്മത്തിൽ നിന്ന് വരും എന്നത് ശരിയാണെങ്കിലും വാഗ്ദത്ത മസീഹ് താനാണെന്ന വാദം ഞങ്ങൾക്കെങ്ങനെ അംഗീകരിക്കാൻ കഴിയും എന്ന ചോദ്യം അർഥവത്താണ്) ആ വാഗ്ദത്ത മസീഹ് താങ്കൾ തന്നെയാണെന്നതിനുള്ള തെളിവ് എന്താണ്?.

അതിനുള്ള മറുപടി ഇതാണ്. "ഏതൊരുകാലത്ത്, ഏതൊരു നാട്ടിൽ, ഏത് പ്രദേശത്ത് വാഗ്ദത്ത മസീഹ് വരും എന്ന് വിശുദ്ധഖുർആനിൽ നിന്നും ഹദീസിൽ നിന്നും തെളിയുന്നുവോ, ഏതെല്ലാം സുപ്രധാന പ്രവർത്തനങ്ങളാണ് മസീഹിന്റെ വ്യക്തിത്വമായി ബന്ധപ്പെടുത്തി പറഞ്ഞിരിക്കുന്നത്, വാഗ്ദത്ത മസീഹിന്റെ കാലത്ത് പ്രത്യക്ഷപ്പെടുമെന്ന് പറഞ്ഞിട്ടുള്ള ഭൂമിയിൽ നിന്നും ആകാശത്തുനിന്നും പ്രത്യക്ഷമാകുന്ന വിപത്തുകൾ, ഏതൊരു ദിവ്യജ്ഞാനത്തെകുറിച്ച് വാഗ്ദത്ത മസീഹിന്റെ പ്രത്യേകഗുണമായി എടുത്ത് പറഞ്ഞിരിക്കുന്നുവോ അതെല്ലാം അല്ലാഹു തആലാ എന്നിലും എന്റെ കാലത്തും എന്റെ നാട്ടിലും ഒരുമിച്ച് കൂട്ടിയിരിക്കുകയാണ്. കൂടാതെ കൂടുതൽ സംതൃപ്തി കൈവരുന്നതിനായി ആകാശീയമായ പിന്തുണ എനിക്ക് നൽകുകയും ചെയ്തു"

തുടർന്ന് ഫാർസിയിൽ ഒരു കവിത എഴുതിയുട്ടുണ്ട്.

"മസീഹിന്റെ സമൂഹത്തിനായി ഞാൻ കൽപ്പിക്കപ്പെട്ടതുകൊണ്ട് എന്റെ പേര് ഇബ്നു മർയം എന്ന് നാമകരണം ചെയ്തിരിക്കുന്നു. ആകാശം അടയാളങ്ങൾ വർഷിച്ചു കൊണ്ടിരിക്കുന്നു. സമയം ഇതാണെന്ന് ഭൂമിയും വിളിച്ചു പറയുന്നു. ഈ രണ്ട് സാക്ഷികളും എനിക്കായി സാക്ഷിപറയാൻ തയ്യാറായി നിൽക്കുകയാണ്."

''ഇതിന്റെ വിശദീകരണം ഇപ്രകാരമാണ്. വിശുദ്ധഖുർആന്റെ അടിസ്ഥാന തത്ത്വത്തിൽ നിന്നും സൂചന ലഭിക്കുന്നത് നബി (സ) മൂസാ നബിയുടെ സദൃശ്യനാണ്. അദ്ദേഹത്തിന്റെ ഖിലാഫത്തിന്റെ പരമ്പര മൂസാനബിയുടെ ഖിലാഫത്ത് പരമ്പരയോട് പൂർണമായും യോജിച്ചു വരുന്നു. അവസാന കാലത്ത്, ഇസ്റാഈലി നുബുവ്വത്തിന്റെ അവസാനത്തിലെത്തുമ്പോൾ, ബനീ ഇസ്റാഈൽ വിവിധ കക്ഷികളായിപ്പിരിയുകയും പരസ്പരം കളവാക്കുകയും എത്രമാത്രമെന്നാൽ ചിലർ ചിലരെ കാഫിറാണെന്ന് വരെ പറയുകയും ചെയ്യുമ്പോൾ മൂസാ നബിയുടെ ദീനിനെ സംരക്ഷിക്കുന്നതിനായി അല്ലാഹു ഒരു പ്രവാചകനായ ഈസ (അ) യെ സൃഷ്ടിക്കുന്നതാണെന്ന് ഹദ്റത്ത് മൂസാനബിയോട് അല്ലാഹു വാഗ്ദാനം ചെയ്തിരുന്നു. അദ്ദേഹം ബനീ ഇസ്റാഈലിലെ വിവിധ ആടുകളെ തന്റെ പക്കൽ ഒരുമിച്ച് കൂട്ടുന്നതാണ്. ചെന്നായയേയും ചെമ്മരിയാടിനേയും ഒരു സ്ഥലത്ത് ഒരുമിച്ച് കൂട്ടുന്നതാണ്. എല്ലാ കക്ഷികൾക്കും വിധികർത്താവായി വന്നുകൊണ്ട് ആഭ്യന്തര ഭിന്നതയെ അവരുടെ ഇടയിൽ നിന്നും നീക്കിക്കളയുന്നതാണ്. (മർദിതരേയും മർദകരേയും ഒരുമിച്ച് കൂട്ടും. ഇത് ഈസാ നബിയെ കുറിച്ചുള്ള പ്രവചനമായിരുന്നു. അദ്ദേഹം വിദ്വേഷത്തെയും പകയേയും അകറ്റുന്നതാണ് ഇതേ വാഗ്ദാനം വിശുദ്ധ ഖുർആനിലും നൽകപ്പെട്ടിട്ടുണ്ട്. ഇതിലേക്കാണ് വിശുദ്ധഖുർആനിലെ ഈ വചനം വിരൽ ചൂണ്ടുന്നത്. **ആഖരീന മിൻഹും ലമ്മാ യൽഹഖൂ ബിഹിം**.

ഹദീസുകളിൽ ഇതിന്റെ വിശദവിവരം കാണാവുന്നതാണ്. അതിൽ എഴുതിയിട്ടുണ്ട്: യഹൂദികൾ എത്ര കക്ഷികളായി പിരിഞ്ഞിട്ടുണ്ടോ ഈ ഉമ്മത്തും അത്ര തന്നെ കക്ഷികളായി പിരിയുന്നതാണ്. ഈ കക്ഷികൾ പരസ്പരം കളവാക്കുകയും കാഫിറാക്കുകയും ചെയ്യും. അവരെല്ലാം പരസ്പരം വിദ്വേഷത്തിലും ശത്രുതയിലും പകയിലും അഭിവൃദ്ധി പ്രാപിച്ചു കൊണ്ടിരിക്കും. (പരസ്പരം വിദ്വേഷത്തിലും ശത്രുതയിലും മത്സരിച്ച് മുന്നേറും). വാഗ്ദത്ത മസീഹ് വിധികർത്താവായി ഭൂമിയിൽ വരുന്നതുവരെ ഇത് തുടരും. അദ്ദേഹം ഹകം ആയി വന്നാൽ വിദ്വേഷവും പകയും എല്ലാം ദുരീകരിക്കും. അദ്ദേഹത്തിന്റെ കാലത്ത് ചെന്നായയും ചെമ്മരിയാടും ഒരു സ്ഥലത്ത് ഒന്നിക്കും. മർദകരും മർദിതരും ശക്തരും ദുർബലരും എല്ലാം ഒന്നായിച്ചേർന്ന് ഒരുമതത്തിൽ നിലയുറപ്പിക്കും. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാൻ വേണ്ടി മാത്രം അവർ ശ്രമിക്കുന്നതാണ്.

ഇസ്റാഈലി സമൂഹത്തിനിടയിൽ വലിയ ഭിന്നത നിലനിന്നിരുന്ന കാലത്താണ് ഈസാനബി വന്നിരുന്നതെന്ന് ചരിത്രപഠിതാക്കൾക്ക് അറിയാവുന്നതാണ്. അവർ അപ്പോൾ പരസ്പരം കളവാക്കുന്നതിലും കാഫിറാക്കുന്നതിലും മുഴുകിയിരിക്കുകയായിരുന്നു. അതേപോലെ മുസ്ലിംകൾക്കിടയിൽ ആഭ്യന്തരഭിന്നത അതിരൂക്ഷമായകാലത്താണ് ഈ വിനീതനും ആഗതനായിരിക്കുന്നത്. ഇവിടെയും ഒരു കക്ഷി മറ്റെ കക്ഷിയെ കാഫിറാക്കികൊണ്ടിരിക്കുകയാണ്. ഈ ഭിന്നതയുടെ അവസരത്തിൽ മുസ്ലിം ഉമ്മത്തിന് ഒരു ഹകമിന്റെ ആവശ്യമുണ്ടായിരുന്നു. അതിനാൽ അല്ലാഹു എന്നെ വിധികർത്താവായി, ഹകമായി അയച്ചിരിക്കുകയാണ്."

ഇന്നും മുസ്ലിംകൾ കുഫ്റ് ഫത്വ പരസ്പരം നൽകികൊണ്ടിരിക്കുകയാണ്. ഇവർ അഹ്മദിയ്യാ ജമാഅത്തിനെതിരിൽ ചീത്തവിളിക്കാനും കാഫിറാക്കാനും ഒന്നായിച്ചേരുന്നുണ്ടെങ്കിലും ഇവർക്കിടയിൽ പരസ്പരമുള്ള കുഫ്റ് ഫത്വ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. "ഇവിടെ അദ്ഭുതകരമായ ഒരു സാദൃശ്യം കൂടി പ്രകടമാണ്. അതിന് ഖുർആന്റെയും ഹദീസിന്റെയും സൂചനയും ലഭിക്കുന്നു. പറയുന്നു: ഹദ്റത്ത് ഈസാ (അ) മൂസാ നബിക്ക് 13 നൂറ്റാണ്ടുകൾക്ക് ശേഷം 14-ാം നൂറ്റാണ്ടിലാണ് ജനിച്ചത്. ഇതേ പോലെ ഈ വിനീതനും അല്ലാഹുവിൽ നിന്ന് 14-ാം നൂറ്റാണ്ടിലാണ് നിയോഗിക്കപ്പെട്ടത്. അതു കൊണ്ടാണെന്ന് തോന്നുന്നു ഉന്നത സ്ഥാനീയരായ ആത്മദർശനം സിദ്ധിച്ചവർ മസീഹ് മൗഊദ് 14-ാം നൂറ്റാണ്ടിൽ വെളിപ്പെടുമെന്ന നിഗമനത്തിലെത്തിയത്."

''അല്ലാഹു എന്റെ പേര് 'ഗുലാം അഹ്മദ് ഖാദിയാനി' എന്ന് വെച്ചു കൊണ്ടും ഇതിലേക്കാണ് സൂചന നൽകുന്നത്. കാരണം എന്റെ പേരിൽ 1300 എന്ന സംഖ്യ പൂർത്തിയാകുന്നുണ്ട്. (ഗുലാം അഹ്മദ് ഖാദിയാനി എന്നത് അബ്ജദിന്റെ കണക്കനുസരിച്ച് കണക്കുകൂട്ടുമ്പോൾ 1300 എന്ന് വരും) ചുരുക്ക

ത്തിൽ ഖുർആനിൽ നിന്നും ഹദീസിൽ നിന്നും വരാനിരിക്കുന്ന മസീഹ് 14-ാം നൂറ്റാണ്ടിൽ പ്രത്യക്ഷപ്പെടുമെന്നതിന് വ്യക്തമായ തെളിവുകൾ ലഭിക്കുന്നുണ്ട്. ഇസ്‌ലാംമത കക്ഷികൾക്കിടയിൽ ഭിന്നതയും പരസ്പരം വിദ്വേഷവും വെച്ചു പുലർത്തുന്ന കാലത്തായിരിക്കും അദ്ദേഹം വരിക."

സത്യ സാക്ഷ്യത്തിനുള്ള മറ്റൊരു തെളിവ് നൽകുന്നു: പറയുന്നു: "ഫസൂസുൽ ഹകം എന്ന ഗ്രന്ഥത്തിൽ ശൈഖ് ഇബ്നുൽഅറബി തന്റെ ഒരു കശ്ഫ് എഴുതുന്നത്. അദ്ദേഹം (ഖാത്തവുൽ വലായത്ത്) ഇരട്ടയായാണ് ജനിക്കുക. (അതായത് മസീഹ് മൗഊദ്) അദ്ദേഹത്തോടൊപ്പം ഒരു പെൺകുട്ടിയും ജനിക്കും. അദ്ദേഹം ചൈനയുമായി ബന്ധപ്പെട്ടിരിക്കും. അദ്ദേഹത്തിന്റെ മാതാപിതാക്കൾ ചൈനയിൽ താമസിച്ച വരായിരിക്കും. അതിനാൽ അല്ലാഹുവിന്റെ ഇംഗിതം ഇതെല്ലാം പൂർത്തിയാക്കി കാണിച്ചു. ഞാൻ ഇരട്ടയായാണ് ജനിച്ചതെന്ന് എഴുതുകയുണ്ടായി. എന്നോടൊപ്പം ഒരു പെൺകുട്ടിയും പിറന്നിരുന്നു. ഞങ്ങളുടെ പൂർവികർ സമർക്കന്തിൽ -അത് ചൈനയുമായി ബന്ധപ്പെട്ടു നിൽക്കുന്നു- താമസിച്ചിരുന്നു"

പറയുന്നു: ഞാൻ മുമ്പ് എഴുതിയിട്ടുണ്ട്. ഒരാൾ ദൈവനിയോഗിതനാണെന്ന് വാദിക്കുന്നുണ്ടെങ്കിൽ അദ്ദേഹത്തിന്റെ വാദം സമ്പൂർണവും പരിപൂർണവുമായ നിലയിൽ സ്ഥാപിക്കപ്പെടുന്നത് വിശുദ്ധ ഖുർആന്റെ അടിസ്ഥാനത്തിൽ മൂന്ന് രീതിയിൽ അത് തെളിയിക്കപ്പെടുമ്പോഴാണ്. ഒന്ന്, പ്രമാണികമായ തെളിവ് അദ്ദേഹത്തിന്റെ സാക്ഷ്യത്തിന് ഉണ്ടായിരിക്കണം. അദ്ദേഹത്തിന്റെ വാദം വിശുദ്ധ ഖുർആന് വിരുദ്ധമാകാൻ പാടില്ല. രണ്ടാമത്തേത് ബുദ്ധിപരമായ തെളിവ് അദ്ദേഹത്തെ സത്യപ്പെടുത്തുന്നതിന് സഹായകരവുമായിരിക്കണം. മൂന്നാമത്തെ കാര്യം ആകാശീയമായ അടയാളങ്ങൾ ആ വാദിയെ സാക്ഷ്യപ്പെടുത്തിയിരിക്കണം."

"ചുരുക്കത്തിൽ ഈ മൂന്ന്വിധ തെളിവുകളുടെ അടിസ്ഥാനത്തിലും എന്റെ വാദം സത്യപ്പെടുത്തുന്നുണ്ട്. ഹദീസിലെ ശക്തമായ തെളിവുകൾ സത്യാന്വേഷിക്ക് യഥാർഥ ഉൾക്കാഴ്ച്ച നൽകുന്നു.(സത്യാന്വേഷികളാണെങ്കിൽ അവർക്ക് ഇത് മതിയാകുന്നതാണ്. പിടിവാശിയാണെങ്കിൽ തെളിവായിരിക്കില്ല. സത്യാന്വേഷികൾക്ക് പൂർണ ഉൾക്കാഴ്ച്ച നൽകുന്നു) എന്റെ വാദത്തെക്കുറിച്ച് സമ്പൂർണ സംതൃപ്തി അവർക്ക് നൽകുന്നു. അതിലൊന്ന് മസീഹിനെ കുറിച്ചുള്ള വ്യത്യസ്ത രൂപങ്ങളുടെ വിവരണങ്ങൾ ഉൾപ്പെടുന്നു. സ്വഹീഹ് ബുഖാരി 458 തുടങ്ങിയ പേജുകളിൽ അത് രേഖപ്പെട്ടുകിടക്കുന്നു. ബാബ്നുസൂലു ഈസാ, കിതാബുൽ അമ്പിയായിൽ ബുഖാരിയിൽ ഇതിനെ കുറിച്ച് പരാമർശമുണ്ട്. അതിൽ മുഹമ്മദീ മസീഹിന്റെ രൂപവും മസീഹ് നാസ്രിയുടെ രൂപവും വിവരിച്ചിട്ടുണ്ട്. അത് രണ്ടും വ്യത്യസ്തമാണ്. മസീഹിനെ സംബന്ധിച്ചുള്ള ഹദീസുകളിൽ തിരുനബി (സ) അദ്ദേഹത്തെ കഅ്ബ വലയം ചെയ്യുന്നതായി കശ്ഫിന്റെ അവസ്ഥയിൽ കാണുകയുണ്ടായി. അതിൽ അദ്ദേഹത്തിന്റെ രൂപം എഴുതിയിട്ടുള്ളത് അദ്ദേഹം ഗോതമ്പിന്റെ നിറവും ചുരുണ്ട മുടിയോടെയല്ലാതെ നേരെയുള്ള മുടിയോട് കൂടിയവനായിരിക്കുമെന്നും കാണാം. ഇസ്റാഈലി നബിയായിരുന്ന യഥാർഥ ഈസായുടെ രൂപം എഴുതിയത് അദ്ദേഹത്തിന്റെ നിറം ചുവപ്പും മുടി ചുരുണ്ടതുമാണെന്നാണ്. സ്വഹീഹ് ബുഖാരിയിൽ വരാനിരിക്കുന്ന മസീഹിനെക്കുറിച്ച് ഗോതമ്പിന്റെ നിറവും നീണ്ട മുടിയും എന്നാണ് വിവിധ സ്ഥലത്ത് എഴുതിയിട്ടുള്ളത്. എന്നാൽ ഈസാ (അ) ന്റെ രൂപം പറയുമ്പോൾ ചുവപ്പും ചുരുണ്ട മുടിയും എന്നാണ് എഴുതിയിട്ടുള്ളത്."

> ഇക്കാലത്തെ മൗലവിമാർ സത്യസന്ധതയിലും മതത്തിലും അടിയുറച്ചു നിന്ന്കൊണ്ട് ചിന്തിക്കുകയാണെങ്കിൽ 14-ാം നൂറ്റാണ്ടിലെ മുജദ്ദിദിന്റെ ജോലി കുരിശുടക്കലാണെന്ന് അവർക്ക് അംഗീകരിക്കേണ്ടതായി വരും. ഇത് വാഗ്ദത്ത മസീഹിന്റെ അതേ പ്രവൃത്തിയായിരിക്കെ14-ാം നൂറ്റാണ്ടിലെ മുജദ്ദിദ് വാഗ്ദത്ത മസീഹ് ആയിരിക്കും എന്നത് സംശയരഹിതമായി തെളിയുന്ന കാര്യ മാണ്

"ഇതിൽ നിന്നും മനസ്സിലാകുന്നത് വരാനിരിക്കുന്ന മസീഹിനെ തിരുനബി (സ) വേറിട്ട ഒരു വ്യക്തിത്വമായാണ് അവതരിപ്പിച്ചത്. അദ്ദേഹത്തിന്റെ ഗുണമായി പറഞ്ഞത് ഇമാമുകും മിൻകും എന്നാണ്. അതേപോലെ ഹദ്റത്ത് ഈസാ (അ)നെ മറ്റൊരു വ്യക്തിത്വമായാണ് പറഞ്ഞത്. ചില സാദൃശ്യങ്ങൾ കാരണം രണ്ടുപേരെക്കുറിച്ചും ഈസബ്നു മർയം എന്ന പേര് നൽകുകയാണുണ്ടായത്."

"മറ്റൊരു ചിന്തനീയമായ കാര്യം ഇതാണ്. മസീഹ് മൗഊദിനെ കുറിച്ച് തിരുനബി (സ) പരാമർശിച്ച സ്ഥലത്തെല്ലാം വെറും ഗോതമ്പിന്റെ നിറവും നേരെയുള്ള മുടിയും എന്ന് മാത്രം പറഞ്ഞത് നിർത്താതെ പലസ്ഥലത്തും ദജ്ജാലിനെ കുറിച്ചും കൂടെ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ബനീ ഇസ്റാഈലിലെ ഈസ (അ) നെ കുറിച്ച് പറഞ്ഞ സ്ഥലത്തൊന്നും കൂടെ ദജ്ജാലിനെ കുറിച്ച് പറഞ്ഞിട്ടില്ല. ഇതിൽ നിന്നെല്ലാം തെളിയുന്നത് തിരുനബി (സ) രണ്ട് ഈസബ്നു മർയമിനെ കുറിച്ചാണ് പരാമർശിച്ചതെന്നാണ്. ഒരാൾ ഗോതമ്പിന്റെ നിറവും നേരെയുള്ള തലമുടിയുമുള്ള ആൾ. അദ്ദേഹം വെളിപ്പെടാനുള്ളതാണ്. അദ്ദേഹത്തോടൊപ്പം ദജ്ജാലും ഉണ്ടാകും. രണ്ടാമത്തെ മസീഹ് ചുവന്നതും ചുരുണ്ട മുടിയോടുകൂടിയതും ബനീ ഇസ്റാഈലിയും ആണ്. അദ്ദേഹത്തോടൊപ്പം ദജ്ജാൽ ഇല്ല."

ഹദ്റത്ത് ഈസാ (അ) ശ്യാമി ആയിരുന്നു എന്നും നാം മനസ്സിലാക്കേണ്ടതാണ്. ശ്യാമിലുള്ളവരെ ഗോതമ്പിന്റെ നിറമുള്ളവർ എന്ന് ഒരിക്കലും പറയാറില്ല. എന്നാൽ ഇന്ത്യക്കാരെയാണ് ഗോതമ്പിന്റെ നിറമുള്ളവർ എന്ന് പറയാറുള്ളത്. ഈ തെളിവുകളിൽ നിന്നെല്ലാം മനസ്സിലാകുന്നത് വരാനിരിക്കുന്ന ഗോതമ്പിന്റെ നിറമുള്ള മസീഹ് അദ്ദേഹം ഒരിക്കലും ശ്യാമുമായി ബന്ധപ്പെട്ടവരായിരിക്കില്ല. മറിച്ച് അദ്ദേഹം ഇന്ത്യക്കാരനായിരിക്കും."

ക്രൈസ്തവരുടെ ചരിത്രത്തിൽ നിന്നും മനസ്സിലാകുന്ന മറ്റൊരു കര്യം ഈസ (അ) ഗോതമ്പ് നിറമുള്ള ആളായിരുന്നില്ല എന്നാണ്. പൊതുവിൽ ശ്യാമിലുള്ളവരെപോലെ ചുവന്ന നിറമുള്ള വ്യക്തിയായിരുന്നു. എന്നാൽ

ഹദീസിന്റെ വചനങ്ങളിൽ നിന്നും തെളിയുന്നതുപോലെ വരാനിരിക്കുന്ന മസീഹ് ഒരിക്കലും ശ്യാമിയായിരിക്കില്ല എന്നാണ്."

പറയുന്നു: "ഇക്കാലത്തെ മൗലവിമാർ സത്യസന്ധതയിലും മതത്തിലും അടിയുറച്ചു നിന്ന്കൊണ്ട് ചിന്തിക്കുകയാണെങ്കിൽ 14-ാം നൂറ്റാണ്ടിലെ മുജദ്ദിദിന്റെ ജോലി കുരിശുടക്കലാണെന്ന് അവർക്ക് അംഗീകരിക്കേണ്ടതായി വരും. ഇത് വാഗ്ദത്ത മസീഹിന്റെ അതേ പ്രവൃത്തിയായിരിക്കെ 14-ാം നൂറ്റാണ്ടിലെ മുജദ്ദിദ് വാഗ്ദത്ത മസീഹ് ആയിരിക്കും എന്നത് സംശയരഹിതമായി തെളിയുന്ന കാര്യമാണ്. 14-ാം നൂറ്റാണ്ടിൽ മദ്യപാനം, വ്യഭിചാരം തുടങ്ങിയ പാപങ്ങളും ദുഷ്പ്രവൃത്തിയും വളരെയധികം അധികരിച്ചിട്ടുണ്ട്. എന്നാൽ ഇതിന്റെ കാരണത്തെ കുറിച്ച് കൂലങ്കശമായി ചിന്തിക്കുകയാണെങ്കിൽ നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത് ഒരു വ്യക്തിയുടെ രക്തം മറ്റുള്ളവരെയെല്ലാം അവരുടെ തിന്മകളിൽ നിന്നും പാപങ്ങളിൽ നിന്നുമെല്ലാം മുക്തരാക്കി എന്ന് ഇവർ ഉൾക്കൊള്ളുന്ന തെറ്റായ വിശ്വാസമാണ്. ഇന്ന് ഇത്രമാത്രം പാപങ്ങളും കുറ്റകൃത്യങ്ങളും പെരുകാനുള്ള കാരണം ഇവർ കൊണ്ടുനടക്കുന്ന പാപപരിഹാര സിദ്ധാന്തമാണ്. അതായത് ഈസാ നബിയുടെ രക്തത്തിൽ വിശ്വസിച്ചാൽ പാപങ്ങളെക്കുറിച്ച് ചോദിക്കപ്പെടുകയില്ല എന്നിവർ വിശ്വസിക്കുന്നു ഇതു കാരണമാണ് ഇങ്ങനെയുള്ള കുറ്റകൃത്യങ്ങളിൽ യൂറോപ്പ് ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നത്. യൂറോപ്പും അവരുമായി ബന്ധപ്പെടുന്നവരും ഇതിൽ ഉൾപ്പെടുന്നു.

അങ്ങനെയുള്ള സമൂഹങ്ങളുടെ സഹവാസം കാരണമായി ഏകദേശം എല്ലാ സമൂഹങ്ങളിലും തന്നെ നിയന്ത്രണമില്ലായ്മയും സ്വാതന്ത്ര്യവും വർദ്ധിച്ചു വരികയാണ്. ഇത് യൂറോപ്പിൽ മാത്രം ഒതുങ്ങുന്നില്ല. ഇവർ എവിടെയെല്ലാം പോകുന്നോ അതല്ലെങ്കിൽ ഇന്നുള്ള വാർത്താ മാധ്യമമായ ടെലിവിഷൻ മുഖേന എല്ലായിടത്തും ഈ പ്രവണത എത്തുകയും അവിടങ്ങളിൽ നിർലജ്ജമായ പ്രവൃത്തികൾ വർദ്ധിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. ജനങ്ങൾ രോഗത്താൽ നശിപ്പിക്കപ്പെട്ടാലും വിപത്ത് അവരെ വിഴുങ്ങിക്കളഞ്ഞാലും ഈ വിപത്തുകളെല്ലാം വരുന്നത് മനുഷ്യന്റെ പ്രവർത്തഫലമാണെന്ന ചിന്ത ആർക്കും വരുന്നില്ല. പല വിപത്തുകളും വരുന്നുണ്ട്. ഭൂകമ്പങ്ങളും കൊടുങ്കാറ്റുകളും എല്ലാം മനുഷ്യപ്രവർത്തനത്തിന്റെ പരിണിത ഫലമാണ്. എന്നാൽ ഇതിന്റെ കാരണങ്ങൾ എന്താണെന്ന് ആരും ചിന്തിക്കുന്നില്ല. കാരണം അല്ലാഹുവിനോടുള്ള സ്നേഹം തണുത്തുപോയിരിക്കുന്നു. പ്രതാപവാനായ ദൈവത്തിന്റെ പ്രതാപം ജനഹൃദയങ്ങളിൽ കുറഞ്ഞു പോയിരിക്കുന്നു."

ഇക്കാലത്ത് വന്നു കൊണ്ടിരിക്കുന്ന വിപത്തുകളെകുറിച്ചും നാം ചിന്തിക്കേണ്ടിയിരിക്കുന്നു. നാമും ദുആയിലേക്ക് കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. വാഗ്ദത്തമസീഹിനെ അംഗീകരിക്കാത്തവർ ഇതിലേക്ക് ചിന്തിക്കുകയും ചെയ്യേണ്ട താണ്. "ചുരുക്കത്തിൽ ക്രൈസ്തവരുടെ പാപപരിഹാര സിദ്ധാന്തം യൂറോപ്പിന് മദ്യപാനത്തിലേക്കും മറ്റെല്ലാ കുറ്റകൃത്യങ്ങളിലേക്കും കൂടുതൽ പ്രചോദനം നൽകുകയുണ്ടായി. അതോടൊപ്പം അവരുടെ ഈ കാഴ്ച്ചപ്പാട് മറ്റു സമൂഹങ്ങളിൽ വ്യാപിച്ചപ്പോൾ അവരും ഈ വിധ പ്രവൃത്തിയിൽ ധൈര്യം കാണിക്കാൻ തുടങ്ങി. കുറ്റകൃത്യങ്ങളും ദുഷ്കർമങ്ങളും തീർച്ചയായും മാരകമായ പകർച്ചവ്യാധിയാണെന്നതിൽ എന്ത് സംശയമാണിരിക്കുന്നത്. ഒരു മാന്യയായ സ്ത്രീദുഷ്ട രുടെ കൂടെ രാപ്പകൽ കഴിയുകയാണെങ്കിൽ അവർ ദുഷ്പ്രവർത്തിക്ക്അടിപ്പെട്ടില്ലെങ്കിൽ തന്നെയും തെറ്റായ പ്രവൃത്തികൾ കണ്ട് കണ്ട് അവരുടെ ഹൃദയം ഏതായിരുന്നാലും മലീമസമായിത്തീരും. കാരണം സഹവാസം സ്വാധീനം ചെലുത്തുന്നതാണ്. ചുറ്റുപാടുകൾ സ്വാധീനം ചെലുത്തുന്നതാണ്."

പറയുന്നു: "അല്ലാഹുവിന്റെ അഭിമാനവും കാരുണ്യവും ആഗ്രഹിച്ചത് വിഷം ചീറ്റുന്ന കുരിശുവിശ്വാസത്തിൽ നിന്നും ലോകരെ രക്ഷിക്കാമെന്നാണ്. ഏതൊരു ദജ്ജാലിയ്യത്തിലൂടെ മനുഷ്യനെ ദൈവമാക്കി മാറ്റിയിട്ടുണ്ടോ ആ ദജ്ജാലിയ്യത്തിന്റെ മറയെ നീക്കിക്കളയണം. 14-ാം നൂറ്റാണ്ടിൽ ഈ വിപത്ത് അതിന്റെ ഉച്ചിയിൽ എത്തിക്കഴിഞ്ഞിരുന്നു. അതുകൊണ്ട് അല്ലാഹുവിന്റെ ഫള്ലും കാരുണ്യവും ആഗ്രഹിച്ചത് 14-ാം നൂറ്റാണ്ടിലെ മുജദ്ദിദ് കുരിശുടക്കുന്നവനായിരിക്കണമെന്നാണ്. കാരണം മുജദ്ദിദ് വൈദ്യനെപോലെയാണ്. വൈദ്യന്റെ ജോലി എന്നത് ഏതൊരു രോഗമാണ് മുഴച്ചു നിൽക്കുന്നത് അതിനെ പൂർണമായും പറിച്ചു മാറ്റാൻ പരിശ്രമിക്കുക എന്നതാണ്."

അതിനാൽ കുരിശുടക്കുക എന്നത് വാഗ്ദത്തമസീഹിന്റെ പ്രവൃത്തിയാണെന്നത് ശരിയാണെങ്കിൽ, 14-ാം നൂറ്റാണ്ടിലെ മുജദ്ദിദിന്റെ പ്രവൃത്തി കുരിശുടക്കലാണെങ്കിൽ അദ്ദേഹം വാഗ്ദത്ത മസീഹായിരിക്കുമെന്നതും ശരിതന്നെ"

കുരിശുടക്കൽ എങ്ങനെ? ഏതെല്ലാം മാർഗത്തിലൂടെയാണ് കുരിശുടക്കുക? എന്ന പ്രസക്തമായ ചോദ്യം ഇവിടെ ഉന്നയിക്കപ്പെടാവുന്നതാണ്. നമ്മുടെ എതിരാളികളായ മൗലവിമാരുടെ വിശ്വാസം പോലെ അദ്ദേഹം യുദ്ധം മുഖേനയാകുമോ കുരിശുടക്കുക? അതല്ലെങ്കിൽ മറ്റു മാർഗങ്ങളിലൂടെയായിരിക്കുമോ? ഇതിനുള്ള മറുപടി ഇതാണ്? നമ്മുടെ എതിരാളികളായ മൗലവിമാരിൽ അല്ലാഹു കരുണ ചൊരിയട്ടെ. ഈ വിശ്വാസത്തിൽ അവർ പൂർണമായും തെറ്റിലാണ്. വാഗ്ദത്ത മസീഹിന്റെ ഡ്യൂട്ടി യുദ്ധം ചെയ്യുക അല്ലേ അല്ല. ബുദ്ധിപരമായ തെളിവുകളിലൂടെയും ആകാശീയമായ അടയാളങ്ങളിലൂടെയും ദു:ആ മുഖേനയും ഈ ഫിത്നയെ ഇല്ലാതാക്കുന്നതാണ്. ഈ മൂന്ന് ആയുധങ്ങളാണ് അല്ലാഹു അദ്ദേഹത്തിന് നൽകിയിരിക്കുന്നത്. ഈ മൂന്നിലും അത്യദ്ഭുതകരമായ ശക്തിപ്രഭാവങ്ങൾ അല്ലാഹു വെച്ചിട്ടുണ്ട്. മറ്റാർക്കും തന്നെ ഇക്കാര്യങ്ങളിൽ അദ്ദേഹത്തെ നേരിടാൻ സാധിക്കുകയില്ല. അവസാനം ഈ ഒരു രീതിയിലായിരിക്കും കുരിശുടക്കപ്പെടുക. അങ്ങനെ ഗവേഷണ പടുക്കളിൽ നിന്നും അതിനോടുള്ള ആദരവും മഹത്വവും ഇല്ലാതായി തീരുന്നതാണ്. പതുക്കെ പതുക്കെ തൗഹീദ് സ്വീകരിക്കാനുള്ള വിശാലമായ കവാടം തുറക്കപ്പെടുന്നതാണ്. ഇതെല്ലാം ഘട്ടംഘട്ടമായാണ് നടക്കുക. കാരണം അല്ലാഹുവിന്റെ എല്ലാ പ്രവൃത്തികളും ഘട്ടം ഘട്ടമായാണ് നടക്കുന്നത്. ചിലത് നമ്മുടെ ജീവിതകാലത്തും മറ്റു ചിലത് അതിന് ശേഷവും നടക്കും. ഇസ്‌ലാം പ്രാരംഭത്തിലും ഘട്ടം ഘട്ടമായാണ് പുരോഗതിയുടെ പടവുകൾ കയറിയത്. അവസാനത്തിലും ഘട്ടം ഘട്ടമായി തന്റെ ആദ്യ അവസ്ഥയിലേക്ക് തിരിച്ചുവരുന്നതാണ്."

ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ അംഗീകരിച്ചവർ ഈ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുന്നതിൽ മുഴുകേണ്ടത് അവരുടെ കടമകൂടിയാണ്. തൗഹീദിനെ നിലയുറപ്പിക്കാനായി ശ്രമിക്കേണ്ടതാണ്.

പറയുന്നു: ''ഒരുകാര്യം ഓർമവെക്കണം. ഇമാമുസ്സമാൻ (കാലത്തിന്റെ ഇമാം) എന്ന വാക്കിൽ നബി, റസൂൽ, മുഹദ്ദസ്, മുജദ്ദിദ് എല്ലാം ഉൾപ്പെടു

ന്നതാണ്. എന്നാൽ മാനവരാശിയുടെ മാർഗദർശനത്തിനായി നിയോഗിക്കപ്പെടാത്തവർ, മാത്രമല്ല അവർക്ക് ആ വിധ മഹത്വങ്ങൾ നൽകപ്പെടാതിരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അവർ വലിമാരായാലും അബ്ദാലുകളായാലും ഇമാമുസ്സമാൻ എന്ന് അവരെക്കുറിച്ച് പറയുകയില്ല.

അവസാനമുള്ള പ്രശ്നം ഇതാണ്. പൊതു മുസ്ലിംകൾക്കും പരിത്യാഗികൾക്കും സ്വപ്ന ദർശികൾക്കും വെളിപാട് ലഭിക്കുന്നവർക്കുമെല്ലാം അംഗീകരിക്കൽ അല്ലാഹു നിർബന്ധമാക്കിയ ഇക്കാലത്തെ ഇമാമുസ്സമാൻ ആരാണ്? അല്ലാഹുവിന്റെ കൃപയോടും അവന്റെ സഹായത്തോടും കൂടി ഇക്കാലത്തെ ഇമാമുസ്സമാൻ ഞാനാണെന്ന് സധൈര്യം വെളിപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. അല്ലാഹു എന്നിൽ ആ എല്ലാ അടയാളങ്ങളും നിബന്ധനകളും പൂർത്തിയാക്കിയിരിക്കുന്നു. 14-ാം നൂറ്റാണ്ടിന്റെ തലക്കൽ അല്ലാഹു എന്നെ നിയോഗിക്കുകയും ചെയ്തു. അതിന്റെ തന്നെ 15 വർഷം ഇപ്പോൾ പിന്നിട്ടിരിക്കുന്നു. (ഇതെഴുതുമ്പോഴുള്ളതാണിത്) ഇസ്ലാമിക വിശ്വാസം അഭിപ്രായഭിന്നതയിൽ അകപ്പെട്ടിരിക്കുന്ന കാലത്താണ് ഞാൻ വെളിപ്പെട്ടത്. ഒരു വിശ്വാസംപോലും അഭിപ്രായ ഭിന്നതയിൽ നിന്ന് മുക്തമായിരുന്നില്ല. ഇതേപോലെ മസീഹിന്റെ ഇറക്കത്തെ കുറിച്ചും വളരെ തെറ്റായ വിശ്വാസങ്ങൾ വ്യാപിച്ചിട്ടുണ്ടായിരുന്നു. ഈ വിശ്വാസത്തിലും ഇത്രമാത്രം വൈരുധ്യമുണ്ടായിരുന്നുവെന്നാൽ ചിലർ ഈസാനബി ജീവിച്ചിരിപ്പുണ്ടെന്ന് വിശ്വസിച്ചു പോന്നു. ചിലർ മരിച്ചെന്ന് വിശ്വസിച്ചു. ചിലർ ബാഹ്യശരീരത്തോടെ ഇറങ്ങും എന്ന് വിശ്വസിച്ചപ്പോൾ മറ്റു ചിലർ ആലങ്കാരിക അർഥത്തിലുള്ള ഇറക്കത്തിലാണ് വിശ്വസിച്ചത്. ചിലർ ദമസ്ക്കസിൽ ഇറക്കുമ്പോൾ ചിലർ മക്കയിലും മറ്റു ചിലർ ബൈത്തുൽ മഖ്ദസിലും ഇസ്ലാമിക സൈന്യത്തിലും ഇറങ്ങുമെന്ന് വിശ്വസിച്ചു. ചിലർ ഇന്ത്യയിൽ ഇറങ്ങുമെന്ന് വിശ്വസിച്ചു. ചുരുക്കത്തിൽ ഈ വിവിധങ്ങളായ അഭിപ്രായങ്ങളിലും വചനങ്ങളിലും തീരുമാനം കൽപ്പിക്കാനായി ഒരു വിധികർത്താവിനെയാണ് ആവശ്യപ്പെട്ടിരുന്നത്. അതിനാൽ ആ വിധികർത്താവ് ഞാനാണ്. ആത്മീയമായരീതിയിൽ കുരിശുടക്കാനും അഭിപ്രായ ഭിന്നതകൾ അവസാനിപ്പിക്കാനും വേണ്ടിയാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്. ഈ രണ്ട് കാര്യങ്ങൾ എന്റെ വരവിനെ താൽപര്യപ്പെടുകയുണ്ടായി. എന്റെ സത്യതക്കുവേണ്ടി മറ്റു തെളിവുകൾ നിരത്തേണ്ട ആവശ്യം എനിക്കുണ്ടായിരുന്നില്ല. കാരണം ആവശ്യംതന്നെ സ്വയം ഒരു തെളിവാണ്. കാലഘട്ടം വാഗ്ദത്ത മസീഹിനെ ആവശ്യപ്പെടുകയായിരുന്നു. എന്നിട്ടും അല്ലാഹു എന്നെ പിന്തുണക്കുന്നതിനായി പല അടയാളങ്ങളും പ്രത്യക്ഷപ്പെടുത്തുകയുണ്ടായി.

മറ്റു അഭിപ്രായ ഭിന്നതകളിൽ തീരുമാനം കൽപ്പിക്കുന്നതിൽ ഞാൻ വിധികർത്താവായതുപോലെ ഈസാനബിയുടെ ജീവിതമരണ പ്രശ്നത്തിലും ഞാൻ ഹകമാണ്. വിധികർത്താവാണ്. ഇമാം മാലിക്, ഇബ്നു ഹസം, മുഅ്ത്തസില എന്നിവർ ഈസാനബിയുടെ മരണത്തെകുറിച്ച് വിശ്വസിക്കുന്നത് ശരിയാണെന്ന് അംഗീകരിക്കുന്നു. അഹ്‌ലെ സുന്നത്തിന്റെ മറ്റുള്ളവർക്ക് ഇക്കാര്യത്തിൽ അബദ്ധം പിണഞ്ഞതാണെന്ന് മനസ്സിലാകുന്നു. അതിനാൽ ഹകം എന്നനിലക്ക് പരസ്പരം തർക്കിക്കുന്നവർക്കിടയിൽ ഒരു തീരുമാനം കൽപ്പിക്കുകയാണ്. ഇറങ്ങും എന്ന പൊതു ധാരണയിൽ അഹ്‌ലെ സുന്നത്ത് സത്യത്തിലാണ്. കാരണം മസീഹ് ആലങ്കാരിക അർഥത്തിൽ ഇറങ്ങേണ്ടതാണ്. എന്നാൽ എങ്ങനെ ഇറങ്ങും എന്നതിലാണ് ഇവർക്ക് തെറ്റ് പറ്റിയിരിക്കുന്നത്. ഇറക്കം അതേ ശരീരത്തോടുകൂടിയായിരുന്നില്ല. മറിച്ച് ആലങ്കാരികമായിട്ടായിരിക്കും. മസീഹിന്റെ മരണത്തെ കുറിച്ച് മുഅ്ത്തസില, ഇമാം മാലിക്ക്, ഇബ്നു ഹസം തുടങ്ങിയവരുടെ വിശ്വാസത്തിൽ അവർ സത്യവാന്മാരാണ്. ഫലമ്മാ തവഫ്ഫയ്ത്തനീ എന്ന വ്യക്തമായ ആയത്തിന്റെ അടിസ്ഥാനത്തിൽ ഈസാനബിയുടെ മരണം ക്രിസ്ത്യാനികൾ വഴിതെറ്റുന്നതിനു മുമ്പേ നടന്നിരിക്കേണ്ടതാണ്. ഹക്കം എന്ന നിലക്ക് എന്നിൽ നിന്നുള്ള തീർപ്പ് കൽപ്പിക്കലാണിത്. എന്റെ തീരുമാനത്തെ അംഗീകരിക്കാത്തവർ എന്നെ ഹകമായി നിയോഗിച്ചവനെയാണ് അംഗീകരിക്കാത്തത്."

താങ്കൾ ഹക്കം ആണെന്നതിനുള്ള തെളിവെന്താണെന്ന് ചോദിച്ചാൽ അതിനുള്ള മറുപടി ഇതാണ്. ഏതൊരു കലത്തേക്കായിരുന്നുവോ ഹക്കം വരേണ്ടിയിരുന്നത് ആ കാലം ഇവിടെയുണ്ട്. കുരിശുവിശ്വാസം ഉൾക്കൊള്ളുന്ന സമൂഹത്തെയായിരുന്നു അദ്ദേഹത്തിന് സംസ്കരിക്കേണ്ടത്. ആ സമൂഹവും ഇവിടെയുണ്ട്. ഏതെല്ലാം അടയാളങ്ങളാണോ ഈ വിധികർത്താവിനെ സാക്ഷ്യപ്പെടുത്തേണ്ടത് ആ അടയാളങ്ങളും ഇവിടെ പ്രകടമായിട്ടുണ്ട്. ആകാശം അടയാളം പ്രത്യക്ഷപ്പെടുത്തികൊണ്ടിരിക്കുന്നു. ഭൂമിയും അടയാളം പ്രത്യക്ഷപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ കണ്ണുകൾ അടഞ്ഞിരിക്കാത്തവർ അനുഗൃഹീതർ."

അല്ലാഹു മുസ്ലിം ഉമ്മത്തിന്റെ കണ്ണുകൾ തുറക്കുമാറാകട്ടെ. ഹക്കമിനെ അംഗീകരിക്കുന്നവരായി അവർ മാറട്ടെ.

"എന്റെ എതിരാളികൾ സ്വയമൊന്ന് ചിന്തിച്ചു നോക്കട്ടെ. തിരുനബി (സ) തന്റെ ഒരു ഹസ്തമായി വിശേഷിപ്പിച്ച, അദ്ദേഹത്തിനായി സലാം എത്തിച്ച, ഹക്കം, അദർ, ഇമാം, ഖലീഫത്തുല്ലാഹ് എന്നെല്ലാം പേരുവെച്ച അതേ വാഗ്ദത്ത മസീഹ് ഞാൻ തന്നെയാണെങ്കിൽ അങ്ങനെയുള്ള വ്യക്തിയെ ശപിക്കുകയും അദ്ദേഹത്തെ ചീത്തവിളിക്കുകയും ചെയ്യുക എന്നതെല്ലാം അനുവദനീയമാണോ? (രാജാവായാലും ആരായാലും) നിങ്ങളുടെ ആവേശങ്ങളെ നിയന്ത്രിച്ചുകൊണ്ട് ഒന്ന് ചിന്തിക്കുക. എനിക്ക് വേണ്ടിയല്ല. അല്ലാഹുവിനും റസൂലിനുവേണ്ടിയും ചിന്തിക്കുക. ഇങ്ങനെയുള്ള ഒരു വാദിയോട് ഇതേ രീതിയിലായിരുന്നോ പെരുമാറേണ്ടത്. ഞാൻ കൂടുതൽ പറയാൻ ഉദ്ദേശിക്കുന്നില്ല. എന്റെ കേസ്സ് ആകാശത്താണ് കൊടുത്തിരിക്കുന്നത്. തിരുനബി (സ)യുടെ വിശുദ്ധ ചുണ്ടുകളാൽ പ്രവചിക്കപ്പെട്ട ആ വ്യക്തി ഞാനാണെങ്കിൽ നിങ്ങൾ എന്നെയല്ല മറിച്ച് അല്ലാഹുവിനോട് വലിയ പാപമാണ് ചെയ്തിരിക്കുന്നത്. വരുന്ന വ്യക്തിക്ക് കഷ്ടതകൾ നൽകുമെന്നും അദ്ദേഹത്തെ ശപിക്കുമെന്നും നേരത്തെ തന്നെ എഴുതപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ എനിക്ക് നൽകിയ ദു:ഖങ്ങളും യാതനകളും നിങ്ങൾക്ക് നൽകാൻ ധൈര്യം വരില്ലായിരുന്നു. (മസീഹിന് ഇതെല്ലാം നൽകുമെന്ന് നേരത്തെ എഴുതപ്പെട്ടതാണ്) ദൈവത്തിൽ നിന്നും വിരചിതമായ കാര്യങ്ങൾ പുലരുക തന്നെവേണമായിരുന്നു. നിങ്ങളെ പ്രതിക്കൂട്ടിലാക്കാനായി ആ പ്രവചനങ്ങളെല്ലാം നിങ്ങളുടെ ഗ്രന്ഥങ്ങളിൽ ഇപ്പോഴും കാണാവുന്നതാണ്. അതെല്ലാം നിങ്ങൾ നാവുകൊണ്ട് ഉരുവിടുകയും എന്നിട്ടും കുഫ്റ് ഫത്ത്വ നൽകി, മഹ്ദിയെ കാഫിറാക്കുന്ന ദുഷ്ട പണ്ഡിതരും മസീഹിനോട് പോരടിക്കുന്നവരും നിങ്ങൾ തന്നെയാണെന്ന് നിങ്ങൾ മുദ്ര കുത്തുകയും ചെയ്യുന്നു."

പറയുന്നു: മസീഹ് മൗഊദ് ആണെന്ന വാദമുള്ള വ്യക്തിയാണ് ഞാൻ. ആ മസീഹിനെ കുറിച്ച് തിരു നബി (സ) പറഞ്ഞത് അദ്ദേഹം നിങ്ങളുടെ ഇമാമും ഖലീഫയുമായിരിക്കും എന്നാണ്. അദ്ദേഹത്തിൽ അല്ലാഹുവി ന്റെയും റസൂലിന്റെയും സലാം ഉണ്ടായിരിക്കുന്നതാണ്. അദ്ദേഹത്തിന്റെ ശത്രുക്കൾ ശാപഗ്രസ്തരാണ്. അദ്ദേഹത്തിന്റെ സുഹൃത്ത് അല്ലാഹുവിന്റെ സുഹൃത്താണ്. അദ്ദേഹം ലോകത്തിന് വേണ്ടി ഹക്കം ആയി വരുന്നതാണ്. അദ്ദേഹം എല്ലാ വാക്കിലും പ്രവൃത്തിയിലും നീതിമാനായിരിക്കും. ഇങ്ങനെ ആയിരിക്കെ എന്റെ വാദം കേട്ട്, എന്റെ അടയാളങ്ങൾ കണ്ട്, എന്റെ തെളിവുകൾ ദർശിച്ചുകൊണ്ട് എന്നെ ചീത്ത പറയുകയും പരിഹസിക്കുകയും കളിയാക്കുകയുമാണോ ചെയ്യേണ്ടിയിരുന്നത്. ഇതാണോ തഖ്‌വയുടെ മാർഗം? അടയാളങ്ങൾ പ്രകടമായിട്ടില്ലേ? ആകാശത്തു നിന്നുള്ള പിന്തുണ പ്രകടമായിട്ടില്ലേ. ഹദീസുകളിലും മറ്റുഗ്രന്ഥങ്ങളിലും പറയപ്പെട്ട കാലവും അടയാളവും എല്ലാം വെളിപ്പെട്ടിട്ടില്ലേ? പിന്നെ എന്തിന് ഇത്രമാത്രം തന്റേടം നിങ്ങൾ കാണിച്ചു. എന്റെ വാദത്തിൽ ഇപ്പോഴും വല്ല സംശയവുമുണ്ടെങ്കിൽ വിനയത്തോടും സദുദ്ദേശ്യത്തോടും ദൈവഭയത്തോടും ഈ സന്ദേഹങ്ങളെ അകറ്റാമായിരുന്നു. ഞാൻ പലവുരു പറഞ്ഞിട്ടുള്ളതാണ്. വരിക! നിങ്ങളുടെ സന്ദേഹങ്ങൾ അകറ്റുക. എന്നാൽ ആരും വന്നില്ല. തീരുമാനമെടുക്കാൻ ഓരോരുത്തരെയും ഞാൻ വിളിച്ചു. എന്നാൽ ആരും ഈ ഭാഗത്തേക്ക് തിരിഞ്ഞുനോക്കിയില്ല. നിങ്ങൾ ഇസ്തിഖാറ ചെയ്യുക എന്ന് ഞാൻ പറഞ്ഞു. കരഞ്ഞുകൊണ്ട് അല്ലാഹുവിനോട് ആവശ്യപ്പെടുക. അവൻ നിങ്ങൾക്ക് യാഥാർഥ്യമെന്തെന്ന് തുറന്നു തരട്ടെ. എന്നാൽ അതും നിങ്ങൾ ചെയ്തില്ല. മാത്രമല്ല കളവാക്കുന്നതിൽ നിന്നും പിന്തിരിയുകയും ചെയ്തില്ല. അല്ലാഹു എന്നെക്കുറിച്ച് പറഞ്ഞത് എത്രമാത്രം വാസ്തവമാണ്. 'ലോകത്ത് ഒരു താക്കീതുകാരൻ വന്നു. ലോകം അദ്ദേഹത്തെ സ്വീകരിച്ചില്ല. എന്നാൽ അല്ലാഹു അദ്ദേഹത്തെ സ്വീകരിക്കുകയും ശക്തിമത്തായ തിരിച്ചടികൾ മുഖേന അദ്ദേഹത്തിന്റെ സത്യത്തെ ലോകത്ത് വെളിപ്പെടുത്തുകയും ചെയ്യും.' സത്യ വാനായ ഒരു വ്യക്തി പാഴായിപ്പോകുമോ? ദൈവത്തിൽ നിന്നുള്ള വ്യക്തി നശിപ്പിക്കപ്പെടുമോ? ഇല്ല. ജനങ്ങളേ! നിങ്ങൾ ദൈവത്തോട് പോരിന് പുറപ്പെടേണ്ട. നിങ്ങൾക്കും നിങ്ങളുടെ വിശ്വാസത്തിനുമായി അല്ലാഹു ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രവൃത്തിയാണിത്. നിങ്ങൾ അതിന് തടസ്സമായി നിൽക്കരുത്. മിന്നൽപിണറുകളെ നിങ്ങൾക്ക് നേരിടാൻ സാധിച്ചേക്കാം. എന്നാൽ ദൈവത്തെ നേരിടാൻ നിങ്ങളെകൊണ്ടാവില്ല. ഇത് മനുഷ്യപ്രവൃത്തിയായിരുന്നെങ്കിൽ നിങ്ങളുടെ ഒരാവശ്യവും ഉണ്ടായിരുന്നില്ല. ഇതിനെ നശിപ്പിക്കാൻ ദൈവം സ്വയം മതിയായിരുന്നു. ദു:ഖമെന്നല്ലാതെ എന്തു പറയാൻ! ആകാശം സാക്ഷ്യം നൽകുന്നു. പക്ഷേ നിങ്ങൾ കേൾക്കുന്നില്ല. ഭൂമി ആവശ്യമാണെന്ന് വിളിച്ചുപറയുന്നു. പക്ഷേ നിങ്ങൾ ശ്രദ്ധിക്കുന്നില്ല. നിർഭാഗ്യവാന്മാരായ സമൂഹമേ. എഴുന്നേൽക്കൂ. ഒന്ന് കണ്ണോടിക്കുക, ഇസ്‌ലാം ചവിട്ടിമെതിക്കപ്പെട്ടിരിക്കുന്ന പ്രശ്നസങ്കീർണമായ ഇക്കാലത്ത്, കുറ്റവാളിയെപ്പോലെ അപമാനിക്കപ്പെട്ട ഈ അവസരത്തിൽ, കള്ളന്മാരിൽ എണ്ണപ്പെട്ടപ്പോൾ, അവിശുദ്ധരിൽ രേഖപ്പെടുത്തപ്പെട്ടപ്പോൾ അല്ലാഹുവിന്റെ അഭിമാനം വിജൃംഭിതമാകേണ്ട അവസരമായിരുന്നില്ലേ ഇത്! ആകാശം കുമ്പിട്ടുകൊണ്ടേ ഇരിക്കുകയാണെന്നും അനൽ മൗജൂദ് (ഞാൻ ഉണ്ടെന്ന) ശബ്ദം ഓരോ പ്രവൃത്തിയിലും വരുന്ന സമയവും വിദൂരമല്ല."

അല്ലാഹു മുസ്‌ലിംകളുടെ കണ്ണുകൾ തുറക്കട്ടെ. ഈ ശബ്ദം കേൾക്കുന്നവരായി അവർ മാറട്ടെ.

വിവർത്തനം എം. നാസിർ അഹ്മദ്


Humanity First



Our mission is to serve disaster struck and socially disadvantaged individuals and families in the poorer communities of the world.

# ആദമിന്റെ ഏദൻ തോട്ടം

മനുഷ്യ സമൂഹത്തിന്റെ ആദിമ തലമുറയെ പ്രതിനിധീകരിക്കുന്ന ആദം നബി (അ)യുടെയും പ്രബോധിത ജനതയുടെയും ജിവിതകഥ മാനവ സമൂഹത്തിന്റെ അടിസ്ഥാനാവശ്യങ്ങളെ പൂർത്തീകരിച്ച ആത്മീയ സുരഭിലമായ ഒരു ക്ഷേമസമൂഹത്തിന്റെ ലളിതമാതൃകയുടെ വിവരണമാണ്. ആദം താമസിച്ച സ്വർഗം സസ്യശ്യാമളമായ ഭൂമിയിൽ തന്നെയുള്ള ഒരു തോട്ടമാണ്. അല്ലാതെ പരലോക സ്വർഗമല്ല.

മുഹമ്മദ് നജീബ് ഖാൻ, വാഴക്കാല

**സെ**മിറ്റിക്ക് മതങ്ങളിൽ ചരിത്ര പ്രാധാന്യത്തോടെ ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒന്നാണ് ആദം (അ) ന്റെ ചരിത്രം. ബൈബിളും വിശുദ്ധ ഖുർആനും അല്പം ചില മാറ്റങ്ങളോടെ യാണെങ്കിലും ആദമിന്റെ സൃഷ്ടിപ്പും ജീവചരിത്രവും വിവരിക്കുന്നുണ്ട്. ഖുർആൻ വിവരി ക്കുന്ന പല ഭാഗങ്ങളും ആശയ സമ്പുഷ്ടവും സദൃശ്യ വചനങ്ങളാൽ അലംകൃതവുമാണ്. അവ യുക്തി ഭദ്രമായ നിലയിൽ വ്യഖ്യാനിക്കു മ്പോൾ മാത്രമാണ് അതിൽ അടങ്ങിയിരിക്കുന്ന വിജ്ഞാനലോക ത്തിന്റെ കവാടങ്ങൾ തുറക്കപ്പെടുന്നത്. ആദം നബി (അ) യുമായി ബന്ധപ്പെട്ടു കിടക്കുന്ന വിശുദ്ധ ഖുർആനിലെ സൂക്തങ്ങൾ, വിശ്വാസി സമൂഹങ്ങളിൽ പലപ്പോഴും രസകരവും വിജ്ഞാന പ്രദവുമായ ആശയ സംവാദങ്ങൾക്ക് പ്രമേയങ്ങളായിട്ടുണ്ട്. എങ്കിലും, വിശുദ്ധ ഖുർആനിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന പൂർവ കാല പ്രവാചക ന്മാരുടെ ചരിത്ര സാക്ഷ്യങ്ങളുടെ വിവരണങ്ങളിൽനിന്നു വർത്തമാനകാല സമൂഹത്തിനു എന്ത് പ്രയോജനമാണുള്ളതെന്ന് വിലയിരുത്തേ ണ്ടിയിരിക്കുന്നു. കാരണം അവയെല്ലാം കേവലം ഒരു കഥപോലെ വായിക്കുവാനു ള്ളതാണ് എന്ന് നമുക്ക് തീർച്ചയായും പറയാൻ സാധ്യമല്ല. ഗതകാല പ്രവാചകന്മാരുടെ ചരിത്ര സംഭവങ്ങളു മായി ബന്ധപ്പെട്ട വിശുദ്ധ ഖുർആനിലെ ഓരോ വാക്കിലും വചനത്തിലും വിശ്വാസികൾക്ക് ആത്മീയവും ധാർമിക വുമായ സംസ്കരണത്തിനും അഭിവൃദ്ധി ക്കും അതു പോലെ ദൈവീക സാമീപ്യ ത്തിനും സഹായകമായ ഒരുപാട് ഉപദേശ പാഠങ്ങൾ ഗോപ്യമായ നിലയിൽ ഗൂഢാർഥ വചനങ്ങളിൽ പ്രതിപാദിക്ക പ്പെട്ടിരിക്കുന്നു. ഇത്തരം സൂക്തങ്ങളുടെ യുക്തി സഹമായ വിശദീകരണങ്ങൾ മാനസികവും ആത്മീയവുമായ ശുദ്ധി പ്രക്രിയയിലൂടെ ദൈവീക സാമീപ്യം കരസ്ഥമാക്കിയ വരിഷ്ഠ വ്യക്തിത്വ ങ്ങളുടെ മനസ്സിൽ മാത്രമേ വെളിപ്പെടു കയുള്ളു. അറബി ഭാഷയിൽ നൈപു ണ്യം നേടിയതുകൊണ്ട് മാത്രം അത് കരസ്ഥമാവുകയില്ല. വിശുദ്ധ ഖുർ ആൻ പറയുന്നു, 'ലാ യമസ്സുഹു ഇല്ലൽ മുത്തഹ്ഹറൂൻ' അതായത് പരിശുദ്ധന്മാ രല്ലാതെ അത് (വിശുദ്ധ ഖുർആൻ) സ്പർശിക്കുകയില്ല. ഇത് വിശുദ്ധ ഖുർആന്റെ സത്യതക്കുള്ള ശക്തമായ ഒരു തെളിവാകുന്നു. വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങൾക്ക് മങ്ങ ലേൽക്കുമ്പോൾ ദൈവിക സവിധത്തിൽ നിന്നു വരുന്ന വരിഷ്ഠ വ്യക്തിത്വങ്ങ ളിലൂടെ അതിന്റെ ആശയ സംരക്ഷണ ത്തിനുള്ള സംവിധാനങ്ങൾ അല്ലാഹു ഒരുക്കുന്നു. അല്ലാഹുവിൽ നിന്നുള്ള ഈ സംവിധാനം ഇല്ലായിരുന്നെങ്കിൽ പ്രവാചക ചരിത്ര സംഭവങ്ങളെ വ്യാഖ്യാ നിച്ചുകൊണ്ട് ബൈബിളിന്റെയും മറ്റും പിൻബലത്തോടെ എഴുതപ്പെട്ട അബദ്ധജ ഡിലമായ വിവരണങ്ങൾ വായിച്ച് വിശ്വാസികളുടെ ആത്മീയത വരണ്ട് പോകുമായിരുന്നു. ഇസ്‌ലാമിലെ പരിഷ് കൃത വിഭാഗങ്ങളാണെന്നു വാദിക്കുന്ന വരുടെ വ്യാഖ്യാന ങ്ങളിൽ കാണപ്പെടുന്ന കഥാരചനാരീതിയിലൂടെ വിശുദ്ധ ഖുർആന്റെ മഹത്വവും മഹിത സ്ഥാന വും എപ്പോഴും അവമതിക്കപ്പെട്ടു കൊണ്ടിരിക്കുയാണെന്ന സത്യം തുറന്ന് പറയാതെ വയ്യ.

### വിശുദ്ധ ഖുർആനും അതിന്റെ വ്യാഖ്യാന രീതിയും

വിശുദ്ധ ഖുർആന്റെ ഏതെങ്കിലും ഒരു വാക്കിനോ, വചനത്തിനോ അർഥം നൽകുമ്പോഴോ,അല്ലെങ്കിൽ അത് വ്യാഖ്യാനം ചെയ്യുമ്പോഴോ വിശുദ്ധ ഖുർആന്റെ അടിസ്ഥാന അർഥങ്ങൾക്കും ആശയങ്ങൾക്കും കടക വിരുദ്ധമാകാൻ പാടുള്ളതല്ല.ഈ അടിസ്ഥാന തത്ത്വ ത്തിൽ നിന്ന് കൊണ്ട് നാം വിശുദ്ധ ഖുർആന്റെ വചനങ്ങൾക്ക് അർഥം നൽകുമ്പോഴും വ്യാഖ്യാനിക്കുമ്പോഴും മാത്രമേ വിശുദ്ധ ഖുർആന്റെ അദ്ഭുതകര മായ ആശയ സമ്പുഷ്ടത വെളിപ്പെടു കയുള്ളൂ. വിശുദ്ധ ഖുർ ആനിൽ രണ്ട് തരത്തിലുള്ള വചനങ്ങൾ ഉണ്ട്. ഒന്ന് ഖണ്ഡിതമായ വചനങ്ങളും, രണ്ട് സദൃശ്യ വചനങ്ങളും. ഖണ്ഡിതമായ വചനങ്ങൾ വിശുദ്ധ ഖുർആന്റെ അടി ത്തറയാകുന്നു. ഖണ്ഡിതമായ വചന

ങ്ങളുടെ അടിത്തറയിൽ നിന്നുകൊണ്ടാണ് സദൃശ്യ വചനങ്ങൾക്ക് വ്യാഖ്യാനം നൽകേണ്ടത്. മറ്റൊരു തരത്തിൽ പറഞ്ഞാൽ സദൃശ്യ വചനങ്ങൾ ഖണ്ഡിതമായ വചനങ്ങൾക്കനുസൃത മായിട്ടായിരിക്കണം വ്യാഖ്യാനിക്കേണ്ടത്. ഈ തത്ത്വത്തിൽ നിന്ന് വ്യതിചലിച്ചുകൊണ്ട് വിശുദ്ധ ഖുർആനെ വ്യാഖ്യാനിച്ചാൽ ഖുർആനിൽ ഒരുപാട് വൈരുദ്ധ്യങ്ങൾ കണ്ടെത്തുന്നതാണ്. എന്നാൽ ഈ ഗ്രന്ഥം അല്ലാഹുവിൽ നിന്ന് അവതരിച്ചതു കൊണ്ട് അതിൽ യാതൊരു വിധത്തിലുള്ള വൈരുദ്ധ്യങ്ങളും കണ്ടെത്താൻ നിങ്ങൾക്ക് സാധ്യമല്ലായെന്ന് വിശുദ്ധ ഖുർആൻ തന്നെ പറയുന്നു. എന്നാൽ ഈ തത്ത്വത്തെ പരിഗണിക്കാതെയും സൂക്തത്തിൽ പ്രയുക്തമായിട്ടുള്ള വാക്കുകളിൽ ചിന്തിക്കാതെയും വ്യാഖ്യാനിച്ചപ്പോഴാണ് പൂർവ വ്യാഖ്യാതാക്കൾ ആദമും അദ്ദേഹത്തിന്റെ ഭാര്യയും മരണാനന്തരം സജ്ജനങ്ങൾക്ക് വേണ്ടി തയ്യാറാക്കിയിരിക്കുന്ന സ്വർഗത്തിലായിരുന്നു യഥാർഥത്തിൽ താമസിച്ചിരുന്നതെന്നതരത്തിൽ വ്യാഖ്യാനിച്ചിട്ടുള്ളത്.

**ആദമിന്റെ സ്വർഗം (ജന്നത്ത്)**

വിശുദ്ധ ഖുർ ആനിൽ അല്ലാഹു പറയുന്നു:***'ഖുൽനാ യാ ആദമു ഉസ്കുൻ അൻത്ത വ സൗജുക്കൽ ജന്നത്ത വ ഖുലാ മിൻഹാ റഗദൻ ഹൈസു ശിഅ്ത്തുമാ'*** അർഥം: നാം പറഞ്ഞു, ആദമേ, നീയും നിന്റെ പത്നിയും സ്വർഗത്തിൽ വസിച്ചുകൊള്ളുക. അവിടെ നിങ്ങൾ രണ്ട് പേരും ഇച്ഛിക്കുന്നിടത്തുനിന്നു സുഭിക്ഷമായി ഭക്ഷിക്കുകയും ചെയ്തുകൊള്ളുക. (അൽ ബഖറ.36)

ഈ സൂക്തത്തിൽ പറയുന്ന സ്വർഗം എന്നതിനു വിശുദ്ധ ഖുർ ആനിക വ്യാഖ്യാതാക്കൾ പലവിധ ത്തിലുള്ള വ്യാഖ്യാനങ്ങൾ നൽകിയിട്ടുണ്ട്.ഭൂരിപക്ഷ വ്യാഖ്യാതാക്കളുടെയും അഭിപ്രായപ്രകാരം സജ്ജനങ്ങളായിട്ടുള്ളവർ മരണാനന്തരം എത്തിച്ചേരുന്ന സ്ഥലമായ ആ സ്വർഗം തന്നെയാണ് ഈ സൂക്തത്തിലും പ്രതിപാദിച്ചിട്ടുള്ളത് എന്നാണ്.എന്നാൽ മറ്റു ചിലരുടെ അഭിപ്രായ പ്രകാരം ഈ ഭൂമിയിലെ സ്വർഗ സമാനമായ സ്ഥലമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്നാണ്. ബൈബിൾ ഇപ്രകാരം പറയുന്നു.

***'അനന്തരം യഹോവയായ ദൈവം കിഴക്കു ഏദനിൽ ഒരു തോട്ടം ഉണ്ടാക്കി, താൻ സൃഷ്ടിച്ച മനുഷ്യനെ അവിടെ ആക്കി. (ഉൽപത്തി 2:8)'*** പിന്നെ ഉൽപത്തി 2:14 ൽ പറയുന്നു ഈ തോട്ടത്തെ ദജ്ല ഫുറാത്ത് (യൂഫ്രട്ടീസ്-ടൈഗ്രീസ്) എന്നീ നദികൾ സേചനം ചെയ്തുകൊണ്ട് ആ പ്രദേശത്തെ ചുറ്റുന്നു.

പ്രസ്തുത രണ്ട് നദികളും സേചനം ചെയ്ത്കൊണ്ടിരിക്കുന്ന ഭൂപ്രദേശം ഇന്നത്തെ ഇറാക്കാണ്. ഈ ഭൂപ്രദേശത്തിന്റെ ചുറ്റു ഭാഗങ്ങൾ പുരാവസ്തു ഗവേഷകർ ഉൽഖനനം ചെയ്തപ്പോൾ ആ പ്രദേശം അത്യധികം പുരാതനമായ ഒരു നാഗരീകതയുടെ കളിതൊട്ടിലായിരുന്നുവെന്ന് തെളിയിക്കുന്ന അനേകം പുരാരേഖകളും വസ്തുക്കളും കണ്ടെത്തുകയുണ്ടായി. കൂടാതെ നൂഹ് (അ)ന്റെയും, ഇബ്റാഹിം(അ)ന്റെയും പ്രബോധന രംഗവും ഈ ഭൂപ്രദേശം തന്നെയായിരുന്നുവെന്നുള്ളതിനു അനേകം ചരിത്ര രേഖകളും സാക്ഷ്യം വഹിക്കുന്നുണ്ട്. യൂഫ്രട്ടീസ് ടൈഗ്രീസ് നദികളുടെ സംഗമ സ്ഥാനത്ത് സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളിൽ പുരാവസ്തു പര്യവേഷകർ നടത്തിയ ഉൽഖനനത്തിൽ നിന്നു കിട്ടിയ വസ്തുക്കൾ കാലഘട്ട നിർണയം ചെയ്തപ്പേൾ അവക്ക് ഈസാ നബി (അ) യുടെ കാലത്തിനു മൂവായിരത്തി അഞ്ഞൂറ് വർഷങ്ങൾ പഴക്കമുണ്ടെന്നാണ് കണ്ടെത്തിയിരിക്കുന്നത്.മറ്റു ചില ഗവേഷകർ പറയുന്നത് മുവായിരത്തി അഞ്ഞൂറ് വർഷത്തേക്കാളും പഴക്കമുള്ള ഒരു നാഗരികതയായിരുന്നു അവിടെയുണ്ടായിരുന്നതെന്നാണ്. ഏതായാലും അതിപൗരാണികമായ ഒരു നാഗരികത അവിടെ നിലനിന്നിരുന്നുവെന്നുള്ളതിനു രണ്ട് അഭിപ്രായങ്ങളില്ല. വിശുദ്ധ ഖുർആന്റെ അടിസ്ഥാനത്തിൽ, സമാധാനത്തിന്റെയും, സമൃദ്ധിയുടെയും അടിത്തറയിൽ കെട്ടിപ്പടുത്ത സ്വർഗീയ സാമാനമായ ഒരു നാഗരിക ജീവിത വ്യവസ്ഥിതി ആദമിലൂടെ ഈ ഭൂപ്രദേശത്ത് അല്ലാഹു സ്ഥാപിച്ചിരുന്നുവെന്നു മനസ്സിലാകുന്നുണ്ട്.

1. ആദമിന്റെ പ്രവർത്തന മണ്ഡലം ഈ ഭൂമിയിൽ തന്നെയായിരുന്നു. ഖുർആൻ പറയുന്നു

***'ഇന്നീ ജാഇലുൻ ഫിൽ അർളി ഖലീഫ' (അൽ ബഖറ -31)*** തീർച്ചയായും ഞാൻ ഭൂമിയിൽ ഖലീഫയെ നിയമിക്കാൻ പോവുകയാണ്.

അല്ലാഹു ആദമിനെ അവന്റെ പ്രതിനിധിയാക്കികൊണ്ട് ഭൂമിയിലേക്കാണ് നിയോഗിച്ചിരുന്നത്. ഭൂമിയിൽ പ്രവർത്തിക്കേണ്ട ഒരാൾ മരണാനന്തരം സജ്ജനങ്ങൾ പ്രവേശിക്കേണ്ട സ്വർഗത്തിൽ താമസിച്ചിരുന്നുവെന്നു പറയുന്നത് യുക്തിക്കും ബുദ്ധിക്കും നിരക്കുന്നതല്ല. സ്വർഗത്തിൽ താമസിച്ചുകൊണ്ട് എങ്ങനെയാണ് ഭൂമിയിൽ സംസ്കരണ പ്രചാരണ പരിപാടികൾക്ക് നേതൃത്വം നൽകിയതെന്ന് ചിന്തനീയമായ കാര്യമാണ്.

2.വിശുദ്ധ ഖുർ ആനിൽ സ്വർഗത്തെക്കുറിച്ച് അടിസ്ഥാനപരമായ ഒരു നിർദേശം, ഒരാൾ സ്വർഗത്തിൽ പ്രവേശിച്ചുകഴിഞ്ഞാൽ പിന്നെ അയാൾ അതിൽ നിന്നു പുറത്താക്കപെടുകയില്ല എന്നാണ്. ഇതു സംബന്ധമായി ഖുർആൻ പറയുന്നു. ***'ലാ യമുസ്സുഹും ഫീഹാ നസ്ബുൻ വമാഹും മിൻഹാ ബിമുഖ്രിജീൻ'*** അവിടെ അവരെ ക്ഷീണം സ്പർശിക്കുകയില്ല. അവർ അവിടെ നിന്ന് പുറത്താക്കപ്പെടുന്നവരുമല്ല.(ഹിജർ-49 )

മരണാനന്തരം സജ്ജനങ്ങൾ സ്വർഗത്തിൽ ഭൗതിക ശരീരത്തോടെ പ്രവേശിക്കുകയെന്നത് സംഭവ്യമല്ല. അതുപോലെ തന്നെ അതിൽ ഒരു പ്രാവശ്യം പ്രവേശിച്ചു കഴിഞ്ഞാൽ അവിടെ നിന്ന് പുറത്താക്കപ്പെടുകയുമില്ലയെന്ന് ഈ ഖുർആനിക വചനം വ്യക്തമാക്കിതരുന്നു. എന്നാൽ ഖുർആൻ മറ്റൊരു സൂക്തത്തിൽ ആദമിനെയും അദ്ദേഹത്തിന്റെ ഇണയെയും സ്വർഗത്തിൽ നിന്ന് പുറത്താക്കിയെന്ന് പറയുന്നുണ്ട്.ആയതിനാൽ ആകാശീയമായ സ്വർഗമല്ല മറിച്ച് സ്വർഗത്തിനു സമാനമായ ഈ ഭൂമിയിൽ തന്നെയുള്ള ഒരു ഭൂപ്രദേശമാകാനെ സാധ്യതയുള്ളു. അതിനെ ആലങ്കാരിക ഭാഷയിൽ ജന്നത്ത് (സ്വർഗം)എന്ന് ഖുർആൻ വിശേഷിപ്പിച്ചിരിക്കുന്നു.

3.ആദമും അദ്ദേഹത്തിന്റെ ഇണയും താമസിച്ചിരുന്ന സ്വർഗത്തിൽ ശൈത്താന്റെയും അവന്റെ സന്താനങ്ങളുടെയും സാന്നിദ്ധ്യമുണ്ടായിരുന്നതായി ഖുർആൻ പറയുന്നു. ഇവർ രണ്ട് പേരും അതായത് ആദമും ശൈത്താനും സ്വർഗത്തിൽ തന്നെ യായിരുന്നുവെന്ന് മനസ്സിലാക്കേണ്ടിവരും. ഇത് യുക്തിക്കും ഖുർആന്റെ പാഠങ്ങൾക്കും നിരക്കാത്തകാര്യമാണ്.

നീയും നിന്റെ ഇണയും സ്വർഗത്തിൽ പ്രവേശിച്ചുകൊള്ളുക എന്ന ഖുർആനിക വചനത്തിൽ നിന്ന് മനസ്സിലാകുന്നത് ആദമും അദ്ദേഹത്തിന്റെ ഇണയും മറ്റെവിടെയോ ആയിരുന്നു താമസിച്ചിരുന്നതെന്നാണ്. അവിടെ നിന്ന് ദൈവീക വെളിപാട് പ്രകാരം വേറൊരു സ്ഥലത്തേക്ക് മാറിതാമസിക്കാൻ അല്ലാഹു ആദമിനോട് നിർദേശിക്കുകയായിരുന്നു.ആത്മീയ ഭാഷയിൽ ഹിജ്റത്ത് (പാലായനം)

ചെയ്യാൻ ആദമിനോട് അല്ലാഹു കൽപിച്ചതുമായിരിക്കാം.

4.പ്രസ്തുത സൂക്തത്തിൽ 'റഗദൻ' എന്ന പദം പ്രയുക്തമായിട്ടുണ്ട്. അതിന്റെ ഭാഷാർഥം ജീവിക്കാൻ വേണ്ട ആവശ്യ വസ്തുക്കൾ വളരെ എളുപ്പത്തിൽ സുലഭമായി ലഭിക്കുകയെന്നതാണ്.ഈ വാക്ക് അന്ന് നിലനിന്നിരുന്ന നാഗരിക തയുടെ പ്രത്യേകതയെയാണ് സൂചിപ്പി ക്കുന്നത്. ഒരു നാഗരികതയുടെ പ്രത്യേ കതയെന്നു പറയുന്നത് അവിടത്തെ നഗരനിവാസികൾക്ക് ജീവിത സന്ധാര ണത്തിനുള്ള ഭക്ഷണ പദാർഥങ്ങൾ സമൃദ്ധമായും, സുലഭമായും ലഭിച്ചു ക്കൊണ്ടിരിക്കുക യെന്നതാണ്. ക്ഷേമപൂർ ണമായ നാഗരീക വ്യവസ്ഥിതി നില നിന്നാൽ മാത്രമെ ഭക്ഷണ പദാർഥ ങ്ങളുടെ ഉത്പാദനവും, സംഭരണവും അതിന്റെ സൂക്ഷിപ്പും യഥോചിതം സാധ്യമാവുകയുള്ളു. ഇതിന്റെ അഭാവ ത്തിൽ ഒരിക്കലും ഭക്ഷണ പദാർഥ ങ്ങളുടെ ഉത്പാദനമോ, അതിന്റെ സംഭരണമോ സാധ്യമല്ല. അതുകൊണ്ട് ക്ഷാമാവസ്ഥ നേരിടുമ്പോൾ ജനങ്ങളുടെ ജീവൻ തന്നെ അപായപ്പെടുന്ന അപകടാ വസ്ഥകൾ തരണം ചെയ്യേണ്ടിവരുന്നു. ഈ സൂക്തത്തിൽ സമ്പൽ സമൃദ്ധമായ ഒരു നാഗരീക ജീവിതത്തിന്റെ അടി സ്ഥാന പ്രത്യേകതകൾ എടുത്തു പറഞ്ഞിരിക്കുകയാണ്. അതായത് ജനങ്ങൾ ഒരുമിച്ച് ജീവിക്കുകയാ ണെങ്കിൽ ജീവിതത്തിനു ആവശ്യമായ ഭക്ഷണപദാർഥങ്ങൾ അനായാസം ഉത്പാദിപ്പിക്കാനും, ഭാവിയിൽ സംഭര ണികളിൽ സൂക്ഷിക്കുവാനും അങ്ങനെ ക്ഷാമാവസ്ഥ നേരിടുമ്പോൾ അത് ഉപയോഗിക്കുവാനും സാധിക്കുന്ന താണ്. യഥാർഥത്തിൽ ഭൂമിയിലെ സ്വർഗം ഇതുതന്നെ യാണ്. ഖുർആനിലെ ത്വാഹ അദ്ധ്യായത്തിൽ ആദമിന്റെ സ്വർഗസ മാനമായ നാഗരീക വ്യവസ്ഥിതിയെ സംബ ന്ധിച്ച് ഇപ്രകാരം പറയുന്നു.

അപ്പോൾ നാം പറഞ്ഞു: ഓ ആദം, തീർച്ചയായും ഇവൻ (ശൈത്താൻ) നിന്റെയും നിന്റെ ഭാര്യയുടേയും ശത്രുവാണ്. അതുകൊണ്ട് ഇവൻ നിങ്ങൾ രണ്ടുപേരേയും ഈ തോട്ടത്തിൽ നിന്നു പുറത്താക്കാതിരിക്കട്ടെ. അങ്ങനെ യാകുന്ന പക്ഷം നീ കഷ്ടപ്പെട്ടുപോകും.

'***ഇന്ന ലക്ക അല്ലാ തജൂഅ ഫീഹാ വലാ തഅ്റാ. വ അന്നക്ക ലാ തള്മഉ ഫീഹാ വലാ തള്ഹാ'*** **അതായത്, തീർച്ചയായും നിനക്ക് അതിൽ (തോട്ട ത്തിൽ) വിശക്കേണ്ടതില്ല. നഗ്നനാകേ ണ്ടതുമില്ല.തീർച്ചയായും നിനക്ക് അതിൽ ദാഹമുണ്ടാവുക യില്ല.വെയിലിന്റെ ഉഷ്ണമേൽക്കുകയില്ല.**

ഈ സൂക്തത്തിൽ ഒരു വ്യക്തിക്ക് ഈ ലോകത്ത് ജീവിക്കാൻ വേണ്ട അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, വെള്ളം, പാർപ്പിടം എന്നിവയെ പറ്റിയാണ് സൂചന നൽകിയിട്ടുള്ളത്. എന്നാൽ ഈ ആധുനിക യുഗത്തിൽ പുരോഗതിയുടെ കൊടുമുടി കൈയട ക്കിയെന്ന് വാദിക്കുന്ന രാജ്യങ്ങൾ ക്കുപോലും അവരുടെ പ്രജകൾക്ക് ഈ അടിസ്ഥാന ആവശ്യങ്ങൾ പൂർത്തീക രിച്ചുകൊടുക്കാൻ കഴിഞ്ഞിട്ടില്ലയെന്നത് ഒരു യാഥാർഥ്യമാണ്. ഇന്നും എത്രയെത്ര ദരിദ്ര കുടുംബങ്ങളാണ് തലചായ്ക്കാൻ വീടുകളില്ലാതെ കാലാവസ്ഥകളുടെ തീക്ഷ്ണതകളെ അതിജീവിച്ച്കൊണ്ട് തെരുവോരങ്ങളിൽ കഴിഞ്ഞുകൂടുന്നത്. ഒരു ഭാഗത്ത് സമ്പത്ത്കുന്നുകൂടുമ്പോൾ മറ്റൊരു ഭാഗത്ത് എത്രയെത്ര മനുഷ്യരാണ് വയറ് നിറയെ കഴിക്കാൻ ഭക്ഷണമില്ലാതെ മറ്റുള്ളവരുടെ എച്ചിൽ പാത്രങ്ങളെ ആശ്രയിക്കുന്നത്. എന്നാൽ അല്ലാഹു വിന്റെ പ്രവാചകരാൽ സ്ഥാപിതമാകുന്ന സാമൂഹിക ജീവിത വ്യവസ്ഥിതിയിൽ അടിസ്ഥാന ജീവിത സൗകര്യങ്ങൾ എല്ലാ മനുഷ്യർക്കും ഒരുപോലെ കൈവരുന്നതാണ്.

പ്രവാചകൻമാരാൽ സ്ഥാപിത മാകുന്ന സാമൂഹിക വ്യവസ്ഥിതിയിൽ ധാർമികവും ആദ്ധ്യാത്മികവുമായ സംസ്കരണത്തോടൊപ്പം ഭൗതിക ജീവിത സന്തുലിതത്തിനും മുൻഗണ നൽകുന്നുണ്ട്. എന്നാൽ ആദമിന്റെ ചരിത്രത്തിൽ ശൈത്താന്റെ സാന്നിദ്ധ്യ ത്തെ ഓർമിപ്പിച്ചുകൊണ്ട് അല്ലാഹു പറയുന്നു പ്രവാചകന്മാരാൽ സ്ഥാപിത മാകുന്ന സ്വർഗ സമാനമായ പുതിയ ജീവിത ക്രമത്തിലും ശൈത്താൻ കടന്നു കയറി അതിനെ നരക തുല്ല്യമാക്കാൻ സാധ്യതയുണ്ട്. വിശ്വാസികളിൽ തന്നെ കപടതയുള്ളവരും, അവിശ്വാസികളും പല മോഹന വാഗ്ദാനങ്ങൾ നൽകി അല്ലാഹുവിൽ നിന്നു കിട്ടിയ യഥാർഥ അദ്ധ്യാപനങ്ങളിൽ നിന്നു സത്യ വിശ്വാസികളെ വഴി തെറ്റിക്കാൻ സാധ്യതയുണ്ട്. അങ്ങനെ വഴി തെറ്റിയ യാൾ അല്ലാഹു ആദമിനോട് പറഞ്ഞതു പോലെ നിങ്ങളും അല്ലാഹുവിന്റെ സാമീപ്യ ത്തിൽ നിന്നു ദൂരപെട്ടു പോകുന്നതു നിമിത്തം സുഖ സമൃദ്ധമായ ജീവിതം നഷ്ടപെട്ടു പോവുകയും തന്നിമിത്തം നിങ്ങൾ കഷ്ടപെട്ടുപോകുകയും ചെയ്യുന്നതാണ്.

ഇസ്ലാമിന്റെ ആദ്യ കാലഘട്ടത്തിലും ഈ അദ്ധ്യാപനമനുസരിച്ച് ഭരണ സംവിധാനം ക്രമപ്പെടുത്തിയതിന്റെ ഫലമായി ആ രാജ്യങ്ങളിലെ ഒരു ശിശു വിന് പോലും വിശപ്പും ദാഹവും സഹി ക്കേണ്ടി വന്നിരുന്നില്ല. ഖുലഫാഉർറാശി ദുകളുടെ കാലവും അതിനു ശേഷവും ഇത് നിലനിന്നിരുന്നു. എന്നാൽ കാലാ ന്തരേണ ഇസ്ലാമിക ധാർമികത അടിസ്ഥാനമാക്കിയുള്ള പൊതുഭരണ സംവിധാനത്തിൽ അപചയവും നിക്ഷിപ്ത താൽപര്യങ്ങളും കടന്നുകൂടി. അതിനെ പുന:സ്ഥാപിക്കാനായി അല്ലാഹു ഹദ്റത്ത് അഹ്മദ് (അ) നെ അയക്കുകയുണ്ടായി. അദ്ദേഹത്തെ അല്ലാഹു ആദമെന്ന നാമത്തിൽ സംബോധന ചെയ്തു കൊണ്ട് സന്തോഷവാർത്തകൾ നൽകി യിട്ടുമുണ്ട്. ഇസ്ലാമിലൂടെ ലോകത്ത് ആത്മീയതയെയും, ഭൗതികതയെയും സമന്വയിപ്പിച്ച് കൊണ്ട് സ്ഥാപിതമാകേണ്ട ശാശ്വതമായ ഭരണ സംവിധാനത്തിന്റെ അടിത്തറ അദ്ദേഹം ഇടുകയുണ്ടായി. അദ്ദേഹത്തിന്റെ ഗ്രന്ഥമായ അൽ വസിയ്യത്തിൽ ആത്മീയ ഭരണത്തിന്റെ സിരാകേന്ദ്രമായ ഖിലാഫത്ത് ഭരണ വ്യവസ്ഥിതിയെയും, പ്രജകളുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് വേണ്ടിവരുന്ന ചിലവുകൾ നികത്തുന്ന തിനായിട്ടുള്ള സാമ്പത്തിക സംവിധാനത്തേയും കുറി ച്ച് വിശ്വാസികൾക്ക് നിർദേശങ്ങൾ നൽകിയിട്ടുണ്ട്. ഈ ആഗോളഭരണ വ്യവസ്ഥിതി സമ്പൂർണമായ രീതിയിൽ പൂർത്തീകരിക്കപെട്ടുകഴിഞ്ഞാൽ രാജ്യത്തിലെ ഒരു പ്രജക്ക് കിട്ടേണ്ട അടി സ്ഥാന ജീവിത വിഭവങ്ങൾ കൈവരുന്ന താണ്. അഹ്മദിയ്യാ മുസ്ലിം ജമാഅ ത്തിന്റെ രണ്ടാമത്തെ ഖലീഫ തിരുമനസ്സ് അൽ വസിയ്യത്ത് പദ്ധതിയുടെ സമ്പൂർത്തീകരണത്തിന്റെ ഫലമായി ഉണ്ടാകുന്ന അനുഗ്രഹങ്ങളെ കുറിച്ച് ഇപ്രകാരം പറയുന്നു.

**ഈവസിയ്യത്ത് വ്യവസ്ഥിതി പൂർ ത്തീ കരിക്കപ്പെടുമ്പോൾ അതുമുഖേന ഇസ്ലാമിക പ്രചാരണം മാത്രമല്ല നിർവ ഹിക്കപ്പെടുന്നത് മറിച്ച് ഇസ്ലാമിന്റെ ലക്ഷ്യമനുസരിച്ച് ഓരോ വ്യക്തിയു ടെയും ആവശ്യങ്ങൾ പൂർത്തീകരി ക്കുന്നതാണ്. ലോകത്ത് നിന്ന് സർവവിധ ബുദ്ധിമുട്ടുകളും വിഷമങ്ങളും ദൂരീകരി ക്കപ്പെടുന്നതാണ്. ഇൻശാഅല്ലാഹു, അനാഥർക്ക് യാചിക്കേണ്ടി വരികയില്ല. വിധവകൾ ആരുടേയും മുന്നിൽ കൈ നീട്ടേണ്ടിവരികയോ,ഒരു അത്താണി യുമില്ലാതെ വിഷമിച്ച് അലയേണ്ടി വരികയോ ചെയ്യില്ല. കാരണം ഈ**

# യേശു ദാവീദിന്റെ പുത്രനോ?

യേശുവിന് ദാവീദ് രാജാവുമായി വംശബന്ധമുറപ്പിക്കാൻ പരസ്പര വൈരുദ്ധ്യങ്ങളും കൃത്രിമങ്ങളും നിറഞ്ഞ വംശാവലിപ്പട്ടികയാണ് ബൈബിൾ നൽകുന്നത്. ജോസഫിൽ അവസാനിക്കുന്ന ആ വംശാവലി യേശുവുമായി കണ്ണി ചേർക്കപെടുന്നതെങ്ങനെ? ഖുർആന്റെ വിവരണ പ്രകാരം യേശു ഇമ്രാന്റെ വംശത്തിൽ പെട്ടയാളാണ്. ബൈബിൾ ഖുർ ആൻ തർക്കത്തെ പറ്റി ഒരു പഠനം.

ഇഖ്ബാൽ അഹ്മദ്

**യേ**ശു ദാവീദിന്റെ വംശ പരമ്പരയിൽ പെട്ടയാളാണെന്നാണ് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത്. അത് സംബന്ധിച്ച് ബൈബിൾ സുവിശേഷത്തിലെ പരാമർശം ഇങ്ങനെയാണ്:

'ഈ സുവിശേഷം പ്രവാചകരിലൂടെ വിശുദ്ധ ലിഖിതങ്ങളിൽ മുമ്പ് തന്നെ ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നു. ഇത് പ്രകാരം ദാവീദിന്റെ പിന്മുറക്കാരായ ദൈവപുത്രനെക്കുറിച്ചുള്ളതാണ് ഈ സുവിശേഷം' (റോമ 1:2-3)

യേശുവിന്റെ വംശപരമ്പര മത്തായി ഒന്നാം അദ്ധ്യായത്തിലും മൂന്നാം അദ്ധ്യായത്തിലും കാണാം. മത്തായിയിൽ ബൈബിൾ രേഖപ്പെടുത്തിയ വംശാവലിയുടെ തുടക്കവും ഒടുക്കവും ഇങ്ങനെയാണ്.

'അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രനായ യേശു ക്രിസ്തുവിന്റെ വംശാവലി' (മത്തായി 1:1)

വംശാവലി പട്ടിക ഈ ബൈബിൾ വചനത്തോടെ അവസാനിക്കുന്നു

യാക്കോബിന്റെ പിതാവ്; യാക്കോബ്, മർയമിന്റെ ഭർത്താവായ ജോസേഫിന്റെ പിതാവ്, മർയമിൽ നിന്നും ക്രിസ്തു എന്ന് വിളിക്കപ്പെടുന്ന യേശു ജനിച്ചു' (മത്താ 1:15)

തീർച്ചയായും ഇത് തച്ചനായ ജോസഫിന്റെ വംശാവലിയാണ്. ജോസഫ് നിയമപരമായി യേശുവിന്റെ പിതാവായിരിക്കും. എന്നാൽ ജൈവപരമായി യേശുവിന്റെ പിതാവല്ല. മാത്രമല്ല പിതാവ് മുഖേനയല്ല ജനിച്ചത് എന്ന് ബൈബിൾ വ്യക്തമായും പറയുന്നു. ദാവീദിന്റെ സന്താനമാണ് യേശു എന്ന തെളിയിക്കാൻ ബൈബിൾ ഒരു വംശാവലി പട്ടിക സമർപ്പിക്കുന്നു. വിവിധ പ്രവചനങ്ങളുടെ അടിസ്ഥാനത്തിൽ വരാനിരിക്കുന്ന ക്രിസ്തു ഇസ്റയേലിലെ ഏറ്റവും പ്രഗല്ഭനായ രാജാവായിരുന്ന ദാവീദിന്റെ കുടുംബത്തിൽ നിന്നായിരിക്കുമെന്ന് യഹൂദന്മാർ വിശ്വസിച്ചിരുന്നു. സുവിശേഷകാരന്മാർ ആ പ്രവചനം യേശുവിൽ ആരോപിക്കുകയും അദ്ദേഹത്തിന്റെ വംശാവലിയെ ദാവീദ് രാജാവുമായി ബന്ധിപ്പിക്കുകയുമാണ് ചെയ്തത്. യോഹന്നാൻ സ്നാപകനും ദാവീദിന്റെ വംശപരമ്പരയിൽ പെട്ട ആളാണ് എന്ന് തെളിയിക്കാനാണ് ബൈബിൾ സുവിശേഷകാരനായ ലൂക്കോസും ശ്രമിക്കുന്നത്.

സെഖര്യ പരിശുദ്ധാത്മാവ് നിറഞ്ഞവനായി ഇങ്ങനെ പ്രവചിച്ചു: ഇസ്രയേലിന്റെ കർത്താവായ ദൈവം വാഴ്ത്തപ്പെട്ടവൻ. അവൻ തന്റെ ജനത്തെ സന്ദർശിച്ചു വീണ്ടെടുത്തിരിക്കുന്നു. തന്റെ ദാസനായ ദാവീദിന്റെ ഭവനത്തിൽ അവൻ നമുക്ക് രക്ഷയുടെ ഒരു കൊമ്പ് ഉയർത്തിയിരിക്കുന്നു. പണ്ടു പണ്ടേ തന്റെ വിശുദ്ധ പ്രവാചകരുടെ നാവിലൂടെ അവൻ അരുൾ ചെയ്തത് പോലെ തന്നെയാണിത് (ലൂക്കോസ് 1: 67-70) എന്തായിരുന്നാലും ലൂക്കോസിന്റെ വിവരണ പ്രകാരം യോഹന്നാൻ (ഖുർആനിൽ യഹ്‌യാ നബി(അ) ദാവീദിന്റെ വംശാവലിയിൽ പെട്ട ആളല്ല. ഒരു ലേവ്യ ഗോത്രത്തിൽ പെട്ടയാളാണ്. അമ്രാൻ അഥവാ ഇമ്രാൻ ഗോത്രത്തിൽ പെട്ട ആളാണ്.

പുതിയ നിയമത്തിൽ 'യൂദാ

---

**വസിയ്യത്ത് കുട്ടികൾക്ക് മാതാവായിരിക്കും. യുവാക്കൾക്ക് പിതാവായിരിക്കും, സ്ത്രീകൾക്ക് ഭർത്താക്കന്മാരുടെ സ്ഥാനത്തായിരിക്കും. സ്നേഹത്തോടും ഹൃദയ സന്തോഷത്തോടും കൂടി യാതൊരു വിധ നിർബന്ധവുമില്ലാതെതന്നെ ഇതുമുഖേന സഹോദരൻ സഹോദരനെ സഹായിക്കുന്നതാണ്. ഇതിന്റെ പ്രതിഫലം ഈ ലോകത്ത് കിട്ടാതെ വരികയില്ല. പണക്കാരനും പാവപ്പെട്ടവനും നഷ്ടത്തിലാവുകയില്ല. സമൂഹങ്ങൾ പരസ്പരം കലഹിക്കുകയില്ല. മറിച്ച് അതിന്റെ ഔദാര്യഗുണം മുഴുലോകത്തും വ്യാപിച്ചു നിൽക്കു ന്നതാണ്.** (നവലോക ക്രമം)

വാസ്തവത്തിൽ ആദമിനോടും, അദ്ദേഹത്തിന്റെ അനുചരസംഘത്തോടും സ്ഥിരമായി ജീവിക്കാൻ പറഞ്ഞ പ്രദേശത്ത് ആത്മീയ സംസ്കരണത്തിന്റെയും സമ്പൽ സമൃദ്ധിയുടെയും, ശാന്തിസമാധാനത്തിന്റെയും സ്വർഗ സമാനമായ അവസ്ഥ അല്ലാഹു അവർക്ക് പ്രദാനം ചെയ്തിരുന്നു. അത് തന്നെയാണ് ഭൂമിയിലെ സ്വർഗമെന്നു പറയുന്നത്. മനുഷ്യ സമൂഹത്തിന്റെ അത്മീയ സുരഭിലമായ ഈ ആദിസമൂഹം ലോകത്തുള്ള എല്ലാ ജനവർഗങ്ങളുടെയും മാതൃകാപരമായ പ്രാഗ്‌രൂപമാണ്. അതുകൊണ്ടാണ് വിശുദ്ധ ഖുർആൻ അഗാധമായ അർത്ഥധ്വനിയോടെ ആദി പിതാവി ന്റെ ജീവിത വ്യവസ്ഥയും ഈ ആദിമ ചരിത്രവും വിവരിക്കുന്നത്. വിശ്വാസികൾക്ക് അവരുടെ സാമൂഹിക വ്യവസ്ഥ ശോഭനവും ക്ഷേമപൂർണവുമാക്കി തീർക്കാനുള്ള മാതൃകാപരമായ ഒരു സാമൂഹിക രൂപരേഖയും ഇതിൽ ഉള്ളടങ്ങിയിരിക്കുന്നു. ഇതുതന്നെയാണ് ആദമിന്റെ ജന്നത്തിനെക്കുറിച്ചുള്ള വിശുദ്ധ ഖുർആൻ വിവരണത്തിന്റെ യഥാർഥ ഉദ്ദേശ്യവും.

രാജാവായ ഹെറോദോവിന്റെ കാലത്ത് അബിയായുടെ ഗണത്തിൽപെട്ട സഖര്യാ എന്നു പേരായ ഒരു പുരോഹിതൻ ഉണ്ടായിരുന്നു. (ലൂക്കോസ് 1:50) എന്നാൽ പഴയ നിയമം പറയുന്നത് അബിയാ (അബിജാ), അഹ്റോന്റെ സന്താന പരമ്പരയിൽ പെട്ടയാളാണ് എന്നാണ്.

'അമ്രാമിന്റെ പുത്രൻ അഹ്റോൻ മോശെ അതി വിശുദ്ധ വസ്തുക്കൾ പവിത്രീകരിക്കാൻ അഹ്റോനെ പ്രത്യേകമായി നിയോഗിച്ചു. അയാളും പുത്രന്മാരും എക്കാലവും കർത്താവിന്റെ മുമ്പാകെ ധൂപാർച്ചന നടത്തുകയും അവന് ശുശ്രൂഷ ചെയ്യുകയും വേണം' (1 ദിവവൃത്താന്ത്ം: 23:13)

'അഹ്റോന്റെ പുത്രന്മാരുടെ ഗണങ്ങൾ ഇവയായിരുന്നു... എട്ടാമത്തേത് അബിയായ്ക്ക് ... കർത്താവായ ദൈവം കൽപ്പിച്ചതനു സരിച്ച് അയാൾ ഉണ്ടാക്കിയ നടപടി ക്രമത്തിന് അനുസൃതമായി ശുശ്രൂഷാ സംബന്ധമായ കാര്യങ്ങൾക്ക് കർത്താവി ന്റെ ആലയത്തിൽ നിർദിഷ്ട ചുമതല കൾ അവർക്കുണ്ടായിരുന്നു.'(1 ദിനവൃ ത്താന്തങ്ങൾ 24: 1-19)

പഴയ നിയമത്തിലെ വിവരണ ങ്ങളിൽ നിന്നും ലൂക്കോസിന്റെ പ്രസ്താവനയിൽ നിന്നും അബിയായുടെ ഗണത്തിൽ പെട്ട ആളാണ് സഖരിയ എന്ന് നമുക്ക് മനസ്സിലാക്കാം. അബിയ യാകട്ടെഅഹ്റോന്റെ പുത്രന്മാരുടെ ഗണത്തിലും പെടുന്നു. അഹ്റോന്റെ പു ത്രന്റെ പരമ്പരയിൽപ്പെടുന്നു. ആയതി നാൽ സഖരിയയും അതുപോലെ അദ്ദേ ഹത്തിന്റെ സന്താനങ്ങളായ യോഹന്നാൻ അഥവാ യഹ്‌യ (അ) അമ്രാന്റെ സന്തതി പരമ്പരയിൽ പെട്ടയാളാണ്. ദാവീദി ന്റെ വംശത്തിൽ പെട്ട ആളല്ല.

യോഹന്നാന്റെ മാതാവായ എലിസ ബത്തിനെ സംബന്ധിക്കുന്ന മറ്റൊരു പ്രസ്താവന ഇപ്രകാരമാണ്.

'യൂദാ രാജാവായ ഹെരോദോയുടെ ഭരണ കാലത്ത് അബിയായുടെ ഗണത്തിൽ പെട്ട സെഖര്യാ എന്നു പേരായ ഒരു പുരോഹിതൻ ഉണ്ടായി രുന്നു. അഹ്രോൺ പുത്രന്മാരിൽ ഒരുവളായിരുന്നു അയാളുടെ ഭാര്യ. അവളുടെ പേര് എലിസബത്ത്' (ലൂക്കോസ് 1:5)

യേശുവിന്റെ മാതാവായ മർയയു മായി കുടുംബ ബന്ധമുള്ളയാളാ യിരുന്നു എലിസബത്ത് എന്ന് ബൈബിളിൽ കാണാം.

'ഇതാ നിന്റെ ചാർച്ചക്കാരിയായ എലിസബത്തും വാർദ്ധക്യത്തിൽ ഒരു പുത്രനെ ഗർഭം ധരിച്ചിരിക്കുന്നു' (ലൂക്കോസ് 1:36)

പുതിയ നിയമ പ്രകാരം യേശു പിതാവില്ലാതെയാണ് ജനിച്ചത്. ആയതി നാൽ മാതാവിനെ ഉൾപ്പെടു ത്താതെ വംശാവലി പൂർണമാവില്ല. യേശുവിന്റെ മാതാവ് കണ്ണി ചേർക്കപ്പെട്ടില്ലാത്ത ഒരു വംശ പരമ്പരയിൽ യേശുവിന്റെ പേര് ഉൾപ്പെടുത്തുന്നത് ബുദ്ധി ശൂന്യമാണ്. മത്തായിയു ടെ സുവിശേഷത്തിൽ വ്യക്തമായി പറയുന്നത് മർയയുടെ ഭർത്താവായ ജോസഫിന്റെ വംശാവ ലിയാണ്. അദ്ദേഹം വാസ്തവത്തിൽ യേശുവിന്റെ പിതാവാ യിരുന്നില്ല.

അതു പോലെ യേശുവിന്റെ വംശാ വലിയുടെ തുടക്കം ലൂക്കോസ് രേഖപ്പെടു ത്തുന്നത് ഇപ്രകാരമാണ്.

'തന്റെ പ്രവർത്തനം ആരംഭിക്കു മ്പോൾ യേശുവിന് ഏതാണ്ട് മുപ്പത് വയസ്സ് പ്രായം ആയിരുന്നു. അവൻ യോസേപ്പിന്റെ പുത്രൻ'(ലൂക്കാ 3:23) മർയക്ക് ഒരു മാലാഖവന്ന് മകനെ ക്കുറിച്ചുള്ള സുവിശേഷറിയി ക്കുമ്പോൾ മറിയ കന്യകയായിരു ന്നുവെന്ന് ലൂക്കോസ് വളരെ വ്യക്തമായി പറയുന്നു അതായത്

'മർയം മാലാഖയോട് ചോദിച്ചു എനിക്ക് പുരുഷ സംസർഗം ഇല്ലല്ലോ പിന്നെയെങ്ങനെ ഇത് സംഭവിക്കും?' (ലൂക്ക് 1: 34)

ഇത് സംബന്ധമായി മത്തായിയിൽ വായിക്കുന്നത് ഇപ്രകാരമാണ്.

യേശു ക്രിസ്തുവിന്റെ ജനനം ഇപ്രകാരമായിരുന്നു. അവന്റെ അമ്മ പ്രതിശ്രുത വധുവായിരിക്കെ അവർ സഹവസിക്കും മുമ്പ് പരിശുദ്ധാത് മാവിനാൽ ഗർഭിണിയായി കാണപ്പെട്ടു. അവരുടെ ഭർത്താവായ യോസേഫ് നീതിമാനായിരുന്നു. അവളെ പരിഹാസ്യ യാക്കാൻ അയാൾക്ക് മനസ്സ്വന്നതുമില്ല. തന്മൂലം അവളെ രഹസ്യമായി ഉപേ ക്ഷിക്കാൻ അയാൾ തീരുമാനിച്ചു. അയാൾ ഇക്കാര്യം ആലോചിച്ചു കൊണ്ടിരിക്കേ, ഇതാ കർത്താവിന്റെ മാലാഖ സ്വപ്നത്തിൽ പ്രത്യക്ഷപെട്ട് ഇങ്ങനെ പറയുന്നു: ദാവീദിന്റെ പുത്രനായ യോസേഫേ, മറിയമിനെ ഭാര്യയായി സ്വീകരിക്കാൻ ശങ്കിക്കേണ്ട. അവൾ ഗർഭിണിയായിരിക്കുന്നത് പരിശുദ്ധാത്മാവിനാൽ നിന്നാണ്. അവർ ഒരു പുത്രനെ പ്രസവിക്കും' (മത്താ: 1: 18-20)

മർയം തന്റെ ഭർത്താവ് തച്ചനായ യോസേഫുമായി വിവാഹ ബന്ധം ആരംഭിക്കുന്നതിന് മുമ്പ് തന്നെ ഗർഭിണിയായിരുന്നുവെന്ന് ബൈബിൾ പ്രസ്താ വിക്കുന്നു. ഈ യാഥാർഥ്യത്തി നെതിരായി വംശാവലി പ്പട്ടിക അവതരിപ്പി ക്കുന്നത് ശരിയല്ല.

ബൈബിൾ സുവിശേഷങ്ങൾ അവതരിപ്പിക്കുന്ന യേശുവിന്റെ വംശാവലിയെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് മുമ്പ് ഖുർആൻ അത് സംബന്ധമായി പറഞ്ഞ വസ്തുതകൾ പരി ശോധിക്കുന്നത് നന്നായിരിക്കും

ഖുർആനിൽ വിവരിക്കപ്പെട്ട ഈസാ നബി(അ) യെ പറ്റി അല്ലാഹു ഖുർആനിൽ പറയുന്നു:

'ഇതാണ് മർയമിന്റെ മകൻ ഈസായുടെ സത്യമായ വിവരണം. ഇതിൽ അവർ സംശയിക്കുന്നു.'(19:35)

'അല്ലാഹു പറയുന്ന സന്ദർഭം. മർയമിന്റെ മകൻ ഈസാ, നിനക്കും നിന്റെ മാതാവിന്നും ഞാൻ ചെയ്തു തന്ന എന്റെ അനുഗ്രഹം സ്മരിക്കുക' (5:111)'അവന്റെ പേര് മസീഹ് ബ്നു മർയം എന്നായിരിക്കും. ഇഹത്തിലും പരത്തിലും ആദരണീയനും ദൈവ സാമീപ്യം സിദ്ധിച്ച വരിൽപ്പെട്ടവനുമാ യിരിക്കും എന്ന് മലക്കുകൾ പറഞ്ഞ സന്ദർഭം'(3:46)

'ആ ഹവാരികൾ (ശിഷ്യന്മാർ) പറഞ്ഞ സന്ദർഭം: ഓ മർയമിന്റെ മകനേ, ആകാശത്ത് നിന്നും ഒരു ഭക്ഷണ തളിക ഇറക്കിത്തരാൻ താങ്കളുടെ നാഥനു സാധിക്കുമോ (5:113)

മർയമിന്റെ മകൻ ഈസാക്ക് നാം വ്യക്തമായ തെളിവുകൾ നൽകുകയും പരിശുദ്ധാത്മാവി നെക്കൊണ്ട് അദ്ദേഹത്തെ ബലപ്പെടുത്തുകയും ചെയ്തു.'(2:254)

മർയമിന്റെ പുത്രൻ ഈസാ മസീഹ് അല്ലാഹുവിന്റെ ദൂതൻ മാത്രമാണ്.'(4:172)

'അവരെ തുടർന്ന് (മേൽ പറയപ്പെട്ട പ്രവചകന്മാരെ) നാം ഈസബ്നു മർയമിനെ അദ്ദേഹത്തിന്റെ മുന്നിലുള്ള തൗറാത്തിനെ പൂർത്തിയാക്കുന്ന ആളായി നിയോഗിച്ചു.'(5:47)

'മസീഹ് ബ്നു മർയം ഒരു ദൈവദൂതൻ മാത്രമാണ് (അദ്ദേഹത്തെ പോലെയുള്ള) ദൈവദൂതന്മാർ അദ്ദേഹ ത്തിന് മുമ്പ് കാലഗതി പ്രാപിച്ചു കഴിഞ്ഞിരിക്കുന്നു.'(5:70)

അല്ലാഹു പറയുന്ന സന്ദർഭം : ഓ മർയമിന്റെ മകൻ ഈസാ, 'എന്നെയും എന്റെ മാതാവിനെയും അല്ലാഹുവിനെ കൂടാതെ രണ്ടു ദൈവങ്ങളായി സ്വീകരിക്കുക എന്ന് നീയാണോ ജനങ്ങളോട് പറഞ്ഞത്?' (5:117) യേശുവിനെ പറ്റി ' മർയമിന്റെ മകൻ

ഈസാ', എന്ന പേരിലാണ് മുകളിൽ പ്രസ്താവിച്ച ഖുർആനിക വചങ്ങളിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നത്. ഇത് യേശുവിന്റെ പിതൃരഹിത ജനനത്തിലേക്കുള്ള അനിഷേധ്യമായ തെളിവാണ് നൽകുന്നത്. അദ്ദേഹ ത്തിന്റെ രക്തബന്ധത്തെക്കുറിച്ചാണെങ്കിൽ അത് മർയമുമായി മാത്രം ബന്ധപ്പെട്ടതാണ്. ഈ അടിസ്ഥാനത്തിലാണ് അദ്ദേഹത്തെ മർയമിന്റെ മകൻ എന്ന് അദ്ധ്യായത്തിൽ അഭിസംബോധന ചെയ്യപ്പെടുന്നത്. മേൽ വിവരിച്ച സൂക്തങ്ങളിൽ നിന്നും അദ്ദേഹത്തിന്റെ ജനങ്ങൾക്കിടയിലും മർയമിന്റെ മകൻ എന്ന പേരിൽ തന്നെയാണ് ഈസാ നബി(അ) അറിയപ്പെട്ടിരുന്നത് എന്ന് മനസ്സിലാക്കാം. അദ്ദേഹത്തിന്റെ ശിഷ്യന്മാർ മർയമിന്റെ മകൻ എന്ന പേരിൽ തന്നെയാണ് യേശുവിനെ അഭിസംബോധന ചെയ്തതായി ഖുർആൻ വിവരിക്കുന്നത്.

**യേശുവിന്റെ വംശാവലി:**
**മത്തായിയുടെ സുവിശേഷ പ്രകാരം**

അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രൻ യേശു ക്രിസ്തുവിന്റെ വംശാവലി: അബ്ര ഹാം, ഇസ്ഹാക്കിന്റെ പിതാവ്; ഇസ്ഹാക്ക്, യാക്കോബിന്റെ പിതാവ്; യാക്കോബ്, യഹൂദായുടെയും സഹോദരന്മാരുടെയും പിതാവ്; യഹൂദ, താമാറിൽ പിറന്ന പെറെസിന്റെയും സെറഹിന്റെയും പിതാവ്; പെറെസ്, ഹെസ്രോന്റെ പിതാവ്; ഹെസ്രോൻ, അറാമിന്റെ പിതാവ്; അറാം, അമ്മീനാദാബിന്റെ പിതാവ്; അമ്മീനാ ദാബ്, നഹ്ശോന്റ പിതാവ്; നഹ്ശോൻ, സൽമോന്റെ പിതാവ്; സൽമോൻ, റഹാബിൽ പിറന്ന ബോവസിന്റെ പിതാവ് ; ബോവസ്, റൂത്തിൽ പിറന്ന ഓബേദിന്റെ പിതാവ്; ഓബേദ്, യിശ്ശായിയുടെ പിതാവ്; യിശ്ശായി, ദാവീദ് രാജാവിന്റെ പിതാവ്; ദാവീദ്, ഊറിയായുടെ ഭാര്യയായിരുന്നവളിൽ പിറന്ന സോളമന്റെ പിതാവ്; സോളമൻ, റെഹബയാമിന്റെ പിതാവ്; റെഹബയാം, അബിയായുടെ പിതാവ്; അബിയാ, ആസായുടെ പിതാവ്; ആസാ, യഹോശാഫാത്തിന്റെ പിതാവ്; യെഹോശാഫാത്ത് യോറാമിന്റെ പിതാവ്; യോറാ, ഉസ്സിയ്യായുടെ പിതാവ്; ഉസ്സിയ്യാ, യോതാമിന്റെ പിതാവ്; യോതാം, അഹാസിന്റെ പിതാവ്; അഹാസ്, ഹിഷിസ്കീയായുടെ പിതാവ്; ഹിസ്കിയ്യാ, മനെശ്ശായുടെ പിതാവ്; മനെശ്ശ, ആമോസിന്റെ പിതാവ്; ആമോസ്, യോശിയായുടെ പിതാവ്; യോശിയോ, ബാബിലോൺ പ്രവാസ കാലത്ത് ജനിച്ച യെഖൊന്യായുടെയും സഹോദരന്മാരുടെയും പിതാവ് യെഖൊന്യാ, ബാബിലോൺ പ്രവാസാരംഭത്തിന് ശേഷം ജനിച്ച ശെയൽത്തീയത്തിന്റെ പിതാവ്; ശെയൽത്തീയത്ത്, സെറുബ്ബാ ബെല്ലിന്റെ പിതാവ് സെറൂബാ ബെൽ, അബിയൂദിന്റെ പിതാവ്; അബിയൂദ്, എല്യാക്കീമിന്റെ പിതാവ്; എല്യാക്കീം, ആസോറിന്റെ പിതാവ്; ആസോർ, സദോക്കിന്റെ പിതാവ്; സാദോക്ക്, അഖീമിന്റെ പിതാവ്; അഖീം, എലിഹുദിന്റെ പിതാവ്; എലിഹൂദ്, എലെയാസാറിന്റെ പിതാവ്; എലെയാസാർ, മത്ഥാന്റെ പിതാവ്; മത്ഥാൻ, യാക്കോബിന്റെ പിതാവ്; യാക്കോബ് മറിയമിന്റെ ഭർത്താവായ യോസേഫിന്റെ പിതാവ്; മറിയമിൽ നിന്ന് ക്രിസ്തു എന്നു വിളിക്കപ്പെടുന്ന യേശു ജനിച്ചു.

അങ്ങനെ അബ്രഹാം മുതൽ ദാവീദ് വരെ ആകെ പതിനാലു തലമുറ, ദാവീദ് മുതൽ ബാബി ലോൺ പ്രവാസം വരെ പതിനാലു തലമുറ. ബാബിലോൺ പ്രവാസം മുതൽ ക്രിസ്തു വരെ പതിനാലു തലമുറ. (മത്താ: 1: 1–17)

തന്റെ പ്രവർത്തനം ആരംഭിക്കുമ്പോൾ യേശുവിന് ഏതാണ്ട് മുപ്പത് വയസ്സ് ആയിരുന്നു. അവൻ യോസേഫിന്റെ പുത്രൻ (എന്നു കരുതപ്പെട്ടിരുന്നു); യോസേഫ്, ഹെലീയുടെ പുത്രൻ; ഹെലി, മത്ഥാതിന്റെ പുത്രൻ; മത്ഥാത്, ലേവ്യയുടെ പുത്രൻ; ലേവി, മെൽഖിയുടെ പുത്രൻ; മെൽഖി, യന്നായിടെ പുത്രൻ; യന്നായ്, യോസേഫിന്റെ പുത്രൻ; യോസേഫ്, മത്താഥ്യാസി ന്റെ പുത്രൻ; മത്താഥ്യാസ് ആമൊസിന്റെ പുത്രൻ; ആമോസ് , നഹൂമിന്റെ പുത്രൻ; നഹൂം, എസ്ലിയുടെ പുത്രൻ; എസ്ലി, നഗ്ഗായിയുടെ പുത്രൻ; നഗ്ഗായി, മയാതിന്റെ പുത്രൻ; മയാത്, മത്ത് ഥ്യൊസിന്റെ പുത്രൻ; മത്തഥ്യൊസ്, ശെമയിന്റെ പുത്രൻ; ശെമയിൻ, യോസെന്റെ പുത്രൻ യോസെക്ക്, യോദ്യുടെ പുത്രൻ; യോദാ, യോഹാന്നന്റെ പുത്രൻ; യോഹാന്നാൻ, റേസായുടെ പുത്രൻ; റേസാ, സെറുബാബ്ബാബെന്റെ പുത്രൻ; സെറുബാബേൽ ശെയൽത്തിയലിന്റെ പുത്രൻ; ശെയൽത്തിയെൽ, നേറിടെ പുത്രൻ; നേറി. മെൽഖിയുടെ പുത്രൻ മെൽഖി, അദ്ദിയുടെ പുത്രൻ; അദ്ദി, കേസാന്റെ പുത്രൻ കേസാം, എൽമദാമിന്റെ പുത്രൻ; എൽമദാം, ഏറിന്റെ പുത്രൻ; ഏർ, യേശുവായുടെ പുത്രൻ; യേശുവാ, എല്യേസറിന്റെ പുത്രൻ ഏല്യേസർ, യോറീമിന്റെ പുത്രൻ യോറീം മത്ഥാത്തിന്റെ പുത്രൻ മത്ഥാത്ത്, ലേവിയുടെ പുത്രൻ ലേവി,

ശിമയോന്റെ പുത്രൻ ശിമയോൻ, യഹൂദയുടെ പുത്രൻ; യഹൂദ, യോസേന്റെ പുത്രൻ യേസേഫ്, യോനാന്റെ പുത്രൻ; യോനാൻ, എല്യാകീന്റെ പുത്രൻ; എല്യാകീം, മെല്യായുടെ പുത്രൻ മെല്യാം, മെന്നന്യായുടെ പുത്രൻ; മെന്നാ, മത്ഥഥയുടെ പുത്രൻ; മത്ഥഥ്, നാതാന്റെ പുത്രൻ; നാതാൻ, ദാവീദിന്റെ പുത്രൻ; ദാവീദ്, യിശ്ശായിയുടെ പുത്രൻ; യിസ്സായി, ഒബേദിന്റെ പുത്രൻ; ഒബേദ്, ബോവേസിന്റെ പുത്രൻ ബോവേസ്, സാലായുടെ പുത്രൻ; സാലാ, നഹ്ശോന്റെ പുത്രൻ; നഹ്ശോൻ, അമ്മീനാബാന്റെ പുത്രൻ; അമ്മീനാബാദ്, അദ്മിന്റെ പുത്ര ൻ അദ്മിൻ, അർനീയുടെ പുത്രൻ; അർനി, ഹെസ്രോന്റെ പുത്രൻ ഹെസ്രോൻ; പെറെസി ന്റെ പുത്രൻ; പെറെസ്, യഹൂദായുടെ പുത്രൻ; യഹൂദാ, യക്കോബിന്റെ പുത്രൻ; യാക്കോബ്, ഇസ്ഹാഖിന്റെ പുത്രൻ; ഇസ്ഹാക്ക്, അബ്രഹാമിന്റെ പുത്രൻ അബ്രഹാം, തേരഹിന്റെ പുത്രൻ; തേരഹ്, നാഹോന്റെ പുത്രൻ; നാഹോർ, സെറൂഗിന്റെ പുത്രൻ; സെറൂഗ്, റെയൂവിന്റെ പുത്രൻ; യെറൂവ്, പെലേഗിന്റെ പുത്രൻ; പെലെഗ്, ഏബെറിന്റെ പുത്രൻ; ഏബെർ ശേലായുടെ പുത്രൻ; ശേലാ, കയ്നാന്റെ പുത്രൻ; കയ്നാൻ. അർഫക്സാദി ന്റെ പുത്രൻ; അർഫക് സാദ്, ശേമിന്റെ പുത്രൻ; ശേം, നോഹിന്റെ പുത്രൻ; നോഹ്, ലാമെക്കിന്റെ പുത്രൻ; ലാമെക്ക്, മെഥുശലഹിന്റെ പുത്രൻ മെഥുശെലഹ്, ഹനോക്കിന്റെ പുത്രൻ; ഹനോക്ക്, റെദിന്റെ പുത്രൻ; റെദ്, മഹലേലി ന്റെപുത്രൻ മഹലേൽ, കയ്നാന്റെ പുത്രൻ; കയ്നാൻ, ഏനേശിന്റെ പുത്രൻ; ഏനേശ്, ശെതിന്റെ പുതൻ; ശേത്, ആദാമിന്റെ പുത്രൻ ആദാം, ദൈവത്തിന്റെ പുത്രൻ (ലൂക്കോസ് 3: 23–28) മത്തായിയും ലൂക്കോസും മാത്രമാണ് ഈ വംശാവലി അവതരിപ്പിക്കുകയും അത് യേശുവുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നത്. മാർക്കോസും യോഹന്നാനും യേശുവിന്റെ വംശാവലിപ്പട്ടികയെ പറ്റി മൗനം പാലിക്കുകയാണ്. മത്തായിയും ലൂക്കോസും പറയുന്നത് യേശു ദാവീദിന്റെ പുത്രപരമ്പരയിലെ സന്താനമാണെന്നാണ്. അതിലുപരിയായി ഏബ്രഹാമിനും യേശുവിനുമിടയിലുള്ള നാൽപ്പത് തലമുറകൾ രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു. മത്തായിയുടെ (1:17) സുവിശേഷ പ്രകാരം

നാൽപ്പത്തിരണ്ട് തലമുറകളാണ് രേഖപ്പെടുത്തിയിരിക്കു ന്നത്. തലമുറകൾ നാൽപ്പത് എന്ന എണ്ണത്തിന് പ്രത്യേകമായൊരു പ്രാധാന്യ മുണ്ട്. ഈ എണ്ണം തികക്കാനാണ് യഥാർഥ വംശാവലിയിൽ നിന്നും പേരുകൾ മാറ്റിയത്. ഉദാഹരണത്തിന് അഹസ്വാസ് ജോഷ്യ, അമാസിയ എന്നീ നാമങ്ങൾ മത്തായിയുടെ വംശാവ ലിയിൽ പ്രതിപാദിക്കപ്പെട്ടിട്ടില്ല. എന്നാൽ ബൈബിൾ പഴയ നിയമ പ്രകാരം അഹസ്വാഹ് യെ റോമിന്റെ പുത്രനാണ്.

'അയാളുടെ പുത്രൻ യെറൊം, അയാളുടെ പുത്രൻ അഹസ്വാസ്, അയാളുടെ പുത്രൻ ജോഷ്യാ അയാളുടെ പുത്രൻ അഹസാസ്,' (1ദിനവൃത്താന്തം3: 11-12)

എന്നാൽ മത്തായിയുടെ വംശാവലി പ്രകാരം യെറോമിന്റെ പുത്രന്റെ പേർ ഉസ്സിയാ എന്നാണ്. എന്നാൽ പഴയ നിയമത്തിലും പുതിയ നിയമ ത്തിലും പ്രതിപാദിക്കപ്പെട്ട വംശാവലിയിലെ പരസ്പര വൈരുദ്ധ്യങ്ങൾക്ക് ഇനിയും ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടാൻ കഴിയും. പ്രത്യേകിച്ച് മത്തായിയുടെ സുവിശേഷത്തിൽ പഴയ നിയമ പ്രകാരം യേകോന്യായുടെ പുത്രനായ പെദയുടെ പുത്രനാണ് സെറുബ്ബാബെൽ.

'ബന്ധനസ്ഥനായ യെകേന്യായുടെ പുത്രന്മാർ: അയാളുടെ പുത്രൻ ശെയന്തിയേൻ മൽക്കീറാം, പെദായാ, ശെനസ്സർ, യെകെമിയാ, ഹോശാമാ, നെദബ്യാ പെദായായുടെ പുത്രന്മാർ, സെറുബബ്ബേബേൽ, ശിമെയി'(1 ദിനവൃത്താന്തങ്ങൾ 3:17-19)

എന്നാൽ മത്തായിയുടെ സുവിശേഷ പ്രകാരം സെറുബ്ബാബെൽ ശെയത്തിയയുടെ മകനാണ്. അദ്ദേഹമാകട്ടെ യെവൊന്യായുടെ പുത്രനുമാണ്

**പഴയ നിയമ പ്രകാരം**

ഫറവോനായനെകോയോശിയായു ടെ പുത്രനായ എല്യാക്രീമിനെ അയാളുടെ പിതാവു യോശിയായുടെ സ്ഥാനത്ത് രാജാവാക്കി' (2:രാജാ: 23:34)

എന്നാൽ മത്തായി എഴുതുന്നു 'ബാബിലോൺ പ്രവാസകാലത്ത് ജനിച്ച യെവൊന്യായുടെയും സഹോദരന്മാരുടെയും പിതാവ് യെഖൊന്യാ, ബാബിലോൺ പ്രവാസാരംഭത്തിനു ശേഷം ജനിച്ച ശെയൽത്തീയെലിന്റെ പിതാവ് ശെയൽത്തീയേൽ സെറുബാ ബെലിന്റെ പിതാവ് സെറുബ്ബാബേൽ, അദിയുബിന്റെ പിതാവ്; അബിയൂദ് - ഏല്യാക്കീമിന്റെ പിതാവ് ......'.(മത്തായി1 11-13)

പഴയനിയമത്തിലെ വംശാവലി ശരിയാണെങ്കിൽ മത്തായി ചില തലമുറകളെ കൂട്ടി ചേർക്കുകയു ണ്ടായിട്ടുണ്ട്. അത്പോലെ അബ്രഹാമിന്റെ ശേഷം 40 തലമുറയാണ് നാം മത്തായിയുടെ സുവിശേഷത്തിൽ കാണുന്നത്. എന്നാൽ ലൂക്കോസിൽ ഇത് ഗണനപ്രകാരം ദാവീദിന്റെ രണ്ടാമത്തെ മകനായ നാഥാന്റെ പരമ്പരയിലാണ് യേശു. ദാവീദിന്റെ ഏത് മകനാണ് മസീഹിന്റെ പൂർവിക പിതാവ് എന്നതിനെ സംബന്ധിച്ച് യഹൂദികൾക്കിടയിൽ തന്നെ തർക്കമുണ്ട്. ചിലർ അത് ശലമോന്റെ പുത്രപരമ്പരയിലാണെണ് പറയുന്നു. ചിലർ ദാവീദിന്റെ മറ്റു പുത്രന്മാരുടെ പരമ്പരയിൽ നിന്നാണെന്ന് പറയുന്നു.

മേൽകൊടുത്ത വിശകലങ്ങളിൽ നിന്നും യേശുവിന്റെ രണ്ട് വംശാവലി പട്ടികയിലും പലതരത്തിലുള്ള വ്യത്യാസ ങ്ങളുണ്ട്. എന്ന് മനസ്സിലാ വുന്നു. ഈ പരസ്പര വൈരുദ്ധ്യങ്ങൾ ഇപ്പോഴും നിലനിൽക്കുന്നു. വാഗ്ദാനം ചെയ്യപെട്ട മിശിഹാ ദാവീദിന്റെ വംശ പരമ്പരയിൽ നിന്നുള്ള ആളായിരിക്കും എന്നാണ് യഹൂദികൾ വിശ്വസിച്ചു പോന്നിരുന്നത്. അതു കൊണ്ടായിരിക്കാം യേശുവും ദാവീദുമായി ബന്ധിക്കുന്ന ഈ വംശാവലി പട്ടിക സുവി ശേഷത്തിൽ കയറിപറ്റിയത്.

'യിശ്ശായിയുടെ കുറ്റിയിൽ നിന്നും ഒരു മുള പൊട്ടും, അയാളുടെ വേരുകളിൽ നിന്ന് ഒരു ശിഖരം മുളച്ചു പൊന്തും' (യെശയ്യാ 11:11)

'ഇതാ ദാവീദിന് ഒരു മുള. നീതിയാർന്ന ഒരു മുള ഉദ്ഭവിക്കുന്ന ദിനങ്ങൾ വരുന്നു. കർത്താവാണ് ഇത് അരുൾ ചെയ്യുന്നത്'(യിരെമ്യാ 25: 5)

'കർത്താവ് ദാവീദിനോട് ഒരു ദൃഢപ്രതിജ്ഞ ചെയ്തു. അതിൽ നിന്ന് അവൻ പിന്തിരിയുകയില്ല. നിന്റെ ഔരസ പുത്രൻ ഒരു വനെ ഞാൻ സിംഹാസന ത്തിൽ ഇരുത്തും' (സങ്കീർ : 132:1) വ്യത്യാസത്തിൽ നിന്നും പരസ്പര വൈരുദ്ധ്യങ്ങളിൽ നിന്നുമാണ് പ്രശ്നം ഉയർന്ന് വരുന്നത്. ജീസസ് ക്രൈസ്റ്റ് എന്ന ശീർഷകത്തിൽ ഓക്സ്ഫോർഡ് ജൂണിയർ എൻ സൈക്ലോപീഡിയ യേശുവിന്റെ വംശാവലിയെ ക്കുറിച്ച് ബൈബിൾ സുവിശേഷങ്ങളിൽ രണ്ട് വിരുദ്ധമായ കാഴ്ച്ച പാടുകളുണ്ടെന്ന് പറയുന്നു. ഒരു വീക്ഷണ പ്രകാരം അദ്ദേഹം മറിയമിന്റെയും ജോസഫിന്റെയും പുത്രനാണെന്ന് പറയുന്നു. അദ്ദേഹത്തിന്റെ പിതൃപരമ്പര ദാവീദിന്റെ രാജപരമ്പരയിൽ നിന്നുള്ള താണെന്നും പറയുന്നു. മറ്റൊരു വീക്ഷണത്തിൽ യേശു പിതാവില്ലാത്ത കന്യകയുടെ പുത്രനാണെന്നും പറയുന്നു.

യഹൂദികളിൽ ഭൂരിപക്ഷത്തിന്റെയും ദൃഢവിശ്വാസം മിശിഹാ ദാവീദിന്റെ സന്തതിപരമ്പരയിൽ നിന്നുള്ള തായിരിക്കണമെന്നായിരുന്നു. സുവിശേഷങ്ങൾ യേശുവിന്റെ പിതൃപരമ്പര ജോസഫിലൂടെ ദാവീദിലേക്ക് ബന്ധിപ്പിക്കാനാണ് നോക്കുന്നത്.

പീക്സ് കമന്ററിയിൽ പ്രൊ. എ. ജെ ഗ്യൂ രേഖപ്പെടുത്തിയ അഭിപ്രായ പ്രകാരം ദാവീദിന്റെ വംശപരമ്പരയിൽ ജനിക്കാത്തതിനാൽ യേശു മിശിഹാ അല്ല എന്ന യഹൂദികളുടെ എതിർ വാദത്തോടുള്ള പ്രതികരണം എന്ന നിലക്കാണ് ഈ വംശാവലികൾ തയ്യാർചെയ്ത സുവിശേഷത്തിൽ ചേർത്തിരിക്കുന്നത്.(Peales Comme ntry- p.701) യേശുവിനെ യഹുദികൾക്ക് സ്വീകാര്യനാക്കാൻ വേണ്ടി തയ്യാറാക്കിയ ഈ വംശാവലിപ്പട്ടിക തെറ്റാണ്.

നാലാം നൂറ്റാണ്ടിൽ ജീവിച്ച ബിഷപ്പ് പപ്പിഫാനിയുസ് എഴുതുന്നത് ക്രിസ്തുവിന് ശേഷം എളിമയാർന്നവർ എന്ന അർഥമുള്ള എബയോണുകൾ എന്ന ജുതവംശരായ ക്രിസ്ത്യാനികൾ മത്തായി യുടെയും ലൂക്കോസിന്റേയും വംശാവലി പട്ടിക അംഗീകരിച്ചി രുന്നില്ല. അവർ അതിനെ നിരാകരിക്കുകയാണു ണ്ടായത്. അവരുടെ വീക്ഷണ പ്രകാരം വംശാവലിപ്പട്ടികയിൽ മാറ്റത്തിരു ത്തലുകളും കൈകടത്തലുകളുമുണ്ടാ യിട്ടുണ്ട് എന്നാണ്. മത്തായിയുടെ ഒറിജിനൽ സുവിശേഷത്തിന്റെ പ്രതി അവരുടെ കൈകളിൽ ഉണ്ടായിരുന്നു എന്ന് അവർ വാദിച്ചിരുന്നു.

വിശുദ്ധ ഖുർആനും ബൈബിളും ഒരുപോലെ യേശു പിതാവില്ലാതെയാണ് ജനിച്ചതെന്ന് പറയുന്നു. വിശുദ്ധ ഖുർആൻ പറയുന്നു:

'ഗ്രന്ഥാനുസാരികളെ നിങ്ങൾ നിങ്ങളുടെ മതകാര്യങ്ങളിൽ അമിതത്വം കാണിക്കരുത്. അല്ലാഹുവിനെ സംബ ന്ധിച്ച് നിങ്ങൾ സത്യമല്ലാതെ പറയുകയുമരുത്. നിശ്ചയമായും മർയമിന്റെ പുത്രൻ ഈസാ മസീഹ് അല്ലാഹുവിന്റെ ദൂതനും മർയമിന് അവൻ ഇറക്കിക്കൊടുത്ത വചനത്തിന്റെ സാക്ഷാത് ക്കാരവും അവന്റെ പക്കൽ നിന്നുള്ള ഒരു കാരുണ്യവും മാത്രമാണ്' (4:172)

## യേശുവിന്റെ കുടുംബത്തെപറ്റി വിശുദ്ധ ഖുർആൻ

ഖുർആന്റെ വിവരണ പ്രകാരം മർയമും അവരുടെ മാതാവും ഇംറാന്റെ കുടുംബത്തിൽ പെട്ടവരാണ് . യേശു പിതാവില്ലാതെ ജനിച്ചത് കാരണം മറിയമിന്റെ മകൻ എന്നാണ് അദ്ദേഹം വിളിക്കപ്പെട്ടിരുന്നത്. അദ്ദേഹത്തിന്റെ കുടുംബം അദ്ദേഹത്തിന്റെ മാതാവിന്റെ കുടുംബമാണ്. വിശുദ്ധ ഖുർആൻ സൂറ: ആലു ഇംറാനിലാണ് അദ്ദേഹത്തെ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ഒരു ദാസനാണെന്ന് ആദ്യമായി പരാമർശി ക്കുന്നത്. അതിന് ശേഷം അദ്ദേഹത്തിന്റെ മാതാവിനെ 'ഇംറഅത്തി ഇംറാൻ' അഥവാ ഇംറാൻ കുടുബക്കാരി എന്നാണ് വിശേഷിപ്പിക്കുന്നത്.. അവസാനമായി മർയയുടെയും യഹ്യായുടെയും യേശുവിന്റേയും ജനനത്തെ പറ്റി വിവരിക്കുന്നു. ഈ വിവരണത്തിൽ അവരെല്ലാം തന്നെ ഇംറാന്റെ കുടുംബ പരമ്പരകളിൽ പെട്ടവരാണെന്ന് ഖുർആൻ പറയുന്നു: മുഴുവൻ ലോകത്തിൽ വെച്ച് ഉൽക്കൃഷ്ടയായി തിരഞ്ഞെടുക്കപ്പെട്ടിരി ക്കുന്നു. ഒരു തലമുറ മറ്റേ തലമുറയുമായി ബന്ധപ്പെട്ടനിലയിൽ (അല്ലാഹു അവർക്ക് ശ്രേഷ്ഠത നൽകിയിരിക്കുന്നു.) അല്ലാഹു എല്ലാം കേൾക്കുന്നവനും എല്ലാം അറിയുന്ന വനുമാകുന്നു. ഇംറാന്റെ ഭാര്യപറഞ്ഞ സന്ദർഭം: നാഥാ എന്റെ വയറ്റിലുള്ള കുട്ടിയെ സ്വതന്ത്രമാക്കി ക്കൊണ്ട് നിനക്ക് വേണ്ടി ഞാൻ നേർച്ചയാക്കിയിരിക്കുന്നു.അത് കൊണ്ട് എന്നിൽ നിന്ന് അത് സ്വീകരിക്കേണമേ! എല്ലാം കേൾക്കുന്നവനും എല്ലാം അറിയുന്നവനും നീതന്നെയാണ്. പിന്നീട് അവൾ പ്രസവിച്ചപ്പോൾ അവൾ പറഞ്ഞു: എന്റെ നാഥാ,ഞാൻ പ്രസവിച്ചത് പെൺകുഞ്ഞാണ്. വാസ്തവത്തിൽ അവൾ പ്രസവിച്ചത് എന്താണെന്ന് അല്ലാഹു ഏറ്റവും നന്നായറിയുന്ന വനാണ്. ആൺ കുഞ്ഞ് പെൺകുഞ്ഞിനെ പോലെയല്ലല്ലോ. ഞാൻ അവൾക്ക് മർയം എന്ന് നാമകരണം ചെയ്തിരിക്കുന്നു. അവളെയും അവളുടെ സന്തതികളെയും ശപിക്കപെട്ട പിശാചിന്റെ (ഉപദ്രവ ത്തിൽനിന്നും രക്ഷിക്കുവാനായി) ഞാൻ നിന്നെ അഭയം പ്രാപിക്കുന്നു.(3: 34-37)സൂറ: അത്തഹ്രീമിൽ മർയം ഇമ്രാന്റെ പുത്രിയാണെന്നും ഭക്തയാണെ ന്നും വ്യക്തമായി പറയുന്നു. സൂറ: അൽ മാഇദയിലും ആലും ഇംറാനിലും മർയമിനെ പരിശുദ്ധയും സത്യ വതിയു മാ യാണ് വിവരിച്ചിട്ടുള്ളത്.

'ഇംറാന്റെ പുത്രി മർയമിനേയും (അല്ലാഹു സത്യവിശ്വാസികൾക്ക് മാതൃകയാക്കി എടുത്തു കാണിക്കുന്നു.) അവർ തന്റെ ചാരിത്ര്യം കാത്തുസൂ ക്ഷിക്കുകയുണ്ടായി. അപ്പോൾ നാം അവനിൽ (ചാരിത്ര്യം കാത്തുസൂക്ഷിച്ച് മർയമിനോട് തദാത്മ്യം പ്രാപിച്ച സത്യവിശ്വാസി) നമ്മുടെ വചനമിറക്കി. അവൾ തന്റെ നാഥന്റെ വചനങ്ങളെയും ഗ്രന്ഥങ്ങളെയും സത്യപ്പെടുത്തിയിരി ക്കുന്നു. അല്ലാഹുവിനോട് പരിപൂർണ്ണ അനുസരണം പുലർത്തുന്നവളിൽ ഉൾ പെട്ടവരായിരുന്നു അവൾ' (67:13)

'മസീഹുബ്നു മർയം ഒരു ദൈവപുത്രൻ മാത്രമാണ് (അദ്ദേഹത്തെ പോലെയുള്ള) ദൈവദൂതന്മാർ അദ്ദേഹ ത്തിന് മുമ്പ് കാലഗതി പ്രാപിച്ചു കഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ മാതാവ് മഹാ സത്യവതിയാണ്. അവർ രണ്ടു പേരും ആഹാരം കഴിക്കാറു ണ്ടായിരുന്നു. നോക്കുക അവരുടെ നന്മക്ക്വേണ്ടി അങ്ങനെയാണ് നാം തെളിവുകൾ വിവരിച്ചു കൊടുക്കുന്നത്. എന്നിട്ടും അവർ എങ്ങനെയാണ് പിന്തിരിഞ്ഞു പോയിക്കളയുന്നതെന്ന് നോക്കുക'(5:76)

'മലക്കുകൾ പറഞ്ഞ സന്ദർഭം (ഓർക്കുക) ഓ മർയം അല്ലാഹു നിന്നെ വരിഷ്ഠയും പവി ത്രയുമാക്കി യിരിക്കുക യും മുഴുലോകത്തുമുള്ള വനിതകളിൽ വെച്ച് നിന്നെ ഉൽക്കൃഷ്ടയായി തെരഞ്ഞെടുക്കുകയും ചെയ്തിരി ക്കുന്നു. ഓ മർയം! നിന്റെ നാഥന് വഴിപ്പെട്ട് ജീവിക്കുകയും സാഷ്ടാംഗം പ്രണമിക്കുകയും ഏക ദൈവത്തെ മാത്രം ആരാധിക്കു ന്നവരോടൊപ്പം ആരാധിക്കുകയും ചെയ്യുക' (3:43)

മേൽ വിവരിച്ച ഖുർആൻ സൂക്തങ്ങളിൽ നിന്നും രണ്ട് കാര്യങ്ങൾ വെളിപ്പെടുന്നു. ഒന്നാമത്തേത് മർയം ഇംമ്രാൻ കുടുംബത്തിലെ സന്തതിയാണ്. രണ്ടാമത് അവർ അതീവ സാത്വികയും ദൈവവചനങ്ങൾ പാലിക്കുന്നവരും അനുസ രണ ശീലയും ആത്മീയമായി ഉന്നത പദവിയിലുള്ള സ്ത്രീരത്ന നവുമാണ്.

യേശുവും യഹ്യയും തമ്മിലുള്ള ബന്ധത്തെപറ്റി ബുഖാരിയി ലെ ഒരു ഹ ദീസിൽ വിവരിക്കപ്പെട്ടത് ഇപ്ര കാരമാണ്. 'അവർ യഹ്യയും ഈസയും മാതൃസ ഹോദരീ പുത്രന്മാമാരാണ്.' (ബുഖാരി- ബാബുൽ മിഅ്റാജ്)

മുസ്ലിം ചരിത്രകാരന്മാരുടെ അഭിപ്രായ പ്രകാരം സകരിയ്യ മറിയയുടെ രക്ഷാധികാരിയായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യഎലിസബത്തും മർയയുടെ മാതാവ് ഹന്നയും സഹോദ രിമാരായിരുന്നു. മാതാവിന്റെ സഹോദരി യുടെ സ്ഥാനം മാതാവിന്റേത് തന്നെ യാണല്ലോ (ഫതഹുൽ ബാരി - വോ. 4 പേ 364)

അതിനാൽ യഹ്യ (അ) യേശു (അ) വിന്റെ മാതാവ് വഴിയുള്ള സഹോദ രനാണ്. ഖുർആന്റെയും ഹദീസിന്റെയും തെളിവുകളുടെ അടിസ്ഥാനത്തിൽ യേശുവും അദ്ദേഹത്തിന്റെ മാതാവും ഇംമ്രാൻ കുടുംബപരമ്പരയിലെ അംഗമാ ണെന്ന് മനസ്സിലാക്കാം.

മർയം ദൈവത്തോട് അനുസര ണയുള്ളവളും അതീവ സാത്വികയും ആത്മീയമായി അക്കാലത്തെ എല്ലാ സ്ത്രീകളേക്കാൾ ഉയർന്ന നിലയിലു ള്ളവളുമായിരുന്നു. ചോദ്യമിതാണ്. എന്തുകൊണ്ട് ഖുർആൻ അവരെ സംബന്ധിച്ച് ഇത്ര വിശദമായ ഒരു പരാമർശം നടത്തി? ഈ ചോദ്യത്തിന് ഉത്തരം പറയുന്നതിന് മുമ്പായി അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ സ്ഥാപകനായ ഹദ്റത്ത് അഹ്മദ്(അ) ബറാഹീനെ അഹ്മദിയ്യയിൽ നിന്ന് അത് സംബന്ധമായി ഉന്നയിച്ച ഒരു തത്ത്വം വിശദീകരിക്കാനാഗ്രഹിക്കുന്നു. യഹൂദന്മാരുടെയും ക്രിസ്ത്യാനി കളുടേയും തർക്കങ്ങൾ പരിഹരിക്കാ നാണ് വിശുദ്ധ ഖുർആൻ അവതരിച്ചത് എന്ന കാര്യം നാം ശ്രദ്ധിക്കേണ്ടിയിരിക്കു ന്നു യഹൂദികളേയും ക്രിസ്ത്യാനി കളേയും സംബന്ധിക്കുന്ന ഏതൊരു വചനവും വ്യാഖ്യാനിക്കുന്നതിന് മുൻപായി യഹൂദികളും ക്രിസ്ത്യാ നികളും തമ്മിലുള്ള ഏത് തർക്കത്തി നാണ് ഖുർആൻ ഉത്തരം കാണാൻ ഉദ്ദേശിക്കുന്നതെന്ന് നാം വിശകലനം ചെയ്യേണ്ടതുണ്ട്.(ബറാഹീനെ അഹ്മദിയ്യ)

# ആത്മീയ വിപ്ലവം ഹൃദയ പരിവർത്തനത്തിലൂടെ

മനുഷ്യഹൃദയത്തിൽ സമൂലമായ പരിവർത്തനം വരുത്തി ഒരു പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുവാനാണ് വാഗ്ദത്ത മസീഹ് ആഗതനായത്.

മഹ്മൂദ് കൽക്കുളം

**വി**ശുദ്ധ ഖുർആൻ ദൈവിക വചനങ്ങളുടെ സമാഹാരമാകുന്നു. മാനവ സമൂഹത്തിന്റെ സർവതോന്മുഖമായ അഭിവൃദ്ധിക്കുതകുന്ന മാർഗ ദർശനങ്ങളാണ് അതിലടങ്ങിയിരിക്കുന്നത്. മാനവീയ ഗുണങ്ങളുടെ വികാസവും പൂർണതയും വിശുദ്ധ ഖുർആൻ ലക്ഷ്യമാക്കുന്നു. അഥവാ വിശുദ്ധ ഖുർആന്റെ മാർഗ ദർശനം സ്വായത്തമാക്കുക നിമിത്തം നൈസർഗിക ഗുണങ്ങൾ പ്രഭാപൂർണമാകുകയും അത് വഴി മനുഷ്യന് ആത്മീയോദ്ഗതി പ്രാപിക്കാൻ സാധിക്കുകയും ചെയ്യുന്നു. സ്വഭാവഗുണങ്ങളുടെ പൂർത്തീകരണത്തിന് വേണ്ടിയാണ്, താൻ നിയോഗിക്കപ്പെട്ടതെന്ന് നബി (സ) തിരുമേനി അരുളുകയുണ്ടായി. കേവലം മൃഗസമാനം കാലയാപനം ചെയ്തിരുന്ന ഒരു ജനസമൂഹത്തിലാണ് അവിടുന്ന് ഭൂജാതനായത്. അത്യന്തം ലജ്ജാകരവും അഭാസകരവുമായ ജീവിതം നയിച്ചിരുന്ന ആ ജനസമൂഹത്തെ സമുദ്ധരിച്ച്, അവരെ സംസ്കൃത ചിത്തരാക്കുകയും സർവോപരി ഉൽകൃഷ്ട സ്വഭാവ ഗുണങ്ങൾക്കുടമയാക്കുകയും ചെയ്തു എന്ന അദ്ഭുതകരവും അതുല്യവുമായ ദൗത്യമാണ് നബി തിരുമേനി(സ) ലോക സമക്ഷം നിർവഹിച്ചത്. തികച്ചും ലൗകിക തൃഷ്ണയിലകപ്പെട്ട് കഴിഞ്ഞിരുന്നവർ, വിശുദ്ധ ഖുർ ആന്റെ അനുശാസനകൾ പ്രകാരം തങ്ങളുടെ ജീവിതം അടുക്കും ചിട്ടയുമുള്ളതാക്കിയപ്പോൾ അവർ അത്മീയ നഭോമണ്ഡലത്തിലെ താരകങ്ങളായി തീർന്നു. ഭൂലോകത്തിന്റെ ജ്യോതിസ്സുകളായി മാറിയ അവർ പിന്നീട് അന്ധകാരത്തിലലയുന്നവർക്ക് വഴികാട്ടികളായി ***'നാം നിനക്ക് അവതരിപ്പിച്ചുതന്ന ഗ്രന്ഥമാണിത്. നീ മനുഷ്യരെ അവരുടെ നാഥന്റെ അനുമതിയോടെ അന്ധകാരത്തിൽ നിന്ന് പുറത്ത് കൊണ്ട് വന്ന് പ്രകാശത്തിലേക്ക് നയിക്കുന്നതിന് വേണ്ടി. അതായത് പ്രതാപവാനും സ്തുത്യർഹനുമായവന്റെ മാർഗത്തിലേക്ക് (വിഖു: 14: 2)*** വി: ഖുർആൻ മുഖേന നബി (സ)ലോകത്ത് വരുത്തിയ ആത്മീയ വിപ്ലവത്തെ ക്കുറിച്ച് വാഗ്ദത്ത മസീഹ് (അ) ഇങ്ങനെ വിവരിക്കുന്നു.'നമ്മുടെ നബി നായകൻ മുഹമ്മദ് മുസ്തഫ (സ) സത്യത്തിന്റെ അവതരണത്തിനായി അയക്കപ്പെട്ട ഒരു മഹാ പരിഷ്ക്കർത്താവ് ആയിരുന്നു. അപ്രത്യക്ഷമായ സത്യത്തെ അവിടുന്ന് വീണ്ടും ലോകത്ത് കൊണ്ട് വന്നു. സകല ലോകവും പൂർണമായും അന്ധകാരത്തിൽപെട്ടു കിടക്കുന്നതായിട്ടാണ് അവിടുന്ന് കണ്ടത്. അവിടുത്തെ ആവിർഭാവത്തോടെ ആ അന്ധകാരം പ്രകാശമായി മാറി. അവിടുന്ന് വെളിപ്പെട്ട ജനത മുഴുവനും തന്നെ ശിർക്കിന്റെ അഥവാ സൃഷ്ടിപൂജയുടെ മേലങ്കി അഴിച്ചു വെച്ച് തൗഹീദിന്റെ പുതപ്പണിയുന്നത് വരെ എന്നല്ല അവർ സത്യവിശ്വാസത്തിന്റെ അത്യുന്നത ശ്രേണിയിലെത്തുന്നത് വരെയും സത്യസന്ധതയുടെയും ആത്മാർഥതയുടെയും ദൃഢ വിശ്വാസത്തിന്റെയും അപദാനങ്ങൾ ലോകത്ത് മറ്റൊരു ജനവിഭാഗങ്ങളിലും കാണപ്പെടാത്ത വിധം അവരിൽ നിന്ന് വെളിപ്പെടുമാറാകുന്നത് വരെയും അദ്ദേഹം ദിവംഗതനായില്ല. ഈ വിജയം നബി(സ) തിരുമേനിക്കല്ലാതെ മറ്റൊരു പ്രവചകനും പ്രദാനം ചെയ്തിരുന്നില്ല..പരിപൂർണമായ ഈ പരിഷ്ക്കരണം തിരുനബി(സ)യുടെ മാത്രം സവിശേഷമായ ഒരു നേട്ടമാകുന്നു. അവിടുന്ന് മൃഗസമാനം കിരാതരായ ഒരു ജനവിഭാഗത്തിന് മനുഷ്യത്വം പഠിപ്പിച്ചു അല്ലെങ്കിൽ അദ്ദേഹം മൃഗസമാനരെ മനുഷ്യരാക്കിമാറ്റിയെന്നു പറയാം. പിന്നെ ആ മനുഷ്യരെ വിജ്ഞരാക്കി. വിജ്ഞരായ മനുഷ്യരെ അവിടുന്ന് ദൈവിക മനുഷ്യരാക്കി മാറ്റുകയും അത്മീയ ചൈതന്യം അവരിൽ ഊതി നിറക്കുകയും സത്യവുമായി അവരെ അടുപ്പിക്കുകയും ചെയ്തു' (ലക്ചർ സിയാൽ കോട്ട്)

**വിശുദ്ധ ഖുർആൻ: മഹനീയ പാഠങ്ങളുടെ കലവറ**

മനുഷ്യ ഹൃദയങ്ങളെ കീഴടക്കിക്കൊണ്ടുള്ള യഥാർഥ വിപ്ലവമാണ് റസൂൽ തിരുമേനി(സ) ലോകത്ത് വരുത്തിയത്. പ്രലോഭനങ്ങളും ബലാൽക്കാരവും മുഖേന ഹൃദയങ്ങളിൽ സ്വാധീനമുണ്ടാക്കുവാൻ കഴിയുകയില്ല എന്നത് സുവിദമാണ്. നിരന്തരമായ പ്രബോധനങ്ങളി ലൂടെയും ഉപദേശങ്ങളിലൂടെയും മനുഷ്യ ഹൃദയങ്ങളിൽ സമൂലമായ ഹൃദയ പരിവർത്തനങ്ങളുണ്ടാക്കിയ നബി (സ) തിരുമേനി ഖുർആനികാദ്ധ്യാപനങ്ങളുടെ ജീവൽ പ്രതീകമായിരുന്നു. വിശുദ്ധ ഖുർആൻ മത വിശ്വാസത്തെ മനുഷ്യന്റെ ഹൃദയവുമായിട്ടാണ് കുട്ടിയിണക്കുന്നത്. ഹൃദയവുമായി ബന്ധമില്ലാത്ത ഉപരിപ്ലവമായ വിശ്വാസ പ്രഖ്യാപനത്തിന് യാതൊരു പ്രസക്തിയുമില്ലെന്ന് അത് വിളംബരപ്പെടുത്തുന്നു. ബലാൽക്കാരത്തിലൂടെ വിശ്വാസം അടിച്ചേൽപ്പിക്കുന്നതിനെ അത് നിശിതമായി വിലക്കുന്നുണ്ട്. ***'മതത്തിൽ യാതൊരു വിധത്തിലുള്ള ബലാൽക്കാരവുമില്ല. തീർച്ചയായും സന്മാർഗം ദുർമാർഗത്തിൽ നിന്നും വ്യതിരിക്തമായിരിക്കുന്നു. അതിനാൽ ആർ ദുഃശ്ശക്തികളെ നിരാകരിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ തീർച്ചയായും അവൻ ഏറ്റവും ഉറപ്പുള്ള കൈപ്പിടിയിലാണ് പിടിച്ചിരിക്കുന്നത് (എന്ന് ധരിച്ചു കൊള്ളുക.) അത് ഒരിക്കലും മുറിഞ്ഞു പോകുകയില്ല. അല്ലാഹു എല്ലാം കേൾക്കുന്നവനും നല്ല വണ്ണം കാണുന്നവനുമാകുന്നു.'*** (വി. ഖുർആൻ 2:257) ***'പറയുക ഇത് നിന്റെ നാഥനിൽ നിന്നുള്ള സത്യമാണ്, അത് കൊണ്ട്***

***ഏതൊരാൾ ഉദ്ദേശിക്കുന്നുവോ അവൻ വിശ്വസിക്കട്ടെ ഏതൊരുവൻ അവിശ്വസിക്കുന്നുവോ അവൻ അവിശ്വസിക്കട്ടെ' (18:30)***

സന്മാർഗസരണി സ്പഷ്ടവും തെളിമയാർന്നതുമാണെന്നതിൽ സ്വയം പ്രചോദിതരായി സന്മാർഗമാശ്ലേഷിക്കുവാനാണ് വിശുദ്ധ ഖുർആൻ ആഹ്വാനം ചെയ്യുന്നത്. ഒരാളിൽ വിശ്വാസം അടിച്ചേൽപ്പിക്കുമ്പോൾ നിഷ്ക്കപടവും ആത്മാർഥവുമായ രീതിയിൽ കർമങ്ങളനുഷ്ഠിക്കുവാൻ അയാൾക്ക് കഴിയുകയില്ല. എന്നാൽ ദൈവസമക്ഷം സ്വീകാര്യമായി തീരുന്നത് അപ്രകാരം ചെയ്യുന്ന കർമങ്ങളായിരിക്കുമെന്ന് വി.ഖുർആൻ പഠിപ്പിക്കുന്നു. അഥവാ പ്രദർശന ഭാവത്തിൽ നടത്തുന്ന ചെയ്തികളെല്ലാം കഠിനമായ ശിക്ഷയാണ് വിധിച്ചിട്ടുള്ളത് '***കപട വിശ്വാസികൾക്ക് തീർച്ചയായും നരകത്തി ന്റെ ഏറ്റവും അടിത്തട്ടിലായിരിക്കും (വീഴ്ത്തപ്പെടുന്നത്) അവർക്ക് നീ ഒരിക്കലും ഒരു സഹായി യേയും കണ്ടെത്തുകയില്ല.' (4:148)*** എന്ന് വിശുദ്ധ ഖുർആൻ ജാഗ്രതപ്പെടുത്തുന്നു. ചുരുക്കത്തിൽ ഹൃദയം കൊണ്ട് സത്യപ്പെടുത്തുന്ന വിശ്വാസം അധരം കൊണ്ട് ഏറ്റുപറയുകയും കർമങ്ങളിലൂടെ പ്രതിഫലിച്ചു കാണിക്കുകയും ചെയ്യുമ്പോഴാണ് അത് മനുഷ്യന്റെ ആത്മ മുക്തിക്ക് നിദാനമായി തീരുന്നത്.

നിങ്ങളുടെ മുഖങ്ങൾ കിഴക്കും പടിഞ്ഞാറും തിരിക്കുന്നതിൽ പുണ്യമൊന്നുമില്ല. എന്നാൽ അല്ലാഹുവിലും അന്ത്യദിനത്തിലും മലക്കുകളിലും (അല്ലാഹുവിന്റെ) ഗ്രന്ഥത്തിലും പ്രവാചകന്മാരിലും വിശ്വസിക്കുകയും അവനോടുള്ള സ്നേഹം നിമിത്തം അടുത്ത ബന്ധുക്കൾക്കും അനാഥർക്കും അഗതികൾക്കും വഴിയാത്ര ക്കാരനും (ധനസഹായം) ആവശ്യപ്പെടുന്നവർക്കും അടിമകളെ മോചിപ്പിക്കുതിനും ധനം നൽകുകയും നമസ്ക്കാരം നിലനിർത്തുകയും സക്കാത്ത് കൊടുക്കുകയും കരാർ ചെയ്താൽ പാലിക്കുകയും കഷ്ടപ്പാടിലും ദുരിതാവസ്ഥയിലും സഹനം കൈകൊള്ളുകയും യുദ്ധാവ സരത്തിൽ സ്ഥിരപാദരായി വർത്തിക്കുകയും ചെയ്യുന്നവരത്രെ സാക്ഷാൽ പുണ്യവാന്മാർ. അവർ സത്യം പാലിച്ച വരാണ്. അവർ തന്നെയാണ് യഥാർഥ ഭക്തന്മാർ (വി: ഖുർആൻ 2:178)

### ആത്മീയ വിപ്ലവം ഹൃദയ പരിവർത്തന ത്തിലൂടെ

ദൈവനിയുക്തരായ അമ്പിയാക്കളെല്ലാം ഹഖീഖി ഇൻക്വിലാബ് അഥവാ യഥാർഥവിപ്ലവമാണ് ലോകത്തുണ്ടാക്കിയത്. ജനമനസ്സുകളെ അവർ ആഴത്തിൽ സ്വാധീനിക്കുകയുണ്ടായി. ഉപരിപ്ലവമായ രീതിയിലല്ല മറിച്ച് അഗാധമായ തലത്തിലുള്ള പരിവർത്തനമാണ് അവർ ജനഹൃദയങ്ങളിലുണ്ടാക്കിയത്. ഈ രൂപത്തിൽ മാത്രമേ ഒരു നവലോക ക്രമം സൃഷ്ടിക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ ഒരു നവ ലോക ക്രമം വിഭാവന ചെയ്ത് രംഗ പ്രവേശനം ചെയ്തിട്ടുള്ള ഭൗതിക പ്രസ്ഥാനങ്ങളെല്ലാം കേവലം മനുഷ്യന്റെ ബാഹ്യ ശരീരത്തെയാണ് ലക്ഷ്യമാക്കുന്നത്. അഥവാ അത്മാവിനെ പൂർണമായും മാറ്റി നിർത്തിക്കൊണ്ട് ബാഹ്യശരീരത്തിന് ഐശ്വര്യ പൂർണമായ ഒരവസ്ഥ അവർ സ്വപ്നം കാണുന്നു. എന്നാൽ അത്മാവും ശരീരവും പൂർണമായും സംരക്ഷിക്കപ്പെടുന്ന സമ്പൂർണമായ ജീവിത വ്യവസ്ഥ മാത്രമേ ശാശ്വത വിജയം കൈവരി കയുള്ളൂ. മേൽ വിവരിച്ചത് പോലെ ഗതകാല ദൂതന്മാരെല്ലാം ലോകത്ത് മഹത്തായ വിപ്ലവമുണ്ടാക്കിയത് ബാഹ്യ ഗാത്രത്തിനെന്ന പോലെ ആത്മ പോഷണത്തിനുതകുന്ന മാർഗ ദർശനങ്ങൾ ലോകത്തിന് സമർപ്പിക്കുകയും അതിനനുസൃതമായി മനുഷ്യ മനസ്സുകളിൽ സ്വാധീനമുണ്ടാക്കുകയും ചെയ്തു കൊണ്ടാണ്. എന്നാൽ വിപ്ലവമെന്ന വാക്കു തന്നെ ഉപരിതല സ്പർശിയായ വീക്ഷണകോണിലൂടെ കാണുന്ന വരുണ്ട്. അതായത് മുഷ്ടി ചുരുട്ടി കലഹങ്ങളും പ്രശ്നങ്ങളുമുണ്ടാക്കി നേടിയെടുക്കുന്ന മാറ്റത്തിനാണ് അവർ പ്രസ്തുത പദം പ്രയോഗിക്കുന്നത്. മനുഷ്യ ഹൃദയത്തെയും ആത്മാവിനേയും സ്വാധീനിക്കുന്ന വിധത്തിലുള്ള പരിവർത്തനങ്ങളിലൂടെയാണ് ആത്യന്തികമായ വിപ്ലവം ലോകത്ത് സംജാതമാവുകയെന്ന കാര്യം അവർ പാടെ വിസ്മരിക്കുന്നു. അവരുടെ തത്ത്വശാസ്ത്രം വാസ്തവത്തിൽ മനുഷ്യന്റെ ആത്മീയ വികാസത്തിനും ഉന്നമനത്തിനും വിഘ്നമായിതീരുകയാണ് ചെയ്യുന്നത്. പ്രത്യേകഭൗതിക സാഹചര്യങ്ങളിൽ രൂപം കൊണ്ടിട്ടുള്ള മനുഷ്യ നിർമിത പ്രത്യയ ശാസ്ത്രങ്ങൾ ഒട്ടേറേ അപാകതകളുള്ളതും അപൂർണമായതുമാകുന്നു. ഉദാഹരണത്തിന് ഉള്ളവനിൽ നിന്ന് പിടിച്ചുവാങ്ങി ഇല്ലാത്തവന് നൽകണമെന്ന വാദം പകയും വിദ്വേഷവും അസൂയയും നാമ്പെടുക്കുന്നതിനും അത് ഹൃദയത്തിൽ അസ്വസ്ഥത സൃഷ്ടിക്കപ്പെടുന്നതിനും വഴിയൊരുക്കുകയാണ്ചെയ്യുന്നത്. വാസ്തവത്തിൽ സമാധാനപൂർണമായ ഐഹിക സ്വർഗം വിഭാവനം ചെയ്തു കൊണ്ട് രംഗ പ്രവേശനം ചെയ്തിട്ടുള്ളവർ മുന്നോട്ടു വെക്കുന്ന ചില തത്ത്വങ്ങൾ വിദ്വേഷാഗ്നിയുടെ വിത്ത് പാകുന്നവ കൂടിയാകുന്നു. എന്നാൽ വിശുദ്ധ ഖുർആൻ മനുഷ്യന്റെ നൈസർഗികഗുണങ്ങളെ വളർത്തിക്കൊണ്ടു വരുന്നതിനും പരിപോഷിപ്പിക്കുന്ന തിനുമുള്ള മാർഗദർശനങ്ങളാണ് നൽകുന്നത്. വി.ഖുർആൻ പറയുന്നു; '***അല്ലാഹുവിന്റെ പ്രീതിക്കു വേണ്ടി മാത്രമാണ്, നിങ്ങൾക്ക് ആഹാരം നൽകുന്നതെനും ഇതിന് നിങ്ങളിൽനിന്ന് എന്തെങ്കിലും പ്രതിഫലമോ കൃതജ്ഞതയോ ഞങ്ങൾ ഉദ്ദേശിക്കുന്നില്ലെന്നും പറയുന്നു.' (76:9-10)*** ആത്മീയോന്നമനത്തിനുള്ള മാനദണ്ഡം ഈ സൂക്തത്തിൽ അനാവരണം ചെയ്തിട്ടുണ്ട്. ശരീരത്തിനെന്നപോലെ ആത്മാവിന്റെ വികാസവും ഉറപ്പുവരുത്തുകയും അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള വാതായനം തുറന്നിടുകയുമാണ് വിശുദ്ധ ഖുർആൻ ചെയ്തിരിക്കുന്നത്. തന്റെ സഹജ വികാരങ്ങളായ അനുകമ്പ, ആർദ്രത, സ്നേഹം, സഹാനുഭൂതി എന്നിവ യഥോചിതം വെളിപ്പെടുത്തുവാനും പരിപോഷിപ്പിക്കുവാനും അത്‌വഴി ആത്മീയോന്നമനം കൈവരിക്കാനും മനുഷ്യന് സാധിക്കുന്നത് ദുരിതമനുഭവിക്കുന്ന ജനങ്ങളെ അവരുടെ കഷ്ടപ്പാടിന്റെയും ഞെരുക്കത്തിന്റെയും സന്ദർഭത്തിൽ വ്യക്തിപരമായ നിലയിൽ സഹായിക്കാനും സഹതാപം പ്രകടിപ്പിക്കാനുമുള്ള സാഹചര്യമുണ്ടാകുമ്പോഴാണ്. ചുരുക്കത്തിൽ അനുഭൂതി പ്രദാനം ചെയ്യുന്ന മനസ്സും സ്നേഹവും സഹവർത്തിത്വവും നിറഞ്ഞ ആന്തര ജീവിതവും ഇവ രണ്ടും സമന്വയിക്കുന്നതിലൂടെയാണ് നവലോകം കെട്ടിപടുക്കാനാവുന്നത് ഇത് മുഖേന ഒരു പുതിയ ആകാശവും പുതിയ ഭൂമിയും രൂപമെടുക്കുന്നു.

### പുതിയ ആകാശവും പുതിയ ഭൂമിയും

ദൈവദൂതൻ മുഖേന സംജാതമാവുന്ന നവലോകക്രമത്തിന്റെ സത്തയെ സംബന്ധിച്ച് വാഗ്ദത്ത മസീഹ് (അ) നൽകിയ വിവരണത്തിന്റെ ഒരു ഭാഗം ഇവിടെ കുറിക്കുന്നു. 'ലോകം വിഘടിച്ചു പോയിരിക്കുന്നു. ആകാശവും ഭൂമിയും സൃഷ്ടിച്ചവനാരോ അവനിലുള്ള വിശ്വാസം ജനങ്ങൾക്ക് നഷ്ടപ്പെട്ടു. അവനെകുറിച്ചുള്ള സ്മരണ ചുണ്ടുകളിൽ മാത്രം ഒതുക്കി. എന്നാൽ ഹൃദയങ്ങൾ അവനിൽ നിന്നകന്നു. അതിനാൽ ഇനി ഞാൻ പുതിയ

# ഉമ്മുൽമുഅ്മിനീൻ ഹദ്റത്ത് ഉമ്മുഹബീബഃ

## (റദിയല്ലാഹുഅൻഹാ)

മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ

**ഹ**ദ്റത്ത് മുഹമ്മദ് നബി(സ)യുടെ പരിശുദ്ധപത്നി ഉമ്മുൽമുഅ്മിനീൻ ഹദ്റത്ത് ഉമ്മുഹബീബഃ(റ)യെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്. ഹദ്റത്ത് ഉമ്മുഹബീബഃ(റ)യുടെ ജീവിതം തുടങ്ങുന്നത് ഇസ്ലാമിന്റെ ആരംഭ കാലത്താണ്. ഹദ്റത്ത് ഉമ്മുഹബീബഃ (റ) യും അവരുടെ ഭർത്താവ് ഉബയ്ദു ല്ലാഹ് ബിൻ ജഹ്ശും ഇസ്ലാം സ്വീകരിച്ചത് മുസ്ലീംകൾ അംഗുലീപരിമിതമായിരുന്ന കാലത്താ യിരുന്നു.

അവരെ ആരംഭകാല മുസ്ലീംകളിൽ സ്മരിക്കപ്പെടുന്നത് വലിയൊരു നല്ല കാര്യമാണ്. അതായത് ഇസ്ലാമിന്റെ ആരംഭകാലത്തുതന്നെ അവർക്കതു സ്വീകരിക്കാൻ ഭാഗ്യം ലഭിച്ചു. ഹദ്റത്ത് ഉമ്മുഹബീബഃ(റ)യുടെ രണ്ടാമത്തെ മഹത്വം ഇസ്ലാമിനുവേണ്ടിയുള്ള അവരുടെ ഹിജറത്താണ്. അല്ലാഹുവിനു വേണ്ടിമാത്രം സ്വദേശം വെടിയുന്നതിനെ യാണ് ഇസ്ലാമിൽ ഹിജറത്ത് എന്നു പറയുന്നത്. അതിനെ അല്ലാഹു വളരെ ഇഷ്ടപ്പെടുന്നു. അതിന് ഒരുപാടു പ്രതിഫലവും നൽകുന്നു. ഇസ്ലാമിൽ തുടക്കം കുറിക്കുകയും ഹിജറത്തു ചെയ്യുകയും ചെയ്തതിനുശേഷം ഏറ്റവും വലിയ സൗഭാഗ്യം അവർക്കു ലഭിച്ചത് നബി(സ)തിരുമേനിയുടെ ഭാര്യാപദം അലങ്കരിക്കുക എന്നതായി രുന്നു. ഇങ്ങനെ ഹദ്റത്ത് ഉമ്മുഹബീബഃ (റ) മനുഷ്യകുലോത്തമനുമായി അതായ തു ലോകത്തെ ഏറ്റവും നല്ല മനുഷ്യനു മായി കൂടിച്ചേരുകയും സകല വിശ്വാസി കൾക്കും മാതാവായിത്തീരുകയും ചെയ്തു. എത്ര വലിയ പാരിതോഷി കങ്ങളാണ് ഹദ്റത്ത് ഉമ്മുഹബീബഃ(റ) യ്ക്ക് ലഭിച്ചത്. അല്ലാഹു അവർക്കു സ്വർഗത്തിൽ ഉന്നതമായ സ്ഥാനം നല്കു മാറാകട്ടെ. അവരുടെ ഉപദേശം സ്വീകരിച്ച് നടക്കാൻ നമുക്കും ഭാഗ്യം ലഭിക്കുമാറാ കട്ടെ. ആമീൻ. ഇത്ര നല്ലൊരു സ്ത്രീ ഇസ്ലാമിന്റെ വൻശത്രുക്കളിലൊരാളായ അബൂസുഫിയാന്റെ മകളായിരുന്നു എന്നു കേൾക്കുമ്പോൾ നിങ്ങൾ അദ്ഭുത പ്പെടുമെന്ന കാര്യത്തിൽ സംശയമില്ല.

ഹദ്റത്ത് ഉമ്മുഹബീബഃ(റ)യുടെ യഥാർഥ പേര് റംല എന്നായിരുന്നു. ഉമ്മയുടെ പേര് സ്വഫിയഃ ബിൻത് അബുൽആസ്. ഒരു നിവേദനത്തിൽ അവരുടെ പേര് ഹിന്ദഃ എന്നായിരുന്നു വെന്നും വന്നിട്ടുണ്ട്. റംലായുടെ രണ്ടു സഹോദരന്മാരായിരുന്നു അമീർ മുആവിയായും യസീദും. ബനു ഉമയ്യ ഭരണകൂടത്തിന്റെ സ്ഥാപകനാണ് അമീർ മുആവിയഃ. യസീദു ബിൻ അബൂസു ഫിയാൻ മക്ക വിജയ ദിവസം ഇസ്ലാം സ്വീകരിച്ചു.

ഉബയ്ദുല്ലാഹ് ബിൻ ജഹ്ശിൽനിന്ന് ഹദ്റത്ത് ഉമ്മുഹബീബഃ(റ)യ്ക്ക് ഒരു പെൺകുട്ടി പിറന്നിരുന്നു. അവളുടെ പേര് ഹബീബഃ എന്നായിരുന്നു. ഇക്കാരണ ത്താലാണ് അവർ ഉമ്മുഹബീബഃ (ഹബീബഃയുടെഉമ്മ)എന്നറിയപ്പെട്ടത്. യഥാർഥ പേരിൽ അറിയപ്പെടുന്ന തിനേക്കാൾ കൂടുതൽ ഉമ്മുഹബീബഃ എന്ന പേരിലാണ് അവർ പ്രസിദ്ധയായത്. ഹദ്റത്ത് ഉമ്മുഹബീബഃ(റ)യുടെ ഭർത്താവ് ഉബയ്ദുല്ലാഹ് നബി(സ) തിരുമേനിയുടെ പിതൃസഹോദരിയുടെ മകനായിരുന്നു. മക്കയിൽ ബിംബാരാധന തിമിർത്താടിയിരുന്ന കാലമായിരുന്നു അത്. പക്ഷേ, ഉബയ്ദുല്ലാഹ് അതിൽനിന്ന് വിട്ടുനിന്നു. സ്രഷ്ടാവായ അല്ലാഹുവിനെ ഏകനായി മനസ്സിലാക്കി. അതുകൊണ്ടു ഇസ്ലാമിന്റെ സന്ദേശം കിട്ടിയയുടനെ തന്റെ ഭാര്യയോടൊപ്പം അതു സ്വീകരിച്ചു.

പാവപ്പെട്ടവരും ദുർബലരുമായിരുന്നു ഇസ്ലാമിലെ ആരംഭകാല വിശ്വാസികൾ. ജനങ്ങൾ അവർക്കു ഒരു പ്രാധാന്യവും നല്കിയിരുന്നില്ല. മുഷ്ടിയിൽ ഒതുങ്ങിയ മുസ്ലീംകൾ ഒരു സ്വഹാബിയായ ഹദ്റത്ത് അർഖം(റ)ന്റെ വീട്ടിൽ സംഘടിക്കാറുണ്ടായിരുന്നു. അവിടെ ആരാധനാകർമങ്ങൾ അനുഷ്ഠിക്കുകയും നബി(സ)തിരുമേനിയുടെ പുതിയ പുതിയ നിർദേശങ്ങൾ കേൾക്കുകയും ചെയ്തി രുന്നു. എന്നാൽ, മെല്ലെ മെല്ലെ കൂടുത

---

ആകാശവും പുതിയ ഭൂമിയും സൃഷ്ടി ക്കുന്നതാണെന്ന് ദൈവം എന്നെ അറിയിച്ചിരിക്കുന്നു. അതിന്റെ അർഥ മിതാണ്. ഭൂമി നിർജീവമായിരിക്കുന്നു. അഥവാ ഭൂതലത്തിലുള്ള ജനങ്ങളുടെ ഹൃദയങ്ങൾ കഠിനങ്ങളായി തീർന്നി രിക്കുന്നു. അവ മൃതമായി മാറിയിരിക്കു കയാണ്. ദൈവത്തിന്റെ മുഖം അവരിൽ നിന്നും അപ്രത്യക്ഷമായി. ഗതകാല സ്വർഗീയ ദൃഷ്ടാന്തങ്ങളെല്ലാം കേവലം കഥകളെന്നോണമായി. തന്മൂലം പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടി ക്കുവാൻ ദൈവം ഇച്ഛരിക്കുന്നു. എന്താണ് പുതിയ ഭൂമി? പുതിയ ആകാശം എന്നാൽ എന്താണ്? ദൈവം തന്റെ കര ങ്ങളാൽ തയ്യാറാക്കിയ പരിശുദ്ധ ഹൃദയങ്ങളാണ് പുതിയ ഭൂമി എന്നത് കൊണ്ട് അർഥമാക്കപ്പെടുന്നത്. പുതിയ ആകാശമെന്നാൽ ദൈവത്തിന്റെ പിന്തുണ യാൽ അവന്റെ ദാസന് വെളിപ്പെട്ടു കൊണ്ടിരിക്കുന്ന സ്വർഗീയ ദൃഷ്ടാന്ത ങ്ങളാണ്. എന്നാൽ പരിതാപകരം! ലോകം ദൈവത്തിന്റെ ഈ പുതിയ വെളിച്ചത്തോട് ശത്രുത പുലർത്തി യിരിക്കുന്നു! ലോകരുടെ പക്കൽ കേവലം കഥകളല്ലാതെ മറ്റൊന്നുമില്ല. അവരുടെ ദൈവമാണെങ്കിൽ ഭാവനയിലുള്ളതും അവരുടെ ഹൃദയം വക്രവും നിശ്ചയ ദാർഢ്യം ക്ഷയിച്ചതുമാകുന്നു. അവരുടെ നയനങ്ങൾ മൂടപ്പെട്ടതുമാകുന്നു (കശ്തീനൂഹ്)

ലാളുകൾ ഇസ്‌ലാമിലേക്കു ശ്രദ്ധിക്കാൻ തുടങ്ങിയപ്പോൾ പതുക്കെപ്പതുക്കെ മക്കയിലെ നിഷേധികൾ ഞെട്ടാനും തുടങ്ങി. പിന്നീടു ഹദ്റത്ത് ഉമർ(റ) ഇസ്‌ലാം സ്വീകരിക്കുകയും അത് പരക്കുകയും ചെയ്തു. മക്കയിലെ ദുർബലരായ ആളുകളിൽ അപ്പോൾ ഇസ്‌ലാം ഒതുങ്ങി നിന്നില്ല. ഹദ്റത്ത് ഉമറിനെപ്പോലുള്ള ധീരനും നിർഭയനുമായ നേതാവും ഇസ്‌ലാമിൽ ചേർന്നതോടെ തുറന്ന നിലയിലുള്ള എതിർപ്പും ആരംഭിച്ചു. പലരീതിയിലും ബുദ്ധിമുട്ടിക്കാൻ തുടങ്ങി. മുസ്‌ലീംകളിലാരെങ്കിലും ആരോടെങ്കിലും ഇസ്‌ലാമിനെക്കുറിച്ചു സംസാരിച്ചാൽ കേൾക്കാൻ അനുവദിച്ചിരുന്നില്ല. ലോകത്തു വന്നിട്ടുള്ള സകല നബിമാർക്കും ശക്തമായ എതിർപ്പുകൾ നേരിടേണ്ടി വന്നിട്ടുണ്ടെന്ന് നമുക്കറിയാം. എല്ലാ നബിമാരേയും അവരിൽ വിശ്വസിച്ചവരേയും കഠിനമായി പീഡിപ്പിച്ചിരുന്നു.

മക്കക്കാരുടെ അക്രമം അതിരുകടന്നപ്പോൾ അല്ലാഹുവിന്റെ ദൂതനായ ഹദ്റത്ത് മുഹമ്മദു നബി(സ) തന്റെ സ്നേഹിതന്മാരെ വിളിച്ചിട്ടു പറഞ്ഞു: 'പടിഞ്ഞാറു ഭാഗത്ത് കടൽ കടന്നാൽ ഒരു സ്ഥലമുണ്ട്. അല്ലാഹുവിനെ ആരാധിക്കുന്നു എന്ന കാരണത്താൽ അവിടെ ആരേയും ദ്രോഹിക്കാറില്ല. മതം മാറുന്നതുകൊണ്ടു ആരേയും കൊല്ലാറുമില്ല. അവിടെ നീതിമാനായ ഒരു രാജാവുണ്ട്. നിങ്ങൾ ഹിജറ ചെയ്തു അവിടെ പൊയ്ക്കൊള്ളുവിൻ. ഒരു പക്ഷേ, സുഗമമായ ജീവിതം നിങ്ങൾക്കവിടെ ലഭിക്കും. നബി(സ) തിരുമേനിയുടെ ആ നിർദേശ മനുസരിച്ച് കുറച്ചു മുസ്‌ലിം പുരുഷന്മാരും സ്ത്രീകളും കുട്ടികളും അബീസീനിയായിലേക്കു (ഹബ്ശഃ)പോയി. മക്കയിൽനിന്ന് പുറപ്പെട്ടുപോകുക എന്നതു അവർക്കു അസഹ്യമായിരുന്നു. മക്കക്കാർ തങ്ങളെ കഅ്ബഃ ദേവാലയത്തിന്റെ മുത്തവല്ലിയായി കരുതിയിരുന്നവരാണ്. അവിടെ നിന്ന് പുറത്തുപോകുക എന്നത് അവർക്കു വല്ലാത്തൊരു ആഘാതമായിരുന്നു. ലോകത്തു മറ്റൊരു മാർഗവും കാണാത്ത വ്യക്തിക്കു മാത്രമെ ഇങ്ങനെയൊരു കാര്യം പറയാനൊക്കുകയുള്ളു.

അബീസീനിയായിൽ ക്രൈസ്തവ ഭരണമായിരുന്നു. അവിടത്തെ രാജാവിനെ നജ്ജാശി എന്നാണ് വിളിച്ചിരുന്നത്. അപ്പോഴത്തെ രാജാവിന്റെ പേര് 'അസ്ഹമഃ' എന്നായിരുന്നു. അദ്ദേഹത്തെ അസ്ഹമ നജ്ജാശി യെന്നോ വെറും നജ്ജാശിയെന്നോ ജനങ്ങൾ പറഞ്ഞിരുന്നു. ഈ രാജാവ് നല്ലയാളായിരുന്നു. അദ്ദേഹം ഹിജറചെയ്തു ചെന്നവരോടു നല്ലനിലയിൽ പെരുമാറി. നബി(സ)തിരുമേനി പ്രവാചകത്വം വാദിച്ച് അഞ്ചു വർഷം കഴിഞ്ഞപ്പോൾ രഹസ്യമായി ഹിജറപോയവരുടെ അംഗസംഖ്യ 100-ൽ അധികമായി. ഈ ഹിജറപോയവരിൽ ഉബയ്ദുല്ലാഹ് ബിൻ ജഹ്ശും ഹദ്റത്ത് ഉമ്മുഹബീബഃ(റ) യുമുണ്ടായിരുന്നു. ഉബയ്ദുല്ലായുടെ ദൗർഭാഗ്യമെന്നു പറയട്ടെ, ഏതോ കാരണത്താൽ അയാളുടെ മനസ്സ് ഇസ്‌ലാമിൽനിന്ന് വ്യതിചലിച്ചു. അയാൾ മുർത്തദ്ദായി. അതേ അവസ്ഥയിൽ ഹബ്ശഃയിൽവച്ച് മരിക്കുകയുംചെയ്തു.

ഹദ്റത്ത് ഉമ്മുഹബീബഃ(റ)യ്ക്ക് അല്ലാഹു സത്സ്വപ്നങ്ങൾ കാണിക്കാറുണ്ടായിരുന്നു. ഭാവിയിലെന്താണ് സംഭവിക്കാൻ പോകുന്നതെന്ന് അവർ അതിൽനിന്ന് ഗ്രഹിച്ചെടുക്കുമായിരുന്നു. ഹദ്റത്ത് ഉമ്മുഹബീബഃ(റ) പറയുന്നു: "ഞാൻ എന്റെ ഭർത്താവ് ഉബയ്ദുല്ലായെ അങ്ങേയറ്റം പരിതാപകരവും വെറുക്കപ്പെട്ടതുമായ അവസ്ഥയിൽ കണ്ടു. അതു കണ്ടപ്പോൾ ഞാൻ വല്ലാതെ പരിഭ്രമിച്ചുപോയി. അയാൾക്കുണ്ടാകാൻ പോകുന്ന സ്വഭാവമാറ്റമാണതെന്ന് ഞാൻ അതിനെ വ്യാഖ്യാനിച്ചു. നേരം വെളുത്തപാടെ ഉബയ്ദുല്ലാഹ് പറഞ്ഞു: 'ഉമ്മുഹബീബാ! ഞാൻ മതങ്ങളെക്കുറിച്ചു ചിന്തിച്ചു. ക്രൈസ്തവ മതത്തെക്കാൾ നല്ലതായി മറ്റൊരു മതത്തേയും എനിക്കു കാണാൻ കഴിഞ്ഞിരുന്നില്ല. ഞാൻ അതിന്റെ അടുത്ത് എത്തിയതായിരുന്നു. പിന്നീടു ഞാൻ മുഹമ്മദിന്റെ മതം സ്വീകരിച്ചു. ഇപ്പോൾ വീണ്ടും ഞാൻ ക്രിസ്ത്യാനി ആകുകയാണ്.' ഇതുകേട്ട് ഞാൻ പറഞ്ഞു: 'അല്ലാഹുവാണ! ആ മതത്തിൽ നിങ്ങൾക്കൊരു നന്മയുമില്ല.' എന്നിട്ട് ഞാൻ കണ്ട സ്വപ്നവും അയാളോടു പറഞ്ഞു. പക്ഷേ, അയാൾ സ്വപ്നത്തിനു ഒരു പരിഗണനയും നല്കിയില്ല. മദ്യപാനം തുടങ്ങി. അതിൽതന്നെ മരിക്കുകയും ചെയ്തു. പിന്നീടു ഒരാൾ എന്നെ 'ഉമ്മുൽ മുഅ്മിനീൻ' എന്നു വിളിക്കുന്നതായിട്ട് ഞാൻ സ്വപ്നം കണ്ടു. പരിഭ്രമിച്ച് ഞാൻ ചാടിയെഴുന്നേറ്റു. നബി(സ)തിരുമേനി എന്നെ വിവാഹം കഴിക്കുമെന്ന് ഞാൻ ആ സ്വപ്നത്തെ വ്യാഖ്യാനിച്ചു."

അല്ലാഹു ഹദ്റത്ത് ഉമ്മുഹബീബഃ(റ) യുടെ മനസ്സ് ഉറപ്പിച്ചു നിറുത്തുകയും അവർ ഇസ്‌ലാമിൽ നിലകൊള്ളുകയും ചെയ്തു. ഇത്രയും കാലത്തിനിടയിൽ ഹദ്റത്ത് ഉമ്മുഹബീബഃ(റ) എത്രമാത്രം വിഷമങ്ങളാണ് സഹിച്ചതെന്ന് നിങ്ങൾ ചിന്തിച്ചുനോക്കുക. അബൂസുഫിയാൻ എന്ന അക്രമിയായ പിതാവിനെ നേരിടുക. പിറന്ന നാടു ഉപേക്ഷിക്കുക; അതും വളരെ പ്രയാസത്തോടെ. വിദേശത്തുവച്ച് ഭർത്താവിന്റെ മതപരിത്യാഗം. പിന്നീടു വിധവാജീവിതം. അങ്ങനെ എത്രയെത്ര വിഷമങ്ങളായിരുന്നു അവർ നേരിട്ടത്. അബലയായ ഒരു സ്ത്രീയുടെ മനസ്സ് എങ്ങനെ ഇത്രമാത്രം ഉറച്ചുനിന്നു എന്നാണ് നോക്കേണ്ടത്. അവിടെയാണ് അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹം കാണാൻ കഴിയുന്നത്. ഒരു ഭാഗത്ത് ഒന്നിനു പിറകെ ഒന്നായി പ്രയാസങ്ങൾ വന്നുകൊണ്ടിരിക്കുന്നുവെങ്കിൽ മറുഭാഗത്ത് ഒന്നിനു ശേഷം ഒന്നായി അനുഗ്രഹങ്ങളുടെ കവാടങ്ങൾ തുറന്നുകൊണ്ടി രിക്കുന്നു. അല്ലാഹു ആരെയെങ്കിലും സ്നേഹിച്ചാൽ പിന്നെ അവനെ നല്ലവണ്ണം സഹായിക്കുന്നു. മുഴു ലോകത്തിനും കാരുണ്യമായ നബി(സ) ഹദ്റത്ത് ഉമ്മുഹ ബീബഃ (റ)യുടെ ബുദ്ധിമുട്ടുകളെക്കുറിച്ചും വിഷമങ്ങളെക്കുറിച്ചും അറിഞ്ഞു. ഈ അക്രമിക്കപ്പെട്ട സ്ത്രീ ഒരു നേതാവിന്റെ മകളാണെന്നും നേതാവിനേ ചേരുകയുള്ളുവെന്നും അതുകൊണ്ട് അവരെ സഹായിക്കാനും വിവാഹം ചെയ്തു വീട്ടിൽ കൊണ്ടു വരാനും അല്ലാഹു നബി(സ)യ്ക്ക് തോന്നിപ്പിക്കുകയായിരുന്നു.

മക്കയിലെ നേതാക്കന്മാരെക്കുറിച്ച് നാം അറിഞ്ഞിരിക്കേണ്ട ചില കാര്യങ്ങളുണ്ട്. അറേബ്യയിൽ നിലനിന്നിരുന്നത് ഗോത്രവ്യവസ്ഥിതിയായിരുന്നു. ഓരോ ഗോത്രത്തിനും അവരുടെ നേതാവുണ്ടായിരുന്നു. അവരെ വിളിച്ചിരുന്നത് റഈസ് എന്നാണ്. ഒരു ഗോത്രത്തിലെ പെൺകുട്ടി മറ്റൊരു ഗോത്രത്തിലെ ആൺകുട്ടിയെ വിവാഹം കഴിച്ചാൽ ആ ഗോത്രങ്ങൾ തമ്മിൽ സുഹൃത്ബന്ധത്തിലാകുക പതിവായിരുന്നു. ഒരു ഗോത്രം മറ്റൊരു ഗോത്രവുമായി യുദ്ധമുണ്ടായാൽ തലമുറ തലമുറ കൈമാറി ചിലപ്പോൾ വർഷങ്ങളോളം അതു നീണ്ടുനില്ക്കുമായിരുന്നു. ആ ഘട്ടത്തിലാണ് നബി(സ)തിരുമേനി ഇസ്‌ലാമിന്റെ സന്ദേശവുമായി വരുന്നത്. സമാധാന സംസ്ഥാപനമായിരുന്നു അതിന്റെ ഉദ്ദേശ്യം. നബി(സ) തിരുമേനി ഖുറയ്ശീ നേതാക്കളുടെ പെൺമക്കളെ വിവാഹം ചെയ്ത് സമാധാനത്തിന്റേയും സ്നേഹ

ത്തിന്റേയും അന്തരീക്ഷം സൃഷ്ടിച്ചു. വിശുദ്ധ ഖുർആനിൽ രേഖപ്പെടുത്തിയിരിക്കുന്നു: 'നിങ്ങൾക്കും നിങ്ങൾ ഏതൊരുകൂട്ടരുമായികൂടുതൽ ശത്രുതയിൽ വർത്തിക്കുന്നുവോ അവർക്കും തമ്മിൽ അല്ലാഹു സ്നേഹമുണ്ടാക്കിയെന്നു വരാം.'(60:8)

അതങ്ങനെതന്നെ സംഭവിച്ചു. ഉഹുദു, അഹ്സാബ് തുടങ്ങിയ യുദ്ധങ്ങളിൽ അബൂസുഫിയാൻ ശത്രുസൈന്യത്തിന്റെ സേനാധിപതിയായിരുന്നു. ഈ വിവാഹത്തിനുശേഷം സന്ധിശ്രമങ്ങളിൽ വ്യാപൃതനായി കാണാൻ തുടങ്ങി.

ഹബ്ശയിലേക്കുള്ള ഹിജറത്തിനെ സംബന്ധിച്ചാണ് പറഞ്ഞു വന്നത്. അത് നടന്നത് പ്രവാചകത്വത്തിന്റെ 5-ാം വർഷമായിരുന്നു. നുബുവ്വത്ത് അഥവാ പ്രവാചകത്വത്തിനുശേഷം 13 വർഷം നബി(സ)മക്കയിൽ താമസിച്ചു. പിന്നീടു മക്കയിൽനിന്ന് ഹിജറ ചെയ്യാൻ നിർബന്ധിതനായി. അങ്ങനെ നബി(സ) മദീനയിൽ വന്നു.

ഇനിയങ്ങോട്ടു പറയാൻപോകുന്നത് ഹിജറത്തിനു ശേഷമുള്ള സംഭവങ്ങളാണ്.ഹിജറത്തിനുശേഷം മദീനയിലെ അവസ്ഥകൾ മുമ്പേയുള്ളതിനെ അപേക്ഷിച്ച് സമാധാനപരമായിരുന്നു. അതുകൊണ്ടു നബി(സ) പ്രബോധന പരിപാടികൾക്കു ആക്കം കൂട്ടി. ആ പരിപാടികളിലൊന്ന് ഇസ്ലാമിലേക്കു ക്ഷണിച്ചുകൊണ്ട് രാജാക്കന്മാർക്കു കത്തെഴുതുക എന്നതായിരുന്നു. ഹിജറ 7-ാം വർഷമാണ് ആ കത്തുകൾ എഴുതിയത്.

ഒരു കത്ത് ഹബ്ശയിലെ രാജാവായ അസ്ഹമഃ നജ്ജാശിക്കും അയച്ചുകൊടുത്തു. രാജാവ് നബി(സ) തിരുമേനിയുടെ കത്ത് ബഹുമാന പുരസരം കണ്ണുകളിൽ മുട്ടിക്കുകയും ഇസ്ലാം സ്വീകരിക്കുകയും ചെയ്തു. ഈ കത്ത് നബി(സ) ഹദ്റത്ത് അംറ് ബിൻ ഉമയ്യഃ അദ്ദമരിയ(റ)യുടെ കൈയിലാണ് കൊടുത്തയച്ചത്. അതിനോടൊപ്പം വ്യക്തിപരമായ ഒരു കത്തും കൊടുത്തയച്ചിരുന്നു. തന്റെ നിക്കാഹ് അബുസുഫിയാന്റെ മകൾ ഹദ്റത്ത് ഉമ്മുഹബീബഃ(റ)യുമായി നടത്താനും അതിൽ നബി(സ)പറഞ്ഞിരുന്നു. മറ്റൊന്ന് എഴുതിയിരുന്നത് ദീർഘകാലമായിട്ട് ഹബ്ശയിൽ കഴിയുന്ന ഹദ്റത്ത് ജഅ്ഫർ ബിൻ അബീത്വാലി ബിനേയും അദ്ദേഹത്തിന്റെ സ്നേഹിതന്മാരേയും തിരിച്ചയക്കാനുള്ള ഏർപാടുചെയ്യുക എന്നതായിരുന്നു.

അസ്ഹമ നജ്ജാശീ നബി(സ)യുടെ രണ്ടു കല്പനകളും പാലിച്ചു. ഉടൻ നിക്കാഹിനുള്ള ഒരുക്കങ്ങൾ തുടങ്ങി. ആദ്യം ഹദ്റത്ത് ഉമ്മുഹബീബഃ(റ)യോടു, നബി(സ)തിരുമേനിയുടെ കത്തു വന്നിട്ടുണ്ട് അതിലിങ്ങനെ എഴുതിയിരിക്കുന്നു, നിങ്ങളുടെ അഭിപ്രായം എന്താണെന്ന് ചോദിച്ചു.

ഹദ്റത്ത് ഉമ്മുഹബീബഃ(റ) ആ ധന്യമായ മഹൂർത്തം സ്മരിച്ചുകൊണ്ടു പറയുന്നു: ''ഇദ്ദ പൂർത്തിയായതേ ഉണ്ടായിരുന്നുള്ളു, എന്റെ വീട്ടുപടിക്കൽ നജ്ജാശീ രാജാവിന്റെ ദൂതൻ വന്ന് അകത്തുവരാൻ അനുവാദം ചോദിച്ചു. അബ്റഹഃ (ഹദ്റത്ത് ഉമ്മുഹബീബഃ (റ)യുടെ ഭൃത്യ, വസ്ത്രങ്ങളുടേയും എണ്ണയുടേയും മറ്റും ഏർപാടു ചെയ്തിരുന്നത് ഈ ഭൃത്യയായിരുന്നു) എന്റയടുക്കൽ വന്നു പറഞ്ഞു: 'നബി(സ)തിരുമേനി, നിങ്ങളുടെ നിക്കാഹ് താനുമായി നടത്താൻ തനിക്കെഴുതിയിരിക്കുന്നതായി രാജാവ് പറഞ്ഞയച്ചിരിക്കുന്നു. നിങ്ങൾക്കു സന്തോഷവാർത്തയും അറിയിച്ചിട്ടുണ്ട്. നിങ്ങളുടെ വക്കീലായി ആരെയെങ്കിലും നിശ്ചയിക്കാനും പറഞ്ഞിട്ടുണ്ട്'.

ഹദ്റത്ത് ഉമ്മുഹബീബഃ(റ)യ്ക്ക് ആ സന്ദേശം കേട്ടപ്പോൾ അതിരറ്റ സന്തോഷമുണ്ടായി. ഹദ്റത്ത് ഉമ്മുഹബീബഃ(റ) ഹദ്റത്ത് ഖാലിദ് ബിൻ സഈദ് ബിൻ അൽആസ്വിനെ വിളിപ്പിച്ചു. അദ്ദേഹത്തെ തന്റെ വക്കീലായി നിശ്ചയിച്ചു. അല്ലാഹുവിന് നന്ദി പറയുകയും സന്ദേശമെത്തിച്ച ഭൃത്യയ്ക്ക് സന്തോഷംകൊണ്ട് വെള്ളിയുടെ രണ്ടുവളയും, ഒരു ബ്രേസ്ലറ്റും, തന്റെ കൈയിലുണ്ടായിരുന്ന എല്ലാ മോതിരങ്ങളും സമ്മാനമായി നല്കുകയും ചെയ്തു.

വൈകുന്നേരം നജ്ജാശി ഹദ്റത്ത് ജഅ്ഫർ (റ) ബിൻ അബീത്വാലിബിനേയും എല്ലാ മുസ്ലീംകളേയും വിളിപ്പിച്ചു. എല്ലാവരും എത്തിക്കഴിഞ്ഞപ്പോൾ അവരെ സംബോധനചെയ്തു: 'രാജാവും എല്ലാ ന്യൂനതകളിൽനിന്നും കുറവുകളിൽനിന്നും പരിശുദ്ധനും സമാധാനസമ്രാട്ടും അഭയദാതാവും പ്രതാപവാനും ആദരമുടയവനും പൊട്ടിയതിനെ കൂട്ടിയോജിപ്പി ക്കുന്നവനുമായ അല്ലാഹുവിനാകുന്നു എല്ലാ മഹത്വവും. അല്ലാഹുവിനെക്കൂടാതെ ഒരാരാധ്യനുമില്ലെന്നും മുഹമ്മദ് അവന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. ഈസാ(അ) സുവാർത്ത അറിയിച്ച ആൾതന്നെയാണ് മുഹമ്മദു(സ). അമ്മാ ബഅ്ദ് തന്റെ നിക്കാഹ് ഉമ്മുഹബീബയുമായി നടത്താൻ നബി(സ) എനിക്കു കത്തെഴുതിയിരിക്കുന്നു. നബി(സ)യുടെ കല്പന പാലിക്കാനാണ് ഞാനിവിടെ നില്ക്കുന്നത്. മഹ്ർ ആയിട്ട് 400 ദീനാർ ഉമ്മുഹബീബയ്ക്കു നല്കാൻ ഞാൻ തീരുമാനിച്ചിരിക്കുന്നു.' പിന്നീടു നജ്ജാശീ ആ ദീനാറുകൾ ജനങ്ങളുടെ മുമ്പിൽവച്ചു. വധുവിന്റെ വക്കീലായ ഖാലിദ് ബിൻ സഈദ് ഇങ്ങനെ സംബോധന ചെയ്തു: 'സർവസ്തുതിയും അല്ലാഹുവിനാകുന്നു. ഞാൻ അവന്റെ മഹത്വം വാഴ്ത്തുന്നു. ഞാൻ എന്റെ എല്ലാ പ്രവർത്തിയിലും അവന്റെ സഹായവും തുണയും തേടുന്നു. അല്ലാഹുവിനെക്കൂടാതെ ഒരാരാധ്യനുമില്ലെന്നും മുഹമ്മദു(സ) അവന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അല്ലാഹു, നബി(സ)തിരുമേനിയെ സന്മാർഗവും സത്യദീനും നല്കി, ആ ദീനിനെ മുഴുലോകത്തും വിജയിപ്പിക്കുന്നതിനുവേണ്ടി അയച്ചിരിക്കുന്നു; അന്യാരാധകർ വെറുത്താലും വേണ്ടില്ല. അമ്മാ ബഅ്ദ്, അല്ലാഹുവിന്റെ റസൂലിന്റെ ആഗ്രഹത്തിന് ഞാൻ ലബ്ബയ്ക്ക് പറയുന്നു. ഉമ്മുഹബീബയെ ഞാൻ നബി(സ)യ്ക്ക് നിക്കാഹ് ചെയ്തുകൊടുക്കുന്നു. അല്ലാഹു ഈ നിക്കാഹിൽ അനുഗ്രഹം ചൊരിയുമാറാകട്ടെ.'പിന്നീട് ഹദ്റത്ത് ഖാലിദ് ബിൻ സഈദ്(റ) വധുവിന്റെ മഹ്ർ സ്വീകരിച്ചു.

ഹദ്റത്ത് ഉമ്മുഹബീബഃ(റ) പറയുന്നു: 'പണം എനിക്കു കിട്ടിയപ്പോൾ നിക്കാഹിനെ സംബന്ധിച്ച് എന്നെ സന്തോഷവാർത്ത അറിയിച്ച അബ്റഹയെ ഞാൻ വിളിച്ചു. ഞാൻ അവളോടു പറഞ്ഞു: 'നീ എന്നെ സന്തോഷവാർത്ത അറിയിച്ചപ്പോൾ എന്റെ കൈയിലുണ്ടായിരുന്നതെല്ലാം ഞാൻ നിനക്കു നല്കിയിരുന്നു. അന്ന്രൊക്കം പണമൊന്നും ഉണ്ടായിരുന്നില്ല. നിന്റെ ആവശ്യത്തിനായി നീ ഈ 50 ദീനാർ എടുത്തുകൊള്ളുക.' പക്ഷേ, അബ്റഹഃ അതു വാങ്ങിയില്ല. പിന്നീടു ഞാൻ എന്റെ പെട്ടി തുറന്നു. അതിലായിരുന്നു നജ്ജാശി തന്ന പണമെല്ലാം ഉണ്ടായിരുന്നത്. അതെല്ലാം ഞാനവൾക്കു കൊടുത്തു. എന്നാൽ, നിങ്ങളുടെ ഈ തുകയിൽ ഒരു കുറവും വരുത്തരുതെന്ന് രാജാവ് തന്നോടു കല്പിച്ചിട്ടുണ്ടെന്ന് പറഞ്ഞ് അവൾ അതും വാങ്ങിയില്ല....... നിങ്ങൾ നബി(സ) തിരുമേനിക്കു എന്റെ സലാം എത്തിച്ചാൽ മാത്രം മതി. നബി(സ)തിരുമേനിയോടു പറയുക, അബ്റഹഃ ഇസ്ലാമിനെ

നെഞ്ചോടു ചേർത്തു പിടിച്ചിരിക്കുന്നുവെന്ന്.'

ഈ നിക്കാഹ് നടന്നത് ഹിജറ വർഷം മുഹർറം ഏഴിനായിരുന്നു. അതായത് ക്രിസ്ത്വബ്ദം 628 മെയ് മാസത്തിൽ. ആ സമയത്ത് ഹദ്റത്ത് ഉമ്മുഹബീബഃ(റ) യുടെ പ്രായം 30 ൽ കുറച്ചു അധികമായിരുന്നു. നിക്കാഹ് നടന്ന് കുറച്ചു കഴിഞ്ഞപ്പോൾ ഹിജറ ചെയ്തുവന്ന എല്ലാവരും മദീനയിലേക്കു പോകാൻ ഒരുക്കം തുടങ്ങി. നജ്ജാശി(റ), ഹദ്റത്ത് ഉമ്മുഹബീബഃ(റ)യേയും അവരോടൊപ്പം അയക്കാൻ ഏർപാടു ചെയ്തു. അവർക്കു സമ്മാനങ്ങൾ നല്കി. ഹദ്റത്ത് ശർജീൽ ബിൻ ഹസ്നഃ(റ)യുടെ മേൽനോട്ടത്തിൽ നബി(സ) തിരുമേനിയുടെ സന്നിധിയിലേക്ക് അവരെ യാത്രയാക്കി.

അബ്റഹഃ, ഹദ്റത്ത് ഉമ്മുഹബീബഃ(റ)യോടു പറഞ്ഞു: 'തങ്ങളുടെ കൈവശമുളള അത്തറുകളെല്ലാം നിങ്ങൾക്കുതരാൻവേണ്ടി രാജാവ് തന്റെ ഭാര്യമാരോടു കല്പിച്ചിരിക്കുന്നു.' അങ്ങനെ അവർ തങ്ങളുടെ അത്തറുകളെല്ലാം ഹദ്റത്ത് ഉമ്മുഹബീബഃ (റ)യ്ക്കു നല്കി.

ഹദ്റത്ത് ഉമ്മുഹബീബഃ(റ)യോട് അബ്റഹഃയ്ക്കുണ്ടായിരുന്ന സ്നേഹം പറഞ്ഞറിയിക്കാൻ പറ്റുകയില്ല. അവർ ഹദ്റത്ത് ഉമ്മുഹബീബഃ(റ)യെ അത്യുത്സാഹത്തോടെ ഒരുക്കി. ഇടയ്ക്കിടെ പറഞ്ഞുകൊണ്ടിരുന്നു, എന്റെ സലാം നബി(സ)ക്കെത്തിക്കണേ! എന്റെ സലാം നബി(സ)ക്കെത്തിക്കണേ! മക്കയിൽനിന്ന് അങ്ങേയറ്റം പരിതാപകരമായ അവസ്ഥയിൽ ഹിജറ ചെയ്ത ഹദ്റത്ത് ഉമ്മുഹബീബഃ(റ) മദീനയുടെ തീരത്ത് അറേബ്യായിലെ രാജാവിന്റെ റാണിയായി ഇറങ്ങുകയാണ്. ഭാഗ്യവതിയായ ഈ വധുവിനെ മദീന സന്തോഷത്തോടെ വരവേറ്റത് വലിയ സന്തോഷഭരിതമായ ദിനങ്ങളിലായിരുന്നു. നബി(സ) തിരുമേനിയ്ക്കും സ്വഹാബത്തിനും ഖയ്ബറിന്റെ യജ്ഞത്തിൽ വിജയം ലഭിച്ചു. ഇസ്ലാമിനു ലഭിച്ച ഈ വിജയത്തിൽ നബി(സ) അതീവ സന്തോഷവാനായിരുന്നു. നബി(സ) വിജയത്തോടും നിർവൃതിയോടുംകൂടി മദീനയിലേക്ക് മടങ്ങി വരുന്നു.

ഹബ്ശഃയിൽനിന്നുളള സാർഥവാഹക സംഘം മദീനയിലെത്തി. ഉറ്റവരും ഉടയവരുമായി നീണ്ട 14 വർഷം പിരിഞ്ഞു നിന്നവരാണ് അവർ. അവരിൽ ചിലർ അനിയന്ത്രിതരായിക്കൊണ്ട് തങ്ങളുടെ എല്ലാമെല്ലാമായ അല്ലാഹുവിന്റെ റസൂലിനെ വരവേല്ക്കാൻ പട്ടണത്തിനു വെളിയിലേക്കു പാഞ്ഞപ്പോൾ, ഹദ്റത്ത് ഉമ്മുഹബീബഃ(റ) അതിനു കഴിയാതെ മദീനയിൽത്തന്നെ നിന്നു. ആ തിരക്കിനിടയിൽ നബി(സ) തിരുമേനി, ഹദ്റത്ത് ജഅ്ഫർ ബിൻ അബീത്വാലിബിനെ കണ്ടു. സന്തോഷം കൊണ്ട് മാറോടണച്ചു. നെറ്റിയിൽ മുത്തുകയും ചെയ്തു.

ഈ വിവാഹത്തോടെ നബി(സ) തിരുമേനിയുടെ പരിശുദ്ധ ജീവിതത്തിന്റെ മറ്റൊരു വശം നമ്മുടെ മുമ്പിൽ വരുന്നുണ്ട്. മുഴുലോകത്തിനും കാരുണ്യമായിട്ടാണ് നബി(സ)തിരുമേനിയെ അല്ലാഹു അയച്ചിട്ടുളളത്. ആരെങ്കിലും ദുഃഖിതരും നിരാശ്രയരുമായി കഴിയുന്നത് നബി(സ)യ്ക്ക് താങ്ങാൻ കഴിയുമായിരുന്നില്ല. വേദന പങ്കിടാൻ ആ മഹാത്മാവ് ഉത്സാഹം കാണിച്ചിരുന്നു. മുസ്ലീംകളോടുളള കർത്തവ്യങ്ങളെല്ലാം യുക്തിപൂർവം ഭംഗിയായി നിറവേറ്റിയിരുന്നു. ഏതെങ്കിലും മുസ്ലിം സ്ത്രീ തനിച്ചു കഴിയുകയോ പ്രത്യേകിച്ച് ഇസ്ലാമിന്റെ പേരിൽ വിഷമങ്ങൾ സഹിക്കുന്നുവെന്ന് കേൾക്കുകയോ ചെയ്താൽ ആ സ്ത്രീയെ വിവാഹം കഴിക്കാൻ ഏതെങ്കിലും സ്വഹാബിയോടു നബി(സ) പറയുമായിരുന്നു. ലളിതമായ കാലഘട്ടമായിരുന്നു അത്. സങ്കോചങ്ങൾ ഒന്നുമുണ്ടായിരുന്നില്ല. ഒരു സ്ത്രീയ്ക്ക് മേൽക്കൂരയുടേയും ഭർത്താവിന്റേയും സംരക്ഷണം ലഭിച്ചാൽ ഒരുപാടു പ്രശ്നങ്ങൾ ഒഴിവാക്കാൻ കഴിയും. ഏതെങ്കിലും സ്ത്രീ നന്മയിലും പദവിയിലും നബി(സ)യ്ക്ക് ചേരുകയാണെങ്കിൽ, നബി (സ) തന്നെ അവർക്കു ആശ്രയമാകുമായിരുന്നു. അബൂസുഫിയാന് തന്റെ മകൾ ഹദ്റത്ത് ഉമ്മുഹബീബഃ(റ)യെ സംബന്ധിച്ച് വലിയ അഭിമാനമുണ്ടായിരുന്നു. ഒരിക്കൽ പറഞ്ഞു: 'എന്റെ വീട്ടിൽ അറേബ്യയായിലെ സൗന്ദര്യവതികളും തരുണീമണികളുമുണ്ട്.

സുന്ദരിയായ ഈ മകൾ തന്റെ വർഗശത്രുവിന്റെ ഭാര്യയായപ്പോൾ അനിയന്ത്രിതമായി അയാളുടെ വായിൽനിന്ന് ഈ വാക്കുകൾ പുറത്തുവന്നു:- ഹുവൽഫഹ്ലു ലാ യുജ്റഅ് അൻഫുഹൂ

ഇകഴ്ത്തിക്കാണിക്കാൻ പറ്റാത്ത യോദ്ധാവാണ് മുഹമ്മദ് നബി(സ) തിരുമേനി, ഹദ്റത്ത് ഉമ്മുഹബീബഃ(റ), യെ അങ്ങേയറ്റം സ്നേഹത്തോടും ബഹുമാനത്തോടും വാത്സല്യത്തോടും കൂടി വാഴിച്ചു. ഹബ്ശയിൽ നടന്ന ഓരോ സംഭവവും അതീവ താൽപര്യത്തോടെ കേട്ടു. അസ്ഹമഃനജ്ജാശി നിക്കാഹിനുളള ഏർപാടു ചെയ്തതും, നിക്കാഹ് ഖുത്ബ ഓതിയതുമെല്ലാം പലവട്ടം സംസാരിച്ചു. എല്ലാ കാര്യങ്ങളും ഉത്സാഹത്തോടെ ചെയ്തിരുന്ന അബ്റഹഃയെക്കുറിച്ചും ഇടയ്ക്കിടെ പറഞ്ഞു കൊണ്ടിരുന്നു. ഹദ്റത്ത് ഉമ്മുഹബീബഃ(റ), അബ്റഹഃ ഇസ്ലാം സ്വീകരിച്ചതും നബി(സ)യോടുളള അവരുടെ നിഷ്കളങ്ക സ്നേഹവും എടുത്തു പറഞ്ഞു. മാത്രമല്ല തന്റെ സലാം നബി(സ)യ്ക്ക് എത്തിക്കണമെന്ന് അബ്റഹഃ ആവർത്തിച്ചു പറഞ്ഞതും അറിയിച്ചു. ഇതു കേട്ടപ്പോൾ നബി(സ) പറഞ്ഞു: 'വ അലയ്ഹസ്സലാമു വ റഹ്മത്തു ല്ലാഹി വ ബർക്കാത്തുഹൂ.'

മക്കക്കാർ ഹുദയ്ബിയഃസന്ധി ലംഘിച്ചിരുന്നു. അതിന്റെ തിക്ത ഫലമോർത്ത് അവർ ഭയപ്പെട്ടു. ഹുദയ്ബിയഃ സന്ധിയുടെ കാലാവധി നീട്ടാൻ ആവശ്യപ്പെടുന്നതിനായി മക്കക്കാർ അബൂസുഫിയാനെ നബി(സ) തിരുമേനിയുടെ അടുക്കലേക്ക് അയച്ചു. പക്ഷേ, നബി(സ) അതംഗീകരി ച്ചില്ല. അബുസുഫിയാൻ അവിടെന്നെഴുന്നേറ്റ് തന്റെ മകളുടെ അടുക്കൽ വന്നു. നബി(സ)യുടെ പരിശുദ്ധ കിടക്കയിൽ ഇരിക്കാൻ മുതിർന്നപ്പോൾ ഹദ്റത്ത് ഉമ്മുഹബീബഃ(റ)കിടക്ക മടക്കിക്കളഞ്ഞു. അബൂസുഫിയാൻ ചോദിച്ചു, 'മോളേ! എന്നെക്കാൾ നീ ഈ കിടക്കക്കാണോ പ്രാധാന്യം നല്കുന്നത്?' മകൾ പറഞ്ഞു, അതേ! അങ്ങ് അന്യാരാധകനാണ്. ഇത് നബി(സ)യുടെ കിടക്കയാണ്. അങ്ങ് ഇതിലിരിക്കുന്നത് നന്നായിട്ട് എനിക്കു തോന്നുന്നില്ല. അല്ലാഹുവിന്റെ റസൂലിന്റെ കിടക്കയിൽ അങ്ങ് തൊടുന്നത് എനിക്കെങ്ങനെ സഹിക്കാൻ കഴിയും? അങ്ങയോട് വിടപറഞ്ഞ് ഇറങ്ങുമ്പോൾ ഞാൻ കാഫിറായിരുന്നു. ഇപ്പോൾ അല്ലാഹു എനിക്കു ഇസ്ലാം നല്കി അനുഗ്രഹിച്ചു. നബി(സ)യുടെ മഹനീയ സ്ഥാനമെന്താണെന്ന് ഞാൻ അറിഞ്ഞു; അങ്ങയുടെ നിലയെന്താണെന്നും.

ഹദ്റത്ത് ഉമ്മുഹബീബഃ(റ)യുടെ ശക്തമായ വിശ്വാസംകണ്ട് അബൂസുഫിയാൻ പതറി. കോപാന്ധനായി അയാൾ പറഞ്ഞു: 'ലഖദ് അസ്വാബക്കി ബഅ്ദി ശർറാ.' എനിക്കുശേഷം നീ ഒരുപാടു ദോഷങ്ങളിൽ പ്പെട്ടുപോയിരിക്കുന്നു.

ഉഹുദുയുദ്ധത്തിലും അഹ്സാബു യുദ്ധത്തിലും അവിശ്വാസിസൈന്യത്തിന്റെ കമാന്റർ ഇൻ ചീഫായിരുന്നു അബൂസുഫിയാൻ. നബി(സ)യ്ക്കെ

തിരിൽ ഗൂഢാലോചന നടത്തുന്നതിൽ എല്ലാവരെക്കാളും മുൻപന്തിയിലായിരുന്നു അയാൾ. മക്ക വിജയത്തിനു മുമ്പേ നബി(സ) തിരുമേനി 10000 വിശുദ്ധന്മാരോടൊപ്പം മക്കയിലേക്കു നീങ്ങുകയായിരുന്നു. ജന്മനാട്ടിൽനിന്ന് വെറും കൈയോടെ ആട്ടിപുറത്താക്കപ്പെട്ട ആളുകളുടെ തേജോവിലാസം നേരിട്ട് കാണിച്ചു കൊടുക്കു ന്നതിനുവേണ്ടി ഹദ്റത്ത് അബ്ബാസ്(റ), അബൂസുഫിയാനേയും കൂട്ടി വന്നു. ആ സംഭവം ഹദ്റത്ത് ഖലീഫത്തുൽമസീഹു ഥാനീ(റ) ഹൃദയസ്പൃക്കായ നിലയിൽ വിവരിച്ചിട്ടുള്ളതിങ്ങനെയാണ്:'അബൂസു ഫിയാൻ ഹദ്റത്ത് അബ്ബാസ്(റ)നോടൊപ്പം രാത്രി താമസിച്ചു. രാവിലെ അയാളെ നബി(സ) തിരുമേനിയുടെ അടുക്കൽ കൊണ്ടു വന്നപ്പോൾ സുബ്ഹിനമസ്കാരത്തിനുള്ള ഒരുക്കങ്ങൾ നടക്കുകയായിരുന്നു. അതിരാവിലെ എഴുന്നേറ്റ് നമസ്കരിക്കുന്നതിനെ സംബന്ധിച്ച് മക്കയിലെ ജനങ്ങൾക്കു എന്തു വിവരമാണുള്ളത്. അങ്ങോട്ടുമിങ്ങോട്ടും ആളുകൾ വെള്ളംനിറച്ച മൊന്തയുമായി ഓടുന്നത് അയാൾ കണ്ടു. ചിലർ വുദു ചെയ്യുന്നു. ചിലർ സ്വഫ്ഫുകൾ ശരിയാക്കുന്നു. ഇതെല്ലാം കണ്ടപ്പോൾ അയാൾക്കുതോന്നി തനിക്കെതിരിൽ എന്തോ പുതിയതരം ശിക്ഷ ആസൂത്രണം ചെയ്യുകയാണെന്ന്. അയാൾ പരിഭ്രമിച്ചുകൊണ്ടു ഹദ്റത്ത് അബ്ബാസ്(റ)നോടു ചോദിച്ചു, 'ഈ അതിരാവിലെ ഇവരെന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്?' ഹദ്റത്ത് അബ്ബാസ്(റ) പറഞ്ഞു: 'താങ്കൾ ഭയക്കേണ്ട കാര്യമൊന്നുമില്ല. അവർ നമസ്കാരത്തിന് തയ്യാറെടുക്കുകയാണ്. കുറച്ചു കഴിഞ്ഞപ്പോൾ ആയിരക്കണക്കിനു മുസ്ലീംകൾ നബി(സ)തിരുമേനിയുടെ പിന്നിൽ അണിയണിയായി നില്ക്കുന്നത് അയാൾ കണ്ടു. നബി(സ) മുട്ടിൽ കൈകൊടുത്തു കുനിയുമ്പോൾ അവരും കുനിയുന്നു. സാഷ്ടാംഗം പ്രണമിക്കുമ്പോൾ അവരും പ്രണമിക്കുന്നു. ഹദ്റത്ത് അബ്ബാസ്(റ)കാവൽ ഡ്യൂട്ടിയിലായിരുന്നതിനാൽ സംഘനമസ്കാരത്തിൽ പങ്കെടുത്തിരുന്നില്ല. അബൂസുഫിയാൻ അദ്ദേഹത്തോടു ചോദിച്ചു: 'ഇപ്പോൾ ഇവർ എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്? മുഹമ്മദ് ചെയ്യുന്നതൊക്കെ ഇവരും ചെയ്യുന്നുണ്ടല്ലോ?' അബ്ബാസ്(റ)പറഞ്ഞു: 'താങ്കൾ എന്താണ് ചിന്തിക്കുന്നത്? ഇവർ നമസ്കരിക്കുകയാണ്. പക്ഷേ, തിന്നരുത്, കുടിക്കരുത് എന്ന് മുഹമ്മദ് കല്പിച്ചാൽ ഇവർ തിന്നുകയുമില്ല, കുടിക്കുകയുമില്ല.' അബൂസുഫിയാൻ പറഞ്ഞു, 'ഞാൻ കിസ്റായുടെ രാജസദസ്സ് കണ്ടിട്ടുണ്ട്. ഖയ്സറിന്റെ സന്നിധാനവും സന്ദർശിച്ചിട്ടുണ്ട്. പക്ഷേ, അവിടെയൊന്നും മുഹമ്മദിന്റെ സംഘത്തെപ്പോലെ സർവവും സമർപണം ചെയ്തിരിക്കുന്ന ഒരു സംഘത്തെ ഞാൻ കണ്ടിട്ടില്ല.' പിന്നീടു ഹദ്റത്ത് അബ്ബാസ്(റ), താങ്കളുടെ ജനതയ്ക്കു മാപ്പു നല്കാൻ അല്ലാഹുവിന്റെ റസൂലിനോടു താങ്കൾക്കു അപേക്ഷിച്ചുകൂടേ? എന്ന് അബൂസുഫിയാനോടു ചോദിച്ചു.'

നമസ്കാരം കഴിഞ്ഞപ്പോൾ ഹദ്റത്ത് അബ്ബാസ്(റ) അബൂസുഫിയാനേയും കൂട്ടി നബി(സ)തിരുമേനിയുടെ അടുക്കലെത്തി. നബി(സ)ചോദിച്ചു: 'അബൂസുഫിയാൻ! അല്ലാഹുവിനു പുറമെ ആരാധനയ്ക്കർനായി മറ്റാരുമില്ലെന്ന് താങ്കൾക്കിനിയും ബോധ്യമായിട്ടില്ലേ?' അബൂസുഫിയാൻ പറഞ്ഞു: 'എന്റെ മാതാവും പിതാവും അങ്ങയ്ക്കു ബലിയാണ്. അങ്ങ് അങ്ങേയറ്റം സൗമ്യനും ബഹുമാന്യനും ചാർച്ചയെ ചേർക്കുന്നയാളുമാണ്. അല്ലാഹുവിനെക്കൂടാതെ ആരാധ്യരാരെങ്കിലും ഉണ്ടായിരുന്നെങ്കിൽ ഞങ്ങളെ സഹായിക്കുമായിരു ന്നുവെന്ന കാര്യം ഞാൻ മനസ്സിലാക്കിക്കഴി ഞ്ഞിരിക്കുന്നു.'

നബി(സ)പറഞ്ഞു: 'അബൂസുഫിയാൻ! ഞാൻ അല്ലാഹുവിന്റെ ദൂതനാണെന്ന് മനസ്സിലാക്കാൻ താങ്കൾക്കിനിയും സമയമായിട്ടില്ലേ?' അബൂസുഫിയാൻ പറഞ്ഞു: 'എന്റെ മാതാവും പിതാവും അങ്ങയ്ക്കു ബലിയാണ്. അതു സംബന്ധമായി എനിക്കു ചില സംശയങ്ങളുണ്ട്. അല്ലാഹുവിന്റെ റസൂലേ! മക്കക്കാർ വാൾ എടുക്കാതിരുന്നാൽ അങ്ങ് അവർക്കു അഭയം നല്കുമോ?'

നബി(സ)പറഞ്ഞു: 'അവർക്കു അഭയം നല്കപ്പെടുന്നതാണ്. കതകടച്ചിരിക്കുന്നവർക്കും അഭയം നല്കപ്പെടും.... അബൂസുഫിയാന്റെ വീട്ടിൽ കയറിക്കൂടുന്നവർക്കും അഭയം നല്കപ്പെടും.... ഹദ്റത്ത് അബൂസുഫിയാൻ വിശ്വസിച്ചപ്പോൾ ഹദ്റത്ത് ഉമ്മുഹബീബഃ(റ)വളരെ സന്തോഷിച്ചു. ഹദ്റത്ത് ഉമ്മുഹബീബഃ(റ)യുടെ മാതാവ് ഹിന്ദും മുസ്ലീംകളുടെ കഠിനശത്രുവായിരുന്നു. ഉഹുദു യുദ്ധം കഴിഞ്ഞപ്പോൾ നബി(സ) തിരുമേനിയുടെ പിതൃവ്യനായ ഹദ്റത്ത് ഹംസത്ത്(റ)ന്റെ കരളെടുത്ത് ചവച്ചത് അവരായിരുന്നു. അവർ ധീരയും നിർഭയയുമായിരുന്നു. അബൂസുഫിയാൻ നബി(സ)തിരുമേനിക്ക് പിന്തുണ പ്രഖ്യാപിച്ചതു കേട്ടപ്പോൾ മുന്നോട്ടു കുതിച്ച് തന്റെ ഭർത്താവിന്റെ താടിപിടിക്കുകയും വൃദ്ധനും മൂഢനുമായ അയാളെ കൊല്ലാൻ മക്കക്കാരോടു വിളിച്ചു പറയുകയും ചെയ്തു അവർ.

മക്ക വിജയത്തിനുശേഷം നബി(സ) തിരുമേനി പൊതുമാപ്പ് പ്രഖ്യാപിച്ചപ്പോൾ മക്കക്കാർ കൂട്ടംകൂട്ടമായി വന്ന് ഇസ്ലാം സ്വീകരിച്ചു. പുരുഷന്മാർക്കുശേഷം സ്ത്രീകൾ വന്നു. അവരിൽ മൂടുപടം ധരിച്ച് ഹിന്ദുമുണ്ടായിരുന്നു. മൂടുപടം ധരിച്ചത് പർദയുടെ കല്പനയനുസരിച്ചായിരുന്നില്ല. അവർ ചെയ്തു കൂട്ടിയ അധർമം കാരണത്താൽ ആരും, തന്നെ തിരിച്ചറിയണ്ട എന്നുദ്ദേശ്യത്താലായിരുന്നു. അങ്ങനെ ആ സമൂഹബയ്അത്തിൽ (അനുസരണ പ്രതിജ്ഞ) പങ്കെടുത്തുകൊണ്ട് ഹദ്റത്ത് ഉമ്മുഹബീബഃ(റ)യുടെ ഉമ്മയും മുസ്ലിമായി. ഹദ്റത്ത് ഉമ്മുഹബീബഃ(റ)യുടെ അനുഗ്രഹം ഒന്നുകൊണ്ടുമാത്രം അല്ലാഹു ആ കുടുംബത്തിനുമേൽ വലിയ അനുഗ്രഹങ്ങൾചെയ്തു. മാതാപിതാക്കൾ ഇസ്ലാമിക വൃത്തത്തിൽ വന്നു. ഒരാൾ ഒരിക്കൽ കലിമ ചൊല്ലിയാൽ അയാളുടെ മുൻകുറ്റങ്ങളെല്ലാം പൊറുത്തുകൊടുക്കുക നബി(സ)യുടെ പതിവായിരുന്നു. ഹദ്റത്ത് ഉമ്മുഹബീബഃ(റ)യുടെ സഹോദരനോടു നബി(സ)വാത്സല്യത്തോടെ പെരുമാറിയ സംഭവം കാണാം. ഒരിക്കൽ നബി(സ) തിരുമേനി വീട്ടിൽ വന്നു. ഹദ്റത്ത് ഉമ്മുഹബീബഃ(റ)യുടെ മടിയിൽ അവരുടെ സഹോദരൻ തലവെച്ചു കിടക്കുന്നതു നബി(സ)കണ്ടു. വിരലുകൾകൊണ്ട് ഹദ്റത്ത് ഉമ്മുഹബീബഃ(റ) അവന്റെ മുടി ചികയുന്നുണ്ടായിരുന്നു. നബി(സ)ചോദിച്ചു, 'ഉമ്മുഹബീബഃ നിനക്ക് മുആവിയയോടു ഒത്തിരി സ്നേഹമുണ്ടോ?' അവർ പറഞ്ഞു, അല്ലാഹുവിന്റെ റസൂലേ ഉണ്ട്. അതു കേട്ടപ്പോൾ നബി(സ)പറഞ്ഞു, 'എനിക്കും അവൻ പ്രിയപ്പെട്ടവനാണ്.

ഹദ്റത്ത് ഉമ്മുഹബീബഃ(റ)യുടെ മകൾ ഹബീബഃ നുബുവ്വത്തിന്റെ മടിത്തട്ടിലാണ് വളർന്നത്. ഥഖീഫ് ഗോത്രത്തിന്റെ ഉന്നത ഭരണാധികാരി ദാവൂദ് ബിൻ ത്വറൂഹാണ് അവരെ വിവാഹം ചെയ്തത്.

നന്മചെയ്യാനുള്ള കഴിവുലഭിക്കുന്നതും അല്ലാഹുവിന്റെ അനുഗ്രഹമാണ്. അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു, 'നബിയുടെ വീട്ടുകാരേ! നിങ്ങളിൽനിന്ന് മാലിന്യം നീക്കുകയും നിങ്ങളെ നല്ല വണ്ണം ശുദ്ധിയാക്കുകയും ചെയ്യണമെന്ന് മാത്രമാണ് അല്ലാഹു ഉദ്ദേശിക്കുന്നത്.'(33:34)

നബി(സ)തിരുമേനിയുടെ നിർദേശ

ങ്ങളനുസരിച്ച് പ്രവർത്തിക്കുന്നതിൽ ഹദ്റത്ത് ഉമ്മുഹബീബഃ(റ) സന്തോഷം കണ്ടിരുന്നു. ഒരിക്കൽ, നിത്യവും 12 റക്അത്ത് നഫ്ൽ നമസ്കരിക്കുന്നവർക്ക് അല്ലാഹു സ്വർഗത്തിൽ വീടു നിർമിച്ചു നല്കുമെന്ന് നബി(സ)തിരുമേനി പറയുന്നത് അവർകേട്ടു. അങ്ങനെ അന്നുമുതൽ ജീവാവസാനംവരെ 12 റക്അത്ത് നഫ്ൽ നമസ്കരിച്ചു പോന്നു. സ്വർഗത്തിനോടു താൽപര്യമുണ്ടാകാൻ കാരണം നബി(സ)യിൽനിന്ന് അവർക്കു ലഭിച്ച സുശിക്ഷണമാണ്.

ഇതു കേട്ടതിനുശേഷം താൻ 12 റക്അത്ത് നഫ്ൽ നമസ്കരിച്ചിരുന്നു വെന്ന് ഹദ്റത്ത് ഉമ്മുഹബീബഃ(റ) പറഞ്ഞതായി ബുഖാരിയിൽ നിവേദ നമുണ്ട്.

ഈ അനുഗൃഹീത മഹിളാരത്നങ്ങൾ സ്ഥിരം താമസിച്ചിരുന്നത് മസ്ജിദുന്ന ബ്വിയിലായിരുന്നു. അവരുടെ മുറികൾ മസ്ജിദുന്നബ്വിയോടു ചേർന്നായി രുന്നു. അല്ലാഹു അവർക്കു നല്കിയ വലിയ അനുഗ്രഹമായിരുന്നു അത്.

ഹദ്റത്ത് സയ്നബ് ബിൻത് അബീ സൽമഃ(റ)പറയുന്നു: 'ഞാൻ ഹദ്റത്ത് ഉമ്മുഹബീബഃ(റ)യുടെ അടുക്കൽ വന്നു. അവരുടെ പിതാവ് അബൂസുഫിയാൻ മരിച്ച സന്ദർഭമായിരുന്നു അത്.' ഹദ്റത്ത് ഉമ്മുഹബീബഃ(റ)ഞാനവിടെയു ള്ളപ്പോൾ മഞ്ഞ നിറത്തിലുള്ള അത്തർ വാങ്ങിച്ചു. ആദ്യം തന്റെ ഭൃത്യയുടെ വസ്ത്രത്തിൽ പുരട്ടിക്കൊടുത്തു. പന്നീടു തന്റെ കൈകൾ കവിളുകളിൽ തടവി. അതിനോടൊപ്പം പറഞ്ഞു: 'അല്ലാഹു വാണ! അത്തർ പുരട്ടാൻ എനിക്കൊരു ആഗ്രഹവുമില്ല. എന്നാൽ, അല്ലാഹുവിലും പുനരുത്ഥാന നാളിലും വിശ്വസിക്കുന്ന ഒരു സ്ത്രീക്കും ആരെങ്കിലും മരിച്ചാൽ മൂന്നു ദിവസ ത്തേക്കാൾ കൂടുതൽ ദുഃഖമാചരി ക്കുന്നത് അനുവദനീയമല്ലെന്ന് നബി(സ) തിരുമേനി മിമ്പറിൽ നിന്നുകൊണ്ടു പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. എന്നാൽ, ഭാര്യ തന്റെ ഭർത്താവ് മരിച്ചാൽ 4 മാസവും 10 ദിവസവും ദുഃഖമാചരി ക്കേണ്ടതാണ്.

ഈ വിവരണത്തിൽനിന്ന് മുസ്ലീംക ളിലാരെങ്കിലും മരിച്ചാൽ ദുഃഖമാചരിക്ക ണമെന്ന കല്പന വ്യക്തമാകുന്നുണ്ട്. ജാഹിലീയ കാലഘട്ടത്തിൽ അതായത് ഇസ്‌ലാമിന്റെ ആവിർഭാവത്തിനു മുമ്പേ ദുഃഖമാചരിക്കുന്നതിൽ നിരവധി അനാചാരങ്ങൾ നിലനിന്നിരുന്നു. ഹദ്റത്ത് ഉമ്മുഹബീബഃ(റ)യുടെ നിവേദനംകൊണ്ട് ഇസ്‌ലാമിൽനിലനിന്ന വലിയൊരു പ്രശ്നം പരിഹരിക്കപ്പെട്ടു. നബി(സ)യ്ക്ക് വിശുദ്ധ ഖുർആനിലെ നസ്ർ എന്ന അധ്യായം ഇറങ്ങിയപ്പോൾ ആ മഹാത്മാവിന്റെ ദൗത്യം അവസാനിക്കാൻ പോകുന്നുവെന്ന സൂചന അതിലടങ്ങിയി രുന്നു. ഹദ്റത്ത് ഉമ്മുഹബീബഃ(റ) പറഞ്ഞു: 'തന്റെ പ്രായം ഹദ്റത്ത് ഈസായുടെ പ്രായത്തിന്റെ പകുതിയാ യിരിക്കുമെന്നും ഹദ്റത്ത് ഈസായുടെ പ്രായം 120 വയസ്സായിരുന്നു വെന്നും നബി(സ)യ്ക്ക് വാർത്ത നൽകപ്പെട്ടി രുന്നു.

നബി(സ)യുടെ മരണ സമയത്തും ഭാര്യമാരുടെ മനസ്സുകളിൽ തൗഹീദിന്റെ മഹത്ത്വം പ്രകടമായിരുന്നു. നബി(സ) മരണരോഗബാധിതനായപ്പോൾ, ഹദ്റത്ത് മർയം(അ)മിന്റെ പേരിൽ ഹബ്ശ യിലുള്ള ഒരു ക്രിസ്ത്യൻ പള്ളി യെക്കുറിച്ചു പറഞ്ഞു. രോഗംകൊണ്ടു വിഷമിക്കുന്ന ആ ഘട്ടത്തിലും നബി(സ) സംസാരത്തിന്റെ ദിശമാറ്റി, തന്റെ ഭാര്യമാരുടെ ശ്രദ്ധയെ ഏകദൈവ സിദ്ധാന്തത്തിലേക്കു തിരിച്ചുകൊണ്ട് പറഞ്ഞു: 'തങ്ങളുടെ നബിമാരുടേയും മഹാത്മാക്കളു ടേയും ഖബ്റിടങ്ങളെ സുജൂദുസ്ഥലമാക്കിമാറ്റിയ യഹൂദിക ളേയും ക്രിസ്ത്യാനികളേയും അല്ലാഹു ശപിക്കട്ടെ.'

നബി(സ)യുടെ വേർപാടിനു ശേഷം ഖുലഫാഉർറാശിദീൻ (ആദ്യത്തെ നാലു ഖലീഫമാർ) ഉമ്മഹാത്തുൽമുഅ്മിനീനെ (വിശ്വാസികളുടെ ഉമ്മമാരെ)അവരുടെ സ്ഥാനവും നിലയുമനുസരിച്ച് ആദരിച്ചു. ഹദ്റത്ത് ഉമർ(റ)തന്റെ ജീവിതത്തിന്റെ അവസാന വർഷം നബി(സ)യുടെ ഭാര്യമാരെക്കൊണ്ട് സുരക്ഷിതമായി ഹജ്ജ് ചെയ്യിച്ചു. പന്നീടു ഹദ്റത്ത് ഉഥ്മാൻ(റ)നും അവരുടെ ആഗ്രഹമനു സരിച്ച് സ്വയം കൂടെപ്പോയി അവരെ ക്കൊണ്ട് ഹജ്ജ് ചെയ്യിച്ചു. ഹദ്റത്ത് ഉഥ്മാൻ(റ)ന്റെ കാലഘട്ടത്തിൽ ഹദ്റത്ത് ഉമ്മുസൽമഃ(റ), ഹദ്റത്ത് മയ്മൂനഃ(റ), ഹദ്റത്ത് ഉമ്മുഹബീബഃ(റ) എന്നിവർക്കു ഹജ്ജു ചെയ്യാൻ ഭാഗ്യം സിദ്ധിച്ചു. പൂർണമായും പർദയിലായിരുന്നു അവരെക്കൊണ്ടു ഹജ്ജ് ചെയ്യിച്ചത്.

നബി(സ)തിരുമേനിയുടെ വീട്ടു വിശേഷങ്ങൾ പറഞ്ഞുകൊണ്ടിരിക്കാൻ ആഗ്രഹം ഏറെയുണ്ട്; പുണ്യവതികളായ ഭാര്യമാരുടെ കാര്യങ്ങൾ, അവർ പരസ് പരം സ്നേഹത്തോടെ കഴിഞ്ഞ നാളുകൾ, നന്മയിൽ മുൻകടക്കാനും അല്ലാഹുവിനെ സന്തോഷിപ്പിക്കാനുമുള്ള മത്സര ഓട്ട ത്തിന്റെ കഥകൾ, അങ്ങനെ പലതും. എന്തായാലും ഇപ്പോൾ നിങ്ങൾക്കു ഇതിനോടു താൽപര്യമുണ്ടായി കാണു മല്ലോ? ഇനി നിങ്ങൾ ഇത്തരം ഗ്രന്ഥങ്ങൾ കണ്ടെത്തി വായിക്കുക. അറിവു വർധി പ്പിക്കുക. ചിന്താശീലം വളർത്തുക. ഓരോ കാര്യത്തിൽനിന്നും എന്തെങ്കിലും പാഠ മോ നല്ല വശമോ കരസ്ഥമാക്കുക.

ഹദ്റത്ത് ഉമ്മുഹബീബഃ(റ)യുടെ ജീവിതത്തിന്റെ അവസാന ഘട്ടത്തിൽ നടന്ന ഒരു സംഭവമുണ്ട്. ഹദ്റത്ത് ഉമ്മുഹബീബഃ(റ) മരണസമയത്ത് ഹദ്റത്ത് ആയിശ(റ)യേയും ഹദ്റത്ത് ഉമ്മുസൽമ(റ)യേയും തന്റെയടുത്ത് വിളിച്ചുകൊണ്ടു പറഞ്ഞു, 'സപത്നിമാർ ക്കിടയിൽ സാധാരണ ഉണ്ടാകാറുള്ളത് നമ്മുടെ ഇടയിലും വല്ലപ്പോഴുമൊക്കെ ഉണ്ടായിട്ടുണ്ട്. അതുകൊണ്ടു എനിക്കു പൊറുത്തു തരിക.' ഹദ്റത്ത് ആയിശ(റ) പറയുന്നു, 'ഞാൻ അവർക്കു പൊറുത്തു കൊടുത്തു. അവരുടെ മഗ്ഫിറത്തിനായി പ്രാർഥിച്ചു.'

ഹദ്റത്ത് ഉമ്മുഹബീബഃ(റ) അതിൽ വളരെ സന്തോഷിക്കുകയും സംതൃപ്ത യാകുകയും ഇങ്ങനെ പ്രാർഥിക്കുകയും ചെയ്തു: 'സർറനീ സർറക്കില്ലാഹ്' എന്നെ നീ സന്തോഷിപ്പിച്ചു, അല്ലാഹു നിന്നേയും സന്തോഷിപ്പിക്കുമാറാകട്ടെ.

ഹദ്റത്ത് ഉമ്മുഹബീബഃ(റ) യ്ക്ക് നബി(സ)യോടൊപ്പം ഹജ്ജ് ചെയ്യാനുള്ള ഭാഗ്യവും ലഭിച്ചിരുന്നു. 65 ഹദീഥുകൾ ഹദ്റത്ത് ഉമ്മുഹബീബഃ(റ) നിവേദനം ചെയ്തിട്ടുണ്ട്. ഹിജറ വർഷം 44-ലാണ് ഹദ്റത്ത് ഉമ്മുഹബീബഃ(റ) വഫാത്തായത്. അല്ലാഹു ഹദ്റത്ത് ഉമ്മുഹബീബഃ(റ) യിൽ സംതൃപ്തനായിരിക്കട്ടെ. നമ്മ ളേയും തൃപ്തിപ്പെടുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ ആമീൻ.

**(അമത്തുൽബാരി നാസിർ രചിക്കു കയും ലജ്ന ഇമായില്ലാഹ് പാകിസ്താൻ കുട്ടികൾക്കായി പ്രസിദ്ധീകരിക്കുകയും ചെയ്ത ഉമ്മുൽമുഅ്മിനീൻ ഹദ്റത്ത് ഉമ്മുഹബീബഃ റദിയല്ലാഹു അൻഹാ എന്ന ലഘുകൃതിയോടു കടപ്പാട്)**

www.alislam.org

# വാഗ്ദത്ത മസീഹിന്റെ പ്രതിരോധവും പ്രത്യാക്രമണവും

അബ്ദുൽ റഹ്മാൻ, കൊടിയത്തൂർ

**തി**രുനബി(സ)യുടെ ഉമ്മത്തിൽ ആഗതരാവുന്ന വാഗ്ദത്ത മസീഹിന്റെ ദിവ്യ ദൗത്യങ്ങളിൽ പ്രധാനമായി വിവരിക്കപ്പെട്ടിട്ടുള്ളത് കുരിശ് മുറിക്കലും ദജ്ജാലീ വധവുമാണെന്ന് തിരുവചനങ്ങളിൽ പരിചിന്തനം നടത്തുന്നവർക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്. കുരിശിന്റെ പരാമർശമുള്ള ഹദീസുകളിൽ പൊതുവേ ദജ്ജാൽ വധം പരാമർശിച്ച് കാണുന്നില്ല. ഇതിൽ നിന്ന് മനസ്സിലാകുന്നത് രണ്ടിന്റെയും വിവക്ഷ ഒന്നുതന്നെയാണെന്നാണ്. ദജ്ജാലിനെ വാഗ്ദത്ത മസീഹ് ബാബുലുദ്ദിൽ(തർക്കകവാടത്തിൽ അഥവാ വിവാദ രംഗം) വെച്ച് വധിക്കുമെന്നാണ് തിരുനബി (സ) അരുളിയിട്ടുള്ളത്. വാഗ്ദത്ത മഹ്ദീമസീഹായി ഈ കലഘട്ടത്തിൽ അല്ലാഹുവിനാൽ നിയോഗിതനായ ഹ: അഹ്മദ് (അ), മേൽ പ്രസ്തുത ഹദീസുകളുടെ ഉദ്ദേശ്യം കുരിശു സിദ്ധാന്തത്തിന്റേയും ത്രിയേക വിശ്വാസത്തിന്റെയും അബദ്ധ സിദ്ധാന്തങ്ങളെ തുറന്നുകാണിക്കുകയും യുക്തിന്യായങ്ങളുടെയും സംവാദങ്ങളിലൂടെയും ക്രിസ്തുമതത്തെ പരാജയപ്പെടുത്തുകയും എന്നുള്ളതാണെന്നും വ്യക്തമാക്കുകയുണ്ടായി. കുരിശു ഉടക്കുക എന്നതിന് മേൽ സൂചിപ്പിച്ച അർഥം തന്നെയാണെന്ന കാര്യത്തിൽ മുൻ കാലത്തെയും പിൽക്കാലത്തെയും പണ്ഡിതന്മാർക്കിടയിൽ തർക്കമില്ലാത്ത കാര്യവുമാണ്. ദജ്ജാലിന്റെ പുറപ്പാടിനെ സംബന്ധിച്ച് വാഗ്ദത്ത മസീഹിന്റെ വീക്ഷണത്തോട് സ്വതന്ത്ര ചിന്തകരായ വലിയ ഒരു വിഭാഗം പണ്ഡിതന്മാർ യോജിപ്പ് പ്രകടിപ്പിക്കുകയും ചെയ്തിരിക്കുകയാണ്. ക്രൈസ്തവ വിശ്വാസം ലോകവ്യാപകമായ മുന്നേറ്റം നടത്തുകയും ഇസ്‌ലാമിനെതിരെയുള്ള അതിന്റെ കടന്നുകയറ്റം ഉച്ചിയിലെത്തുകയും ചെയ്ത ഇക്കാലത്ത് അതിനെ പ്രതിരോധിക്കുകയും കുരിശുവിശ്വാസത്തിന്റെ നിരർഥകതയും പ്രമാണ രാഹിത്യവും ത്രിയേക വിശ്വാസത്തിന്റെ യുക്തിവിരുദ്ധതയും തെളിയിച്ചുകാണിക്കുകയും ക്രിസ്തുമത സിദ്ധാന്താങ്ങളുടെ മേൽ ഇസ്‌ലാമിനുള്ള മേന്മ സ്ഥാപിക്കുകയും ചെയ്യുക എന്നുള്ളതാണ് ഈ കാലഘട്ടത്തിൽ താൻ നിയോഗിതനായതിന്റെ മുഖ്യ ലക്ഷ്യമെന്നും ഹദ്റത്ത് അഹ്മദ് (അ) പ്രഖ്യാപിക്കുകയുണ്ടായി. ചിന്താശീലരായ ഏതൊരാൾക്കും നിഷേധി ക്കാൻ കഴിയാത്ത വിധത്തിൽ അവിടുന്ന് പ്രസ്തുത ദൗത്യം നിർവഹി ക്കുകയും ചെയ്തു. ഹ്ദ്റത്ത് അഹ്മദി(അ) ന്റെ നിയോഗ കാലഘട്ടത്തിലെ അവസ്ഥയും അവിടുത്തെ ദൗത്യത്തിന് 100 വർഷം പിന്നിട്ട ഈ കാലഘട്ടത്തിലെ ക്രിസ്തുമതത്തിന്റെ നിലയും താരതമ്യം ചെയ്തുകൊണ്ട് ചില വസ്തുതകൾ വിവരിക്കുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

പത്തൊമ്പതാം നൂറ്റാണ്ടിലെ ക്രൈസ്തവ മുന്നേറ്റത്തിന്റെ സുവർണ കാലഘട്ടത്തിൽ പ്രഗല്ഭ ക്രിസ്ത്യൻ മിഷണറിയായിരുന്ന വില്യം ബേറോസിന്റെ അഹങ്കാരപൂർണമായ പ്രഖ്യാപനം കാണുക. 'കുരിശിന്റെ പ്രകാശം പ്രസരിച്ച ലബനോൻ പേർഷ്യൻ പർവത പ്രാന്തങ്ങൾ, ബോസ്ഫറസ് എന്നീ മുസ്‌ലിം നാടുകളിലെ ക്രൈസ്തവ മുന്നേറ്റത്തിന് ഞാൻ ഒരു രൂപരേഖ കുറിക്കുന്നു. അതാകട്ടെ ഡമാസ്ക്കസ്, തെഹ്റാൻ, എന്നീ രാജ്യങ്ങൾ ക്രിസ്തുവിന്റെ ദാസന്മാരായി തീരുന്നതിന്റെ മുന്നോടി യത്രെ. അറേബ്യയിലെ അകത്തളങ്ങളിൽ കയറി മക്കയിലും കഅ്ബയിലും ക്രിസതുമതം പ്രവേശിക്കും. അവിടങ്ങളിലും കുരിശ് നാട്ടും. മുഴുവൻ സത്യവും പ്രഖ്യാപിക്കപ്പെടും. യേശുവാണ് ശാശ്വത സത്യമെന്ന് ആവർത്തിക്കപെടുകയുചെയ്യും' (ലക്ച്ചർ ഓഫ് വില്യം ബറോസ് 1892) അതേ കാലഘട്ടത്തിൽ പാതിരി ഹണ്ടർ, ബിഷപ്പ് ലഫ്റോയി, മാർട്ടിൻ ക്ലാർക്ക്, അബ്ദുല്ലാ ആഥിം തുടങ്ങിയ പ്രഗല്ഭ ക്രിസ്തുമത പ്രചാരകന്മാർ ഇന്ത്യ യേശുവിന് ലഭിച്ച സമ്മാനമാണെന്നും ഭാരത രാജ്യം യേശുവിന് വേണ്ടി ജയിച്ചടക്കാൻ തങ്ങളിതാ ഒരുങ്ങിക്കഴിഞ്ഞുവെന്നും വീരവാദം മുഴക്കുകയുണ്ടായി. അക്കാലത്ത് ഇന്ത്യയിൽ നിന്നു തന്നെ മൗലവിമാർ ഉൾപ്പെടെ ആയിരക്കണക്കിന് മുസ്‌ലിംകൾ ക്രിസ്തു മതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെടുകയുണ്ടായി.

ഈസാ നബി (യേശു ക്രിസ്തു) യെ സംബന്ധിച്ച് തെറ്റായ വിശ്വാസമായിരുന്നു ക്രൈസ്തവ മിഷണറിമാർ തങ്ങളുടെ ആയുധമായി ഉപയോഗിച്ചിരുന്നത്. വിഖ്യാത മുസ്‌ലിം പണ്ഡിതനായിരുന്ന അബുൽ ഹസൻ അലി നദ്‌വി തന്റെ 'ഖാദിയാനിസം' എന്ന കൃതിയിൽ 19-ാം നൂറ്റാണ്ടിലെ ക്രൈസ്തവ മുന്നേറ്റത്തെക്കുറിച്ച് വിവരിക്കുന്നത് കാണുക

'പത്തൊമ്പതാം നൂറ്റാണ്ട് പാശ്ചാത്യ പൗരസ്ത്യ നാഗരികതകൾ തമ്മിലും പ്രാചീനവും ആധുനികവുമായ രണ്ട് സംസ്ക്കാരങ്ങൾ തമ്മിൽ, ഇസ്‌ലാമും ക്രി സ്ത്യാനിസം എന്നീരണ്ട് മതങ്ങൾ തമ്മിൽ വ്യക്തവും ശക്തവുമായ സംഘട്ടനം..... രാഷ്ട്രീയാധിപത്യത്തിനും സാസ്ക്കാരിക ശക്തിക്കും അവർ (മുസ്‌ലിംകൾ) കീഴൊതുങ്ങി വെള്ളക്കാരന്റെ ഭരണം വന്നു പാശ്ചാത്യ സംസ്ക്കാരവും നാഗരികതയും പ്രചരിപ്പിച്ച് ക്രിസ്തുമതത്തിലേക്ക് ആളുകളെ ക്ഷണിച്ചു കൊണ്ട് പാതിരിമാർ നാടെങ്ങും ഓടി നടന്നു. ഇസ്ലാമിക വിശ്വാസത്തിന് ഇളക്കം തട്ടിക്കാനും വിശ്വാസ പ്രമാണത്തിന്റെയും ശരീഅത്തിന്റെയും അടിത്തറ തകർക്കാനുമായിരുന്നു അവർ കിണഞ്ഞു പരിശ്രമിച്ചത്. പ്രത്യേകിച്ച് യുവതലമുറയാണ് ഇവരുടെ പ്രബോധ നത്തിന് ഇരയായത്' ക്രൈസ്തവ നവീകരണ പ്രസ്ഥാനം പൊട്ടിമുളച്ചു നിരീശ്വരത്വത്തിന്റേയും, വിശ്വാസപരമായ പാപ്പരത്വത്തിന്റേയും അലയൊലികൾ ശക്തമായി അതിക്രമിച്ചു കടന്നു( പേജ് 11-12)

അബുൽ ഹസൻ അലി നദവി തുടരുന്നു '19-ാം നൂറ്റാണ്ടിന്റെ ഒടുക്കം, പാശ്ചാത്യർ ദുർഭരണവുമായി ഇസ്ലാമിക ലോകത്തെ കടന്നാക്രമിച്ചു... കുറച്ച് മുമ്പ് തന്നെ വിശ്വാസവും വിവരവും കരുത്തും കുറഞ്ഞു വരികയും ക്ഷീണിച്ചു തുടങ്ങുകയും ചെയ്തിരുന്ന ഇസ്ലാമിക ലോകം പടക്കോപ്പുകളണിഞ്ഞ, ചോര ത്തിളപ്പുള്ള പാശ്ചാത്യർക്കിരയായി തളർന്നു കഴിഞ്ഞു. സമ്പൂർണമായി തളർന്നു കഴിഞ്ഞ ഇസ്ലാമിക

വിശ്വാസവും നിരീശ്വര ഭൗതിക നാഗരികതകളും തമ്മിൽ വമ്പിച്ചൊരു സംഘട്ടനം നടന്നു..(ഖാദിയാനിസം) ക്രിസ്തുമതത്തിന്റെ മുന്നേറ്റത്തിന് മുമ്പിൽ ഇസ്‌ലാമിക സമൂഹത്തിന്റെ നിസ്സഹായതയെ സംബന്ധിച്ച് നദ്‌വി സാഹിബിന്റെ വിവരണം അന്നത്തെ സ്ഥിതിഗതികളുടെ ഒരു നേർക്കാഴ്ച്ച യാണ് നമുക്ക് നൽകുന്നത്. അവയെല്ലാം ഇവിടെ ഉദ്ധരിക്കുക അസാദ്ധ്യമാണ്.

നിലവിലുള്ള ഇസ്‌ലാമിക സംവിധാനങ്ങൾ ഈ പ്രതിസന്ധിയെ നേരിടുവാൻ സാദ്ധ്യമായിരുന്നില്ല. എന്ന കാര്യം അദ്ദേഹം തന്റെ ഗ്രന്ഥത്തിൽ ആവർത്തിക്കുന്നുണ്ട്. അദ്ദേഹം രേഖപ്പെടുത്തിയത് കാണുക. 'ധർമ സമരത്തിന്റെ ചൂടും ചുണയുമുള്ള ഒരു മുജദ്ദിദിന്റെ അനിവാര്യത ഇസ്‌ലാമിക ലോകത്ത് പ്രകടമായി...ഇസ്‌ലാമിക ലോകത്തെ ഒന്നിപ്പിക്കുകയും പുതിയ ഒരു ജീവിതം സമ്മാനിക്കുകയും ഈമാന്റെ ശക്തിയും അറിവിന്റെ വെൺമയും സമരാവേശവുമുപയോഗിച്ച് പാശ്ചാത്യ സംസ്ക്കാരത്തിന്റെ കടന്നാക്രമണം നേരിടാൻ കഴിവുള്ള ഒരു പ്രബോധകനെ ആവശ്യപ്പെടുകയായിരുന്നു ഇസ്‌ലാമിക ലോകം' (പേജ് 177) ജമാഅത്തെ ഇസ്‌ലാമി നേതാവായിരുന്ന കെ. സി. അബ്ദുല്ല മൗലവി ഖാദിയാനിസത്തിന്റെ അടിവേരുകൾ എന്ന പേരിൽ അഹ്മദിയ്യാ ജമാഅത്തിനെതിരിൽ എഴുതിയ വിമർശന ഗ്രന്ഥത്തിലും വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) നിയോഗ കാലഘട്ടത്തിൽ ഇസ്‌ലാമും മുസ്‌ലിംകളും നേരിട്ട പ്രശ്നങ്ങളെ സംബന്ധിച്ച് സുദീർഘമായി വിവരിക്കുന്നത് കാണം. 'ഞാൻ കാലമെത്താതെ വന്നിട്ടില്ല 'എന്ന ഹദ്റത്ത് അഹ്മദി(അ)ന്റെ പ്രഖ്യാപനത്തിന് സാക്ഷ്യം പറയുന്നതാണ് അഹ്മദിയ്യത്തിന്റെ മുഴുവൻ ശത്രുക്കളുടെയും രചനകൾ.

മുജാഹിദുകളുടെ ആദ്യകാല പ്രസിദ്ധീകരണമായിരുന്ന അൽ മുർശിദ് മാസികയിൽ ഒരു പ്രമുഖ അറബി പണ്ഡിതന്റെ ഗ്രന്ഥം 'മുസ്‌ലിംകൾ എന്തുകൊണ്ട് പിന്നോക്കമായി' എന്ന പേരിൽ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരി ച്ചിരുന്നു. (1958) പ്രസ്തുത ഗ്രന്ഥത്തിൽ 19-ാം നൂറ്റാണ്ടിൽ മൊറോക്കോ എന്ന മുസ്‌ലിം രാജ്യത്ത് ബർബർ ഗോത്രക്കാരായ 80 ലക്ഷം മുസ്‌ലിംകൾ ക്രിസ്ത്യൻ മിഷണറിമാരുടെ പ്രവർത്തനം മൂലം ക്രിസ്ത്യാനികളായി മതപരിവർത്തനം നടത്തുകയുണ്ടായി എന്ന ഞെട്ടിപ്പി ക്കുന്ന സത്യം വെളിപ്പെടുത്തുന്നുണ്ട്. ഇതായിരുന്നു വാഗ്ദത്ത മസീഹ് നിയോഗിതരായ കാലഘട്ടത്തിലെ ക്രിസ്തീയ മുന്നേറ്റവും മുസ്‌ലിംകളുടെ നിസ്സഹായാവസ്ഥയും.

ചുരുക്കത്തിൽ ഇസ്ലാമിക സൗധത്തെ തകർത്തെറിയാൻ സംഹാര ഭാവത്തോടെ ഇ രമ്പി വന്ന ക്രൈസ്തവ ശക്തികളുടെ തേരോട്ടത്തെ തടുത്തു നിർത്തുകയും ഇസ്‌ലാമിക സമൂഹത്തിന്റെ യാഗാശ്വത്തെ മുന്നോട്ട് നയിക്കുകയും ചെയ്യുക യെന്ന ദിവ്യ ദൗത്യവുമായി നിയോഗിതനായ അല്ലാഹുവിന്റെ ഫയൽവാൻ വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹമദ്(അ) തന്റെ ദിവ്യ ദൗത്യം ഏതൊരു നിർണായക കാലഘട്ടത്തിലാണ് സമാരംഭം കുറിച്ചതെന്നും അവിടത്തെ ദിവ്യ ദൗത്യത്തെ തുടർന്നുണ്ടായ പരിവർത്തനങ്ങൾ എത്തരത്തിലുള്ളതായിരുന്നു വെന്നും നിഷ്പക്ഷ ചിന്തകരും സത്യാന്വേഷികളും പരിശോധിക്കുവാൻ തയ്യാ റാവേണ്ടിയിരിക്കുന്നു.

ഹദ്റത്ത് അഹ്മദി(അ) ന്റെ ക്രിസ്തുമതത്തിനെതിരായ പ്രതിരോധവും പോരാട്ടവും ബഹുമുഖമായിരുന്നു. ക്രിസ്തുമതത്തിന്റെ അടിസ്ഥാന തത്ത്വം ജന്മപാപ സിദ്ധാന്തവും പാപ പരിഹാരാർഥമുള്ള യേശുവിന്റെ കുരിശു മരണവുമാണല്ലോ. ആദ്യമായി ബൈബിളിന്റേയും യുക്തിചിന്തയുടെയും അടിസ്ഥാനത്തിൽ അദ്ദേഹം ജന്മപാപ സിദ്ധാന്തത്തെ ഖണ്ഡിക്കുകയുണ്ടായി. ആദം പാപം ചെയ്തു എന്ന് പറയുന്നത് തന്നെ തെറ്റാണെന്നും പാപം എന്ന് പറയുന്നത് ബോധ പൂർവം ചെയ്യുന്ന ആജ്ഞാ ലംഘനമാണെന്നും ആദം അത്തരം ഒരു തെറ്റ് ചെയ്തതായി ബൈബിളിൽ നിന്നു തെളിയുന്നില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. 'അപ്പൻ ചെയ്ത പാപത്തിന്റെ ഫലം മകൻ അനുഭവിക്കുകയില്ല' എന്ന സത്യം വ്യക്തമാക്കുന്ന നിരവധി ബൈബിൾ വചനങ്ങൾ എടുത്തു കാണിച്ചുകൊണ്ട് പാപം തലമുറകളിലേക്ക് സംക്രമിക്കുമെന്ന ക്രൈസ്തവ വിശ്വാസത്തിന്റെ അടിത്തറ തന്നെ അദ്ദേഹം തകർത്തു. പിന്നെയുള്ളത് യേശുവിന്റെ കുരിശു മരണമാണ്. പ്രസ്തുത വിശ്വാസത്തിനെതിരെ അദ്ദേഹം മുന്നോട്ടു വെച്ച വാദമുഖങ്ങൾ അതുല്യമായി ഇന്നും നില കൊള്ളുന്നു. കുരിശ് സംഭവത്തിന് ശേഷം അദ്ദേഹത്തിന് എന്ത് സംഭവിച്ചു വെന്ന ചരിത്രത്തെ സംബന്ധിച്ച് ഹദ്റത്ത് അഹ്മദ് (അ) രചിച്ച 'മസീഹ് ഹിന്ദുസ്ഥാൻ മെ' എന്ന ഗ്രന്ഥത്തിന്റെ മുമ്പിൽ വരാൻ പോലും ഒരൊറ്റ ക്രൈസ്തവ പണ്ഡിതനും ഇന്ന് വരെ തയ്യാറായിട്ടില്ല. പ്രസ്തുത ഗ്രന്ഥത്തിൽ യേശു കുരിശിൽനിന്നും രക്ഷപെട്ടുവെന്ന് ബൈബിൾ സാക്ഷ്യങ്ങൾ അദ്ദേഹം മുന്നോട്ട് വെക്കുകയുണ്ടായി. യേശു തന്നോട് അടയാളം ചോദിച്ചവരോട് 'യോനയുടെ അടയാളമല്ലാതെ മനുഷ്യ പുത്രന് അടയാളം കാണില്ല.' എന്ന് പറഞ്ഞുകൊണ്ട്, യോനാ കടലാനയുടെ വയറ്റിൽ ജീവനോടെ പ്രവേശിപ്പിക്കുകയും ജീവനോടെ പുറത്ത് വരുകയും ചെയ്തത് പോലെ താനും ഭൂമിയുടെ അന്തർഭാഗത്ത് ജീവനോടെ പ്രവേശിപ്പിക്കപ്പെടുകയും, ജീവനോടെ പുറത്ത് വരുകയും ചെയ്യുമെന്നാണ് മനസ്സിലാക്കി തരുന്നത്. യോനാ മത്സ്യത്തിന്റെ വയറ്റിൽ നിന്ന് രക്ഷപ്പെട്ട ശേഷം തന്റെ ജനതയെ സന്ധിക്കുകയും ജനങ്ങളാൽ സ്വീകരിക്കപ്പെടുകയും ചെയ്തത് പോലെ യേശു താനും നേരത്തെ അരുളിയത് പ്രകാരം ഇസ്രായേൽ ഗോത്രത്തി ലെ കാണാതായ ഗോത്രങ്ങളെ കണ്ടെത്തി, തന്റെ സന്ദേശമെത്തിക്കുകയും, അവരാൽ സ്വീകരിക്കപ്പെടുകയുമുണ്ടായി. യേശു നിയോഗിക്കപ്പെട്ട കാലത്ത് ഇസ്രയേൽ പന്ത്രണ്ട് ഗോത്രങ്ങളിൽ രണ്ട് ഗോത്രങ്ങളൊഴിച്ച് 10 ഗോത്രവും ഫലസ്തീന് പുറത്ത് ലോകത്തിലെ വിവിധ പ്രദേശങ്ങളിൽ ചിതറിക്കിടക്കുകയായിരുന്നു. അതുകൊണ്ട് തന്നെയാണ് യേശു ഇപ്രകാരം അരുളിയിട്ടുണ്ടായിരുന്നത്. ഈ തൊഴുത്തിൽ ഇല്ലാത്ത വേറേയും ആടുകൾ എനിക്കുണ്ട്. ഞാൻ അവയെയും വഴിനടത്തുന്നതാണ്. ഇക്കാര്യം വ്യക്തമാക്കുന്ന നിരവധി വചനങ്ങൾ ബൈബിളിൽ കാണാവുന്നതാണ്. കൂടാതെ ഗതശമന തോട്ടത്തിൽ വെച്ചുള്ള കുരിശുമരണത്തിൽ നിന്ന് രക്ഷപ്പെടുത്തു വാനുള്ള യേശുവി ന്റെയും ശിഷ്യന്മാരുടെയും രക്തം വിയർപ്പാക്കി തീരും വിധമുള്ള പ്രാർഥനയും കുരിശിൽകിടന്ന് യേശു നടത്തിയതായി പറയപ്പെടുന്ന 'എൻ ദൈവമെ എൻ ദൈവമെ എന്നെ വൈിട്ടതെന്ത്' എന്ന വിലാപവും പിലാത്തോസിന്റെ ഭാര്യ കണ്ട സ്വപ്നവുമെല്ലാം വ്യക്തമാക്കുന്നത് കുരിശിൽ വെച്ചുള്ള മരണം യേശുവിനെയോ ദൈവത്തിന്റെയോ ഹിതമായിരുന്നില്ല എന്നതാണ്. യേശുവിന്റെ ഭൂമിയിലേക്കുള്ള ലക്ഷ്യം സക്ഷാൽക്കരിക്കേണ്ട സന്ദർഭം വന്നപ്പോൾ ചഞ്ചലനായി എന്ന് കരുതുന്നത് അദ്ദേഹത്തിന്റെ മഹത്വത്തിന് ചേരുന്നതല്ലല്ലോ. ഭൗതികമായ ലക്ഷ്യത്തിന് വേണ്ടി പോരാടുന്ന എത്രയോ

ആളുകൾ ആവേശത്തോടെ മരണം പൂകാൻ തയ്യറാവുന്നത് നാം കണ്ടുവരുന്നതല്ലേ? ഇത്പോലെ നിരവധി തെളിവുകൾ വാഗ്ദത്ത മസീഹ് എടുത്ത് കാണിക്കുകയുണ്ടായി. കൂടാതെ കുരിശിൽ നിന്നും ഇറക്കപ്പെട്ട യേശുവിന്റെ മുറിവിൽ പുരട്ടുന്നതിന് വേണ്ടി പ്രത്യേകം തയ്യാറാക്കപ്പെട്ട മർഹ മെ ഈസാ എന്ന ഔഷധ ലേപനത്തെ സംബന്ധിച്ച് പുരാതന വൈദ്യ ശാസ്ത്ര ഗ്രന്ഥങ്ങളിൽ (വിഖ്യാത വൈദ്യ ശാസ്ത്രജ്ഞൻ ഇബ്നു സീനയുൾപ്പെടെ യുള്ളവർ പ്രസ്തുത ലേപനത്തെ സംബന്ധിച്ച് വിവരിക്കുന്ന പുരാതനമായ നിരവധി വൈദ്യശാസ്ത്ര ഗ്രന്ഥങ്ങളുടെ പട്ടിക തന്നെ ഹദ്റത്ത് അഹ്മദ്(അ) തന്റെ ഗ്രന്ഥങ്ങളിൽ രേഖപ്പെടു ത്തിയിട്ടുണ്ട്.) പരാമർശിക്കപ്പെട്ട കാര്യം യേശു ജീവനോടെയാണ് കുരിശിൽനിന്ന് ഇറക്കപ്പെട്ടതെന്നതിലേക്കുള്ള സാക്ഷ്യമായി അവിടുന്ന് സമർപ്പിക്കുകയുണ്ടായി.

കാണാതെ പോയ 10 ഇസ്രയേലി ഗോത്രങ്ങളുടെ പ്രവാസ ജീവിതത്തെ സംബന്ധിച്ച് ഉള്ള ബൈബിളിൽ നിന്നുള്ളതും ചരിത്ര പരവുമായ തെളിവുകൾ മുഖേന യേശുവിന്റെ കുരിശിൽ നിന്നുള്ള അതി ജീവനവും കാണാതെ പോയ ആടുകളെ അന്വേഷിച്ചു കൊണ്ടുള്ള അദ്ദേഹത്തിന്റെ യാത്രയുടെ അനിവാര്യതയും മസീഹ് ഹിന്ദുസ്ഥാൻ മെ എന്ന ഗ്രന്ഥത്തിലൂടെ ഹദ്റത്ത് അഹ്മദ് (അ) ചൂണ്ടിക്കാട്ടി.

അത് പോലെ ത്രിയേകസിദ്ധാന്തത്തിലെ യുക്തിരാഹിത്യവും പ്രമാണ രാഹിത്യവും അദ്ദേഹം സമർഥിക്കുകയുണ്ടായി. ക്രിസ്ത്യാനികളുടെ ദൈവമായ യേശു മറ്റുപ്രവാചകരെപ്പോലെ ദൗത്യ നിർവഹണാനന്തരം മരിച്ചു പോയിരിക്കുന്നുവെന്നും അദ്ദേഹത്തിന്റെ ഖബർ ശ്രീനഗറിലെ ഖാൻയാർ തെരുവിൽ സ്ഥിതി ചെയ്യുന്നുവെന്നും പ്രസ്തുത ഖബർ പരിശോധിക്കുന്ന പക്ഷം, അനിഷേധ്യവും മൂർത്തവുമായ തെളിവുകൾ അതിൽ നിന്നു ലഭിക്കു മെന്നുമുള്ള ഹദ്റത്ത് അഹ്മദ് (അ) ന്റെ പ്രഖ്യാപനം ക്രൈസ്തവ ലോകത്തെ കിടിലം കൊള്ളിക്കുകയുണ്ടായി. തിരുനബി (സ) യും നജറാണിലെ ക്രിസ്ത്യാനികളും തമ്മിൽ നടത്തിയ വിഖ്യാതമായ സംവാദത്തിൽ യേശു വിന്റെ ദൈവത്വത്തിനെതിരിൽ നബിതിരുമേനി(സ) ഉന്നയിച്ച സുപ്രധാനമായ ന്യായം ഈസാ നബി (അ)ക്ക് നാശം സംഭവിച്ചുവെന്നതായിരുന്നു. ഇന്ന് പശ്ചാത്യ ഗവേഷകരുടെ ശ്രദ്ധ ഈ രംഗത്തേക്ക് തിരിഞ്ഞു കൊണ്ടിരിക്കുകയും ഹദ്റത്ത് അഹ്മദി(അ)ന്റെ വാദങ്ങൾ ശരിവെക്കുന്ന നിരവധി ഗവേഷണ ഫലങ്ങൾ പുറത്തു വന്നു കൊണ്ടിരിക്കുകയുമാണ്. ഈ അടുത്ത കാലത്ത് ഇന്ത്യാഗവൺമെന്റിന്റെ കീഴിലുള്ള ഫിലിം ഡിവിഷൻ പുറത്തിറക്കിയ ടെലി ഫിലിമിൽ യേശുവിന്റെ ഇന്ത്യയിലേക്കുള്ള യാത്രയും കശ്മീരിലെ ഖബറുമെല്ലാം വിശദമായ നിലയിൽ പ്രതി പാദിച്ചിട്ടുണ്ട്.

ഹദ്റത്ത് അഹ്മദ് (അ) ക്രൈസ്തവതക്ക് നൽകിയ മറ്റൊരു പ്രഹരം ക്രിസ്തു മത വിശ്വാസങ്ങൾക്ക് വളമായി തീർന്നിരുന്ന മുസ്‌ലിംകളുടെ തെറ്റായ വിശ്വാസങ്ങൾ തിരുത്തിയെന്നുള്ളതാണ്. വാഗ്ദത്ത മസീഹിന്റെ ദജ്ജാൽ വധം വിവരിക്കുന്ന ഹദീസു കളിൽ ദജ്ജാലിന്റെ ഇരുകാലുകളും വാഗ്ദത്ത മസീഹ് വെട്ടുന്നതായി വിവരിക്കുന്നുണ്ട്. ഈ വിവരണത്തിന്റെ ഉദ്ദേശ്യം ദജ്ജാലിയത്തിന്റെ നിലനിൽപിനും മുന്നേറ്റത്തിനും സഹായകമായ ഇരുകാലുകളിൽ ഒന്ന് അവരുടെ തന്നെ അന്ധവിശ്വാസമാണെങ്കിൽ മറ്റൊന്ന് ദജ്ജാലിയൻ വിശ്വാസങ്ങൾക്ക് വളംവെക്കുന്ന മുസ്‌ലിംകളുടെ അബദ്ധവിശ്വാസങ്ങളാണ്. ഈസാനബി (അ)മരിക്കാതെ അല്ലാഹുവിന്റെ അടുക്കൽ ഇരിക്കു ന്നുവെന്നും, അദ്ദേഹം മരിച്ചവരെ ജീവിപ്പിച്ചു പക്ഷികളെ പടച്ചു, കുരുടന് കാഴ്ച്ച നൽകുകയും അത് പോലെ മറ്റനേകം അദ്ഭുത പ്രവൃത്തികൾ ചെയ്തതായി മുസ്‌ലിംകൾ വിശ്വസിക്കുന്നു. തിരുനബി (സ)യുടെ ഉമ്മത്തിന്റെ രക്ഷക്ക് ഭൂമിയിൽ വീണ്ടും അവതരിക്കുന്നത് ഈസാ നബി(അ)ആണെന്നും അവർ വിശ്വസിക്കുന്നു. അല്ലാഹുവിനെ കൂടാതെ വിളിച്ചു പ്രാർഥിക്കുന്ന വ്യാജ ദൈവങ്ങൾ മരിച്ചവരാണെന്ന് വിശുദ്ധ ഖുർആൻ വ്യക്തമാക്കുകയും ആകാശത്ത് കരേറിപ്പോയി ഗ്രന്ഥവുമായി തങ്ങൾ കാൺകെ തിരിച്ചു വരാൻ തിരുനബി (സ) യോട് ശത്രുക്കൾ ആവശ്യപ്പെട്ടപ്പോൾ താൻ മനുഷ്യൻ മാത്രമായ ദൂതനാണെന്നും അത് കൊണ്ട് തനിക്ക് ആകാശാരോഹണം സാദ്ധ്യമാകില്ലെന്നും മറുപടി പറയാൻ വിശുദ്ധ ഖുർആൻ കൽപ്പിക്കുന്നു. എന്നാൽ ഈസാ നബി(അ) ആകാശത്തിൽ കയറുകയും അവിടെ ജീവിച്ചിരിക്കുകയും ചെയ്യുന്നുവെന്ന് വിശ്വസിക്കുന്ന മുസ്‌ലിംകൾ യേശു ക്രിസ്തു മനുഷ്യനായ ദൂതനല്ല, ദൈവത്തിന്റെ പുത്രനും ദൈവവുമാണെന്ന വാദത്തിന് എന്ത് മറുപടിയാണ് നൽകുവാൻ കഴിയുക? ചുരുക്കത്തിൽ യേശുവിന്റെ ദൈവത്വം അംഗീകരിച്ചു കൊടുക്കുന്നതായിരുന്നു മുസ്‌ലിംകളുടെ വിശ്വാസങ്ങൾ. മർക്കസുൽ ബിശാറ പ്രസിദ്ധീകരിച്ച റവ: ഫാദർ അലവി യുടെ 'ഒരു അന്വേഷണത്തിന്റെ അന്ത്യം' എന്ന പുസ്തകം മാത്രം വായിച്ചാൽ ഈ കാര്യം വ്യക്തമാവും. ഹദ്റത്ത് അഹ്മദ്(അ) ഈസാ നബി(അ)യെ സംബന്ധിച്ച് അതിശയോക്തിപരമായ വിശ്വാസങ്ങൾക്ക് ഹേതുവായ വിശുദ്ധ ഖുർആനിലെ മുതശ്ശാബിയായ വചനങ്ങളുടെ യഥാർഥ അർഥം മനസ്സിലാക്കി കൊടുക്കുകയും ഈസാ നബി (അ)യുടെ കശ്മീരിൽ വെച്ചുള്ള മരണം ബുദ്ധിപരവും പ്രമാണ പരവും ചരിത്രപരവുമായ തെളിവുകൾ നിരത്തി സമർഥിക്കു കയുമുണ്ടായി. യേശുവിന്റെ അദ്ഭുത പ്രവൃത്തികൾ ഘോഷിച്ചു കൊണ്ട് മുസ്‌ലിംകളെ ത്രിയേക വിശ്വാസത്തിലേക്ക് ക്ഷണിച്ചു കൊണ്ടിരുന്ന പാതിരിമാരുടെ മുമ്പിൽ കടുകുമണിത്തൂക്കം വിശ്വാസമുള്ളവർക്ക് യേശു ചെയ്ത അദ്ഭുത പ്രവൃത്തികൾ കാണിക്കാം എന്ന ബൈബിൾ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ യേശു ചെയ്തതായി തങ്ങൾ ഘോഷിക്കുന്ന അദ്ഭുത പ്രവൃത്തികൾ സ്വയം കാണിച്ചു കൊണ്ട് യേശുവിന്റെ ദൈവത്വവും തങ്ങളുടെ വിശാസവും തെളിയിക്കുവാൻ വാഗ്ദത്ത മസീഹ് ആഹ്വാനം നടത്തിയപ്പോൾ പാതിരിമാർ പിന്തിരിഞ്ഞോടുന്ന കാഴ്ച്ചയാണ് കാണാൻ കഴിഞ്ഞത്. ക്രിസ്ത്യാനികളുമായി ഒട്ടൊക്കെ ഫലപ്രദമായി സംവദിച്ചു കൊണ്ടിരുന്ന അഹ്മദ് ദീദാത്ത് മുതൽ എം. എം. അക്ബർ വരെയുള്ള മുസ്‌ലിം പ്രബോധകന്മാർ ഹദ്റത്ത് അഹ്മദി (അ)ന്റെ വാദമുഖങ്ങളി ലൂന്നിക്കൊണ്ടാണ് തങ്ങളുടെ വാഗദഗ തികൾ അവതരിപ്പിച്ചു കൊണ്ടിരുന്നത് എന്ന യാഥാർഥ്യം ക്രൈസ്തവ പ്രസിദ്ധീകരണങ്ങൾ തന്നെ ഉൽ ഘോഷിക്കാറുണ്ട്. യേശുവിന്റെ അദ്ഭുത പ്രവൃത്തികളും ദിവ്യ ദൃഷ്ടാന്തങ്ങളും കൊട്ടിഘോഷിച്ചിരുന്ന ക്രൈസ്തവ പാതിരിമാരുടെ മുമ്പിൽ ഹദ്റത്ത് അഹ്മദ്(അ) ആത്മീയ സമരത്തിന്റെ വെല്ലുവിളി ഉയർത്തിയപ്പോൾ ഒരാൾപോലും അതിനെ എതിർക്കാൻ ധൈര്യം കാണിച്ചിട്ടില്ല എന്നതാണ് കൗതുകകര മായിട്ടിരിക്കുന്നത്. ഇസ്ലാമിന്റെയും മുഹമ്മദ് നബി (സ) തിരുമേനിയുടെയും സത്യതക്കുള്ള അടയാളം കാണിക്കുവാൻ താൻ തയ്യാ

റാണെന്ന ഒരു വിളംബരം ഏഷ്യയിലും യൂറോപ്പിലു മെല്ലാം അവിടുന്ന് പ്രചരിപ്പിക്കുകയും ക്രൈസ്തവ ലോകത്തെ അവരുടെ ആത്മാഭിമാനത്തെ തട്ടിയുണർത്തുന്ന രീതിയിൽ ആഹ്വാനം ചെയ്യുകയും ചെയ്തു കൊണ്ടിരിക്കുകയും ചെയ്തുവെങ്കിലും അവർ മൗനത്തിന്റെ മാളത്തിൽ ഒളിക്കുകയാണുണ്ടായത്. അമേരിക്കയിൽ നിന്ന് അലക്സാണ്ടർ ഡൂയി എന്നൊരാൾ രംഗത്ത് വന്നപ്പോൾ ക്രിസ്തു മതത്തിന്റെ പരാജയവും ഇസ്‌ലാമിന്റെ വിജയവും വ്യക്തമാക്കുന്ന അത്യദ്ഭുതകരമായ ദിവ്യ അടയാളം വെളിപ്പെടുകയുണ്ടായി. യേശുവിന്റെ രണ്ടാം വരവിന് വഴിയൊരുക്കാൻ വന്ന ഏലിയാ പ്രവാചകനാണ് താനെന്ന് വാദിച്ച വ്യക്തിയായിരുന്നു മിസ്റ്റർ ഡൂയി. ഷിക്കാഗോവിനടുത്ത് തന്റെ കേന്ദ്രം സ്ഥാപിച്ച് അമേരിക്ക മുഴുവൻ പ്രസിദ്ധിയുടെ കൊടുമുടിയിൽ വിരാജിച്ച ഡുയി തന്റെ പ്രാർഥന മൂലം സകല മുസ്‌ലിംകളും നാശമടയുമെന്നും ഇസ്‌ലാമിന്റെ വേരറുക്കപ്പെടുമെന്നും കഅ്ബ വിജനമായി തീരുന്നതുമാണ് എന്ന് പ്രഖ്യാപിക്കുകയുമുണ്ടായി. പ്രസ്തുത വ്യക്തിയുമായി വാഗ്ദത്ത മസീഹ് ആത്മീയ സമരത്തിൽ ഏർപ്പെടുകയും അദ്ദേഹത്തിന്റെ പ്രവചനമനുസരിച്ച് ഡൂയി നാശമടയുകയും സിയോണ് നഗരത്തിൽ പടുത്തുയർത്തിയ ആത്മീയ നഗരം ജനശൂന്യമായി തീരുകയും ചെയ്തു.

പ്രസ്തുത സംഭവത്തെക്കുറിച്ചും, ആത്മീയ സമരത്തിൽ ഇസ്‌ലാമിനെ പ്രതിനിധീകരിച്ച വാഗ്ദത്ത മസീഹിന് ഉജ്ജ്വല വിജയം സമ്മാനിച്ച പ്രവചനങ്ങളെ സംബന്ധിച്ചുമുള്ള വാർത്ത പ്രസിദ്ധീകരിച്ച 32 അമേരിക്കൻ പത്രങ്ങളുടെ പേരുകൾ, അവ പ്രസിദ്ധീകരിച്ച തീയതി എന്നിവ ഹദ്റത്ത് അഹ്‌മദ്(അ) തന്റെ ഹഖീഖത്തുൽ വഹ്‌യ് (ഭാഗം-72) എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇസ്‌ലാമിന്റെയും വാഗ്ദത്ത മസീഹിന്റെയും ഉജ്ജ്വല വിജയം ഏറ്റുപറഞ്ഞ ചില പത്ര വരികൾ കാണുക. ഡൺവില്ലെ ഗസറ്റ് ഇപ്രകാരം എഴുതുന്നു: 'പ്രവചനം ഏതാനും മാസങ്ങൾക്ക് മുമ്പ് കണിശമായി പുലർന്നതിൽ ആഹ്ലാദം കൊള്ളുന്നുണ്ടെങ്കിൽ അഹ്‌മദിനെയും അദ്ദേഹത്തിന്റെ അനുയായികളേയും കുറ്റപ്പെടുത്തികൂടാ' ന്യൂയോർക്കിലെ ട്രൂത്ത് സീക്കർ പറയുന്ന് കാണുക. ഡോവി ആഹ്വാനം സ്വീകരിക്കുകയാണെങ്കിൽ തന്റെ കൺമുമ്പിൽ വെച്ച് അയാൾ കഠിനമായ ദുഃഖത്തോടും കഷ്ടപ്പാടുകളോടും കൂടി ലോകം വിട്ടുപിരിയും എന്നു ഖാദിയാനിലെ ആൾ പ്രവചിച്ചു. ആഹ്വാനം ഡൂയി സ്വീകരിച്ചില്ലെങ്കിലും അന്ത്യം മാറ്റിവെക്കപ്പെടുകയേ ഉള്ളു മരണം അയാളെ കാത്തുനിൽക്കുന്നുണ്ടാകും. സിയോണ് നഗരത്തെയും താമസംവിനാ ആപത്തുകൾ പിടി കൂടും എന്നിങ്ങനെ മിർസ പറഞ്ഞു. സിയോണ് നശിക്കുകയും ഡൂയി തന്റെ കൺമുമ്പിൽ വെച്ച് മരിക്കുകയും ചെയ്യും എന്നായിരുന്നു പ്രവചനം ജീവിത ദൈർഘ്യം സംബന്ധിച്ച് ഈ പരീക്ഷണത്തിൽ എതിരാളിയെ പോരിന് വിളിക്കുക വാഗ്ദത്ത മസീഹിനെ സംബന്ധിച്ചിടത്തോളം അപകടം പിടിച്ച ഒരേർപ്പാടായിട്ടാണ് തോന്നിയിരുന്നത് എന്തെന്നാൽ മിർസാക്ക് മറ്റെയാളെക്കാൾ പതിനഞ്ച് വയസ്സ് കൂടുതലായിരുന്നു. ഇതിന് പുറമെ പ്ളേഗിന്റെയും മതഭ്രാന്തിന്റേയും നാട്ടിൽ നിന്നും മിർസാക്ക് കൂടുതൽ കാലം ജീവിക്കുവാൻ സാദ്ധ്യതയും ഉണ്ടായിരുന്നുമില്ല. എങ്കിലും അദ്ദേഹം തന്നെയാണ് വിജയശ്രീലാളിതനായിത്തീർന്നത്. (ദ ട്രൂത്ത് സീക്കർ ന്യൂയോർക്ക് 15- 6- 1907)

ലുധിയാനയിൽ വെച്ച് പാതിരി അബ്ദുല്ലാ ആഥം, പാതിരി മാർട്ടിൻ ക്ലാർക്ക് തുടങ്ങിയ ക്രൈസ്ത പണ്ഡിതന്മാരുമായി 10 ദിവസം നീണ്ടു നിന്ന സംവാദം മതവിശ്വാസികളിൽ വലിയ കോളിളക്കം സൃഷ്ടിക്കുകയും കുരിശു വിശ്വാസത്തിന്റെയും ത്രിയേകത്വത്തിന്റേയും അടിത്തറയിളകുകയും ചെയ്തു. പ്രസ്തുത സംവാദത്തിന്റെ വിശദമായ വിവരണം ഹദ്റത്ത് അഹ്‌മദ്(അ) തന്റെ ജംഗെ മുഖദ്ദസ് എന്ന വിഖ്യാത ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

**മുസ്‌ലിം ഉലമാക്കളുടെ സാക്ഷ്യം**

വിശ്വാസപരമായി വിയോജിപ്പ് ഉണ്ടായിരുന്നിട്ട് കൂടി ഒരു വലിയ വിഭാഗം മുസ്‌ലിം പണ്ഡിതന്മാർ ഹദ്റത്ത് അഹ്‌മദി (അ)ന്റെ ഇസ്‌ലാമിക സേവനങ്ങളെ ഏറ്റുപറയുകയും പ്രത്യേകിച്ച് ദജ്ജാലി ശക്തികൾക്കെതിരെ അവിടത്തെ പോരാട്ടങ്ങളെ പ്രശംസിക്കുകയും ചെയ്തിട്ടുണ്ട്. ലോക പ്രശസ്ത പണ്ഡിതനും ഇന്ത്യയുടെ ആദ്യത്തെ വിദ്യാഭ്യാസ മന്ത്രിയുമായിരുന്ന മൗലാനാ അബുൽ കലാം ആസാദ് പറയുന്നത് കാണുക. മിർസാ സാഹിബിന്റെ ഭാഗത്ത് നിന്നും ക്രിസ്ത്യാനികൾക്കും ആര്യ സമാജികൾക്കുമെതിരായി ആവിഷ്ക്കരിക്കപ്പെട്ടിട്ടുള്ള സാഹിത്യങ്ങൾ പൊതുജനസമ്മതി നേടിക്കഴിഞ്ഞവയാണ്. അദ്ദേഹം തന്റെ കടമ പൂർത്തിയാക്കികഴിഞ്ഞ സന്ദർഭത്തിൽ ആ സാഹിത്യത്തിന്റെ മേന്മയും മഹത്വവും നാം ഹൃദയ പൂർവം അംഗീകരിക്കേണ്ടിവരും. ക്രിസ്തുമതത്തിനെതിരെ അദ്ദേഹം നടത്തിയ പ്രത്യാക്രമണം ആ മതത്തിന് ഭരണത്തിന്റെ തണലിലായിട്ട് സിദ്ധിച്ചിരുന്ന സ്വാധീനശക്തി മാത്രമല്ല ക്രിസ്തുമതത്തിന്റെ ജീവനെ തന്നെ തകർത്തു കളഞ്ഞിരിക്കുന്നു. (ദജ്ജാലിനെ വധിക്കുമെന്ന ഹദീസിലെ പ്രവചനം സ്മരിക്കുക.- ലേഖകൻ) വിവിധ മതങ്ങൾക്കിടയിൽ ഇസ്‌ലാമിന്റെ മേന്മ സ്ഥാപിക്കുന്നതിൽ അദ്ദേഹത്തിന് പ്രത്യേക പാടവമുണ്ടായിരുന്നു. (വക്കീൽ പത്രം 1908 ജൂൺ) വടക്കേ ഇന്ത്യയിലെ പ്രമുഖ പണ്ഡിതനും ദയൂബീ ഫിർഖയുടെ സമുന്നത നേതാവുമായിരുന്ന അശ്റഫലീ ഥാനവി തന്റെ വിശുദ്ധ ഖുർആൻ പരിഭാഷയുടെ ആമുഖത്തിൽ മുസ്‌ലിം പണ്ഡിതന്മാർക്ക് ക്രിസ്ത്യാനികളുടെ ആക്രമണത്തെ നേരിടുന്നതിൽ സംഭവിച്ച് പരാജയങ്ങൾ വിവരിക്കുകയും അവസാനം ഹദ്റത്ത് അഹ്‌മദുൽ ഖാദിയാനി (അ) രംഗത്ത് വന്നു കൊണ്ട് അവരെ നേരിട്ട് പരാജയപ്പെടുത്തിയ കാര്യവും വ്യക്തമായ നിലയിൽ വിവരിക്കുകയും ചെയ്തിട്ടുണ്ട്. പിന്നീട് ശത്രു മുഖ്യനായി മാറിയ മുഹമ്മദ് ഹുസൈൻ ഭട്ടാലവി മുതൽ അല്ലാമാ നിയാസ് ഫത്തഹ് പുരി വരെയുള്ള മറ്റനേകം പണ്ഡിതന്മാരും ഹദ്റത്ത അഹ്‌മദി (അ) ന്റെ ഇസ്ലാമിക സേവനങ്ങളെ ഏറ്റുപറഞ്ഞിട്ടുണ്ട്.

സുനാമിതിര പോലെ ഇസ്‌ലാമിന്റെ നേർക്ക് ആഞ്ഞടിച്ചുവന്ന ശത്രുക്കളുടെ വിമർശന തരംഗങ്ങൾക്കെതിരെ വാഗ്ദത്ത മസീഹ് (അ) സ്ഥാപിച്ച പ്രതിരോധ ഭിത്തിയിൽ തട്ടി അവയെല്ലാം ചിന്നി ചിതറി. 'യുഗദീപം' എന്ന മാസികയിൽ സുരേശ് വി. മാത്യു തിരുവല്ല 'ഇസ്‌ലാമിക നവോത്ഥാനം: പുതിയ വെല്ലുവിളികളോ?' എന്ന ശീർഷകത്തിലെഴുതുന്നത് കാണുക.. 'ഇസ്‌ലാം മത പ്രചാരണം ഏഷ്യൻ ആഫ്രിക്കൻ രാജ്യങ്ങളിൽ ഒരു പുതിയ വഴിത്തിരിവിൽ എത്തിയിരിക്കുന്നു. ഈ പുതിയ വെല്ലുവിളികളെ ഏഷ്യയിലെ ക്രൈസ്തവലോകം എങ്ങനെ വീക്ഷിക്കും എന്നത് ചിന്താർഹമായ വസ്തുതയത്രെ. ഇങ്ങനെയൊരു നവോത്ഥാനത്തിന്റെ ശില്പ്പികളിൽ പ്രമുഖർ അഹ്‌മദിയ്യാമുസ്‌ലിം മിഷൻ എന്നറിയപ്പെടുന്ന ഒരു രാജ്യാന്തര സംഘടനയാണ്. ഏതാണ്ട് 35 രാജ്യങ്ങളിൽ (ഇന്ന് 202 രാജ്യങ്ങളിൽ) പരന്നു

കിടക്കുന്ന ശക്തമായ ശൃംഖലകളുള്ള ഈ പ്രസ്ഥാനത്തിന്റെ ശൈലി ക്രിസ്തീയ മിഷനറി സംഘങ്ങൾക്ക് സമാനമാണ്. ഇസ്‌ലാമിലെ അഹ്മദിയ്യാപ്രസ്ഥാനത്തിന്റെ സ്ഥാകനായ മിർസാഗുലാം അഹ്മദ് ക്രിസ്ത്യാനികളുടെ മിശിഹായും ഇസ്‌ലാമിൽ വരുവാനുള്ള മഹ്ദിയും താനാണെന്ന് അവകാശപ്പെട്ടു. ഒരു പക്ഷേ ഇതിൽ നിന്നായിരിക്കണം ക്രിസ്തു മതത്തെ എതിർക്കാനുള്ള പ്രചോദനം അവർക്ക് ലഭിച്ചത്. ബലപ്രയോഗത്തിൽ കൂടിയല്ല, പിന്നെയോ പ്രസംഗത്തിലൂടെയാണ് ഇത് സാധിക്കേണ്ടതെന്ന മിർസാ ഗുലാം അഹ്മദിന്റെ ഉപദേശം അവരെ തീഷ്ണതയുള്ള മിഷനറിമാരാക്കി മാറ്റിയിരിക്കുന്നു.' ലോക സുവിശേഷകനായ ബില്ലി ഗ്രഹാമിനെതിരെ കെനിയയിലെ അഹ്മദിമുബല്ലിഗായ ശൈഖ് മുബാറക്ക് അഹ്മദ് സാഹിബ് ആത്മീയ സമരത്തിന്ന് വെല്ലു വിളിച്ചതുംബില്ലി ഗ്രഹാമിന്റെ ഒഴിഞ്ഞു മാറ്റവും ക്രൈസ്തവ ലേഖകൻ വിവരിക്കുന്നുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ ഇസ്‌ലാമിക മുന്നേറ്റം വിവരിച്ചതിന് ശേഷം ലേഖനം അവസാനിപ്പിക്കുന്നത് ഇപ്രകാരമാണ്.. 'ഇന്ന് തുറക്കപ്പെടുന്ന ഈ രാജ്യങ്ങളിലെ അൽപ്പമായെങ്കിലുമുള്ള സുവിശേഷത്തിന്റെ വാതിലുകൾ എന്നെന്നേക്കുമായി അടയുവാൻ പോവുന്നതിന്റെ ശംഖുനാദമാണോ ഇത്? കാലം ഉത്തരം നൽകട്ടെ' (യുഗദീപം 1980 മാർച്ച്). വാഗ്ദത്ത മസീഹ് സൃഷ്ടിച്ചിട്ടുള്ള ഇസ്‌ലാമിക മുന്നേറ്റത്തിന്റെ സുനാമിത്തിരയിൽ സുവിശേഷ പ്രചാരണം മാത്രമല്ല ക്രിസ്തുമതം തന്നെ ഒഴുകിപ്പോകുമെന്ന കാര്യത്തിൽ സംശയമില്ല.

'ഇസ്‌ലാം സംവാദം' എന്ന പ്രശസ്തമായ ക്രൈസ്തവ ഗ്രന്ഥത്തിൽ മുസ്‌ലിം പ്രബോധകനായ അഹ്മദ് ദീദാത്തും ജോസ് മക്ഡോവൽ ജോൺ ഗിൽഗെയിറ്റ് എന്നീ ക്രിസ്തീയ പണ്ഡിതന്മാരുമായി നടന്ന സംവാദത്തിന്റെ വിവരണമാണ് അടങ്ങിയിരിക്കുന്നത്. പ്രസ്തുത ഗ്രന്ഥത്തിൽ ഹദ്റത്ത് അഹ്മദി(അ) നെയും അഹ്മദിയ്യാ പ്രസ്ഥാനത്തെയും പലയിടത്തും പരാമർശിക്കുന്നത് കാണാം. കുരിശ് സംഭവത്തെ സംബന്ധിച്ച് ഇസ്‌ലാമിക സൂക്തങ്ങൾക്ക് അഹ്മദിയ്യാ ജമാഅത്ത് നൽകുന്ന വിശദീകരണങ്ങളെ വിലയിരുത്തി കൊണ്ട് ഇസ്‌ലാം സംവാദം 168-ാം പേജിൽ പറയുന്നത് കാണുക. മേൽ പറഞ്ഞ വേദഭാഗങ്ങളുടെ വ്യാഖ്യാനത്തിൽ പാരമ്പര്യ മുസ്‌ലിം വിശ്വാസത്തെ നിരസിക്കുക മാത്രമല്ല ക്രിസ്തീയ വിശ്വാസത്തിന്റെ അടിത്തറയെ തകർക്കുന്ന ഉഗ്രമായ ഒരു പ്രഹരം ഏൽപ്പിക്കുവാനാണ് അവർ ലക്ഷ്യം വെച്ചിരിക്കുന്നത്. യാഥാസ്ഥിതിക മുസ്‌ലിംകളുമായുള്ള അഹ്മദികളുടെ വിശ്വാസ ഭിന്നതകളെ വിലയിരുത്തിക്കൊണ്ട് പ്രസ്തുത ഗ്രന്ഥം എഴുതുന്നു: ക്രിസ്തീയ വിശ്വാസത്തിനെതിരായി അഹ്മദികളെ ഇസ്‌ലാമിനെ അനുകൂലിക്കുന്ന ഉപദേശങ്ങളിലാണ് പ്രധാനപ്പെട്ട വ്യത്യാസങ്ങൾ കാണുന്നത്. ഇതിന്റെ കാരണം അഹ്മദിയ്യാ വിഭാഗക്കാരുടെ യോ അഥവാ ഖാദിയാനിസത്തിന്റെയോ പ്രധാന സവിശേഷതകൾ ക്രിസ്തീയ വിശ്വാസത്തിനെതിരെ യുള്ള അവരുടെ ഉറച്ച നിലപാടുകളാണ് എന്നതാണ് (പേജ് 171)

ഇസ്‌ലാം മത പ്രബോധന രംഗത്ത് പ്രത്യേകിച്ച് ക്രൈസ്തവ ഖണ്ഡനത്തിലെങ്കിലും വിജയിച്ചിട്ടുള്ള മുസ്‌ലിം പണ്ഡിതരുണ്ടെങ്കിൽ അവർ ഹദ്റത്ത് അഹ്മ്മദി(അ)ന്റെ ആത്മീയ ഉറവയിൽ നിന്നും ഫലമെടുത്ത വരാണെന്ന് വ്യക്തമായി മനസ്സിലാക്കുവാൻ സാധിക്കും. അഹ്മദ് ദീദാത്ത് മുതൽ എം. എം. അക്ബർ വരെയുള്ളവർ പ്രസ്തുത ഗണത്തിൽ പെട്ടവരാണെന്ന് കാണുവാൻ കഴിയും. ആഫ്രിക്കയിൽ പ്രവർത്തിച്ചിരുന്ന ദീദാത്ത് അഹ്മദിയ്യാ സാഹിത്യങ്ങൾ വായിക്കുകയും തനിക്ക് കിട്ടിയ പുത്തൻ അറിവുകളുടെ വിപണന സാദ്ധ്യത മനസ്സിലാക്കി അത് പ്രചരിപ്പിക്കുകയുമാണ് ചെയ്തത്. ഇസ്‌ലാം സംവാദത്തിൽ രേഖപ്പെടുത്തിയത് കാണുക. ക്രിസ്ത്യാനികൾക്കും മുസ്‌ലിംകൾക്കും വേണ്ടി ഖാദിയാനി സിദ്ധാന്തം വളർത്തിക്കൊണ്ട് വരുവാനാണ് ദീദാത്ത് ശ്രമിക്കുന്നത് എന്നത് വ്യക്തമാണ്. ദീദാത്തിന്റെ ലഘു ലേഖ പരിശോധിച്ചാൽ തന്റെ വാദമുഖങ്ങൾ പ്രധാനമായും ഗുലാം അഹ്മദിന്റെ ഗ്രന്ഥത്തിൽ നിന്നും കടമെടുത്തതോ അല്ലാത്ത പക്ഷം ഖാദിയാനീ എഴുത്തുകാരെ അനുകരിച്ചതോ ആകാമെന്ന് മനസ്സിലാക്കാവുന്നതാണ്. (പേജ് 172)

പ്രസ്തുത ഗ്രന്ഥത്തിൽ അഹ്മദ് ദീദാത്തിനെ അഹ്മദിയ്യാ ജമാഅത്തിന്റെ അനുയായി എന്നാണ് വിശേഷിപ്പിക്കുന്നത്.(പേ.173)

ഇത്രയും വിവരിക്കാനുണ്ടായ കാരണം വാഗ്ദത്ത മസീഹിന്റെ പ്രവർത്തനങ്ങൾ എത്രത്തോളം ദജ്ജാലിയൻ ശക്തികളെ തകർത്തിട്ടുണ്ടെന്നും വാഗ്ദത്ത മസീഹിന്റെ പ്രവർത്തനങ്ങളുടെ സ്വാധീനം എത്രയുണ്ടെന്നും വായനക്കാർ മനസ്സിലാക്കാൻ വേണ്ടിയാണ്. 'ഈ നീരുറവയിൽ നിന്ന് അനേകം പേർ ജലപാനം ചെയ്യുന്നതായി ഞാൻ കാണുന്നു' എന്ന വാഗ്ദത്ത മസീഹിന്റെ പ്രവചനത്തിന്റെ പൂർത്തീകരണം ഇന്ന് ലോകം മുഴുക്കേകണ്ടു കൊണ്ടിരിക്കുകയാണ്.

## ജൽസാ സാലാന 2013

ഖാദിയാൻ: അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹു) 122-ാം ജൽസാ സാലാന ഖാദിയാൻ, 2013 ഡിസംബർ 27,28,29 (വെള്ളി, ശനി, ഞായർ) തീയതികളിൽ നടത്തുവാനുള്ള അനുവാദം നൽകിയിരിക്കുന്നു.
ഈ സമ്മേളനത്തിൽ പങ്കെടുക്കാൻ ഇപ്പോൾ തന്നെ തയ്യാറെടുപ്പുകൾ നടത്തണമെന്ന് അപേക്ഷിക്കുന്നു.

-നാസിർ ഇസ്‌ലാഹ് വ ഇർശാദ് ഖാദിയാൻ

## ഇജ്തിമാ അൻസാറുല്ലാ ഭാരത് 2013

ഖാദിയാൻ: മജ്‌ലിസ് അൻസാറുല്ലാ ഭാരതിന്റെ വാർഷിക ഇജ്തിമാ 2013 സെപ്റ്റംബർ 28,29,30 (ശനി, ഞായർ, തിങ്കൾ) എന്നീ തീയ്യതികളിൽ നടത്താൻ അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹു) അനുവാദം നൽകിയതായി അറിയിച്ചു കൊള്ളുന്നു.

-സദർ മജ്‌ലിസ് അൻസാറുല്ലാ ഭാരത്

# റസൂൽ തിരുമേനി(സ)യുടെ ആഹാര മര്യാദ

ആഹരിക്കുമ്പോഴുള്ള മര്യാദയും ശീലങ്ങളും മനുഷ്യന്റെ സംസ്ക്കാരവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. ഇസ്‌ലാം ഇതിന് വളരെ പ്രാധാന്യം കൽപ്പിക്കുന്നു. റസൂൽ തിരുമേനി(സ)യുടെ മാതൃക സർവ മനുഷ്യർക്കും മാതൃകയാണ്.

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

ആഹാരപാനീയങ്ങളുടെ കാര്യത്തിൽ തിരുനബി(സ) അങ്ങേയറ്റം ലാളിത്യം പാലിച്ചു പോന്നിരുന്നു. ആഹാരം പാകം ചെയ്യുന്നതിൽ എന്തെങ്കിലും പിഴവോ വീഴ്ച്ചയോ വന്നു പോയെങ്കിൽ അനിഷ്ടം പ്രകടിപ്പിക്കുമായിരുന്നില്ല. ഭക്ഷിക്കാൻ പറ്റിയതാണെങ്കിൽ ഭക്ഷിക്കും അല്ലെങ്കിൽ അത് കഴിക്കാതിരിക്കും. ഭക്ഷണം പാകം ചെയ്തവർക്ക് നിരാശയുണ്ടാക്കുമാറ് അനിഷ്ടം പ്രകടിപ്പിക്കാതിരിക്കാൻ സൂക്ഷിച്ചു പോന്നിരുന്നു. ആഹാരം കഴിക്കാനിരുന്നാൽ തന്റെ മുമ്പിലുള്ളത് മാത്രം ശ്രദ്ധിക്കും. ആഹാരപാനീയങ്ങളിൽ പ്രതിപത്തിയില്ലാത്ത വിധം അവയ്ക്കെ ല്ലാം അതീതനാണ് താനെന്ന് വരുത്തുമാറ് അവയിൽ വിരക്തി പ്രകടിപ്പിക്കുന്നത് തനിക്കിഷ്ടമില്ലെന്ന് നബി(സ) പറയാറുമായിരുന്നു ഭക്ഷണ പദാർഥങ്ങൾ എന്തുകിട്ടിയാലും തന്നോടൊപ്പം സന്നിഹിതരായിട്ടുള്ളവരിലും അത് പങ്ക്‌വെക്കും. ഒരിക്കൽ നബി (സ) യുടെ മുമ്പിൽ ആരോ അൽപ്പം ഈത്തപ്പഴം കൊണ്ടു വെച്ചു. ചുറ്റും നോക്കി അവിടെ കൂടിയിരുന്നവരുടെ എണ്ണം കണക്കാക്കിയ ശേഷം അത് എല്ലാവർക്കും സമമായി വീതിച്ചു നൽകി. ഓരോ ആൾക്കും ഏഴു ചുളകൾ ഉണ്ടായിരുന്നു. ബാർലി അൽപ്പം പോലും തിരുമേനി(സ) വയർ നിറച്ച് കഴിക്കാറില്ലെന്ന് ഹദ്റത്ത് അബൂഹുറൈറ (റ) നിവേദനം ചെയ്തിരിക്കുന്നു.(ബുഖാരി)

ഒരിക്കൽ തിരുനബി(സ) വഴിനടന്നു പോകുമ്പോൾ ഒരു സ്ഥലത്ത് ഒരു കൂട്ടം ആളുകൾ ഒത്തു കൂടി ഒരു കുഞ്ഞാടിന്റെ മാംസം പൊരിച്ച് സദ്യ നടത്താൻ വട്ടം കൂട്ടുകയായിരുന്നു. തിരുമേനിയെ (സ) കണ്ടപ്പോൾ അവർ നബി (സ)യെകൂടി സൽക്കരിച്ചു. എന്നാൽ അവിടുന്ന് അവരോടൊപ്പം ചേരാൻ ഇഷ്ടപ്പെടാതെ മാറി നിന്നത് പൊരിച്ച ഇറച്ചിയോട് ഇഷ്ടമില്ലാഞ്ഞിട്ടല്ല. മറിച്ച് തുറന്ന സ്ഥലത്ത് വെച്ച് അപ്രകാരം സദ്യവട്ടം നടത്തുന്നതിനോട് തിരുനബി (സ)ക്ക് ആഭിമുഖ്യമില്ലായിരുന്നു എന്നതാണ് കാരണം. വേണ്ടുവോളം ആഹരിക്കാൻ ലഭിക്കാത്ത പാവങ്ങൾകൂടി നോക്കി ക്കാണാനാകുന്ന തുറന്ന സ്ഥലത്ത് വെച്ച് അങ്ങനെ ഭക്ഷിക്കുന്നത് ശരിയാണെന്ന് അവിടുന്ന് കരുതിയിരുന്നില്ല. പൊരിച്ച ഇറച്ചി മറ്റുചില അവസരങ്ങളിൽ കഴിച്ചിരുന്നതായി നിവേദനമുണ്ട്. മൂന്ന് ദിവസം തിരുമേനി(സ) തുടർച്ചയായി വയറു നിറയെ ആഹാരം കഴിച്ച അനുഭവം മരിക്കുന്നത് വരെ ഉണ്ടായിരുന്നില്ലെന്ന് ഹദ്റത്ത് ആയിശ (റ) നിവേദനം ചെയ്തിരിക്കുന്നു. ക്ഷണിക്കപ്പെടാത്ത നിലയിൽ മറ്റൊരാളുടെ വീട്ടിൽ സൽക്കാരത്തിന് പോകരുതെന്ന കാര്യത്തിൽ തിരുനബി (സ) കണിശക്കാരനായിരുന്നു. ഒരിക്കൽ ആരോ അവിടത്തെ സൽക്കാരത്തിന് ക്ഷണിക്കുകയും വേറെ നാലുപേരെയും ഒപ്പം കൂട്ടാവുന്നതാണെന്നും പറയുകയുണ്ടായി. ആതിഥേയന്റെ വീട്ടിനടുത്തെ ത്തിയ പ്പോൾ ആറാമതൊരാൾ കൂടി ഒപ്പം ചേരുകയുണ്ടായിട്ടുണ്ടെന്ന് തിരുമേനി(സ) കണ്ടു. ആതിഥേയൻ വരവേൽക്കാനായി പുറത്തെ വാതിൽക്കൽ വന്നു നിന്നപ്പോൾ തങ്ങൾ ആകെകൂടി ആറ് പേർ ഉണ്ടെന്നും ആറാമത്തെയാളെയും സൽക്കാരത്തിന് ക്ഷണിക്കിക്കുന്നുവോ അതോ അയാൾ മടങ്ങിപ്പോവണമോ എന്ന് ആതിഥേയൻ തീരുമാനിക്കട്ടെ എന്നും നബി (സ) പറഞ്ഞു. ആതിഥേയൻ ഉടൻ തന്നെ ആറാമത്തെ ആളെയും സഹർഷം സ്വാഗതം ചെയ്യുക തന്നെയുണ്ടായി (ബുഖാരി, കിത്താബുൽ അത്ത്ഇമ)

തിരുനബി(സ) ഭക്ഷിക്കാനിരുന്നാൽ ആദ്യം 'ബിസ്മില്ലാഹിർറഹ്മാനിർ റഹീം' എന്ന് ചൊല്ലി കൊണ്ട് ദൈവാനുഗ്രഹം തേടും. ഭക്ഷണം കഴിച്ചു കഴിഞ്ഞാൽ ദൈവത്തിന് സ്തുതി പറയുകയും ചെയ്യും. അവിടുന്ന് ഇപ്രകാരം പ്രാർഥിക്കുമായിരുന്നു.'സർവ സ്തുതിയും അല്ലാഹുവിനത്രെ. അവനാണ് നമുക്ക് ആഹാരം നൽകിയത്. അവന് ആത്മാർഥത നിറഞ്ഞ അധികമധികം സ്തുതികൾ. വേണ്ടുവോളം സ്തുതി ആയി എന്ന വിചാരം ഇല്ലാതിരിക്കുമാറ് എണ്ണമറ്റതും ഓരോ ദൈവിക പ്രവൃത്തിയും സ്തുതിക്കർഹമാണെന്നും സ്തുതിക്കപ്പെടേണ്ടതാണെന്നും വിചാരിക്കുമാറ് അവനിൽ സ്തുതികൾ ചൊരിയട്ടെ. ഓ, അല്ലാഹുവേ, നീ ഞങ്ങളുടെ ഹൃദയങ്ങളിൽ ഈ സ്തുതി വികാരം നിറക്കേണമേ!' ചിലപ്പോൾ അവിടുന്ന് ഇപ്രകാരം സ്തുതിപറയും: 'എല്ലാ സ്തുതികളും അല്ലാഹുവിനത്രെ. അവൻ നമ്മെ വിശപ്പും ദാഹവും തീർത്തു തന്നു. നമ്മുടെ ഹൃദയങ്ങൾ അവന്റെ സ്തുതികൾ കൊണ്ട് നിറയുമാറാകട്ടെ. അവനോട് നന്ദിയില്ലാത്ത വനാകാതിരിക്കട്ടെ' വയറു നിറയുന്നതിന് മുമ്പായി ഭക്ഷിക്കുന്നത് നിറുത്തുവാൻ തിരുനബി(സ) ഉപദേശിക്കുമായിരുന്നു. ഒരാളുടെ ഭക്ഷണം രണ്ടാൾക്ക് പങ്കുവെക്കാനാകുമെന്ന് അവിടുന്ന് എപ്പോഴും പറയു മായിരുന്നു. തന്റെ ഭവനത്തിൽ സവിശേഷമായ ആഹാരം തയ്യാറാക്കപ്പെട്ടാൽ അതിൽ ഒരു ഭാഗം അയൽപക്കത്തേക്ക് കൊടുത്തയക്കണമെന്ന് അവിടുന്ന് നിർദേശിച്ചു പോന്നിരുന്നു. അഹാര സാധനങ്ങളും മറ്റുവസ്തുക്കളും അയൽക്കാർക്ക് കൊടുത്തയക്കുക അദ്ദേഹത്തിന്റെ പതിവ് തന്നെയായിരുന്നു. (മുസ്‌ലിം, ബുഖാരി -കിത്താബുൽ അദാബ്)

തന്റെ കൂടെയുള്ളവരിൽ ആർക്കെങ്കിലും വിശക്കുന്നുവോ, അവർ എന്തെങ്കിലും ആവശ്യമുള്ളവരാണോ എന്ന് അവരുടെ മുഖം നോക്കി തിരുനബി (സ) മനസ്സിലാക്കുമായിരുന്നു. ഹദ്റത്ത് അബൂഹുറൈറ (റ) ഒരു സംഭവം ഇപ്രകാരം നിവേദനം ചെയ്യുന്നു: 'ഒരിക്കൽ ഞാൻ മൂന്ന് ദിവസം ആഹാരം കഴിക്കാതെ വിഷണ്ണനായി കഴിയുകയായിരുന്നു. പള്ളിയുടെ പടിവാതിലിൽ നിൽക്കെ ഹദ്റത്ത് അബൂബക്കർ (റ) കയറിവരുന്നതായി ഞാൻ കണ്ടു. പാവങ്ങൾക്ക് ഭക്ഷണം നൽകേണ്ടതിനെപറ്റി ഉദ്ബോധിപ്പിക്കുന്ന ഒരു ഖുർആൻ സൂക്തം ഉദ്ധരിച്ചു കൊണ്ട് അതിന്റെ അർഥം എന്താണെന്ന് ഹദ്റത്ത് അബൂബക്കറി(റ)നോട് ഞാൻ തിരക്കി. അബൂബ

ക്കർ(റ) അതിന്റെ അർഥം പറഞ്ഞുതന്നു കടന്നു പോയി. ഹദ്റത്ത് അബൂബക്കറി(റ)നെപോലെ തനിക്കും അതിന്റെ അർഥം അറിയാവുന്നതേയുള്ളല്ലോ, എന്ന് ഞാൻ മനസ്സിൽ വിചാരിച്ചു. ആ വാക്യത്തിന്റെ അർഥം ചോദിച്ചപ്പോൾ തനിക്ക് വിശക്കുന്നുണ്ടെന്നും ആഹാരത്തിന് വഴിയൊരുക്കണമെന്ന് അദ്ദേഹം മനസ്സിലാക്കുമെന്നാണ് ഞാൻ കരുതിയിരുന്നത്. കുറച്ച് കഴിഞ്ഞപ്പോൾ ഹദ്റത്ത് ഉമർ (റ) കടന്നു വന്നു. ആ വാചകത്തിന്റെ അർഥമെന്തെന്ന് ഹദ്റത്ത് ഉമറി(റ)നോട് അദ്ദേഹം ചോദിച്ചു നോക്കി. ഹദ്റത്ത് ഉമർ(റ) ഖുർആൻ സൂക്തത്തിന്റെ അർഥം പറഞ്ഞു കൊടുത്ത ശേഷം നടന്നു നീങ്ങി. മറ്റെല്ലാ തിരുസഖാക്കളെയും പോലെ ഹദ്റത്ത് അബൂഹുറൈറയും തുറന്ന നിലയിൽ അപേക്ഷകൾ സമർപ്പിക്കാൻ മടിച്ചു പോന്ന ആളായിരുന്നതിനാൽ തന്റെ അവസ്ഥയിലേക്ക് ശ്രദ്ധ ക്ഷണിക്കാനുള്ള ശ്രമങ്ങൾ പരാജയപ്പെട്ടതിൽ കുണ്ഠിതം പൂണ്ടു. അദ്ദേഹം തളർന്നു കഴിഞ്ഞിരുന്നു. അപ്പോൾ അതാ വളരെ പതുങ്ങിയ സ്വരത്തിൽ ഒരാൾ തന്റെ പേർ വിളിക്കുന്നു! വിളികേട്ട ഭാഗത്തേക്ക് മുഖം തിരിച്ചപ്പോൾ വിടർന്ന പുഞ്ചിരിയുമായി തിരുനബി(സ) തന്റെ വീട്ടുപടിക്കൽ നിൽക്കുകയായിരുന്നു. അവിടുന്ന് ചോദിച്ചു 'അബൂഹുറൈറൊ വിശക്കുന്നു അല്ലേ?' അതെ, അല്ലാഹുവിന്റെ റസൂലെ എനിക്ക് വിശക്കുന്നു. പക്ഷേ എന്റെ വീട്ടിൽ ഭക്ഷിക്കാൻ ഒന്നുമില്ല. അപ്പോൾ നബി (സ) പറഞ്ഞു: 'ആരോ ഒരാൾ ഇപ്പോൾ മാത്രം ഒരു പാത്രത്തിൽ എനിക്ക് പാൽ കൊണ്ടു വന്നിട്ടുണ്ട്. പള്ളിയിൽ വിശക്കുന്നവരായി ആരെങ്കിലുമുണ്ടോ എന്ന് അന്വേഷിക്കുക!'. അബൂഹു റൈറ(റ) ഇപ്രകാരം തുടർന്നു: 'പാത്രത്തിലെ പാൽ ഞാൻ തന്നെ കുടിക്കണമെന്ന് തോന്നുമാറ് എനിക്ക് വിശക്കു ന്നുണ്ടാ യിരുന്നു. എന്നെപോലെ വിശക്കുന്നവരായി മറ്റാരെങ്കിലുമുണ്ടെങ്കിൽ അവരെയും ക്ഷണിക്കണമെന്ന് തിരുമേനി(സ) അരുളിയിരിക്കയാൽ എനിക്ക് വളരെ കുറച്ചേ കിട്ടൂ എന്നിങ്ങനെ ഞാൻ ആശങ്കപ്പെടുന്നുണ്ടാ യിരുന്നു. എങ്കിലും തിരുമേനി(സ)യുടെ കൽപന അനുസരിച്ചക്കേണ്ടതുണ്ടായതിനാൽ ഞാൻ പള്ളിയിൽ ചെന്നു നോക്കി, അവിടെ അപ്പോൾ ആറു പേർ ഇരിക്കുന്നു ണ്ടായിരുന്നു. ഞാൻ അവരെയെല്ലാം എന്നോടൊപ്പം തിരുനബി(സ)യുടെ വീട്ടിലേക്ക് കൂട്ടികൊണ്ടു പോയി. ആ ആറു പേരിലൊരാൾക്ക് തിരുനബി (സ) പാൽ പാത്രം നൽകി കൊണ്ട് കുടിച്ചു കൊള്ളുവാൻ പറഞ്ഞു. അയാൾ കുടിച്ചു കഴിഞ്ഞപ്പോൾ പിന്നെയും കുടിക്കാൻ പറഞ്ഞു. മൂന്നാം തവണയും കുടിക്കാൻ നിർദേശിച്ചു. അയാളുടെ വയർ നിറഞ്ഞു. ഇപ്രകാരം തന്നെ ഇവരിൽ ഒരോരുത്തരോടും പറഞ്ഞതനുസരിച്ച് ഓരോ ആളും വയർ നിറയെ പാൽ കുടിച്ചു. ഒരോരുത്തരോടും പിന്നെയും കുടിക്കാൻ നിർദേശിച്ചപ്പോൾ എനിക്കിനി പാത്രത്തിൽ ഒന്നും അവശേഷിച്ചിരിപ്പി ല്ലെന്ന് ഞാൻ ഭയപ്പെട്ടു. എല്ലാവരും കുടിച്ചു കഴിഞ്ഞപ്പോൾ നബി (സ) ആ പാത്രം എനിക്ക് നൽകി. അപ്പോൾ അതിൽ ഇനിയും വേണ്ടുവോളം പാൽ ഉണ്ടെന്ന് കണ്ടു. എന്റെ കാര്യത്തിലും രണ്ടാമതും മൂന്നാമതും കുടിക്കാൻ തിരുമേനി(സ) നിർദ്ദേശിച്ചു. ഒടുവിൽ തിരുമേനി(സ) തന്നെ പാത്രം വാങ്ങി. അതിൽ അവശേഷിച്ച പാൽ മുഴുവൻ കുടിക്കുകയും ദൈവത്തിന് നന്ദി പ്രകടിപ്പിച്ച ശേഷം വാതിലടക്കുകയും ചെയ്തു. (ബുഖാരി കിതാബു രിഖാഖ്) ഹദ്റത്ത് അബൂ ഹുറൈറ(റ)ക്ക് എല്ലാവരെക്കാളും ഒടുവിലായി പാൽ നൽകിയത് അദ്ദേഹം ദൈവത്തിൽ വി ശ്വാസം അർപ്പിച്ച് കൊണ്ട് വിശപ്പിന്റെ യാതനകൾ കൂടുതൽ സഹിക്കണ മെന്നും പരോക്ഷമായിട്ടു പോലും തന്റെ കാര്യത്തിൽ ശ്രദ്ധ ക്ഷണിക്കരുതായിരുന്നുവെന്നും സൂചിപ്പിക്കാനായി രിക്കാം.

എപ്പോഴും വലതു കൈകൊണ്ട് തന്നെയാണ് തിരുനബി (സ) ഭക്ഷണ പാനീയങ്ങൾ കഴിക്കാറു ണ്ടായി രുന്നത്. എന്തെങ്കിലും കഴിക്കു മ്പോൾ ഇടക്ക് മൂന്ന് തവണയെങ്കിലും ശ്വാസം വിടാനായി നിർത്തും. ദാഹിച്ച് ഒരാൾ ഒറ്റയടിക്ക് വെള്ളം കുടിക്കുമ്പോൾ ദഹനത്തെ കുഴക്കുമാറ് കൂടുതൽ വെള്ളം കുടിച്ചുപോകാൻ ഇടയുമുണ്ട് എന്നതായിരിക്കാം ഇങ്ങനെ നിർദേശിക്കാനുള്ള കാരണം. ശുദ്ധവും അനുവദനീ യവുമായ എല്ലാം തിന്നുക എന്നതാണ് അവിടുന്ന് ആഹാരത്തിന്റെ കാര്യത്തിൽ സ്വീകരിച്ച് പോന്ന മര്യാദ. രുചിയുള്ളതിൽ കൂടുതൽ താൽപര്യം കാണിക്കുന്ന സ്വഭാവം ഇല്ലായിരുന്നു. മറ്റുള്ളവർക്ക് അവരുടെ ന്യായമായ പങ്ക് നഷ്ടപ്പെടുത്തും വിധം അവിടുന്ന് തിന്നുമായിരുന്നില്ല. നേരത്തെ പ്രസ്താവിച്ചത് പോലെ, അദ്ദേഹത്തിന്റെ ആഹാരം വളരെ ലളിതമായിരുന്നു. വിശേഷ വിഭവം വല്ലതും തയ്യാറാക്കിതിരുമേനിക്ക് കൊടുത്തയച്ചാൽ അത് കഴിക്കാൻ മടിക്കാറുണ്ടായിരുന്നില്ല. നല്ല രുചിയുള്ള ആഹാരം തന്നെകിട്ടണമെന്ന നിർബന്ധം ഉണ്ടായിരുന്നില്ല. എങ്കിലും തേനും പഴവും ഈത്തപ്പഴവും കഴിക്കു ന്നതിൽ തിരുമേനി (സ) പ്രത്യേകം പ്രതിപത്തി കാണിച്ചിരുന്നു. ഈത്തപ്പഴത്തെ സംബന്ധിച്ചിടത്തോളം ഒരു മുസ്‌ലിമിന് അതിനോട് പ്രത്യേകം ബന്ധമുണ്ടെന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു. 'ഈത്തപ്പനയുടെ ഇലകളും തൊലിയും പച്ചയോ പഴുത്തതോ കായയും ഉണങ്ങിപ്പിരിഞ്ഞ കാരക്കയും എല്ലാം തന്നെ എന്തെങ്കിലും ഉപകാരത്തിനുള്ളതാണ്. അതിന്റെ ഒരു ഭാഗവും പ്രയോജനരഹിതമല്ല. ഒരു യഥാർഥ മുസ്‌ലിം ഇങ്ങനെയായിരിക്കണം. അവന്റെ ഒരു പ്രവൃത്തിയും ഉപകാരമില്ലാത്തതാവരുത്. മനുഷ്യരുടെ ക്ഷേമത്തെ ഉന്നമാക്കിയിട്ടാവണം അവന്റെ എല്ലാ നീക്കങ്ങളും അനക്കങ്ങളും. (ബുഖാരി, മുസ്‌ലിം)

> അവനത്രെ എന്നെ സൃഷ്ടിച്ചത്. എന്നിട്ട് അവൻ എന്നെ നേർവഴിയിൽ നടത്തുന്നു, എനിക്ക് ആഹാരവും പാനീയവും നല്കുന്നവനുമാണവൻ, ഞാൻ രോഗിയായാൽ എനിക്കവൻ ശമനം നല്കുന്നു, എന്നെ മരിപ്പിക്കുകയും പിന്നീട് എന്നെ ജീവിപ്പിക്കുകയും ചെയ്യുന്നവനുമാണവൻ, പ്രതിഫലം നൽകുന്നനാളിൽ എന്റെ പാപങ്ങൾ അവൻ എനിക്ക് പൊറുത്തുതരുമെന്ന് ഞാൻ പ്രത്യാശിക്കുകയും ചെയ്യുന്നു. (അങ്ങനെയുള്ള വനുമാണവൻ)
>
> (വിശുദ്ധ ഖുർആൻ : 26 : 79–83)

# ആധുനിക തുർക്കിയുടെ ചരിത്രം

തികച്ചും മതേതരനായ അത്താ തുർക്ക് കമാൽ പാഷ തുർക്കിയിൽ നിന്ന് എല്ലാ ഇസ്ലാമിക മത ചിഹ്നങ്ങളും തുടച്ചു മാറ്റിയ ഭൗതികനായിരുന്നു.

ഏ. ക്യു. മഹ്ദി

**ഏ**കദേശം ഏഷ്യയിലും യൂറോപ്പിലുമായി പരന്ന് കിടക്കുന്ന രാജ്യമാണ് തുർക്കി. പടിഞ്ഞാറു ഭാഗത്ത് ഗ്രീസ് ഏയ്ജിയൻ കടൽ-കിഴക്ക് ഇറാൻ ജോർജിയ അൽ മേനിയ അസർ ബൈജാൻ തെക്ക് ഇറാഖ്, സിറിയ, മദ്ധ്യധരണ്യാഴി ഇവയാണ് തുർക്കിയുടെ നാല തിരുകൾ. മുഖ്യമതം ഇസ്ലാം. അങ്കാറയാണ് തലസ്ഥാനം. ടർക്കിഷ് കുർദ് ഭാഷകൾ സംസാരിക്കുന്നു. നാണയം ലിറയാണ്. പ്രസിഡന്റ്, പ്രധാനമന്ത്രി, ദേശീയ അസംബ്ലി, പ്രാദേശിക ഭരണ കൂടം ഇതാണ് ഭരണക്രമം.

ജനസംഖ്യ 6.6 കോടി. 98% വും സുന്നി മുസ്ലിംകൾ. മറ്റു മതവിഭാഗങ്ങൾ കേവലം 2% മാത്രം. ഒരോ അഞ്ചു വർഷം കൂടുമ്പോഴും തിരഞ്ഞെടുപ്പ് നടത്തപ്പെടുന്നു. പാകിസ്താനിലെ പോലെ പട്ടാള മേധാവിക്കാണ് കൂടുതൽ ശക്തിയും അധികാരവും. ഏതു നിമിഷവും നിലവിലുള്ള ഭരണം അട്ടിമറിക്കപ്പെടാം. 1923 ൽ റിപ്പബ്ലിക്ക് സ്ഥാപിക്കപ്പെട്ടതിന് ശേഷം 1960 ലും 1980ലും പട്ടാളം ഭരണം കൈയ്യേറ്റിരുന്നു. പട്ടാളത്തിൽ ഒരു കാരണ വശാലും മത തൽപ്പരരെ വെച്ചു പൊറുപ്പിക്കില്ല. ആറു മാസത്തിലൊരിക്കൽ കൂടുന്ന ദേശീയ സുരക്ഷാ സമിതി, മത തൽപ്പരരെ അവർ എത്ര ഉന്നതന്മരായാലും ശരി പുറത്താക്കുകയാണ് പതിവ്. ഈ രാജ്യത്ത് സൈനിക സേവനം നിർബന്ധമാണ്. അംഗവൈകല്യമില്ലാത്ത ഏത് പുരുഷനും പ്രായം തികഞ്ഞാൽ സൈനിക സേവനം അനുഷ്ഠിക്കണം. ബിരുദ ധാരികൾ ഒന്നര വർഷവും അല്ലാത്തവർ രണ്ട് വർഷവും സേവന മനുഷ്ഠിച്ചിരിക്കണം. അധിക കാലവും പരുക്കനും കഠിനവുമായ കാലാവസ്ഥയാണ്. വേനൽ കാലത്ത് ചിലയിടങ്ങളിൽ 40– 50 ഡിഗ്രിയിലേക്ക് ചൂടുയരുമ്പോൾ ശൈത്യകാലത്ത് അത് മൈനസിലും താഴുന്നു.

മതേതരത്വം അടിച്ചേൽപ്പിക്കപ്പെട്ട തുർക്കിയിൽ ഇന്ന് പർദയിട്ട സ്ത്രീകൾ പഴങ്കഥയാണ്. തെരുവുകളിൽ സ്വതന്ത്രരായി പരസ്പരം കൈകോർത്ത് പിടിച്ചു നീങ്ങുന്ന സ്ത്രീ പുരുഷന്മാർ ഇന്ന് സാധാരണ കാഴ്ച്ചയാണ്. പാശ്ചാത്യ ജീവിത രീതി പിന്തുടരുന്ന നഗര വാസികളിൽ വിവാഹ മോചനം സർവ സാധാരണമാണ്. തൊഴിൽ ശാലകളിൽ സമരമോ പണിമുടക്കോ അപൂർവമാണ്. നമ്മുടെ നാട്ടിലെ പോലെ പൊതു മുതൽ നശിപ്പിക്കുന്ന പ്രവണതയും തീരെയില്ല. സാധാരണക്കാരന് സമാധാന പരമായി ജീവിക്കാൻ പറ്റിയ അന്തരീക്ഷമാണ്. ആധുനിക തുർക്കിയുടെ ഒരു നഖ ചിത്രം കോറിയിട്ടാൽ ഏകദേശം ഇങ്ങനെയിരിക്കും.



കമാൽപാഷ

മുസ്തഫാ കമാൽ പാഷ എന്ന ഭരണാധികാരി 1923 ഒക്ടോബർ 29ന് തുർക്കിയെ ഒരു റിപ്പബ്ലിക്കായി പ്രഖ്യാപിച്ചു. റിപ്പബ്ലിക്കായതിന് ശേഷം – അത്താ തുർക്ക്– തുർക്കിയുടെ പിതാവ് എന്ന് സ്വയം വിശേഷിപ്പിച്ച ഭരണാധികാരിയായിരുന്നു കമാൽ പാഷ. 1881 ൽ തുർക്കിയിലെ സ്ളാനിക്ക് വംശത്തിലാണ് കമാൽ പാഷയുടെ ജനനം. മാതാവ് സുബൈദാ ഖാനത്തിന് ഗ്രീസിൽ വെച്ച് പിറന്ന മകനാണ് കമാൽ പാഷ. അലി റിസാന എന്ന തുർക്കിക്കാരനാണ് പിതാവായി അറിയപ്പെടുന്നതെങ്കിലും അതിന് സ്ഥിരീകരണമില്ല.

ഇസ്ലാമിനെപറ്റി ശരിക്കറിയാത്ത ചിലചരിത്ര കാരന്മാർ കാമാൽ പാഷയെ ഇസ്ലാമിക പരിഷ്ക്കർത്താവ് എന്ന് വിശേഷിപ്പിക്കുമ്പോൾ അത് കേൾക്കുന്ന സാധാരണ തുർക്കിക്കാരന് രോഷവും ഉള്ളിൽ വിസ്മയവും പതഞ്ഞു പൊങ്ങും. അതിന് കാരണമെന്തെന്ന് ഈ ലേഖനത്തിന്റെ ബാക്കി ഭാഗം വായിക്കുമ്പോൾ വായനക്കാരന് മനസ്സിലാകും.

അൽപ്പം പഴയ ചരിത്രത്തിലേക്ക് കൂടിയൊന്ന് മട ങ്ങാം. ഒന്നാം ആലമീൻ യുദ്ധ ത്തിൽ തുർക്കിക്ക് സംഭവിച്ച തോൽവി ഒരു വൻ ദുരന്തത്തിലാണ് കലാശിച്ചത്. അത് ഉസ്മാനിയ സാമ്രാജ്യത്വത്തി ന്റെ അന്ത്യംകുറിച്ചു. ഖിലാഫ ത്തിന്റെ അധീനതയി ലായിരുന്ന അറബ് പ്രദേശങ്ങൾ ഏറെക്കാലംബ്രിട്ടൻ, ഫ്രാൻസ് എന്നീ രാജ്യങ്ങളുടെ അടിമത്തത്തിൽ കഴിഞ്ഞു. തുർക്കിയിലെ ഏറ്റവും പ്രശസ്ത നഗരമായ ഇസ്താംബൂൾ പോലും ബ്രിട്ടീഷ്കാരുടെ പൂർണ നിയന്ത്രണ ത്തിലായി. സ്വേച്ഛാധിപതിയായ അവസാന ഉസ്മാനിയാ രാജാവ് തീർത്തും നിസ്സാഹയനായി തീർന്നു.

സ്യൂവർ (Sueurei) ഉടമ്പടിയിൽ ഒപ്പുവെക്കാൻ ഉസ്മാനി ഭരണകൂടം നിർബന്ധിതമായപ്പോൾ തുർക്കിയ്ക്കും അറബ് മേഖല ഒഴിവാക്കേണ്ടിവന്നു. ഇതിനകം തുർക്കിയുടെ മറ്റു ഭാഗങ്ങൾ പോലും പല കഷണങ്ങളായി തീർന്നു. ദക്ഷിണ ഭാഗം ഇറ്റലിയും ഫ്രാൻസും ചേർന്നു പങ്കിട്ടെടുത്തു. പൂർവ തുർക്കിയിൽ അർമീനിയക്കാരും കുർദുകളും സ്വതന്ത്ര ഭരണ കൂടങ്ങൾ സ്ഥാപിച്ചു.

ദർദാനിയലിന്റെയും ബോസ്ഫറസ് കടലിടുക്കിന്റെയും സ്വതന്ത്ര ഭരണം സ്ഥാപിക്കാൻ, പിന്നീടവശേഷിച്ച അധികാര പരിധി മദ്ധ്യതുർക്കിയിലെ ഏറെയും തരിശായ പീഠ ഭൂമിയും അതിനോട് തൊട്ടു കിടക്കുന്ന വടക്കൻ തീരങ്ങളും മാത്രമായി ചുരുക്കപ്പെട്ടു. (തുടരും) .

# കാശ്മീർ യാത്ര

## അയമു മാസ്റ്റർ, മുറിയക്കണ്ണി

**പാ**ലക്കാട്-തൃശൂർ മേഖല അൻസാറുല്ലാഹ് കമ്മിറ്റിയുടെ തീരുമാനം അനുസരിച്ച് പ്രസ്തുത മേഖലയിലെ മുറിയക്കണ്ണി, അലനല്ലൂർ, മണ്ണാർക്കാട്, പാലക്കാട്, ചേലക്കര, ചാവക്കാട് പള്ളിപ്പുറം, ജമാഅത്തുകളിലെ അംഗങ്ങൾ മേഖല നാസിം ജ.: താജുദ്ദീൻ സാഹിബിന്റെ നേതൃത്വത്തിൽ2012 ഒക്ടോബർ 6-ാംതീയതി പാലക്കാട് ജംഗ്ഷനിൽ നിന്ന് പരിശുദ്ധ ഖാദിയാനിലേക്ക് യാത്രതിരിച്ചു. രണ്ടാം ദിവസം മൂന്ന് മണിയോടെ നിസാമുദ്ദീനിലെത്തി. തുടർയാത്രക്ക് മണിക്കൂറുകളുടെ ഇടവേളയുണ്ട്. ഹ.നിസാമുദ്ദീൻ ഔലിയുടെ മഖ്ബറ സന്ദർശിച്ചു. അവിടുത്തെ ആചാരങ്ങളും അനുഷ്ഠാനങ്ങളും മുസ്‌ലിം മക്കളുടെ മാർഗഭ്രംശവും ഇസ്‌ലാമിന്റെ ശോച്യാവസ്ഥയും വ്യാകുലചിന്തയോടെ നോക്കിക്കണ്ടു. അന്ധവിശ്വാസവും അനാചാരവും കൊണ്ട് ഉപജീവനം കണ്ടെത്തിയവർ എന്ന് മനസ്സ് പരിതപിച്ചു

ഒമ്പതാം തീയതി ഞങ്ങൾ ഖാദിയാനിലെത്തി. കാശ്മീരിലേക്കുള്ള യാത്രക്ക് ഒരുക്കങ്ങൾ പൂർത്തിയാക്കി. വിനോദ യാത്രാ സംഘത്തിലേക്ക് തിരുവനന്തപുരം മേഖല അമീർ ജ.ശരീഫ് അഹ്മദ് സാഹിബ് പങ്കാളിയായി. ദാറുൽ അമാനിൽ നിന്ന് ജോലി ചെയ്യുന്ന, കാശ്മീർ സ്വദേശിയായ മൗലവിയേയും വഴികാട്ടിയായി ലഭിച്ചു. 10-ാം തീയതി ബുധനാഴ്ച രാവിലെ 5 മണിക്ക് ഓരോഗ്രൂപ്പിനും ഗ്രൂപ്പു ലീഡർമാരെ നിശ്ചയിച്ച്, ദുആ ചെയ്തു കൊണ്ട് പ്രത്യേകം പ്രത്യേകം വണ്ടികളിലായി യാത്ര ആരംഭിച്ചു.

'പത്താംകോട്ട്' എന്ന സ്ഥലത്തെത്തിയപ്പോൾ ഫോണുകൾക്ക് മിണ്ടാട്ടമില്ലാതായി. പലരും വിസ്മയപ്പെട്ടു. മുന്നറിവുള്ളവർ പറഞ്ഞു. പോസ്റ്റ് പെയിഡ് ഒഴികെയുള്ള മറ്റെല്ലാ ഫോണുകളും ഇവിടം തൊട്ട് മരിച്ചിരിക്കും, പുനർജൻമം തിരിച്ചുവരുമ്പോൾ ഇവിടെ വെച്ച്.

എണ്ണമറ്റ പർവത വ്യൂഹത്തിലൂടെ ഒരു മലയിൽ നിന്നും മറ്റൊന്നിലേക്ക് വട്ടംചുറ്റിചുരങ്ങൾ കയറി 'പത്തനീടോപ്പി' ലെത്തി - ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ ഭൂപ്രദേശം. റോഡിന്റെ ഇരുഭാഗങ്ങളിലും അങ്ങോട്ടുമിങ്ങോട്ടുമായി ഞെങ്ങിഞെരുങ്ങി നീങ്ങുന്ന എണ്ണമില്ലാത്ത വമ്പൻ ചരക്കുവണ്ടി കളുടെ അകമ്പടിയോടെ ഞങ്ങളുടെ കൊച്ചു വണ്ടികളും ഇടയിലൂടെ ഊളിയിട്ടും തഞ്ചം കിട്ടുമ്പോൾ വെട്ടിച്ചുകയറിക്കൊണ്ടും രണ്ടര കിലോമീറ്റർ നീളമുള്ള തുരങ്കവും കടന്ന് മുന്നോട്ടുനീങ്ങി. പടുകൂറ്റൻ ആട്ടിൻകൂട്ടങ്ങൾ പാതിരാവിലും കുടിയിറങ്ങുന്നതുകണ്ടു. അതിശൈത്യം തുടങ്ങുംമുമ്പെ കാശ്മീരിൽ നിന്നും ജമ്മുവിലേക്കുള്ള അടുത്ത ആറുമാസക്കാലത്തേക്കുള്ള കുടിമാറ്റം. കാശ്മീരിന്റെ മുഖ്യവരുമാനസ്രോതസ്സായ ആടുകളോടും ആടുകർഷകരോടുമുള്ള ആദരവ് റോഡുകളിൽ ദൃശ്യമായിരുന്നു. നിയമത്തിന്റെ ബലത്തിൽ ആട്ടിൻ പറ്റങ്ങൾ സ്വതന്ത്രമായും സ്വൈര്യമായും കടന്നുപോകുന്നതിന് മണിക്കൂറുകളോളം വാഹനങ്ങൾ, അവ ഏതു തരിത്തിലുള്ള താണെങ്കിലും നിർത്തിയിട്ട് അജവ്യൂഹത്തിന് വഴിയൊരുക്കുന്ന കാഴ്ച വിഷമിപ്പിക്കുന്നതും വിസ്മയപ്പെടുത്തുന്നതുമായിരുന്നു.

മുന്നൊരുക്കത്തിന്റെ പോരായ്മയാകാം, പരിക്ഷീണിതരാക്കി പരീക്ഷണത്തിലകപ്പെട്ട, ഒരിക്കലും മറക്കാനാകാത്ത ഒരു രാത്രിയുടെ അന്ത്യയാമം. കുരുക്കുകളിൽ നിന്നും വേറിട്ട് വാഹനത്തിന്റെ ഗതിവേഗം കൂടിയപ്പോഴേക്കും രാത്രി ഏറെ വൈകിയിരുന്നു. നാട്ടുകാരനായ വഴികാട്ടി ഒപ്പമുണ്ടായിരുന്നിട്ടും ഉറക്കച്ചടവും ക്ഷീണവും ഏറെ കാത്തുനിന്നിട്ട് ഒപ്പമുള്ളവണ്ടികാണാതായതും വൈദ്യുതി പ്രകാശത്തിൽ വഴിയറിയാതെ പതറിപ്പോയി. പുറകോട്ടും മുമ്പോട്ടും ഓടി, പല വഴിയും ചുറ്റി എങ്ങിനെയൊക്കെയോ ഉദ്ദിഷ്ടസ്ഥാനം കണ്ടെത്തി; ശ്രീനഗറിലെ പള്ളിയിലെത്തി. വേറിട്ടുപോയ വണ്ടികൾ നേരത്തെ പള്ളിയിലെത്തിയുണ്ടാകുമെന്ന നിഗമനം തെറ്റി, ആധി വർദ്ധിച്ചു. പരസ്പരം ബന്ധപ്പെടാനോ വിവരമറിയാനോ കഴിയാതെ നെഞ്ചുരുകി പുലരുവോളം കഴിച്ചുകൂട്ടി. വേറിട്ടുപോയ വണ്ടികൾ വഴിമുട്ടിയപ്പോൾ മാറ്റിയിട്ടു. മുമ്പിൽപോയ വണ്ടി അന്വേഷിച്ചെത്തുമെന്ന പ്രതീക്ഷയിൽ. തണുപ്പുമൂലം പുറത്തിറങ്ങാനാകാതെ 60 ഉം 70 ഉം കഴിഞ്ഞവർ വണ്ടിക്കകത്ത് ചുരുണ്ടുകൂടി. അപകടഭീതി. വിനോദം വിഷാദമായ നിമിഷങ്ങൾ നീണ്ടു. ത്വൂർ താഴ്‌വരയിൽ നിന്നും മൂസ(അ)ക്ക് ലഭിച്ച പ്രകാശംപോലെ ഒരു ദിവ്യപ്രകാശം സുബഹിയോടടുത്ത് ഒരാൾ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു. അയാളിൽ നിന്നും വഴിതെളിഞ്ഞുകിട്ടി. രണ്ടുവാഹനത്തിലുള്ളവരും പള്ളിയിലെത്തി പരസ്പരം കണ്ടുമുട്ടി 'അൽഹംദില്ലാഹ്'. 'യാത്രക്ക് മുമ്പെ മതിയായ മുന്നൊരുക്കങ്ങൾ കരുതണം' എന്ന നബിവചനം ഇവിടെ ശക്തമായ താക്കീതും മുന്നറിയിപ്പുമായി തെളിഞ്ഞു നില്ക്കുന്നു.

'ഇന്ന മഹൽ ഹുസ്റി യസ്റാ'- 'ഞെരുക്കത്തോടൊപ്പം എളുപ്പവുമുണ്ട്' എന്ന ഖുർആൻ വചനം അന്വർഥമാക്കിക്കൊണ്ട് പിന്നീടുള്ള ദൃശ്യങ്ങൾ മനം കുളിർപ്പിക്കുന്നവയായിരുന്നു. 11-ാംതിയതി പ്രഭാതത്തോടെ നിശ്ചിത സ്ഥലങ്ങളിൽ സന്ദർശിക്കുവാനുള്ള ഒരുക്കമായി. മഞ്ഞു വീഴ്ചകൊണ്ട് റോഡ് തടസ്സമുണ്ടെന്നറിഞ്ഞ് ഗുൽമാർഗിലേക്കുള്ള യാത്ര ഒഴിവാക്കി. നിഷാദ്ഗാർഡൻ, ഷാലിമാർ ഗാർഡൻസ്, മുഗൾ ഗാർഡൻസ്, ബാൽമസ്ജിദ്, ആയിശ മസ്ജിദ്, ജാമിഅ മസ്ജിദ് എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു. കാൻയാർ തെരുവിലൂടെ തിരിച്ചും മറിച്ചും ചുറ്റിയെങ്കിലും, ക്രിസ്തു മതത്തിന്റെ അടിത്തറ തകർക്കുന്ന, മുസ്‌ലിംകളുടെ തെറ്റായ വിശ്വാസം പൊളിച്ചെഴുതുന്ന സ്ഫോടക സത്യം ഒളിച്ചുകിടക്കുന്ന 'ഈസാനബിയുടെ കബറിടം സന്ദർശിക്കുവാൻ, യാത്രാ സംഘത്തിന്റെ പ്രഥമ ലക്ഷ്യം പൂർണമായും പൂർത്തീകരിക്കാൻ കഴിയാതെപോയി. മഖ്ബറയുടെ സമീപത്തെ മറ്റൊരു മഖ്ബറ ആരോ അഗ്നിക്കിരയാക്കിയതിനാൽ, സംഘർഷാവസ്ഥയുണ്ടെന്നും കൂട്ട സന്ദർശനം പ്രയാസമേറിയതും അപകട സാദ്ധ്യതയുള്ളതും ആണെന്ന മുന്നറിയിപ്പും പ്രദേശത്തെ ഹർത്താലും സന്ദർശനത്തിനു തടസ്സമായി. ഈ അടുത്ത കാലത്തായി അവിടെ ഒരു ചുമരെഴുത്ത് ഉള്ളതായി കേട്ടറിയാൻ കഴിഞ്ഞു.

'വമാക്കത്തലൂ' എന്ന ലിഖിതം വലിയ ലിപിയിൽ എഴുതി വച്ചിട്ടുണ്ട് എന്ന്. 'സത്യം' കാലം തെളിയിച്ചുകാട്ടുന്ന അദ്ഭുത കാഴ്ച! നിഷാദ് ഗാർഡൻ, ഷാലിമാർ ഗാർഡൻസ്, മുഗൾഗാർഡൻ, ചശ്മ

യെശാഹി, മനം കുളിർപ്പിക്കുന്ന കൗതുക മാർന്ന കാഴ്ചകൾ മഞ്ഞുമലയും വെള്ള ച്ചാട്ടവും എന്തൊരതിശയം പ്രകൃതിയൊ രുക്കിയ സൗന്ദര്യം! 6 കി.മീ. നീളവും 3 കി.മീ.വീതിയുമുള്ള വിശാലവും മനോഹ രവുമായ ദാൽ തടാകം ഹൗസ് ബോട്ടുക ളാൽ നിബിഡം. പടിഞ്ഞാറൻ തീരത്ത് പടുകൂറ്റൻ ബോട്ടിന്റെ മാതൃകയായി പണി തീർത്ത റിസോർട്ടുകൾ ഇതാ ഇപ്പോൾ വെള്ളത്തിലേക്ക് ഒഴുകും എന്ന മട്ടിൽ നിലകൊള്ളുന്നു. ചീനാർ ചീനാബ് പോലൊരുനദിയാവുമെന്നുനിനച്ചവർക്ക് തെറ്റി. കാശ്മീരിലെ വിലപ്പെട്ടതും സുലഭ വുമായ മരം. തടാക മദ്ധ്യത്തിൽ ചാർ ചീനാർ 450 വർഷം പ്രായമായ ചീനാർ മരവും കൂട്ടത്തിൽകണ്ടു. ഡാൽ തടാക ത്തിന്റെ തെക്കുപടിഞ്ഞാറു തീരത്ത് നെഹറു പാർക്ക് (വെള്ള മാർബിൾ) ഹ. ബാൽപള്ളി തിരുശേഷിപ്പായി മുഹമ്മദ് നബി (സ) യുടെ മുടി സൂക്ഷിച്ചു വരുന്നു എന്ന വിശ്വാസമാണിതിന്റെ വിശേഷ ണവും ആകർഷണവും. സത്യമോ മിഥ്യയോ അല്ലാഹുഅഹ്ലം. ഐതീഹ്യ ത്താൽ പ്രസിദ്ധമായ ഈ പുരാതന ദേവാ ലയത്തിൽ പ്രവേശിച്ച് രണ്ടുറകഅത്ത് നഫ്ൽ നമസ്കരിച്ച് ആയിശ പള്ളിയി ലേക്ക് സ്ത്രീകൾമാത്രം നമസ്ക്കരിക്കുന്ന പള്ളി. നിരവധി പടികൾ കയറിവേണം പള്ളിയിലെത്താൻ. ഉയരങ്ങളിലെത്തി ചുറ്റും കണ്ണോടിച്ചാൽ പ്രവിശാലമായി ടിൻസിറ്റിയുടെ മനോഹര ദൃശ്യം കാണാം. ചവിട്ടുപടികളിൽ സുജൂദ് ചെയ്യുന്നതും ചവിട്ടുപടിയിലെ പൊടിയിൽ കയ്യടിച്ച് വേദനാ സംഹാരിയായി ദേഹത്ത് പുരട്ടു ന്നതും കണ്ടു. അവിടെ നിന്നും ജാമിആ മസ്ജിദിലേക്ക്. ശ്രീനഗറിലെ പുരാതനവും പ്രധാനപ്പെട്ടതുമായ പള്ളി. 1402 ൽ സിക്ക ന്തർ ബംഷിഖാൻ തന്റെ മകൻ സൈനുൽ ആബിദീൻ രൂപകല്പന ചെയ്തു നിർമ്മി ച്ചു. 1479 തീ വെച്ചു നശിപ്പിച്ചു. ഹസ്സൻഷാ -മുഹമ്മദ്ഷാ-ഫത്വഹ്ഷാ എന്നീ രാജാക്ക ന്മാർ മൂന്നുഘട്ടങ്ങളിൽ പുനർ നിർമാണം നടത്തി. 1620 ൽ വീണ്ടും അഗ്നിക്കിരയാ ക്കപ്പെട്ടു. ഒടുവിൽ 1674 ൽ ഔറംഗസീബ് ചക്രവർത്തി പുനർനിർമാണം നടത്തി., 1000ത്തിൽ പരം ഒറ്റത്തടി മരത്തൂണുക ളാൽ പുതുമയാർന്ന രീതി. നാലു പ്രവേ ശനകവാടങ്ങൾ-33333 പേർക്ക് ഒരേ സമയം നമസ്ക്കരിക്കാനാവുന്ന വിസ്തൃ തി. ഏതു ദിശയിൽ നിന്നും ഇമാമിനെ ദർശിക്കാവുന്ന മിമ്പർ. മുസ്ലിം ഭരണാധി കാരികളുടെ (മുഗൾ രാജാക്കന്മാരുടെ) വിലപ്പെട്ട സംഭാവനകൾ ഇന്നും ആകർഷകമായി രാജ്യത്തിന് മുതൽ കൂട്ടായി അവശേഷിക്കുന്നു. രാത്രി ഭക്ഷണം കഴിച്ച് പള്ളിയിലേക്ക്. പിറ്റേന്ന് ഹർത്താൽ കാരണം രാവിലെത്തന്നെ മട ക്കയാത്ര തുടങ്ങാൻ കാരണമായി.

ഭൂമിയിലെ പറുദീസയിലെ പൊറുതി മതിയാക്കി, ഈസാ നബിയുടെ കബറിടം സ്ഥിതി ചെയ്യുന്ന കാൻയാർ തെരുവിൽ നിന്നും മുഹമ്മദീമസീഹിന്റെ ജന്മദേശ ത്തേക്ക് ഖാദിയാനിലെ ഇജ്തിമായിൽ പങ്കുചേരുന്നതിന്നുവേണ്ടി മടക്കയാത്ര ആരംഭിച്ചു. വഴിമദ്ധ്യേ കാശ്മീരിലെ പ്രധാ നപ്പെട്ട ചില ജമാഅത്തുകൾ സന്ദർശിക്കു വാൻ അവസരമൊരുക്കി. തെരുവിലെ തിരിവുകളിൽ സംശയ നിവാരണം നടത്തി ഋഷിനഗർ, ആസ്നൂർ, നാസിറാ ബാദ് ജമാഅത്തുകളിലേക്ക്. നാസിറാ ബാദ് ജമാഅത്തിന്റെ ശ്രമഫലമായി പേര് മാറ്റപ്പെട്ട അഹ്മദീഗ്രാമം, അധികം അറി യപ്പെടാത്ത സ്ഥലപേര്, അതുകൊണ്ട് അവിടേക്ക് വഴിചോദിക്കുമ്പോൾ കൈമ ലർത്തിക്കാട്ടുന്ന അവസ്ഥ. മുന്നോട്ടു തന്നെ ഓടിക്കൊണ്ടിരുന്നു. കുറച്ചാളുകൾ കൂടി നില്ക്കുന്ന സ്ഥലം, വഴി തിട്ടപ്പെടു ത്താൻ വണ്ടികൾ നിർത്തി. തിരിഞ്ഞുനോ ക്കിയപ്പോൾ അദ്ഭുതം 'Love for all Hatred for none' എന്നെഴുതിയ ഒരു കെട്ടി ടം, പുതുതായി നിർമിച്ച അഹ്മദിയ്യാ പള്ളി. കൂടിനിന്നവർ മുഴുവനും അഹ്മദികൾ ! യാദൃച്ഛിക സംഗമം, സന്തോഷം പങ്കുവെച്ചുകൊണ്ട് അവി ടുത്തെ മുഅല്ലിമിനെ കൂടെ കൂട്ടി ഋഷിനഗർ വഴി ആസ്നൂരിലും തിരിച്ച് നാസിറാബാദിലും എത്തി. ജുമുഅ നാസി റാബാദിൽ. വഴിയോരങ്ങളിലെ ആപ്പിൾ തോട്ടങ്ങൾ മനം കവരുന്ന ദൃശ്യമായിരു ന്നു. മൂപ്പെത്തിയ, വിളവെടുക്കാൻ പാക മായ ആപ്പിൾ പഴങ്ങൾ മുറ്റി നില്ക്കുന്ന സർവാഭരണ വിഭൂഷിതയായ തരുണിക ളെപ്പോലെ അലംകൃതമായി നിരനിര യായി നില്ക്കുന്ന ആപ്പിൾ മരങ്ങൾ. വിള വെടുപ്പുകാലമായതിനാൽ കൂടാരങ്ങളിൽ കുന്നുപോലെ കൂട്ടിയ ആപ്പിൾ കൂമ്പാര ങ്ങൾ. ഋഷി നഗറിൽ നിന്നും ആസ്നൂർ ജമാഅത്തിലെത്തി. 1895 മുതൽ ജമാഅ ത്തിനെ അറിഞ്ഞ ഗ്രാമം. പ്രമുഖ വ്യവ സായിയും പ്രധാനിയുമായ വ്യക്തി (പേര് ഓർമയില്ല) മഹ്ദീമസീഹിന്റെ ദഅവ കേൾക്കുകയും ഹജ്ജ് കഴിഞ്ഞു തിരി ച്ചെത്തി ഖാദിയാനിലേക്ക് അന്വേഷ ണാർഥം പുറപ്പെടുന്നു. മസീഹ്മൗഊദ് (അ) വഫാത്തായിരുന്നു. ഒന്നാം ഖിലാഫ ത്തിൽ ബൈഅത്ത് ചെയ്തു തിരിച്ചെ ത്തി. അദ്ദേഹത്തെ അടുത്തറിയുന്ന പലരും അദ്ദേഹത്തോടൊപ്പം ജമാഅ ത്തിൽ നിന്നും മാറിനിന്നു. അദ്ദേഹം ബൈഅത്ത് ചെയ്യുന്നുവെന്ന് പ്രഖ്യാപി ച്ചു. ഒരുഗ്രാമം മുഴുവൻ അഹ്മദികളായി. 4 ജമാഅത്തുകളായി പതിനായിരത്തില ധികം വരുന്ന അഹ്മദികൾ. ഖലീഫ ത്തുൽ മസീഹ് രണ്ടാമൻ (റ) 1905 ലും 1921 ലും രണ്ട് തവണ കാശ്മീർ സന്ദർശി ക്കുകയും അസനൂർ ജമാഅത്തിൽ താമ സിക്കുകയും, 1921 ൽ ഒരു മാസക്കാലം രണ്ട് ഖിലാഫത്തിന്റെ ആസ്ഥാനം അസ നൂർ ജമാഅത്തായിരുന്നു. ഈകാലത്ത് ഹുസുറിനോടൊപ്പം തന്റെ ഒരു മകളും ഉണ്ടായിരുന്നു. ഹുസൂറിന്റെ ഒരു മകൻ ചെറുപ്രായത്തിൽ ഇവിടെ വെച്ച് മരണ പ്പെട്ടു. ആസനൂരിൽ കബറടക്കം ചെയ്തി ട്ടുണ്ട്.

1981 ൽ സ്ഥാനഭ്രഷ്ടനാക്കപ്പെട്ട ഭൂട്ടോ തൂക്കിലേറ്റപ്പെട്ട ദിവസം ഈ അഹ്മദീഗ്രാമം ചുട്ടെരിക്കപ്പെട്ടു. ഈ ക്രൂരതയ്ക്ക് കൂട്ടുനിന്നവർ, അവരുടെത ലമുറകൾ നശിച്ചുനാറി ഇന്ന് അഹ്മദി കളുടെ ആശ്രിതരോ കൂലിക്കാരോആയി മാറി.

**ആതിഥ്യം:** കാശ്മീരിനു മാത്രം പ്രത്യേകമാക്കപ്പെട്ട വേറിട്ടു നില്ക്കുന്ന അതിഥിയും ആതിഥേയനും തമ്മിലുള്ള ഹൃദയ ബന്ധത്തിന്റെ ആഴം അറിയുന്ന ഹൃദയബന്ധങ്ങൾ ഊട്ടിയുറപ്പിക്കുന്ന പ്രത്യേക ആതിഥ്യ രീതി, ഇസ്രാഈലീ പാരമ്പര്യം. പ്രത്യേകം സജ്ജമാക്കിയ സീറ്റുകളിൽ കൈകാൽ കഴുകി സ്വീകരി ച്ചിരുത്തുന്ന രീതി, എന്നാൽ ഞങ്ങളുടെ കാലുകൾ കഴുകുന്നതിൽ നിന്നും ഒഴിവാ ക്കി. ഭക്ഷണത്തിനുമുമ്പും പിമ്പും ഇരിപ്പി ടത്തിലിരുത്തി താലത്തിൽ കൈകഴുകിപ്പി ച്ചു. ഞങ്ങളെ കോരിത്തരിപ്പിച്ചു. വിനോ ദയാത്ര തികച്ചും സഫലമാക്കിയ ധന്യമു ഹൂർത്തം കഴിഞ്ഞ് 4 മണിയോടെ വിടവാ ങ്ങി. ഞങ്ങളുടെ വാഹനങ്ങൾ ചുറ്റും നിന്ന് വിങ്ങുന്ന മനസ്സോടെ യാത്രയയപ്പു നല്കി. ഒരിക്കലും മറക്കാൻ കഴിയാത്ത സ്നേഹപ്രകടനം! മടക്കയാത്ര യാത്രാകുരുക്കിൽപെട്ട് ചെക്ക് പോസ്റ്റിൽ നീണ്ട അഞ്ചര മണിക്കൂർ കാത്തുകിടപ്പ്. ഖാദിയാനിൽ നിശ്ചയിച്ച സമയത്ത് എത്താൻ കഴിയാതെപോയി. ഇജ്തിമാ കഴിഞ്ഞ് 16-ാം തിയതി മടക്കയാത്ര നാട്ടി ലേക്ക്. 19-ാം തിയതി രാവിലെ പാലക്കാട് ജംഗ്ഷനിൽ വണ്ടിയിറങ്ങി. ഓരോരു ത്തരും അവരവരുടെ കൂടിയിരിപ്പുകളി ലേക്ക് തിരിച്ചു.

ഒന്നോരണ്ടോ ദിവസത്തെ ഓരോട്ട പ്രദക്ഷിണം കൊണ്ട് ഒന്നുമാവില്ല. ഒരാഴ്ച ക്കാല മെങ്കിലും ഓടിനടന്നാലെ കാശ്മീ രിനെക്കുറിച്ച് ഒരു ഏകദേശരൂപം കിട്ടു. ഈ യാത്ര ഇവിടെ അവസാനിക്കുന്നു.




# ദത്തെടുക്കലിന്റെ പ്രശ്നങ്ങൾ

മുസാഫിർ

**ത**ന്റെ വംശവൃക്ഷത്തിന്റെ വേരുകൾ തേടി ആറുവർഷമായി അലയുന്ന ജർമൻ ദമ്പതികളുടെ ദത്തുപുത്രി ഛായാ മറിയാ സ്കൂപ്പ് എന്ന 36 കാരിക്ക് ഒടുവിൽ കർണാടക ഹൈക്കോടതി പുറപ്പെടുവിച്ച വിധി തുണയാകുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. തന്റെ ജൈവ രക്ഷിതാക്കന്മാർ (Biological Parents) ആരാണെന്നറിയാനുള്ള ഛായയുടെ അദമ്യമായ ആഗ്ര ഹം അവരുടെ അവകാശമായി കോടതി അംഗീകരിച്ചി രിക്കുകയാണ്. (Times of India 23 March 2013)

കർണാടകയിലെ മംഗലാപുരത്തിനടുത്ത് ഉള്ളാളിൽ ഒരു ഹിന്ദു കുടുബത്തിലാണ് ഛായ ജനിച്ചത്. അവിടെ രാജ്യാന്തര ദത്ത് കൈമാറ്റങ്ങൾക്ക് ലൈസൻസുള്ള ഒരു വെൽഫയർ സെന്ററിൽ നിന്നാണ് ജർമൻ ദമ്പതിമാർ അവരെ ദത്തെടുത്തതെന്നാണ് ഛായ പറയുന്നത്. ദത്തെടുക്കാൻ ജർമൻ ദമ്പതികൾ സഹായിച്ച ഏജൻസിയും പ്രസ്തുത സെന്ററിൽ നിന്നാണ് അവർ ദത്തെടുക്കപ്പെട്ടതെന്ന് വ്യക്തമാക്കുന്നു. ഛായയുടെ കൈയിൽ 1980 ജനുവരി 15-ാം തീയതി ഉള്ളാളിലെ സെന്റ് സെബാസ്റ്റ്യൻ ചർച്ചിൽ നിന്ന് കുഞ്ഞായിരുന്നപ്പോൾ ജ്ഞാനസ്നാനം ചെയ്ത ഒരു സർട്ടിഫിക്കറ്റ് മാത്രമാണ് ജനന രേഖയായുണ്ടായിരുന്നത്. ഛായയുടെ ജൈവ രക്ഷിതാക്കന്മാരെ അറിയാനുള്ള ശ്രമത്തിന്റെ ഭാഗമായി അവർ 2009 ൽ ഉള്ളാളിലെ വെൽഫയർ സെന്റർ സന്ദർശിച്ചെങ്കിലും അവിടെ സൂക്ഷിച്ച രേഖകൾ കാണുന്നതിൽ നിന്നും സെന്റർ അധികൃതർ ഛായയെ തടയുകയുണ്ടായി. പിന്നീട് കോടതിയിലെ സുദീർഘമായ നിയമയുദ്ധത്തിന് ശേഷം അവരുടെ ആവശ്യം കോടതി അവകാശമായി അംഗീകരിച്ചു. അവരുടെ യഥാർഥ മാതാപിതാക്കന്മാരെ കണ്ടെത്താൻ സഹായിക്കാൻ പോലീസിനോട്കോടതി ആവശ്യപ്പെട്ടിരിക്കയാണ്.

ഒരാൾക്ക് ജന്മം നൽകുന്ന മതാപിതാക്കന്മാരോട് ആത്മീയവും മാനസികവുമായും സന്താനങ്ങൾക്കുള്ള ബന്ധത്തിന് പകരം നിൽക്കാൻ നിയമം മുഖേന സൃഷ്ടിക്കപ്പെടുന്ന ദത്ത് മതാപിതാക്കന്മാർക്കാവില്ല. പ്രകൃതി മതമായ ഇസ്‌ലാം മനുഷ്യന്റെ ആത്മാവുമായി ജൈവബന്ധമുള്ള വംശ പരമ്പരയിലെ കണ്ണികളായാണ് മാതാപിതാക്കന്മാരെ കാണുന്നത്. അതിന് പകരം നിയമം മുഖേന കൃത്രിമമായി സൃഷ്ടിച്ചെടുക്കുന്ന ദത്ത് മാതാപിതാക്കന്മാരെ യഥാർഥ മാതാപിതാക്കന്മാരായും ദത്തുപുത്രന്മാരെ യഥാർഥ പുത്രന്മാരായും ഇസ്‌ലാം അംഗീകരിക്കുന്നില്ല. ദത്ത് നിയമങ്ങളിലൂടെ സിദ്ധിക്കുന്ന പിതൃത്വവും മാതൃത്വവും കൃത്രിമവും യഥാർത്ഥ്യങ്ങൾക്ക് നിരക്കാത്തതുമായ ഒരു സങ്കൽപ്പം മാത്രമാണ്. ഒരു വ്യക്തിക്ക് ജന്മം നൽകിയ യഥാർഥത്തിലുള്ള ജൈവ മാതാപിതാക്കന്മാരെ പോലെയല്ല അവർ.

മനുഷ്യന് അവന്റെ വേരുകളറിയാനും അവന്റെ അസ്തിത്വത്തിന്റെ ജൈവ പ്രഭവം കണ്ടെത്താനുമുള്ള ആഗ്രഹം സഹജമാണ്. അവൻ സാംസ്കാരികമായും ബുദ്ധിപരമായും വികസിക്കുന്നതിനനുസരിച്ച് സ്വന്തം വേരുകളെക്കുറിച്ചുള്ള അവബോധവും വളരുന്നു. അത് പ്രകൃതിയിൽ രൂഢമൂലമായ ഒരു ജനിതക ബോധവും രേഖയുമാണ്.അതുകൊണ്ടാണ് ഇസ്‌ലാം

മറ്റു മതങ്ങളിലും വ്യക്തിനിയമങ്ങളിലും ഉള്ളത്പോലുള്ള ദത്തെടുക്കൽ നിയമങ്ങൾ അനുവദിക്കാത്തത്. ഹിന്ദു നിയമത്തിലും പാശ്ചാത്യ നിയമത്തിലും ദത്ത് എന്നാൽ ഒരു ശിശുവിനെ തനിക്ക് ജന്മം നൽകിയ ജൈവമാതാപിതാക്കളിൽ നിന്നും പിഴുതെടുത്ത്, അവന്റെ മാതൃ പിതൃ സ്ഥാനം പൂർണമായും സ്ഥിര മായും നിയമം മുഖേന മറ്റൊരു വ്യക്തി യിലേക്കും കുടുബത്തിലേക്കും പറിച്ചു നടുന്ന പ്രക്രിയയാണ്. അതോടെ ദത്തെടുക്കപ്പെട്ട വ്യക്തിക്ക് ജന്മം നൽകിയ മാതാപിതാക്കന്മാരുമായോ ദമ്പതികളുമായോ കുടുംബവുമായോ ഉള്ള ബന്ധങ്ങളെല്ലാം വിച്ഛേദിക്ക പ്പെടുന്നു.ജനിച്ച കുടുംബത്തിൽ നിന്നും ലഭിക്കേണ്ടുന്ന അനന്തരാവാകാശ സ്വത്തിന് അയാൾക്ക് അർഹതയു ണ്ടാവുകയില്ല.

ദത്ത് മൂന്ന് വിധത്തിലുണ്ട്. ഒന്ന് സംവൃത ദത്ത് അഥവാ രഹസ്യ ദത്ത് (Closed or Confidential Adoption ) ഇത്തരം ദത്തിൽ ബയോളജിക്കൽ പേരൻസിനെ പറ്റി അഥവാ യഥാർഥ മാതാപിതാക്കന്മാരെകുറിച്ച് യാതൊരു വിവരവും ദത്തെടുക്കുന്നവർക്ക് നൽ കില്ല. രണ്ടാമത്തെ ദത്ത് വിവൃത ദത്താണ്. അഥവാ തുറന്ന ദത്ത് (Open Adoption). ഇത്തരം ദത്തിൽ ശിശു വിനെ സംബന്ധിച്ച എല്ലാ വിശദാംശ ങ്ങളും വ്യക്തമാക്കിയിരിക്കും. ഇത്തരം ദത്ത് വെറും ഒരു ധാരണയുടെ അടി സ്ഥാനത്തിൽ അനൗപചാരികവുമാവാം. കുട്ടിയുടെ മേൽ സമ്പൂർണ അധികാരം ദത്തെടുത്തയാൾക്ക് ആണെങ്കിലും ഒരു കരാറിലൂടെ ദത്തെടുത്ത കുട്ടിയെ ബയോളജിക്കൽ മാതാപിതാക്കന്മാർക്ക് സന്ദർശിക്കാനും ആശയവിനിമയം നടത്താനും മറ്റുമുള്ള അവകാശങ്ങൾ വ്യവസ്ഥ ചെയ്യാവുന്നതാണ്. മൂന്നാ മത്തെ ദത്ത് അർദ്ധ സംവൃത ദത്താണ്. (Semi Close Adoption) ഈ ദത്ത് പകുതി തുറന്നതുമാണ്. ബയോളജിക്കൽ മാതാ പിതാക്കന്മാരെ സംബന്ധിച്ച് പരിമിതമായ അറിവ് നൽകുകയും അനുവദിക്കുന്ന തോതിൽ കാണാനും ബന്ധപ്പെടാനും കരാറിലൂടെ അവകാശം ലഭിക്കുന്നു. ദത്തിനോട് ഭരണകൂടങ്ങളും കോടതികളും സദുദ്ദേശത്തോടു കൂടി യുള്ള വളരെ അനുഭാവപൂർണമായ സമീപനമാണ് സ്വീകരിക്കുന്നത്.കാരണം അനാഥകളും ദരിദ്രരുമായ ശിശു ക്കൾക്ക് ക്ഷേമകരമായ ഒരു ജീവിതം ദത്തെടുക്കലിലൂടെ ലഭിക്കുമെന്ന് അവർ കരുതുന്നു. എന്നാൽ അനാഥകളുടെ വിഷയത്തിൽ മറ്റേതൊരു ജീവിത പ്രത്യയ ശാസ്ത്രത്തേക്കാളും പ്രതിബദ്ധ തയുള്ള ഇസ്‌ലാം മറ്റൊരു രീതിയിലുള്ള സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ദത്ത് സമ്പ്രദായത്തെ പ്രകൃതിമതമായ ഇസ്‌ലാം ഈ രീതിയിൽ അംഗീകരിക്കുന്നില്ല. അത് കൊണ്ടാണ് മുസ്‌ലിം രാജ്യങ്ങളിൽ ഈ സമ്പ്രദായം കാണാത്തത്. പാശ്ചാത്യ നാടുകളിലും ഇന്ത്യയെ പോലെയുള്ള ഇസ്‌ലാമേതര രാജ്യങ്ങളിലുമാണ് ദത്തെടുക്കൽ വ്യാപകമായ തോതിൽ കാണപ്പെടുന്നത്. കുടുംബ മൂല്യങ്ങൾ മുറുകെ പിടിക്കുന്ന ഇസ്‌ലാമിക സമൂഹങ്ങളെ അപേക്ഷിച്ച് പാശ്ചാത്യ കുടുംബങ്ങളിൽ ദത്തെടുക്കപ്പെടുന്ന കുട്ടികൾ പ്രത്യേകിച്ചും ദരിദ്ര നാടു കളിലെ വേരറുക്കപ്പെട്ട കുട്ടികൾ ജീവിതം എത്തരത്തിലായിരിക്കും എന്നതിനെ പറ്റി കുട്ടികളുടെ പക്ഷത്ത് നിന്നും മനുഷ്യാവകാശ പ്രവർത്തകർ ചിന്തിച്ചു തുടങ്ങേണ്ടിയിരിക്കുന്നു.

ജാരസന്താനങ്ങളായി ജനിക്കുകയോ ഉപേക്ഷിക്കപ്പെടുകയോചെയ്ത കുട്ടികളുടെ രക്ഷാ കർതൃത്വം ആർ ഏറ്റെടുക്കും എന്ന പ്രശ്നത്തെ സംബ ന്ധിച്ച് മുസ്‌ലിം കർമ ശാസ്ത്രികൾ ചിന്തിച്ചിട്ടുണ്ട്. *ഹദ്റത്ത് ഉമർ(റ)ന്റെ കാലത്ത് (അവിഹിത ബന്ധത്തിൽ പിറന്ന) ഉപേക്ഷിക്കപ്പെട്ട ഒരു കുഞ്ഞിനെ (Foundling)ഒരാൾ കണ്ടെത്തി. അയാ ളോട് ഉമർ (റ) പറഞ്ഞു: 'ആ കുഞ്ഞിനെ താങ്കൾക്കെടുക്കാനുള്ള അതിന്റെ വലാഅ:(രക്ഷകർതൃത്വം) ഉണ്ടെങ്കിൽ താങ്കൾക്ക് അതിനെയെടുക്കാം. അതിന് വേണ്ട ചിലവ് നാം തരാം. മറ്റൊരു നിവേദനത്തിൽ 'അതിന്റെ ജീവിത ച്ചെലവ് നാം വഹിക്കാം'* എന്നും വന്നിട്ടുണ്ട്. അവിഹിത ബന്ധത്തിൽ ജനിക്കുന്ന കുഞ്ഞുങ്ങൾ യാതൊരു കാരണവശാലും പാപികളോ കുറ്റ ക്കാരോ അല്ല. എല്ലാ മനുഷ്യക്കുഞ്ഞു ങ്ങളേയും പോലെ ആ ശിശുവും നിഷ്ക്കളങ്കനായാണ് ജനിക്കുന്നത്. അത്തരം സന്താനങ്ങളെ വ്യക്തികളോ സ്ഥാപനങ്ങളോ യത്തീമെന്ന നിലയിൽ വളർത്തുകയാണ് വേണ്ടതെന്ന് മുസ്‌ലിം കർമ ശാസ്ത്ര സരണിയിലെ പണ്ഡിത ന്മാർ അഭിപ്രായ പെട്ടിട്ടുണ്ട്. അത്തരം ശിശുക്കളുടെ രക്ഷ കർത്തൃത്വം ഏറ്റെടുക്കാൻ വരുന്ന വരുടെ താൽപര്യ ത്തേക്കാൾ ഇത്തരം ശിശുക്കളുടെ നന്മക്ക് മുൻഗണന നൽകികൊണ്ടാ യിരിക്കണം ശിശുക്കളെ വളർത്താൻ ഏൽപ്പിക്കേണ്ടതെന്നാണ് ഹനഫി, ഹംബലീ ന്യായാധിപന്മാർ സ്വീകരിച്ചു വന്ന നിലപാട്. എന്ന് Daniel Pollack, Moshe Bleich, Charles J. Reid, Jr., Mohammad Fadel,എന്നിവർചേർന്ന് എഴുതിയ "Classical Religious Perspectives of Adoption Law," *Notre Dame Law Review* 79.2 (2004): 693-753. എന്ന പുസ്തകത്തിൽ പറഞ്ഞി ട്ടുണ്ട്.

അനാഥ സംരക്ഷണം എന്നതിനേ ക്കാൾ സന്താന ഭാഗ്യം ലഭിച്ചിട്ടില്ലാത്തവർ അവരുടെ ഭാവിയെ സംബന്ധിച്ചുള്ള ആശങ്കകൾ തീർക്കാനും തങ്ങൾക്ക് പ്രായമേറുമ്പോൾ സ്വത്ത് കൈ കാര്യം ചെയ്ത് തങ്ങളെ പരിപാലിക്കാൻ ഒരു അനന്തരാവകാശിയെ ലഭിക്കാനു മാണ് മിക്കവാറും കുട്ടികളെ ദത്തെടുക്കുന്നത്. ദത്തെടുക്കപ്പെടുന്ന കുട്ടികളുടെ അവകാശങ്ങൾ എത്രത്തോളം ഇതിൽ സംരക്ഷിക്കപ്പെടുന്നു എന്ന വിഷയം സമീപ കാലത്താണ് കൂലങ്കശമായ വിശകലനങ്ങൾക്കും ചിന്തകൾക്കും വിധേയമാവുന്നത്. ഇസ്‌ലാം ശിശുവിന്റെ താൽപര്യങ്ങൾക്കാണ് മുൻഗണന നൽകുന്നത്.

പാവനമായ രക്തബന്ധങ്ങൾ മനുഷ്യ നുണ്ടാക്കുന്ന നിയമം മുഖേനയോ കരാർ മുഖേനയോ സൃഷ്ടിക്കപ്പെടുന്നതോ മറ്റൊരാൾക്ക് കൈമാറ്റം ചെയ്യപ്പെടു ന്നതോ ആയ പദവികളല്ല. ഭാര്യമാരെ ഒരു പ്ര ഖ്യാപനത്തിലൂടെ മതാക്കളാണെന്ന് പറയുകയും, ദത്ത് പുത്രന്മാരെ സ്വന്തം ജൈവപുത്രനാണെന്ന് പ്രഖ്യാപിച്ച് അന്തരവകാശം നൽകുകയും, യഥാർഥ മകനെ പോലെ കരുതി ദത്തെടുത്ത കുടുംബത്തിലെ രക്തബന്ധുക്കളുമാ യുള്ള വിവാഹങ്ങൾ നിഷിദ്ധമാക്കു കയും ചെയ്യുന്ന സമ്പ്രദായം ധഉനിക കാലത്തുള്ളത് പോലെ തന്നെ ഇസ്‌ലാമിന് മുമ്പ് അറബികളിൽ ഉണ്ടായിരുന്നു വിശുദ്ധ ഖുർആൻ ഇത് നിരോധിക്കുക യുണ്ടായി. ഇത് സംബന്ധമായി വിശു ദ്ധഖുർആൻ പറയുന്നു:

***' അല്ലാഹു ഒരാൾക്കും അയാളുടെ ഉള്ളിൽ രണ്ട് ഹൃദയങ്ങളുണ്ടാക്കിയി ട്ടില്ല. ' ളിഹാർ' (ഭാര്യയെ മാതാവാണെന്ന് പ്രഖ്യാപിച്ച് അവളിൽ നിന്ന് അകന്നി രിക്കുക)ചെയ്യുന്ന നിങ്ങളുടെ ഭാര്യമാരെ അവൻ നിങ്ങളുടെ മാതാക്കന്മാരാക്കി യിട്ടുമില്ല.നിങ്ങളുടെ ദത്തു പുത്രന്മാരെ നിങ്ങളുടെ പുത്രന്മാരാക്കിയതുമില്ല. ഇതെല്ലാം നിങ്ങളുടെ വായ കൊണ്ടുള്ള പറച്ചിൽ മാത്രമാണ്. അല്ലാഹുസത്യ മാണ് പറയുന്നത്. നേർ മാർഗത്തിലേക്ക് നയിക്കുന്നതും അവൻ തന്നെ. അവരെ അവരുടെ പിതാക്കന്മാരോട് ചേർത്ത്***

***വിളിക്കുക. അല്ലാഹുവിന്റെ പക്കൽ അതാണ് ഏറ്റവും നീതിയുക്തമായിട്ടുള്ളത്. ഇനി അവരുടെ പിതാക്കന്മാരെ നിങ്ങൾക്കറിയില്ലെങ്കിൽ മതത്തിൽ നിങ്ങളുടെ സഹോദരങ്ങളും മിത്രങ്ങളുമാണവർ. എന്നാൽ നിങ്ങൾക്ക് തെറ്റുപറ്റി പോയിട്ടുണ്ടെങ്കിൽ അതിൽ നിങ്ങൾക്ക് കുറ്റമൊന്നുമില്ല. പക്ഷേ നിങ്ങൾ മനപൂർവം പ്രവർത്തിച്ചതാണ് (കുറ്റകരം) അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാമയനുമാകുന്നു.' (അൽ അഹ്സാബ് 33: 5-6)***

ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ പല രാജ്യങ്ങളിലുമുണ്ടായ ദത്ത് നിയമങ്ങൾ ഇസ്‌ലാമികരീതിയിലേക്കാണ് ചാഞ്ഞു കൊണ്ടിരിക്കുന്നത്. ദത്ത് നിയമങ്ങളിൽ പാലിക്കപ്പെടുന്ന യഥാർഥ മാതാപിതാക്കളെ പറ്റിയുള്ള രഹസ്യ സ്വഭാവവും നിഗൂഢതയും ദത്തെടുക്കപ്പെടുന്ന കുട്ടികളുടെ താൽപര്യത്തിനെതിരാണെന്നും അവർക്ക് സ്വന്തം ജൈവമാതാപിതാക്കളെപറ്റി അറിയാനുള്ള അവകാശം ഉണ്ടെന്നും അവരുടെ യഥാർഥ ജൈവ പിതാവിനോട് ചേർത്ത് തന്നെ അവരുടെ പേര് വിളിക്കണമെന്നും ദത്തെടുത്ത കുടുംബത്തിന്റെ പേരിലല്ല അയാൾ അറിയപ്പെടേണ്ടതെന്നുമുള്ള കാര്യം പല യൂറോപ്യൻ രാജ്യങ്ങളും അംഗീകരിച്ചു വരുന്നു. ഇത് മനുഷ്യ ന്റെ മനഃശ്ശാസ്ത്ര പരമായ ആവശ്യമാണെന്നാണ് ഈ വിഷയത്തിൽ നടത്തിയിട്ടുള്ള പല ശാസ്ത്രീയവും വിദഗ്ധവുമായ പഠനങ്ങൾ തെളിയിക്കുന്നത്. ആരെങ്കിലും കുടുംബത്തിൽ കുട്ടിയെ വളർത്താനുദ്ദേശിക്കു ന്നുവെങ്കിൽ അങ്ങനെ എടുക്കപ്പെടുന്ന കുട്ടിയുടെ പിതാവിന്റെ പേരിലായിരിക്കണം അവൻ അറിയപ്പെ ടേണ്ടത് എന്ന ഖുർആന്റെ നിബന്ധന ശ്രദ്ധേയമാണ്. ദത്തെടുക്കലും അനാഥകളെയും കൈകാര്യം ചെയ്യുന്ന ഏജൻസികൾ രജിസ്റ്ററുകളിൽ കുട്ടികളുടെ മാതാപിതാക്കന്മാരെ പറ്റി വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തു കയും അത് പരസ്യപ്പെടുത്തുകയും ആ രേഖകൾ എല്ലാവർക്കും പ്രാപ്യമായിരിക്കുകയും വേണം എന്ന വ്യവസ്ഥയാണ് ഫലത്തിൽ ഖുർആൻ നിഷ്ക്കർശിക്കുന്നത്. ആധുനിക കാലത്ത് ദരിദ്രരാജ്യങ്ങളെ കേന്ദ്രീകരിച്ച് വ്യാപകമായി കാണുന്ന മനുഷ്യക്കടത്തി (Human Trafficking ) നെതിരെയുള്ള ഒരു സുരക്ഷാ നടപടികൂടിയാണ് കുട്ടികളെ സംബന്ധിച്ച ഇത്തരം രേഖകളുടെ സൂക്ഷിപ്പ്.

അവിഹിതബന്ധത്തിൽ പിറന്ന ഉപേക്ഷിക്കപെട്ട ശിശുക്കളുടെ പോലും



രേഖകൾ ഭരണകൂടവും പോലീസ് അന്വേഷണ ഏജൻസികളും അന്വേഷിച്ചു കണ്ടെത്തേണ്ടതുണ്ട്. ഡി. എൻ. എ. ടെസ്റ്റ് പോലെയുള്ള ആധുനിക ശാസ്ത്രീയ മാർഗങ്ങൾ ഇതിന് ഉപയോഗിക്കാവുന്നതാണ്. ഉപേക്ഷിക്കപ്പെട്ട ശിശുവിന് ജന്മം നൽകിയവർ സമ്പന്നരാണെങ്കിൽ അവരുടെ സമ്പത്തിൽ ഉപേക്ഷിക്കപ്പെട്ട ശിശുവിനുള്ള വിഹിതം വാങ്ങിച്ചുക്കൊടുക്കേണ്ട ബാദ്ധ്യത ഭരണകൂടത്തിനുണ്ട്. അവി ഹിത ബന്ധത്തിൽ പിറന്ന ശിശുവിന് നിയമപരമായി സ്വത്തവകാശമുണ്ടോ എന്നതും അവർക്ക് ജന്മം നൽകിയവരുടെയും സ്വകാര്യത സംരക്ഷിക്ക പ്പെടേണ്ടതുണ്ടോ എന്നതും മറ്റൊരു ചർച്ചാ വിഷയമാണ്. തീർച്ചയായും ഭരണകൂടങ്ങളാണ് ഇത്തരം ശിശുക്കളുടെ സംരക്ഷണം ഏറ്റെടുക്കേണ്ടതെങ്കിലും യത്തീമുകളെ വളർത്താൻ നിർദേശിച്ചത് പോലെ സ്ഥാപനങ്ങളേക്കാൾ വ്യക്തികൾ മുൻ കൈയെടുത്ത് ഗൃഹാന്തരീക്ഷത്തിലാണ് ഇത്തരം അനാഥ ശിശുക്കൾ വളരേണ്ടത് എന്നതാണ് ഇസ്‌ലാം താൽപര്യപ്പെടുന്നത്.

ഏതെങ്കിലും തരത്തിൽ ജൈവ പുത്രനെ പോലെ മുസ് ലിം കടുംബങ്ങൾ തദ്ദേശീയ നിയമമനുസരിച്ച് ദത്തെടുത്ത് വളർത്തിയിട്ടുണ്ടെങ്കിൽ ആ കുട്ടിക്ക് മുലകുടി ബന്ധമില്ലെങ്കിൽ ഇസ്‌ലാമിക നിയമ പ്രകാരം ആ കുടുബവുമായി വിവാഹം ബന്ധം സ്ഥാപിക്കാവുന്നതാണ്. ആ കുടുംബാംഗങ്ങളിലെ സ്ത്രീകൾ പ്രായപൂർത്തിയെത്തിയ ദത്തുപുത്രനു മുമ്പിൽ അന്യപുരുഷനെന്നപോലെ ഇസ്‌ലാമിക വസ്ത്രനിയമങ്ങൾ പാലിക്കേണ്ടതുമാണ്. റസൂൽ തിരുമേനി (സ)യുടെ ദത്തു പുത്രനായ സൈദുബ്നു ഹാരിഥിന്റെ വിവാഹ മോചിതയായ ഭാര്യയെ റസൂൽ തിരുമേനി(സ) വിവാഹം ചെയ്തു കൊണ്ട് അറബികൾക്കിടയിലുണ്ടായിരുന്ന ദത്ത് സങ്കൽപ്പത്തെ ഇസ്‌ലാം പൊളിച്ചെഴുതുകയാണ് ചെയ്തത്. ഒരു മനുഷ്യന് പ്രകൃതി നൽകിയ വേരുകൾ മുറിച്ചുകളയാനോ ജനിതക ഐഡന്റിറ്റി വിസ്മൃതമാക്കാനോ ഇസ്‌ലാം അനുവദിക്കുന്നില്ല. ടെസ്റ്റ്യൂബ് ശിശുക്കളുടെയും ജനിറ്റിക്ക് എഞ്ചീനിയറിങ്ങിന്റെയും ഇക്കാലത്ത് അതിനുള്ള സാദ്ധ്യത വളരെ വർദ്ധിച്ചിരിക്കുമ്പോൾ ഖുർആന്റെ അദ്ധ്യാപനങ്ങൾക്ക് പ്രസക്തി കൂടുകയാണ് ചെയ്യുന്നത്. അങ്ങനെ ഏതെങ്കിലും നിയമങ്ങളും പ്രഖ്യാപനങ്ങളും പിതാവിനെ മാറ്റി സ്ഥാപിക്കുന്നുവെങ്കിൽ, അത് പ്രകൃതിക്ക് വിരുദ്ധവും മനുഷ്യന്റെ ആത്മീയതക്കും മനഃശ്ശാസ്ത്രത്തിനും എതിരാണ്. ആസ്ട്രേലിയയിലെ ന്യൂ സൗത്ത് വെയിൽസ് പ്രോവിൻ സിൽ ദത്തെടുത്ത കുട്ടികൾക്ക് അവർ ജനിച്ച കുടുംബ ത്തിന്റെ പേരിടാനും, ഒരു വിൽപത്രം മുഖേനയായിരിക്കണം അവരുടെ അനന്തരാവകാശം ഉറപ്പ് വരുത്തേണ്ടതെന്നും, ദത്തെടുത്ത കുടുംബം ജനിച്ച കുടുംബവുമായി ദത്തിനെ സംബന്ധിച്ച് ഒരു പ്ലാൻ തയ്യാറാക്കി അത് പ്രകാരം ദത്തെടുത്തവരെ വളർത്താനും നിയമ വൃത്തങ്ങൾ അനുവദിച്ചതായി അമേരിക്കയിനിന്നും പ്രസിദ്ധീകരിച്ച Muslim Women's Shura Council (August-2011) എന്ന ലഘു ലേഖയിൽ പറയുന്നു. ആധുനിക ലോകം ഖുർആനി കാദ്ധ്യാപനങ്ങൾ അംഗീകരിച്ചു വരുന്നതിന്റെ സൂചനകളാണിതെല്ലാം.

പരമ്പരാഗതമായി കാണുന്ന ഈ രീതിയിലുള്ള ദത്ത് സമ്പ്രദായ ത്തിലൂടെയല്ല ഇസ്‌ലാം അനാഥകളുടെ പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്നത്. ദത്തെടുക്കുന്നതിന് അറബിയിൽ ***'അത്തബാനി'*** (മകനാക്കി മാറ്റുക) എന്നാണ് പറയുക. ***'ഇബ്നു'*** (മകൻ) എന്ന ധാതുവിൽ നിന്നുമാണ് ഈ പദം നിഷ്പന്നമായത്. ഇസ്‌ലാമിൽ അനാഥകളെ സംരക്ഷിക്കുന്നതിന് ***'കഫാല '*** എന്നാണ് പറയുക. അനാഥകൾക്ക് പ്രാഥമികമായി അവരുടെ ബന്ധുക്കളുടെയോ മറ്റു സുമനസ്സുകളുടെയോ കുടുംബത്തിൽ നിന്ന് തന്നെ രക്ഷാകർതൃ പരിപാലനം ലഭ്യമാക്കുന്ന നിർദേശമാണ് ഇസ്‌ലാം മുന്നോട്ടു വെക്കുന്നത്. അനാഥരുടെ സംരക്ഷണത്തിനും അവരുടെ സ്വത്ത് സംരക്ഷിക്കുന്നതിനും അവരോട് നീതി പൂർവ്വം വർത്തിക്കുന്നതിനെ സംബന്ധിച്ചും ഖുർആന്റെ ശക്തമായ ഭാഷയിലുള്ള താക്കീതുകൾ മുസ്ലിംകളെ ഭയചകിതരാക്കിയിട്ടുണ്ട് എന്ന് പറഞ്ഞാൽ തെറ്റല്ല.

അനാഥരുടെ കാര്യത്തിൽ മുസ്‌ലിം സമുദായം കാണിക്കുന്ന ശ്രദ്ധയും ജാഗ്രതയിൽ നിന്നും ഇക്കാര്യം ബോദ്ധ്യമാവും. അനാഥരുടെ ധനത്തിന്റെ അടുത്തു പോലും പോകരുത്. അനാഥകുട്ടികളുടെ ധനം അക്രമമായി തിന്നുന്നവൻ വയറ്റിൽ തീയാണ് നിറക്കുന്നത് തുടങ്ങിയ വചനങ്ങൾ മുസ്‌ലിം സമുദായത്തെ അഗാധമായി സ്പർശിച്ചിട്ടുണ്ട്. ഒരു ഖുർആൻ വചനം ഇപ്രകാരമാണ് *' അനാഥ കുട്ടികളോട് എങ്ങനെ വർത്തിക്കണമെന്ന് അവർ നിന്നോട് ചോദിക്കുന്നു. പറയുക എങ്ങനെ വർത്തിക്കുന്നതാണോ അവർക്ക് ഗുണകരം അങ്ങനെ വർത്തിക്കുന്നതാണ് ഉൽകൃഷ്ടമായിട്ടുള്ളത്. അവരുമായി നിങ്ങൾ കൂടിക്കലർന്ന ജീവിക്കുകയാണെങ്കിലവർ നിങ്ങളുടെ സ ഹോദരന്മാരാണ്'(2:221)* ഈ വചനത്തിൽ അനാഥകളെ കൂടെ താമസിപ്പിക്കാനാണ് ഖുർആന്റെ കൽപ്പന. കുടുംബ പശ്ചാത്തലവും ഗൃഹാന്തരീക്ഷത്തിലും മാത്രമേ ജീവിത മൂല്യങ്ങൾ അഭ്യസിച്ചു കൊണ്ട് കുട്ടികൾക്ക് വളരാൻ കഴിയു. കുടുംബങ്ങളിൽ കുടുംബനാഥന്റെ രക്ഷാകർതൃത്വത്തിൽ അനാഥകൾ വളരെ വാത്സ്ല്യത്തോടെ വളരണമെന്നാണ് ഖുർആൻ സൂചിപ്പിക്കുന്നത്. യത്തീംഖാന എന്ന സ്ഥാപനത്തിൽ തികച്ചും ഔപചാരികമായ അന്തരീക്ഷത്തിൽ അനാഥകളെ വളർത്താനല്ല ഖുർആന്റെ കൽപ്പന. അനാഥശാലകളിൽ കുട്ടികളിൽ മടുപ്പും വിരക്തിയും മാനസികമുരടിപ്പുമുണ്ടാക്കും. കൂട്ടുകുടുംബ വ്യവസ്ഥ തകർന്നതിന് ശേഷം അനാഥകളെ വീട്ടിൽ താമസിപ്പിച്ച് വളർത്തുക എന്നത് വളരെ ത്യാഗം ആവശ്യപ്പെടുന്നതാണെങ്കിലും വ്യക്തികളോടും സമൂഹത്തോടുമുള്ള ഖുർആന്റെ കൽപ്പനയാണിതെന്ന കാര്യം മുസ്‌ലിം സമുദായം മറക്കരുത്. ഏതായാലും അനാഥകളുടെ വിഷയം ഇസ്‌ലാമിൽ ഏറ്റവും ഗൗരവമർഹിക്കുന്ന മാനുഷിക പ്രശ്നമാണ്. പുരാതന കാലം മുതൽക്ക് അനുവർത്തിച്ചു വരുന്ന ദത്ത് സമ്പ്രദായം അതിനുള്ള പ്രതിവിധിയല്ല. ദത്ത് സമ്പ്രദായം പ്രകൃതിക്കും മനുഷ്യമന:ശ്ശാസ്ത്രത്തിനുമെതിരാണ്. വിശുദ്ധ ഖുർആൻ പറഞ്ഞ രീതിയിൽ യത്തീമുകളുടെ രക്ഷാകർ തൃത്വമേറ്റെടുത്ത് കൊണ്ട് അവരെ സംരക്ഷിക്കാനും അവരുടെ ദുഃഖങ്ങളും വേദനകളുമകറ്റാനും സമൂഹത്തിന് കഴിയുമാറാകട്ടെ.

# നബി കീർത്തനയോഗം

കരുനാഗപ്പള്ളി: അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ നബികീർത്തനയോഗം നടന്നു. കരുനാഗപ്പള്ളി ടൗൺക്ലബ് അങ്കണത്തിൽ മാർച്ച് 24 ഞായറാഴ്ച നടന്ന യോഗത്തിൽ മൗലവി സി.പി. മൊയ്തീൻകുട്ടി അധ്യക്ഷനായിരുന്നു. മുൻ കേന്ദ്രമന്ത്രി ശ്രീ. ഒ. രാജഗോപാൽ ഉദ്ഘാടനം നിർവഹിച്ചു. വിവിധ കാലങ്ങളിലായി എല്ലാ മതങ്ങൾക്കും വിവിധങ്ങളായ ആശയങ്ങൾക്കും ആതിഥേയത്വം അരുളിയ ഭാരതത്തിന്റെ വർത്തമാന കലത്ത് അധിശരിച്ചു വരുന്ന അസഹിഷ്ണുത മതാധ്യാപനങ്ങളെ രാഷ്ട്രീയ ലക്ഷ്യങ്ങൾക്കായി ദുർവ്യാഖ്യാനിക്കുകയും ദുരുപയോഗിക്കുകയും ചെയ്യുന്നതു കൊണ്ടാണെന്ന് അദ്ദേഹം പറഞ്ഞു. ജനാധിപത്യ ഇന്ത്യയുടെ ഭരണഘടന നല്കുന്ന വിശ്വാസ സ്വാതന്ത്ര്യം മതാധിപത്യ പാകിസ്താനിൽ ഇല്ലാത്തതു കൊണ്ടാണ് അവിടെ അഹ്മദിയരും മറ്റ് ഇസ്‌ലാമിക വിഭാഗക്കാരും വിഷമകതളനുഭവിക്കേണ്ടി വരുന്നതെന്ന് അദ്ദേഹം ചൂണ്ടി കാണിച്ചു. എല്ലാമ തങ്ങളുടേയും സാരാംശം ഒന്ന്തന്നെ യാണെന്ന് വിവിധ വേദങ്ങളെ ഉദ്ധരിച്ചു കൊണ്ട്മുഖ്യ പ്രാഭഷകൻ ഡോ. ബാബു പോൾ പറഞ്ഞു. സ്വന്തം മതത്തെ പഠിച്ച് അതിനെ മാത്രം വിമർശനാത്മകമായി കാണാതെ ഇതര മതങ്ങളെ വിമർശിക്കാൻ നടക്കുന്നതാണ് ഇന്നത്തെ സംഘർഷങ്ങൾക്കും അസഹിഷ്ണുതയ്ക്കും കാരണമെന്നും അദ്ദേഹം ചൂണ്ടികാട്ടി. കേരള മൗമുദി സീനിയർ ജേർണലിസ്റ്റ് എം. അബ്ദുൽറഹ്മാൻ, നബി(സ)യുടെ ലളിത ജീവിതത്തേയും ഇസ്‌ലാം പഠിപ്പിച്ച സാഹോദര്യത്തേയും പരാമർശിച്ചു സംസാരിച്ചു. അഹ്മദിയ്യാ മിഷണറി മൗലവി സലിം തുടർന്നു പ്രസംഗിച്ചു. എ. കെ. കലിം നന്ദി പ്രകടിപ്പിച്ചു.

-അഹ്മദ് ശരീഫ്, കരുനാഗപ്പള്ളി

# പുനർ നിർമിച്ച പള്ളി ഉദ്ഘാടനം ചെയ്തു

മൂവാറ്റുപുഴ: ആത്മീയ സാഗരത്തിൽ ആറാടിയ വിശ്വാസി സമൂഹത്തെ സാക്ഷിയാക്കികൊണ്ട് മൗലാനാ മുഹമ്മദ് കരീമുദ്ദീൻ സാഹിബ് ശാഹിദ് (നാസിം ഇർഷാദ് വഖ്ഫെജദീദ്, ഖാദിയാൻ) മൂവാറ്റു പുഴയിൽ പുനർ നിർമിച്ച അഹ്മദിയ്യാ മസ്ജിദ് ഏകദൈവ വിശ്വാസികൾക്കായി സമർപ്പിച്ചു. മാർച്ച് 31-ാം തീയതി ഈസ്റ്റർദിനത്തിൽ നടന്ന പ്രൗഢഗം ഭീരമായ ഉദ്ഘാടന സമ്മേളനത്തിൽ വെച്ച്, അഹ്മദിയ്യത്തിന്റെ ഉയിർത്തെഴുന്നേൽപ്പിന്റെയും വിജയത്തിന്റെയും നാളുകൾ വിദൂരമല്ലെന്ന് അദ്ദേഹം ഓർമപ്പെടുത്തി. ഒരു ശക്തിക്കും അഹ്മദിയ്യത്തിനെ തടുത്തു നിർത്താ നാവില്ല. എന്നാൽ നമ്മുടെ ഉള്ളിൽ ഈമാനികാവേശം ഉണ്ടായിരിക്കണം. പള്ളിയുടെ സൗന്ദര്യം നമസ്കരിക്കാനെ ത്തുന്നവരുടെ ഈമാനിലാണ് കുടി കൊള്ളുന്നതെന്ന കാര്യം ഓർമവേണ മെന്നും അദ്ദേഹം പറഞ്ഞു. അല്ലാഹു വിന്റെ ഏകത്വം ലോകത്ത് പ്രചരിപ്പിക്കുക എന്നതാണ് നമ്മുടെ പരമമായ ലക്ഷ്യ മെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച എറണാകുളം സോണൽ അമീർ ബി. ബി. അഹ്മദ് കബീർ സാഹിബ് അഭിപ്രായപ്പെട്ടു. ഇബ്രാഹിം സാഹിബ് വിശുദ്ധ ഖുർആൻ പാരായണം ചെയ്തു. മൂവാറ്റുപുഴ ജമാഅത്ത് പ്രസിഡന്റ് ശംസുദ്ദീൻ സാഹിബ്, സൗത്ത് ഇലാഖാ ഖാഇദ് ഇ. എച്ച്. നജീബ് സാഹിബ്, മൗലവി മുഹമ്മദ് സലിം സാഹിബ്, മൗലവി എം. നാസിർ അഹ്മദ് സാഹിബ് എന്നിവർ പ്രസംഗിച്ചു. എറണാകുളം മേഖലാ നാസിം അൻസാറുല്ലാ പി. കെ. ശാഹുൽ ഹമീദ് സാഹിബ് നന്ദി പറഞ്ഞു.

ബി. എ. മുഹമ്മദ് നജീബ്,
എറണാകുളം



കരുനാഗപ്പള്ളിയിൽ നടന്ന നബികീർത്തനയോഗത്തിൽ ഡോ. ബാബുപോൾ സംസാരിക്കുന്നു. മൗലവി മുഹമ്മദ് സലിം, മൗലവി സി. പി. മൊയ്തീൻകുട്ടി, ഒ. രാജഗോപാൽ, എം. അബ്ദുർറഹ്മാൻ എന്നിവർ സമീപനം



മൂവാറ്റുപുഴയിൽ പുനർ നിർമിച്ച അഹ്മദിയ്യാ മസ്ജിദ് മൗലാന കരീമുദ്ദീൻ സാഹിബ് ഉദ്ഘാടനം ചെയ്യുന്നു.




മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സൗത്ത് കേരള ഐ. എം. എയുമായി സഹകരിച്ച്കൊണ്ട് മാർച്ച് 10-ാം തീയതി എറണാകുളം മസ്ജിദ് ഉമറിൽ സംഘടിപ്പിച്ച രക്ത ദാന ക്യാമ്പ്

## അനുസ്മരണം



### ശംസുദ്ദീൻ സാഹിബ്

കരുനാഗപള്ളി മുൻ നാഇബ് അമീറും കേരള മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആദ്യ സംസ്ഥാന ഖാഇദുമായിരുന്ന ജനാബ് ശംസുദ്ദീൻ സാഹിബ് ഫെബ്രുവരി 10 ഞായറാഴ്ച അന്തരിച്ചു. ഇന്നാലില്ലാഹി. ഏതാനും വർഷങ്ങളായി പാർക്കിൻസോണിസം രോഗബാധിതനായിരുന്ന അദ്ദേഹം ബി. എസ്. എൻ. എല്ലിലെ സീനിയർ എഞ്ചിനീയറായി വിരമിക്കുകയായയരുന്നു. കരുനാഗപള്ളി അത്ഫാലുകളുടെ ആദ്യ തലമുറയുടെ പ്രതിനിധിയായിരുന്നു. ബാല്യത്തിൽ തന്നെ തബ്ലീഗിൽ അതീവ തല്പരനായിരുന്നു. അദ്ദേഹമെന്ന് സമപ്രായക്കാർ ഓർക്കുന്നു. ആ താല്പര്യം അദ്ദേഹം ജീവിതത്തിലുടനീളം പ്രാവർത്തികമാക്കുകയും ചെയ്തിരുന്നു. 1983 ൽ കേരള സംസ്ഥാന മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ പുനഃരൂപീകരിച്ചപ്പോൾ അന്ന് കോഴിക്കോട് ഉദ്യോഗസ്ഥനായിരുന്ന ശംസുദ്ദീൻ സാഹിബായിരുന്നു ആദ്യ സംസ്ഥാന ഖാഇദ്. പിൽകാലത്ത് ഏകദേശം ഇരുപത് വർഷം കരുനാഗപ്പള്ളി നാഇബ് അമീർ സ്ഥാനം അലങ്കരിച്ചിരുന്നു. ഹാജിയും മൂസിയുമായിരുന്നു പരേതൻ. താഹിറയാണ് ഭാര്യ. അൻവർ, റിയാസ് അഹ്മദ് എന്നിവർ മക്കളാണ്. അൻവർ കളയിക്കാവിള, അദീന കരുനാഗപ്പള്ളി എന്നിവർ മരുമക്കളും. അല്ലാഹു പരേതന് മഗ്ഫിറത്ത് നല്കി അനുഗ്രഹിക്കട്ടെ.

-ഡോ. ഫുആദ് ജലീൽ, കരുനാഗപ്പള്ളി

2013 April

Vol: 85 Issue.4
Price Rs. 20/-

Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2012-14
Licence No. KL/CR/EKM/WPP-21/2012-14
Licensed to Post Without Prepayment
**The Sathyadoothan Monthly**


# Ahmadiyya Muslim Community

*Apps for mobile devises*

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android




## Quran

Read the Holy Quran in easy Yassarnal Quran Font




## Conditions of Bai'at

A pocket reference of Shara't-e-Bai'at in 7 languages



## Sermons

Huzoor's Friday Sermons In 15 languages




## MTA

Watch MTA Live, view Schedule and much more



## Ahmadiyya News

Stay up to date with the Latest jama'at news




View these apps at
alislam.org/apps
or scan the QR code below

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി
കൂടുതൽ അറിയാൻ ബന്ധപ്പെടുക

**1800 425 2020** Toll Free (9 am to 9 pm)